മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പൂർ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

അർജുനസംഗീതം ഓർമയായി

സ്വന്തം ലേഖകൻ

കൊച്ചി: അരനൂറ്റാണ്ടു മുൻപ് ഉദിച്ചുയർന്ന അർജുനസംഗീതം നിലച്ചു. ഉത്സവാരവങ്ങളും പാട്ടിൽ പൂത്ത പ്രണയവസന്തവും ബാക്കിയാക്കി സംഗീത കുലപതി എം.കെ. അർജുനൻ മാസ്റ്റർ (84) വിടവാങ്ങി. കൊച്ചി പള്ളുരുത്തിയിലെ പാർവതി മന്ദിരം വസതിയിൽ ഇന്നലെ പുലർച്ചെ 3.30നായിരുന്നു അന്ത്യം.

കൊറോണ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ പൊതു ദർശനമുണ്ടായില്ല. എങ്കിലും രാവിലെ മുതൽ പള്ളുരുത്തിയിലേക്ക് നിരവധി പേർ എത്തി. ഉച്ചയ്ക്ക് രണ്ട് മണിയോടെ ഔദ്യോഗിക ബഹുമതികളോടെ പള്ളുരുത്തി പൊതുശ്മശാനത്തിൽ സംസ്കരിച്ചു. മക്കൾ: അശോകൻ, രേഖ, നിമ്മി, അനിൽ, ശ്രീകല. മരുമക്കൾ: സുഗന്ധി, മോഹൻദാസ്, അംബുജാക്ഷൻ, റാണി, ഷൈൻ.

1600ലേറെ നാടകഗാനങ്ങൾക്കൊപ്പം ഇരുന്നൂറു സിനിമകളിലായി ആയിരത്തോളം ഗാനങ്ങൾക്കും സംഗീതം പകർന്നു. പ്രണയവും ഉത്സവാരവങ്ങളും ആഘോഷിക്കുന്ന അർജുന ഈണങ്ങൾക്കിടയിൽ ശ്രദ്ധേയമായ ഓണപ്പാട്ടുകളുമുണ്ട്.

നാടകഗാനങ്ങൾ ഒരുക്കിക്കൊണ്ട് സംഗീത ലോകത്തെത്തിയ അർജുനൻ 1968 ൽ 'കറുത്ത പൗർണമി' എന്ന ചിത്രത്തിലൂടെയാണ് സിനിമയിലെത്തിയത്. ചിത്രത്തിനു വേണ്ടി പി. ഭാസ്കരൻ രചിച്ച മാനത്തിൻ മുറ്റത്ത്, ഹൃദയമുരുകി നീ എന്നീ ഗാനങ്ങൾ ശ്രദ്ധേയങ്ങളായി. പിന്നീട് ശ്രീകുമാരൻ തമ്പിയുമായുള്ള സൗഹൃദത്തിൽ മധുര സുന്ദരമായ ഒട്ടേറെ ഗാനങ്ങൾ മലയാളത്തിനു ലഭിച്ചു. വയലാർ, ഒ.എൻ.വി. കുറുപ്പ് എന്നിവരടക്കം ഒട്ടുമിക്ക ഗാനരചയിതാക്കൾക്കൊപ്പവും പ്രവർത്തിച്ചു. കെ.ജെ. യേശുദാസ്, പി. ജയചന്ദ്രൻ, വാണി ജയറാം എന്നിവരാണ് അദ്ദേഹത്തിന്റെ ഗാനങ്ങൾ അധികവും ആലപിച്ചത്.

നാടക സംഗീത ലോകത്തിന് സ്വാഭാവികതയുടെ തലം നൽകി സിനിമയിലേക്കെത്തിയ അർജുനൻ മാസ്റ്ററുടെ ശിഷ്യഗണത്തിൽ എ.ആർ. റഹ്മാൻ പോലുമുണ്ട്. സംഗീതത്തിന് അമൂല്യ സംഭാവനകൾ നൽകിയാണ് അർജുനൻ മാസ്റ്ററുടെ വിടവാങ്ങൽ. ജയരാജ് സംവിധാനം ചെയ്ത 'ഭയാനകം' എന്ന ചിത്രത്തിന് അദ്ദേഹത്തിന് മികച്ച സംഗീത സംവിധായകനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു.

1936 - 2020

കാലം ചേർത്തുവച്ച സംഗീത സൗഹൃദം

തൊട്ടുവിളിച്ച പൗർണമി ചന്ദ്രിക

നന്മയുടെ സംഗീതധാര

» പേജ് 6, 7

സാമ്പത്തിക നില മെച്ചപ്പെടുത്താൻ പദ്ധതി വേണം: മോദി

- ലോക്ക് ഡൗണിൽ നിന്നു ഘട്ടം ഘട്ടമായി പുറത്തു കടക്കും

ന്യൂഡൽഹി: കൊവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക വ്യവസ്ഥയ്ക്കുണ്ടാകുന്ന ആഘാതം പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ തയാറാക്കണമെന്ന് കേന്ദ്ര മന്ത്രിമാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത് അവസരമായെടുത്ത് മേക്ക് ഇൻ ഇന്ത്യ പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും മന്ത്രിസഭാ യോഗത്തിൽ അദ്ദേഹം നിർദേശിച്ചു. വിഡിയോ കോൺഫറൻസിങ് വഴിയായിരുന്നു മന്ത്രിസഭാ യോഗം.

ലോക്ക് ഡൗണിൽ നിന്നു രാജ്യം ഘട്ടംഘട്ടമായി പുറത്തുകടക്കുമെന്ന സൂചനയും മോദി നൽകി. ഹോട്ട്സ്പോട്ടുകളൊഴികെയുള്ള പ്രദേശങ്ങളിൽ വിവിധ ഡിപ്പാർട്ട്മെന്റുകൾ പതുക്കെ തുറക്കാൻ ജാഗ്രതയോടെയുള്ള നടപടികൾ വേണം. ലോക്ക്ഡൗണിനു ശേഷമുള്ള സാഹചര്യങ്ങൾക്ക് അനുയോജ്യമായ സ്ട്രാറ്റജികളുണ്ടാക്കണം. പത്തു പ്രധാന തീരുമാനങ്ങൾ, പത്തു പ്രധാന ഏരിയകൾ എന്നിവയടങ്ങിയ ലിസ്റ്റ് തയാറാക്കാൻ മന്ത്രാലയങ്ങളോടു പ്രധാനമന്ത്രി നിർദേശിച്ചു. എല്ലാ മന്ത്രാലയങ്ങൾക്കും ബിസിനസ് തുടർച്ചാ പദ്ധതി വേണമെന്നും പ്രധാനമന്ത്രി.

4,000 കടന്ന് രോഗബാധിതർ

മരണം 111

- മൂന്നിലൊന്നും മർക്കസ് സമ്മേളനത്തിൽ പങ്കെടുത്തവർ
- ലോകമൊട്ടാകെ 12.5 ലക്ഷം പേർക്ക് രോഗം, മരണം 70,000

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് 19 ബാധിതരുടെ എണ്ണം 4,281 ആയി കുതിച്ചുയർന്നു. മരണം 111 ആയെന്ന് കേന്ദ്ര സർക്കാർ. ഇന്നലെ മാത്രം 693 പേർക്കാണു രോഗം ബാധിച്ചത്. 32 പേർ മരിച്ചു. രോഗബാധിതരിൽ 1,445 പേർ ഡൽഹി ഡൽഹി നിസാമുദ്ദീൻ തബ്‌ലീഗ് ജമാഅത്ത് സമ്മേളനത്തിൽ പങ്കെടുത്തവരാണെന്നു കേന്ദ്ര ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ് അഗർവാൾ.

എന്നാൽ മരണസംഖ്യ 129 വരുമെന്നും രോഗബാധിതർ 4,533 ആണെന്നും വിവിധ സംസ്ഥാനങ്ങളുടെ കണക്ക് ഉദ്ധരിച്ച് പിടിഐ റിപ്പോർട്ട് ചെയ്തു.

കൊവിഡ് 19 ബാധിച്ചു മരിച്ചവരിൽ 63 ശതമാനവും 60 വയസിനു മേൽ പ്രായമുള്ളവരാണെന്നും 86 ശതമാനം പേർക്കും മാരകമായ മറ്റ് രോഗങ്ങളുണ്ടായിരുന്നെന്നും ലവ് അഗർവാൾ. രോഗബാധിതരിൽ 42 ശതമാനവും 21-40 വയസ് പ്രായമുള്ളവരാണ്. 33 ശതമാനം 41-60 വയസുകാർ. അറുപതു വയസിനു മേൽ പ്രായമുള്ളവർ 17 ശതമാനം. 20 വയസിൽ താഴെ പ്രായമുള്ളവർ ഒമ്പതു ശതമാനം. ആറു ദിവസത്തിനിടെ കൊവിഡ് ബാധിതരുടെ എണ്ണം മൂന്നു മടങ്ങിലേറെയായാണ് ഉയർന്നത്. മാർച്ച് 31ന് 1,397 പേർക്കായിരുന്നു രോഗബാധ. ഇത് ഇപ്പോൾ 4,000 കടന്നു.

അതേസമയം, ആഗോളതലത്തിൽ മരണ സംഖ്യ 70,000 കടന്നു. 12.5 ലക്ഷം പേർക്കാണു രോഗം. ബ്രിട്ടിഷ് പ്രധാനമന്ത്രി ബോറിസ് ജോൺസണ് നില മെച്ചപ്പെടാത്തതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്വർണം

ഗ്രാം	- 3,975
പവൻ	- 31,800

www.facebook.com/metrovaarthaofficial

കൊവിഡ് 19 ജീവനക്കാരിലേക്കും; മുംബൈയിൽ ആശുപത്രികൾ അടച്ചു

- 26 നഴ്സുമാർക്കും മൂന്നു ഡോക്റ്റർമാർക്കും വൈറസ് സ്ഥിരീകരിച്ചു
- 46 മലയാളി നഴ്സുമാർക്കു രോഗം ബാധിച്ചതായും റിപ്പോർട്ട്

മുംബൈ: ഡോക്റ്റർമാർ ഉൾപ്പെടെ ജീവനക്കാർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചതിനെത്തുടർന്ന് മുംബൈ നഗരത്തിലെ പ്രശസ്തമായ രണ്ട് ആശുപത്രികൾ അടച്ചുപൂട്ടി. നഗരത്തിലെ പ്രശസ്തമായ വോക്ക്ഹാർഡിറ്റ്, ജസ്‌ലോക്ക് ആശുപത്രികളാണ് അടച്ചുപൂട്ടിയത്. വോക്ക്ഹാർഡിറ്റ് ആശുപത്രിയിൽ 26 നഴ്സുമാർക്കും മൂന്ന് ഡോക്റ്റർമാർക്കുമാണു രോഗം സ്ഥിരീകരിച്ചത്. നഴ്സുമാരിൽ ഭൂരിപക്ഷവും മലയാളികളാണ്. ജസ്‌ലോക്ക് ആശുപത്രിയിൽ ഒരു നഴ്സിനും ഒരു വാർഡ് ബോയിക്കുമാണ് രോഗം. എന്നാൽ, രണ്ട് ആശുപത്രികളിലും കൂടുതൽ പേർക്കു വൈറസ് ബാധിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു.. വോക്ക്ഹാർഡിറ്റിൽ അമ്പതോളം പേർക്കു രോഗം ബാധിച്ചെന്നും ഇവരിൽ 46 പേർ മലയാളികളാണെന്നും ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കൊവിഡ് ബാധിച്ച 40 മലയാളി നഴ്സുമാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കേരളത്തിലെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മഹാരാഷ്ട്ര ആരോഗ്യ മന്ത്രി രാജേഷ് ടോപ്പിന് കത്തയച്ചു.

വോക്ക്ഹാഡിറ്റിൽ കൊവിഡ് ബാധിച്ച എഴുപതുകാരനു ഹൃദയശസ്ത്രക്രിയ നടത്തിയതിലൂടെയാണു രോഗം പടർന്നതെന്നാണു കരുതുന്നത്. രോഗി പിന്നീടു മരിച്ചു. ധാരാവിയിൽ രോഗം ബാധിച്ച ഡോക്റ്ററും ഇവിടെ ജോലി ചെയ്തിരുന്നു.

രോഗം ബാധിച്ചവരിൽ ഒരു നഴ്സിന്റെ നില ഗുരുതരമാണെന്നും ഇവരെ ബാന്ദ്രയിലെ ആശുപത്രിയിലേക്കു മാറ്റിയെന്നും ഒപ്പം പ്രവർത്തിച്ചിരുന്ന മലയാളി നഴ്സുമാർ പറയുന്നു.

ഹോസ്റ്റലിൽ കഴിയുന്ന മലയാളികളടക്കമുള്ള നഴ്സുമാരെ ഏതാനും ദിവസങ്ങളായി അവിടെ ഐസൊലേഷനിൽ ആക്കിയിരിക്കുകയാണ്. ആ സമയത്ത് ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സുമാർ തന്നെയാണ് ഇപ്പോഴും രാപ്പകലില്ലാതെ ഡ്യൂട്ടിയിൽ തുടരുന്നത്. ഹോസ്റ്റലിൽ താമസിക്കുന്നവരിൽ കോവിഡ് പോസിറ്റീവ് ആകുന്നവരെ ആശുപത്രിയിലേക്കു മാറ്റുന്നുണ്ട്. എന്നാൽ, പരിശോധനാ ഫലമടക്കം വിവരങ്ങൾ ഇവർക്കു കൈമാറുന്നില്ല.

ജസ്‌ലോക്ക് ആശുപത്രിയിൽ ഒരു നഴ്സിനു മാത്രമേ രോഗം ബാധിച്ചിട്ടുള്ളൂ എന്നാണ് അധികൃതരുടെ വാദം. അതേസമയം, ഇവിടെ നിരവധി പേർക്ക് രോഗം ബാധിച്ചിട്ടുണ്ടെന്നും അധികൃതർ ഇതു മൂടിവയ്ക്കുകയാണെന്നും ഒരു നഴ്സ് ആരോപിക്കുന്ന വിഡിയൊ സന്ദേശം സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. കൊവിഡ് 19 രോഗി ചികിത്സയിലുള്ള കാര്യം ആശുപത്രി മാനെജ്മെന്റ് ജീവനക്കാരിൽ നിന്നു മറച്ചുവച്ചെന്നും നഴ്സ് ആരോപിച്ചു. ഇതേത്തുടർന്ന് ഇന്നലെ ആശുപത്രി അധികൃതരുമായി നടത്താനിരുന്ന ചർച്ച ബൃഹൻ മുംബൈ കോർപ്പറേഷൻ റദ്ദാക്കി.

അതേ സമയം, ഇപ്പോൾ ആശുപത്രിയിൽ കൃത്യമായ ചികിത്സ ലഭിക്കുന്നുണ്ടെന്ന് വോക്ക്ഹാഡിറ്റിൽ ജോലി ചെയ്യുന്ന ഒരു നഴ്സ് പ്രതികരിച്ചു. ആശുപത്രിയിൽ ചികിത്സക്കെത്തിയ രോഗിയിൽ നിന്നാണ് അസുഖം പകർന്നത്. അവിടെ വേണ്ടത്ര സുരക്ഷാ മുൻകരുതലുകൾ ഉണ്ടായിരുന്നില്ല. ആ സമയത്താണ് നഴ്സുമാർക്കും ഡോക്റ്റർമാർക്കും അടക്കം അസുഖം പകർന്നത്. അതിനു ശേഷം മറ്റുള്ളവരിലേക്ക് പകരുകയായിരുന്നു എന്ന് നഴ്സ് പറഞ്ഞു.

പോകാൻ പറ്റില്ലെന്നു പറഞ്ഞാൽ പറ്റില്ല..! മതിയായ കാരണങ്ങളില്ലാതെ യാത്രചെയ്ത ബൈക്ക് യാത്രികരോട് തിരികെ പോകാൻ നിർബന്ധപൂർവം പറയുന്ന പൊലീസുകാരൻ. തിരുവനന്തപുരത്തെ വാഹനപരിശോധനയിൽ നിന്നുള്ള ദൃശ്യം. കെ.ബി. ജയചന്ദ്രൻ

രോഗബാധിതർ, മരണം എന്നി ക്രമത്തിൽ

മഹാരാഷ്ട്ര	690, 45
ഗുജറാത്ത്	122, 11
മധ്യപ്രദേശ്	165, 9
ഡൽഹി	523, 7
തെലങ്കാന	321, 7
തമിഴ്നാട്	571, 5
കർണാടകം	151, 4
ആന്ധ്ര	303, 3
ബംഗാൾ	80, 3
കേരളം	314, 2
യുപി	227, 2
ബിഹാർ	32, 1

മുംബൈ വിജനം, ഭീതിദം

മുംബൈ: വിജനമാണു റോഡ്. ഇങ്ങനെ കണ്ടിട്ടില്ല ഈ നഗരത്തെ. ജനലിലൂടെ നോക്കുമ്പോൾ കാണുന്നത് സൈറൺ മുഴക്കി പാഞ്ഞുവരുന്ന ആംബുലൻസ്. സുരക്ഷാ വസ്ത്രം ധരിച്ച ജീവനക്കാർ തൊട്ടപ്പുറത്തെ കെട്ടിട സമുച്ചയത്തിലേക്കു പോകുകയാണ്. അവിടൊരു കൊവിഡ് 19 രോഗിയുണ്ട്. ആശുപത്രിയിലാക്കണം.

മുംബൈ നഗരം ഏതാനും ദശകങ്ങൾക്കിടെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയിലൂടെയാണു കടന്നുപോകുന്നത്. എന്നാണ് ഇതിനൊരു അവസാനം? എന്താണ് പരിഹാരം? ഉത്തരം ഏറെ അകലെയാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ അനിശ്ചിതത്വം. കൊടുംവിപത്തിനെ തടയാൻ ഇതുവരെയെടുത്ത നടപടികളുടെ പേരിൽ അഭിനന്ദിക്കണം സംസ്ഥാന സർക്കാരിനെ. അല്ലെങ്കിൽ വെറും 2.1 ചതുരശ്ര കിലോമീറ്ററിൽ ഏഴു ലക്ഷം പേർ വസിക്കുന്ന ധാരാവി പോലൊരു ചേരിയുള്ള നഗരത്തിൽ എത്ര വലിയ ദുരന്തമാകും സംഭവിക്കുക.

എംപിമാരുടെ ശമ്പളം 30% കുറയ്ക്കും

പ്രാദേശിക വികസന ഫണ്ട് രണ്ടു വർഷം ഇല്ല

ന്യൂഡൽഹി: കൊവിഡ് പ്രതിരോധ- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രിയും മന്ത്രിമാരും അടക്കം പാർലമെന്റ് അംഗങ്ങളുടെ ശമ്പളം വെട്ടിക്കുറയ്ക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ തീരുമാനം. ഏപ്രിൽ ഒന്നു മുതൽ ഒരു വർഷത്തേക്ക് 30 ശതമാനം ശമ്പളമാണു കുറയ്ക്കുക. രാഷ്ട്രപതി, ഉപരാഷ്ട്രപതി, സംസ്ഥാന ഗവർണർമാർ തുടങ്ങിയവരും സ്വമേധയാ ശമ്പളം വെട്ടിക്കുറവിനു തീരുമാനിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി പ്രകാശ് ജാവഡേക്കർ പറഞ്ഞു.

എംപിമാരുടെ ശമ്പളം, അലവൻസുകൾ, പെൻഷൻ നിയമം ഭേദഗതി ചെയ്തു വേണം വെട്ടിക്കുറയ്ക്കുന്നതു നടപ്പാക്കാൻ. ഇതിനുള്ള ഓർഡിനൻസിനും മന്ത്രിസഭ അനുമതി നൽകി. ശമ്പളം മാത്രമാണു കുറയ്ക്കുന്നതെന്നും അലവൻസുകളും പെൻഷനും വെട്ടിക്കുറയ്ക്കില്ലെന്നും പിന്നീട് സർക്കാർ വക്താവ് വ്യക്തമാക്കി.

എംപിമാരുടെ പ്രാദേശിക വികസന ഫണ്ടുകൾ രണ്ടു വർഷത്തേക്ക് സസ്പെൻഡ് ചെയ്യാനും തീരുമാനം. ഇതുവഴി 7,900 കോടി രൂപ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കു ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇത്തരത്തിൽ സമാഹരിക്കുന്ന പണമെല്ലാം കൺസോളിഡേറ്റഡ് ഫണ്ട് ഒഫ് ഇന്ത്യ (സിഎഫ്ഐ)യിലേക്കാണു പോകുകയെന്ന് മന്ത്രി വ്യക്തമാക്കി. പാർലമെന്റിന്റെ അനുമതിയില്ലാതെ ഈ ഫണ്ടിൽ നിന്ന് പണം പിൻവലിക്കാനാവില്ല. നികുതികൾ വഴിയും മറ്റും സർക്കാരിനു കിട്ടുന്ന എല്ലാ വരുമാനവും കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണു പോകുന്നത്.

കാരുണ്യ പ്രവർത്തനങ്ങൾ വീട്ടിൽ നിന്നു തുടങ്ങണം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് എംപിമാരും മന്ത്രിമാരും ശമ്പളം കുറയ്ക്കുന്നതെന്നു മന്ത്രി പറഞ്ഞു. രാജ്യത്തിനു ശരിയായ സന്ദേശമാണ് ഇതുവഴി നൽകുന്നതെന്നും അദ്ദേഹം. ലോക്സഭയിൽ 543, രാജ്യസഭയിൽ 245 എംപിമാർ വീതമാണുള്ളത്. മൊത്തം 788. ഓരോ എംപിയുടെയും പ്രാദേശിക വികസന ഫണ്ടിലേക്ക് വർഷം അഞ്ചു കോടി രൂപ വീതമാണു നൽകുന്നത്. 2020-21, 2021-22 വർഷങ്ങളിൽ ഈ ഫണ്ട് നൽകില്ല.

മന്ത്രിസഭാ തീരുമാനത്തെ സ്വാഗതം ചെയ്ത ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ ദേശീയ താത്പര്യമാണു പാർട്ടിക്കു പ്രധാനമെന്നു പ്രതികരിച്ചു. ശമ്പളം കുറച്ചതിനെ സ്വാഗതം ചെയ്ത കോൺഗ്രസ് പ്രാദേശിക വികസന ഫണ്ട് നിർത്തിയതിൽ വിയോജിപ്പും പ്രകടിപ്പിച്ചു. എംപിമാരുടെ പങ്ക് ചെറുതാക്കുന്ന തീരുമാനം പുനപ്പരിശോധിക്കണമെന്ന് കോൺഗ്രസ് മുഖ്യവക്താവ് രൺദീപ് സുർജേവാല ടീറ്റ് ചെയ്തു. അതേ സമയം, മുൻ മന്ത്രി ജയറാം രമേഷ് ഫണ്ട് സസ്പെൻഡ് ചെയ്തതിനെ സ്വാഗതം ചെയ്തത് പാർട്ടിയിൽ രണ്ടഭിപ്രായം എന്ന സൂചന നൽകിയിട്ടുണ്ട്. കൊവിഡ് ദുരിതാശ്വാസത്തിനു പ്രത്യേക ഫണ്ടുണ്ടാക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കു തുക മാറ്റുന്നത് ആറു വർഷത്തെ സാമ്പത്തിക തകർച്ചാ ചിത്രം മറയ്ക്കാനാണെന്ന് സിപിഎം. പ്രതിമകൾ നിർമിക്കാനും പബ്ലിസിറ്റിക്കു വേണ്ടിയും സർക്കാർ പൊതുപണം ധൂർത്തടിച്ചെന്നും പാർട്ടി.

കൊവിഡ് ഇന്നലെ 13 പേർക്ക്, ഒൻപതും കാസർഗോഡുകാർ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 13 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചതിൽ ഒൻപതു പേർ കാസർഗോഡുകാരും മൂന്നുപേർ ഡൽഹിയിലെ നിസാമുദ്ദീൻ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത് ഇന്നലെ രോഗബാധ സ്ഥിരീകരിച്ചതിൽ രണ്ടുപേർ മലപ്പുറത്തുകാരും ഒരാൾ കൊല്ലം കാരനുമാണ്. കാസർഗോഡുകാരിൽ ആറുപേർ വിദേശത്തുനിന്ന് വന്നവർ. മൂന്നുപേർക്ക് സമ്പർക്കം മുഖേന രോഗം പിടിപെട്ടു. പത്തനംതിട്ട സ്വദേശിക്ക് വിദേശത്തുനിന്നാണ് രോഗബാധയുണ്ടായത്. മൂന്നുപേർക്കു സമ്പർക്കത്തിലൂടെയാണ് രോഗം പിടിപെട്ടത്.

കേരളത്തിൽ ഇതുവരെ 327 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ 266 പേർ ചികിത്സയിലാണ്. 1,52,074 നിരീക്ഷണത്തിലാണ്. ഇന്നലെമാത്രം 122 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംസ്ഥാനത്ത് രോഗവ്യാപനം തടുത്തുനിർത്താൻ ഒരുപരിധിവരെ കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിദേശത്ത് മരിച്ചത് 21 മലയാളികൾ

തിരുവനന്തപുരം: വിദേശത്ത് മലയാളികളായ 21 പേർ കൊവിഡ് ബാധിച്ച് മരണമടഞ്ഞു. ഏറ്റവും കൂടുതൽ മലയാളികൾ മരിച്ചത് യുഎസിലാണ്- പത്തു പേർ. അമെരിക്കയിൽ കൊട്ടാരക്കര സ്വദേശി ഉമ്മൻ കുര്യൻ, പിറവം സ്വദേശി ഏലിയാമ്മ കുര്യാക്കോസ്, ചെങ്ങന്നൂർ സ്വദേശി ശില്പാനായർ, ജോസഫ് തോമസ്, അജ്മാനിൽ ഹാരിസ്, യുകെയിൽ കൊല്ലം സ്വദേശി ഇന്ദിര, കണ്ണൂർ ഇരിട്ടി സ്വദേശി സിന്റോ എന്നിവരും ഇന്നലെ മരിച്ചവരിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ ദിവസം ന്യൂയോർക്കിൽ ബിസിനസ് നടത്തുന്ന തിരുവല്ല സ്വദേശി തൈക്കടവിൽ ഏബ്രഹാമിന്റെ മകൻ ഷോൺ എസ്. ഏബ്രഹാം, ന്യൂയോർക്കിൽ ട്രാൻസ്പോർട് അതോറിറ്റി ഉദ്യോഗസ്ഥനായിരുന്ന തൊടുപുഴ മുട്ടം സ്വദേശി തങ്കച്ചൻ ഇഞ്ചനാട്, അയർലണ്ടിൽ കോട്ടയം കുറുപ്പുന്തറ സ്വദേശി ബീന ജോർജ്, സൗദിയിൽ മലപ്പുറം തിരുരങ്ങാടി സ്വദേശി സഫാൻ എന്നിവരും മരിച്ചിരുന്നു.

കോഴിക്കോട്ട് പുതിയ പോസിറ്റീവ് കേസില്ല

കോഴിക്കോട്: കൊവിഡുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഇന്നലെ ആകെ 21,934 പേർ നിരീക്ഷണത്തിലുള്ളതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ അറിയിച്ചു. ഇന്ന് പുതുതായി വന്ന 13 പേർ ഉൾപ്പെടെ ആകെ 35 പേരാണ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. മെഡിക്കൽ കോളെജിൽ 33 പേരും ബീച്ച് ആശുപത്രിയിൽ രണ്ടു പേരുമാണ് ഉള്ളത്. 11 പേരെ ഇന്നലെ ഡിസ്ചാർജ്ജ് ചെയ്തു. ഇന്നലെ 21 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 377 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 346 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 331 എണ്ണം നെഗറ്റീവ് ആണ്. ജില്ലയിൽ ആകെ സ്ഥിരീകരിച്ച 12 പോസിറ്റീവ് കേസുകളിൽ മൂന്ന് പേർ രോഗമുക്തി നേടിയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ചിരുന്ന മൂന്ന് ഇതര ജില്ലകാരിൽ ഒരാളും രോഗമുക്തി നേടി. 9 കോഴിക്കോട് സ്വദേശികളും 2 ഇതര ജില്ലക്കാരുമാണ് ചികിത്സയിൽ തുടരുന്നത്. 31 പേരുടെ പരിശോധനാഫലം കൂടി ലഭിക്കാനുണ്ട്.ഞായറാഴ്ച പോസിറ്റീവ് കേസ് റിപ്പോർട്ട്ചെയ്ത പ്രദേശങ്ങളിൽ തദ്ദേശ സ്ഥാപനതല ജാഗ്രത സമിതി യോഗം ചേരുകയും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. വീടുകളിൽ നിരീക്ഷണം ശക്തമാക്കാൻ തീരുമാനിച്ചു വാർഡ്തല ബോധവൽക്കരണ പ്രവർത്തനങ്ങളും ലഘുലേഖ വിതരണവും നടത്തി.

കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണർ എ.വി. ജോർജിന്റെ നേതൃത്വത്തിൽ വെള്ളയിൽ ഭാഗത്ത് ഡ്രോൺ ക്യാമറ ഉപയോഗിച്ച് പരിശോധന നടത്തുന്നു. - **വിമിത്ത് ഷാൽ**

കൊവിഡ് 19: പ്രവാസി ലീഗ് ഹെൽപ് ലിങ്ക് നിലവിൽ വന്നു

തേഞ്ഞിപ്പലം: കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രവാസികൾ നേരിടുന്ന വിഷയങ്ങളിൽ ഇടപെടാനും അവർക്ക് വിവിധ മേഖലകളിൽ നിന്നും ലഭിക്കേണ്ട പിന്തുണയും സഹായവും ഉറപ്പു വരുത്തുന്നതിനും പ്രവാസി ലീഗിന് കീഴിൽ ഒരു സേവന വിംഗ് രൂപീകരിക്കുവാൻ പ്രവാസി ലീഗ് സംസ്ഥാന ഭാരവാഹികളുടെ ഓൺലൈൻ യോഗം തീരുമാനിച്ചു. ജില്ലകളിൽ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ആവശ്യങ്ങൾ, സഹായങ്ങൾ, സേവനങ്ങൾ എന്നിവ ജില്ലാ തലത്തിലും ജില്ലകളിലെ വിവിധ സർക്കാർ, സന്നദ്ധ ഏജൻസികളെ ബന്ധപ്പെട്ട് നേടിയെടുക്കുകയും കീഴ്ഘടകങ്ങളുമായി നിരന്തരം ഇടപെട്ട് അവരുടെ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം പ്രവാസി ലീഗ് ഹെൽപ് ലിങ്ക് എന്ന പേരിലാണ് ഈ വിഭാഗം അറിയപ്പെടുക.

ഓൺലൈൻ യോഗത്തിൽ പ്രസിഡന്റ് ഹനീഫ മൂന്നിയൂർ അധ്യക്ഷത വഹിച്ചു. ട്രഷറർ കാപ്പിൽ മുഹമ്മദ് പാഷ, വൈസ് പ്രസിഡന്റുമാരായ കെ.സി.അഹമത്, പി.എം.കെ കാഞ്ഞിയൂർ ജലീൽ വലിയകത്ത്, എൻ.എം ഷരീഫ്, ഉമയനല്ലൂർ ശിഹാബുദ്ധീൻ സെക്രട്ടറിമാരായ കെ.വി.മുസ്തഫ, കെ.കെ അലി, ഷംസുദ്ധീൻ എൻ.പി. പങ്കെടുത്തു.

സന്ദർശനം നടത്തി

കോഴിക്കോട്: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത കോഴിക്കോട് ജില്ലയിലെ സ്ഥലങ്ങൾ ജില്ലാ കലക്റ്റർ സാംബശിവ റാവുവിന്റെ നേതൃത്വത്തിൽ സന്ദർശിച്ചു. കൊളത്തറ, പയ്യാനക്കൽ എന്നിവിടങ്ങളിലാണ് സന്ദർശനം നടത്തിയത്.

പരിസരശുചിത്വത്തിനും വ്യക്തി ശുചിത്വത്തിനും പ്രാധാന്യം നൽകണമെന്നും നിരീക്ഷണ കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് പുറത്തിറങ്ങരുതെന്നും പ്രദേശവാസികൾക്ക് കലക്ടർ നിർദേശം നൽകി.

റിപ്പോർട്ട് ചെയ്യണം

കോഴിക്കോട്:നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത കോഴിക്കോട് ജില്ലയിലെ ആരെങ്കിലും ഇത് വരെ റിപ്പോർട്ട് ചെയ്യാത്തവരായിട്ടുണ്ടെങ്കിൽ ഉടൻ ജില്ലാ മെഡിക്കൽ ഓഫിസിലെ കൊറോണ നിയന്ത്രണ സെല്ലിൽ വിവരമറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ അറിയിച്ചു. ഫോൺ 0495 2376063, 2371471.

അനുശോചിച്ചു

വടകര: മനസിൽ നിന്നും ഒരിക്കലും മായാത്ത ഈണങ്ങൾ സംഗീത ലോകത്തിനു സമ്മാനിച്ച സുപ്രസിദ്ധ സംഗീത സംവിധായകൻ എം.കെ അർജുനൻ മാസ്റ്ററുടെ നിര്യാണത്തിൽ 'ഇപ്റ്റ' കോഴിക്കോട് ജില്ലാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

'ഇപ്റ്റ' യുടെ എക്കാലത്തെയും ഉത്തമ സുഹൃത്തും വഴികാട്ടിയുമായിരുന്ന അർജുനൻ മാസ്റ്ററുടെ നിര്യാണം കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നതെന്ന് ഇപ്റ്റ ജില്ലാ കമ്മിറ്റി പ്രസിഡന്റ് വി പി രാഘവൻ, സെക്രട്ടറി സി പി സദാനന്ദൻ എന്നിവർ അനുശോചന കുറിപ്പിൽ സൂചിപ്പിച്ചു.

എംഎസ്എഫ് പ്രവർത്തകർ വീടുകളിൽ തണ്ണീർക്കുടം സ്ഥാപിക്കുന്നു.

സ്വന്തം വീട്ടുവളപ്പിൽ തണ്ണീർക്കുടം സ്ഥാപിച്ചു

മൂന്നിയൂർ : കൊവിഡ് - 19 പ്രതിരോധ ഭാഗമായി എല്ലാവരും വീട്ടിലിരിക്കുന്ന ഈ സമയത്ത് പടിക്കലിലെ എം.എസ്.എഫ് പ്രവർത്തകർ സ്വന്തം വീട്ടിൽ പറവകൾക്ക് തണ്ണീർക്കുടം സ്ഥാപിച്ചു. പദ്ധതി മൂന്നിയൂർ പഞ്ചായത്ത് എം.എസ്.എഫ് പ്രസിഡന്റ് പി.പി സഫീർ പടിക്കലിന്റെ വീട്ടിൽ നിന്നും തുടക്കം കുറിച്ചു. വീട്ടിൽ വെറുത ഇരിക്കുന്ന സമയത്തെ ക്രിയാത്മകമായി ഉപയോഗിക്കാൻ സോഷ്യൽ മീഡിയയിലൂടെ നിർദ്ധേഷം ലഭിച്ച പടിക്കൽ യൂണിറ്റിലെ ഓരോ എം.എസ്.എഫ് പ്രവർത്തകനും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിൽ വരുത്തി. ടൗൺ എം.എസ്.എഫ് പ്രസിഡന്റ് ടി.സി മുസാഫിർ പദ്ധതി നിയന്ത്രിച്ചു. അനീസ് അലി പൂവാട്ടിൽ, സി.കെ സബീൽ, ടി.അർഷദ് ആരിഫ്, വി.ജവാദലി, പി.കെ ഫായിസ് ഫർഹാൻ, ടി.മുർഷിദ് ഇല്ല്യാസ് എന്നിവർ നേതൃത്വം നൽകി.

ചേലേമ്പ്ര ദേവകി അമ്മ മെമ്മോറിയൽ ഫാർമസി കോളെജ് മാധ്യമ പ്രവർത്തകർക്ക് സാനിറ്റൈസറും മാസ്കുകളും വിതരണം ചെയ്യുന്നു.

മാധ്യമ പ്രവർത്തകർക്ക് സാനിറ്റൈസറും മാസ്കുകളും നൽകി

തേഞ്ഞിപ്പലം: കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേലേമ്പ്ര ദേവകി അമ്മ മെമ്മോറിയൽ ഫാർമസി കോളെജ് മാധ്യമ പ്രവർത്തകർക്ക് സാനിറ്റൈസറും മാസ്കുകളും നൽകി. കോളെജിൽ നടന്ന ചടങ്ങിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസ് ക്ലബ് സെക്രട്ടറി എൻ. എം. കോയ , ദേവകി അമ്മ ഇൻസ്റ്റിറ്റ്യൂഷൻസ് അസിസ്റ്റന്റ് മാനേജർ വി. സുരേഷിൽ നിന്നും ഏറ്റുവാങ്ങി. മുസ്തഫ ചേലേമ്പ്ര, ദേവകി അമ്മ അസിസ്റ്റന്റ് മാനേജർ ശ്രീഹരി കെ. ആർ, ഫാർമസി കോളെജ് അസിസ്റ്റന്റ്പ്രൊഫസർ വിമൽ കെ. ആർ, ലാബ് കെട്നീഷ്യൻ സുനീഷ്.ടി, ഓഫീസ് സ്റ്റാഫ് സുരേഷ് എൻ എ ന്നിവർ സന്നിഹിതരായിരുന്നു.ദേവകി അമ്മ കോളെജ് ചേലമ്പ്രയിലെ ഗ്രാമ പഞ്ചായത്ത് ഓഫീസ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, വില്ലേജ് ഓഫീസ്, ചേലേമ്പ്ര കുടുംബ ആരോഗ്യ കേന്ദ്രം, ചേലേമ്പ്ര ഗവൺമന്റ് ആയുർവേദ ആശുപത്രി, സ്കൂൾ, കൃഷി ഭവൻ, ബാങ്കുകൾ, ചേലേമ്പ്രയിലെ റേഷൻ കടകൾ, സന്നദ്ധ പ്രവർത്തകർ, തേഞ്ഞിപ്പലം പൊലീസ് സ്റ്റേഷൻ, കെഎസ്ഇബി ഓഫീസ്, തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം സൗജന്യമായി സാനിറ്റൈസറും മാസ്കുകളും നൽകിയിരുന്നു. മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സൈസ് ഡിപ്പാർട്ട്മെന്റ് വഴി ലഭ്യമാക്കിയ സ്പിരിറ്റിൽ നിന്നും 300 കുപ്പി സാനിറ്റൈസറും ഫാർമസി കോളെജ് നിർമിച്ച് നൽകിയിരുന്നു.

യാത്രക്കാർ ജില്ലാ കൺട്രോൾ റൂമുമായി ബന്ധപ്പെടണം

കോഴിക്കോട്: മാർച്ച് 15ന് വൈകീട്ട് 6.30 നും ഏഴിനും ഇടയിൽ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോം ഒന്നിൽ ഉണ്ടായിരുന്ന കോഴിക്കോട് സ്വദേശികളും അന്നേ ദിവസം നിസാമുദ്ദീൻ-തിരുവനന്തപുരം എക്സ്പ്രസിൽ (നമ്പർ- 22634) സ്ലീപ്പർ കോച്ച് നമ്പർ അഞ്ചിൽ (എസ്5) യാത്ര ചെയ്ത കോഴിക്കോട് നിവാസികളായ മുഴുവൻ യാത്രക്കാരും ഉടൻ ജില്ലാ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു.മറ്റ് ജില്ലകളിലെ യാത്രക്കാർ അതത് ജില്ലാ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്നും നിർദ്ദേശിച്ചു. കൊവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായാണ് നിർദ്ദേശം.ഇതുകൂടാതെ മാർച്ച് 22ന് വൈകീട്ട് 6.30 നും ഏഴിനും ഇടയിൽ കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോം നാലിൽ ഉണ്ടായിരുന്ന കോഴിക്കോട് സ്വദേശികളും നവയുഗ് എക്സ്പ്രസിൽ (നമ്പർ- 16688) സ്ലീപ്പർ കോച്ച് നമ്പർ നാലിൽ (എസ്-4) യാത്ര ചെയ്ത കോഴിക്കോട് നിവാസികളായ മുഴുവൻ യാത്രക്കാരും കൺട്രോൾ റൂമുമായി ബന്ധപ്പെടണം.മാർച്ച് 21 ന് നെടുമ്പാശ്ശേരിയിൽ എത്തിയ ദുബൈ-കൊച്ചി എയർ ഇന്ത്യ എക്സ്പ്രസ് ഐ.എക്സ് 434 വിമാനത്തിലെ കോഴിക്കോട് ജില്ലയിലെ യാത്രക്കാരും ഉടൻ കൺട്രോൾറൂമുമായി ബന്ധപ്പെടണമെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു. ഇവർ 28 ദിവസം വീട്ടിൽ തന്നെ നിർബന്ധമായും ഐസൊലേഷനിൽ കഴിയണം. യാതൊരു കാരണവശാലും നേരിട്ട് ആശുപത്രികളിലേക്ക് പോകാൻ പാടില്ലെന്നും കലക്റ്റർ അറിയിച്ചു. കൺട്രോൾറൂം നമ്പർ: 0495 2373901, 2371471, 2371002., ദിശ നമ്പർ: 1056, 0471

വീട് സമ്മാനിച്ച കൊറോണ, സബീഷ് കവിത എഴുതുകയാണ്

സി.പി. രഘുനാഥ്

കുറ്റ്യാടി : മനുഷ്യകുലത്തിന്റെ അന്തകനായി പിറവി എടുത്ത കോറോണ മഹാമാരി രാജ്യങ്ങളെ പൂർണമായും കൈയ്യിലൊതുക്കിയ നാളുകൾ മനുഷ്യരാശി വീടുകളിലേക്ക് ഒതുങ്ങി. ആശങ്കയുടെ മുൾമുനയിൽ തന്റെ സർഗ വാസനയിൽ തൂലിക ചലിപ്പിക്കുകയാണ് കുറ്റ്യാടിയിലെ ഒരു സ്വകാര്യ സ്കൂൾ അധ്യാപകനായ സബീഷ് തൊട്ടിൽ പാലം കൊവിഡ്19 ഭീതി പടർത്തുന്ന നാളുകളിൽ തന്റെ വീട്ടിൽ ഇരുന്നു 'പ്രണയിനി' യെന്ന പേരിൽ കവിത എഴുതി കൊണ്ടിരിക്കുകയാണ്.മനുഷ്യ ശരീരങ്ങളെ. മാത്രം കൊതിക്കുന്ന തികഞ്ഞപ്രണയ ദാഹിനിയാണ് കൊറോണ വൈറസ് എന്നതാണ് കവിതയുടെ ഉള്ളടക്കം. കൊറോണ വൈറസിനെ മനുഷ്യനെ ആർത്തി യോടെ പ്രണയിച്ച് കൊല്ലുന്ന അപ്സരസായി ഉപമിച്ചിരിക്കയാണ് കവി. ആധുനിക മനുഷ്യന്റെ കപടചേഷ്ടകളെക്കുറിച്ചും കവിതയിൽ പ്രതി പാദിച്ചിരുക്കുന്നത് കാണാം. ഇതിനകം ഇദ്ദേഹത്തിന്റെതായി നിരവധി കവിതകൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലാ, തല കേരളോത്സവവേദികളിൽ ഉൾപെടെ നിരവധി കവിത ,കഥ രചന മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പട്ടങ്ങൾ എന്ന കവിത സമാഹാരത്തിന്ന് മികച്ച കവിതാ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. ബലൂണുകൾ, പൂച്ചകൾ, ചോദ്യം, നേരം, കറുപ്പ് ,കടൽ ,പല്ലി ,തുടങ്ങിയ നിരവധി കവിതകൾ സബീഷ് തൊട്ടിൽപാലത്തിന്റെ തൂലികയിൽ നിന്നും ഉതിർന്ന് വീണ രചനകളാണ്.

യുവകവി സബീഷ് തൊട്ടിൽപാലം

ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണവും അരിയും ലഭിച്ചില്ലെന്നാക്ഷേപം

വേലായുധൻ പി. മൂന്നിയൂർ

തേഞ്ഞിപ്പലം: പഞ്ചായത്ത് സെക്രട്ടറിയുടെ ധിക്കാരപരമായ നടപടിയെ തുടർന്ന്ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണവും അരിയും ലഭിച്ചില്ലെന്ന് ആക്ഷേപം. ഇന്നലെ ഉച്ചയ്ക്ക് 12.30ന് തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലാണ് സംഭവം. തേഞ്ഞിപ്പലം പഞ്ചായത്തിൽ ഒരുക്കിയ കമ്മ്യൂണിറ്റി കിച്ചണിലൂടെയായിരുന്നു ഇതരസംസ്ഥാനതൊഴിലാളികൾക്ക് പഞ്ചായത്ത് അംഗങ്ങൾ നൽകുന്ന കണക്കു പ്രകാരം പൊതിച്ചോറ് ദിനം പ്രതി നൽകിയിരുന്നത്. എന്നാൽ ഇന്നലെ പൊതിചേ റിനായി വന്ന വരെയാണ് പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന അസി : സെക്രട്ടറി പൊതി ചോറ് നൽകാതെ അധിക്ഷേപിച്ച് വിട്ടതായി പഞ്ചായത്ത് ഭാരവാഹികളും നാട്ടുകാരും ആരോപിച്ചത്.പഞ്ചായത്ത്മെമ്പർമാർ നേരത്തെ നൽകിയ കണക്കു പ്രകാരം ഭക്ഷണം തയ്യാറാക്കാതെ മുന്നറിയിപ്പില്ലാതെ ഇതരസംസ്ഥാനതൊഴിലാളികളുടെ ഭക്ഷത്തത്തിന്റെ തോത് പഞ്ചായ ത്ത് അസിസ്റ്റന്റ്സെക്രട്ടറി വെട്ടിക്കുറച്ചതിനാലാണ് തികയാതെ വന്നതെന്ന് പഞ്ചായത്ത് അംഗങ്ങൾ വ്യക്തമാക്കിയത്. വെട്ടികുറച്ചപ്പോൾ പലരും ഉച്ചക്ക് ചോറ് കിട്ടാതെ വലഞ്ഞു, ഉച്ചക്ക് ചോറിനായി വന്നഇതരസംസ്ഥാന തൊഴിലാളികൾ മണിക്കൂറുകൾ പഞ്ചായത്ത് പരിസരത്ത് കാത്ത്നിൽക്കേണ്ടി വന്നു, തുടർന്ന്ഒരു നേരം പാചകം ചെയ്യാനുള്ള അരി നൽകിയാൽ ഞങ്ങൾ പാചകം ചെയ്തോളാമെന്ന് ഇതരസംസ്ഥാനതൊഴിലാളികൾആവശ്യപ്പെട്ടു. തുടർന്ന് ഇതരസംസ്ഥാനതൊഴിലാളികൾക്ക് നൽകുന്നതിന് സർക്കാറിൽ നിന്ന് പഞ്ചായത്തിനു ലഭ്യമായിട്ടുള്ള അരിയിൽ നിന്ന് പ്രസിഡന്റും വൈസ് പ്രസിഡന്റും അരി നൽകാൻ തയ്യാറായപ്പോൾ അസി. സെക്രട്ടറി തടഞ്ഞതായ് ആരോപണം.ഇതു കണ്ട പൊതുപ്രവർത്തകനായ സനീഷ് മതിലഞ്ചേരിയും ട്രോമ കെയർ വൊളന്റിയർ വിജീഷും ഉടനെ തൊഴിലാളികൾക്ക് അരി വിലക്ക് വാങ്ങി എത്തിച്ചു നൽകുകയായിരുന്നു. മാത്രമല്ല കുറഞ്ഞ നിരക്കിൽ ഭക്ഷണം തയ്യാറാക്കി നൽകാൻ ചില ഏജൻസികൾ തയ്യാറായിട്ടും അവർക്ക് നൽകാതെ ഉയർന്ന നിരക്കിൽ നൽകിയത് ചില നിക്ഷിത താത്പര്യങ്ങളാണെന്ന് ആരോപണം. പഞ്ചായത്ത് സെക്രട്ടറിയുടെ ധിക്കാര പരമായ നടപടിയിൽ മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തുമെന്നും നടപടിയെടുക്കുമെന്നും പഞ്ചായത്ത് ഭാരവാഹികൾ വ്യക്തമാക്കി.

ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ബിജെപി ദേശിയ നിർവാഹക സമിതി അംഗം പി.കെ കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യുന്നു.

ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു

തലശേരി : കൊവിഡ് - 19 നെ തുടർന്ന് സർക്കാർ ലോക് ഡൗൺ പ്രഖ്യാപിച്ചതിനാൽ ദുരിതം അനുഭവിക്കുന്നവർക്ക് ബിജെപി തലശേരി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. കിറ്റുകളുടെ വിതരണ ഉദ്ഘാടനം ബിജെപി ദേശിയ നിർവാഹക സമിതി അംഗം പി.കെ കൃഷ്ണദാസ് നിർവഹിച്ചു. പാലിശ്ശേരി പ്രദേശത്തെ കടലോര മേഖലയിലെ വീട്ടുകളിലെ ജനങ്ങൾക്കാണ് കിറ്റുകൾ നൽകിയത് . ജില്ല പ്രസിഡണ്ട് എൻ.ഹരിദാസ്, കെ. ലിജേഷ്, എം .പി സുമേഷ്, കെ.അനിൽ കുമാർ, കെ. എസ് ജിഷ്ണു ,കെ.ഹരിദാസ്.കെ.എം റിത്തിൻ തുടങ്ങിയവർ നേതൃത്വം നല്കി.

കിടപ്പിലായ രോഗികൾക്ക് പെൻഷൻ നൽകണം: മുസ്‌ലിം ലീഗ്

കുറ്റ്യാടി: കിടപ്പിലായ രോഗികൾക്ക് ആശ്വാസമായി നൽകുന്ന സംരക്ഷണ പെൻഷൻ എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്നേളം പഞ്ചായത്ത് മുസ്‌ലിം ലീഗ് കമ്മിറ്റി ആവശ്യപ്പെട്ടു. കഴിഞ്ഞ യു.ഡി.എഫ്.സർക്കാർ നടപ്പിലാക്കിയ ഈ പദ്ധതിയോട് എൽ.ഡി.എഫ് സർക്കാർ പുറം തിരിഞ്ഞ് നിൽക്കുന്നത് അവശത അനുഭവിക്കുന്ന പാവങ്ങളോടുള്ള വെല്ലുവിളിയാണ്. മാസങ്ങളായി മുടങ്ങിക്കിടക്കുന്ന ഈ പെൻഷൻ കൊറോണ കാലഘട്ടങ്ങളിലെങ്കിലും വിതരണം ചെയ്യണം. ഈ ആവശ്യമുന്നയിച്ച് മുഖ്യമന്ത്രി, വകുപ്പ് മന്ത്രി, എം.എൽ.എ എന്നിവർക്ക് നിവേദനം നൽകാനും തീരുമാനിച്ചു.ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകും.ആർ.ആർ.ടി. വളണ്ടിയർമാരെ സന്നദ്ധ പോർട്ടലിൽ റജിസ്റ്റർ ചെയ്യിക്കാനും സന്നദ്ധ സേവനം നടത്തുന്ന വൈറ്റ്ഗാർഡിന് സഹായം നൽകാനും തീരുമാനിച്ചു. ഓൺലൈനിൽ ചേർന്ന യോഗത്തിൽ ആക്ടിംഗ് പ്രസിഡന്റ് ബഷീർ മാണിക്കോത്ത് അധ്യക്ഷത വഹിച്ചു.ജനറൽ സെക്രട്ടറി പി.കെ.ബഷീർ സ്വാഗതം പറഞ്ഞു. മുന്നൂൽ മമ്മു ഹാജി, വി.അമ്മത് , ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ.അബ്ദുല്ല, ടി.കെ.മുഹമ്മദ് റിയാസ്, പറമ്പത്ത് മൊയ്തു മൗലവി, ഇ.വി.അബ്ദുറഹിമാൻ, ടി.കെ.അബ്ദുൽ കരീം, കോമത്ത് കണ്ടി അമ്മത്, കെ.ടി.ബഷീർ, വി.പി.അബ്ദുല്ല, മലയിൽ കാസിം, ടി.കെ.മഹമൂദ്, ടി.കെ.റഫീഖ്, എ.കെ.അജ്മൽ, കെ.കെ.മൊയ്തു തുടങ്ങിയവർ പ്രസംഗിച്ചു.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് നൽകുന്ന വിഭവ സമാഹരണത്തിലേക്ക് യുടിയുസി മലപ്പുറം ജില്ലാ കമ്മിറ്റി നൽകുന്ന സംഭാവന തിരൂരങ്ങാടി തഹസിൽദാർക്ക് ജില്ലാ പ്രസിഡന്റ് പനക്കൽ സിദ്ദീഖ് കൈമാറുന്നു.

കോഴിക്കോടിന് റാപ്പിഡ് ടെസ്റ്റ് കിറ്റുമായ് എം.കെ രാഘവൻ

കോഴിക്കോട്: കൊവിഡ് ആരംഭത്തിൽ അനുവദിച്ച വെന്റിലേറ്ററുകൾക്ക് പുറമേ തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടേക്നോളജി വികസിപ്പിച്ചെടുത്ത കൊവിഡ് റാപ്പിഡ് ടെസ്റ്റ് കിറ്റ് കൂടി കോഴിക്കോട് മെഡിക്കൽ കോളെജിലെത്തിക്കാൻ എം.കെ രാഘവൻ എം.പി. എം.പി ഫണ്ട്വിനിയോഗിച്ച് 3000 യൂണിറ്റ് റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ എത്തിക്കാനാണ് എം.പി ആർ. ജി.സിബി യുമായ് ബന്ധപ്പെട്ടത്. വിഷയം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി ഡയറക്ടർ പ്രഫസർ എം. രാധാകൃഷ്ണ പിള്ളയുമായ് ചർച്ച ചെയ്തു.പുതുതായ് വികസിപ്പിച്ചെടുത്തതെന്ന നിലയിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് (ഐ.സി.എം.ആർ) ന്റെ കൂടി അനുമതി ലഭ്യമാകേണ്ടതുണ്ടെന്ന് ഡയറക്ടർ എം.പി യെ അറിയിച്ചു. ഒരാഴ്ചക്കകം തന്നെ ശാസ്ത്രീയ പരിശോധന കഴിഞ്ഞ് ഐ.സി.എം.ആർ അനുമതി ലഭ്യമാകുന്ന മുറക്ക് കിറ്റുകൾ നൽകാമെന്നും ഡയറക്ടർ എം.പി യെ അറിയിച്ചു. ഒരു യൂണിറ്റിന് 380 രൂപ നിരക്കിലാകും കിറ്റ് ലഭ്യമാകുക. ഇതിനായുള്ള തുക എം.പി ഫണ്ടിൽ നിന്നും അനുവദിക്കുമെന്നും വിദേശ നിർമ്മിതമല്ലാത്തതിനാലും, കേന്ദ്രസർക്കാർ സ്ഥാപനം വികസിപ്പിച്ചെടുത്ത് വിതരണം ചെയ്യുന്നതിനാലും ഫണ്ട് വിനിയോഗിക്കുന്നതിൽ കാലതാമസം വരില്ലെന്നും എം.പി ശുഭപ്രതീക്ഷ പ്രകടിപ്പിച്ചു. അതോടൊപ്പം തന്നെ മെഡിക്കൽ കോളെജിലേക്ക് മൾട്ടി പാരാ മോണിറ്റേഴ്സ്, സെന്റ്രൽ മോണിറ്ററിംഗ് ഡിസ്പ്ലേ, വീഡിയോ ലാറിംഗോസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങൾ വങ്ങുന്നതിനായി 9.5 ലക്ഷം രൂപയും അനുവദിച്ചു.

കഞ്ചാവ് ചെടികൾ കണ്ടെത്തി

തലശേരി : എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ റെയിൽവേ ട്രാക്കിന് സമീപത്ത് നിന്ന് ഏഴ് കഞ്ചാവ് ചെടികൾ കണ്ടെടുത്തു. രണ്ട് വലിയ ചെടികളും അഞ്ച് ചെറിയ ചെടികളുമാണ് കണ്ടെത്തിയത്.പുന്നോൽ പെട്ടിപ്പാലം കോളനിക്ക് സമീപത്തെ റെയിൽവേ ട്രാക്കിന് സമീപത്ത് നിന്നാണ് ഇവ കണ്ടെത്തിയത്.

രഹസ്യ വിവരത്തെ തുടർന്നായിരുന്നു പരിശോധ. തലശേരി എക്സൈസ് പ്രവന്റീവ് ഓഫീസർ അഡോൺ, സിവിൽ എക്സൈസ് ഓഫീസർമാരായ യു.ഷെനിത്ത് രാജ്, സെമീർ കെ.കെ., ലെനിൻ എഡ്വേർഡ്, ജിജീഷ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് ചെടികൾ കണ്ടെത്തിയത്.അതേസമയം ലോക് ഡൗണിന്റെ പശ്ചാതലത്തിൽ മാഹിയിൽ ബാറുകൾ പൂട്ടിയെങ്കിലും മദ്യകടത്ത് വ്യാപകമായിട്ടുണ്ട്.ഇത് തടയാൻ അതിർത്തികളിൽ വാഹന പരിശോധനകൾ കർശനമാക്കിയതായി തലശേരി എക്സൈസ് അധികൃതർ അറിയിച്ചു.

നിർദ്ദേശം ലംഘിക്കുന്നവരെ പിടികൂടാൻ പൊലീസിന്റെ ഡ്രോൺ നിരീക്ഷണം

തേഞ്ഞിപ്പലം :സർക്കാർ നിർദ്ദേശം ലംഘിക്കുന്നവരെ പിടികൂടാൻ തേഞ്ഞിപ്പലം പൊലീസ് ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തി . സ്റ്റേഷൻ പരിധിയിലെ ഉൾപ്രദേശങ്ങളിൽ ഉൾപ്പെടെ സർക്കാർ നിർദേശം ലംഘിച്ച് യാതൊരു നിയന്ത്രണവുമില്ലാതെ ആളുകൾ കൂട്ടം കൂടുന്നതായും, കളിസ്ഥലങ്ങളിലും, വയലോരങ്ങളിലും, റോഡോരത്തെ ഒഴിഞ്ഞ തെങ്ങിൻ തോപ്പുകളിലും ഉൾപ്പെടെ ആളുകൾ കൂട്ടം കൂടി വിവിധ കളികൾക്കായി എത്തുന്നതായും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ആണ് പുതിയ നീക്കം. തേഞ്ഞിപ്പലം പൊലിസ് സ്റ്റേഷൻ പരിധിയിലെ പെരുവള്ളൂർ കൂമണ്ണ, പറിച്ചിനിപ്പുറായ, ചീനപ്പാടം, മൂച്ചിക്കൽ പ്രദേശം, തേഞ്ഞിപ്പലം പടാട്ടാൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് കഴിഞ്ഞ ദിവസം പരിശോധന നടത്തിയത്. അനധികൃതമായി വിവിധയിടങ്ങളിൽ നിർത്തിയിട്ട വാഹനങ്ങൾ ഉൾപ്പെടെ പൊലിസിന്റെ ആകാശ കാമറയിൽ പതിഞ്ഞിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ലോക്ക്ഡൗൺ സമയത്ത് ഈ വാഹനങ്ങൾ എന്തിനെത്തിയതെന്ന് പരിശോധിക്കുമെന്നും തേഞ്ഞിപ്പലം പൊലിസ് പറഞ്ഞു.വരും ദിവസങ്ങളിൽ നിരീക്ഷണം ശക്തമാക്കാനാണ് പരിപാടി.

മലപ്പുറം ജില്ലയിൽ രണ്ടു പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു

ഇരുവരും നിസാമുദ്ദീൻ സമ്മേളനത്തിൽ പങ്കെടുത്തവർ

മലപ്പുറം: ജില്ലയിൽ ഇന്നലെ രണ്ട് പേർക്കു കൂടി കൊവിഡ് 19 സ്ഥിരീകരിച്ചു. മാർച്ച് 11, 12 തീയ്യതികളിൽ ഡൽഹി നിസാമുദ്ദീനിലെ സമ്മളനത്തിൽ പങ്കെടുത്ത വേങ്ങര കൂരിയാട് സ്വദേശി 63 കാരനും ചെമ്മാട് ബൈപ്പാസ് സ്വദേശി 33 കാരനുമാണ് വൈറസ് ബാധ. ഇരുവരും ഒരേ സംഘത്തിലുള്ളവരായിരുന്നെന്ന് ജില്ലാ കലക്ടർ ജാഫർ മലിക് അറിയിച്ചു. ഇതോടെ ജില്ലയിൽ നിലവിൽ വൈറസ് ബാധയുള്ളവരുടെ എണ്ണം 13 ആയി.ഫെബ്രുവരി നാലിനാണ് പതിനാലംഗ സംഘം വീടുകളിൽ നിന്ന് പുറപ്പെട്ടത്. ഫെബ്രുവരി അഞ്ചിന് ഉച്ചയ്ക്കു ശേഷം കോഴിക്കോട് നിന്ന് അമൃത്സർ എക്സ്പ്രസിൽ നിസാമുദ്ദീനിലേക്ക് യാത്ര തിരിച്ചു. ഫെബ്രുവരി ഏഴിന് നിസാമുദ്ദീനിലെത്തി മർക്കസിനു സമീപമുള്ള പള്ളിയിൽ താമസിച്ചു. ഫെബ്രുവരി ഒമ്പതിന് ബനാറസിലേക്ക് യാത്രയായി. അവിടെ നിന്ന് രണ്ടു പേർ നാട്ടിലേക്ക് മടങ്ങി. ബാക്കി 12 അംഗ സംഘം മാർച്ച് 10 വരെ അവിടെ താമസിച്ചു. മാർച്ച് 11ന് നിസാമുദ്ദീനിൽ തിരിച്ചെത്തി മർക്കസിൽ താമസമാക്കി. 11 നും 12 നുമുള്ള സമ്മേളനത്തിൽ പങ്കെടുത്ത ശേഷം 13ന് 12217 നമ്പർ കേരള സമ്പർക് ക്രാന്തി തീവണ്ടിയിൽ സ്ലീപ്പർ ക്ലാസ് കമ്പാർട്ട്മെന്റിൽ യാത്ര ആരംഭിച്ച് മാർച്ച് 15ന് കോഴിക്കോടെത്തി.കോഴിക്കോട് നിന്ന് സംഘത്തിലെ രണ്ടു പേർ വീടുകളിലേക്കു മടങ്ങി. പത്തു പേർ കണ്ണൂർ ആലപ്പുഴ എക്സിക്യൂട്ടീവ് എക്സ്പ്രസ് തീവണ്ടിയിൽ രാവിലെ 7.40ന് പരപ്പനങ്ങാടിയിലെത്തി. അവിടെ നിന്ന് ക്രൂയിസർ വാഹനത്തിൽ മലപ്പുറത്തേക്കു വന്നു. രാവിലെ ഒമ്പതിനെത്തിയ സംഘം നഗരത്തിലെ മസ്ജിദുൽ ഹുദാ പള്ളിയിൽ തങ്ങി. 16ന് രാവിലെ 10ന് സ്വകാര്യ ബസുകളിൽ വീടുകളിലേക്കു മടങ്ങി. ചെമ്മാട് സ്വദേശിയും വേങ്ങര കൂരിയാട് സ്വദേശിയും വെവ്വേറെ ബസുകളിലാണ് വീട്ടിലേക്കു പോയത്.വീട്ടിലെത്തിയ ഇരുവരും വീട്ടുകാരുമായും നാട്ടിലും അടുത്ത് ഇടപഴകിയിട്ടുണ്ട്. വേങ്ങര കൂരിയാട് സ്വദേശി കൂരിയാട് മണ്ണിൽ പിലാക്കൽ കുന്നുമ്മൽ പള്ളിയിലും ചെമ്മാട് മസ്ജിദിലും സന്ദർശനം നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തി. ചെമ്മാട് സ്വദേശി ചെമ്മാട് കോഴിക്കോട് റോഡിലെ മാർക്കറ്റിലും സന്ദർശനം നടത്തിയിട്ടുണ്ട്. ജില്ലയിൽ നിന്ന് നിസാമുദ്ദീൻ സമ്മേളനത്തിൽ പങ്കെടുത്തവർക്കായി ആരോഗ്യ വകുപ്പും പൊലീസും ചേർന്ന് നടത്തിയ തിരച്ചിലിലാണ് ഇരുവരേയും കണ്ടെത്തിയത്. ഏപ്രിൽ നാലിന് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ കേന്ദ്രത്തിലെത്തിച്ച് ഇവരുടെ സ്രവമെടുത്ത് പരിശോധനക്കയച്ച ശേഷം വീടുകളിൽ നിർബന്ധിത നിരീക്ഷണത്തിൽ കഴിയാൻ നിർദേശിക്കുകയായിരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 97 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com



സാഫോയുടെ പുഞ്ചിരി

വ്യത്യസ്ത വേഷങ്ങൾ കൊണ്ട് പ്രേക്ഷകരുടെ മനസിൽ ഇടം നേടിയ ബോളിവുഡ് നടി കൽക്കി കൊച്ചലിൻ പങ്കുവച്ച ചിത്രമാണ് സോഷ്യൽ മീഡിയയുടെ ഹൃദയം കവർന്നിരിക്കുന്നത്. കൽക്കിയെ നോക്കി പുഞ്ചിരിക്കുന്ന മകൾ സാഫോയുടെ ചിത്രമാണ് കൽക്കി ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചിരിക്കുന്നത്. ഈ കുഞ്ഞു പുഞ്ചിരി സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്.

'കോവിഡ് കാലം, ആദ്യ ചിരിയിലെ പ്രണയം' എന്നാണ് ചിത്രത്തിന് ക്യാപ്ഷനായി കൽക്കി കുറിച്ചിരിക്കുന്നത്. കാമുകൻ ഗൈ ഹർഷ്ബേഗാണ് ചിത്രം എടുത്തതെന്നും താരം കുറിച്ചിട്ടുണ്ട്. ക്യൂട്ട്, ദൈവികം എന്നിങ്ങനെ നിരവധി കമന്റുകളാണ് ആരാധകരും സിനിമാ താരങ്ങളും പോസ്റ്റിന് നൽകുന്നത്. ഫെബ്രുവരി ഏഴിനാണ് കൽക്കിക്കും ഗൈഹർഷ്ബഗിനും സാഫോ ജനിച്ചത്. സെപ്റ്റംബർ അവസാനത്തോടെയാണ് താൻ അഞ്ചുമാസം ഗർഭിണിയാണെന്ന് കൽക്കി ആരാധകരുമായി പങ്കുവച്ചത്.

പ്രിയയുടെ കന്നഡ ചിത്രം

കണ്ണിറുക്കി ലോകം മുഴുവൻ ആരാധകരെ നേടിയെടുത്ത താരമാണ് പ്രിയ വാര്യർ. പ്രിയ വാര്യർ നായികയാകുന്ന ആദ്യത്തെ കന്നഡ ചിത്രത്തിന്റെ പോസ്റ്റർ പുറത്തുവിട്ടിരിക്കുകയാണ്. വിഷ്ണുപ്രിയ എന്നാണ് ചിത്രത്തിന്റെ പേര്. താരം തന്നെയാണ് പോസ്റ്റർ പങ്കുവച്ചിരിക്കുന്നതും. കന്നഡയിലെ എന്റെ ആദ്യ ചിത്രം. വിഷ്ണുപ്രിയയുടെ പോസ്റ്റർ.

മികച്ച ഒരു ടീമിനൊപ്പം ഒരു യാത്രയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷത്തിലാണ്. ഇതിലും മികച്ചൊരു തുടക്കം തനിക്ക് ലഭിക്കാനില്ലെന്നും പോസ്റ്റർ ഷെയർ ചെയ്ത് പ്രിയ വാര്യർ പറഞ്ഞു. ശ്രേയസ് മഞ്ജുവാണ് ചിത്രത്തിൽ നായകനായെത്തുന്നത്. ഗോപി സുന്ദർ സംഗീത സംവിധാനം നിർവഹിച്ച ചിത്രം സംവിധാനം ചെയ്യുന്നത് വി.കെ പ്രകാശാണ്.

ഒമർ ചിത്രത്തിൽ മമ്മൂട്ടി

തിരക്കഥാകൃത്ത് ആയിരുന്ന ഡെന്നിസ് ജോസഫുമൊത്താണ് തന്റെ അടുത്ത സിനിമയെന്ന് ഒമർ ലുലു നേരത്തേ സൂചന നൽകിയിരുന്നു. ഇപ്പോഴിതാ അതിലെ നായകനെയും പ്രഖ്യാപിച്ചിരിക്കുകയാണ് സംവിധായകൻ. ഡെന്നിസിന്റെ തിരക്കഥയിൽ മമ്മൂട്ടി നായകനാവുന്ന സിനിമയാണ് താൻ ഒരുക്കുന്നതെന്നും മാസും ക്ലാസും ഉള്ള സിനിമയാവും അതെന്നും ഒമർ ലുലു പ്രതികരിച്ചു. ഫേസ്ബുക്കിൽ ആരാധകരുടെ ചോദ്യങ്ങൾക്കാണ് ഒമറിന്റെ പ്രതികരണം.

മമ്മൂട്ടിയും രജനീകാന്തും ഒന്നിച്ച തമിഴ് ചിത്രം ദളപതിയെക്കുറിച്ചുള്ള ഒരു അഭിപ്രായം ഒമർ കഴിഞ്ഞ ദിവസം പങ്കുവച്ചിരുന്നു. ഇതിനു താഴെ വന്ന കമന്റുകൾക്ക് മറുപടിയായാണ് ഒമർ മമ്മൂട്ടി നായകനാവുന്ന തന്റെ പുതിയ ചിത്രത്തെക്കുറിച്ച് പറഞ്ഞത്. മമ്മൂക്കയ്ക്കു വേണ്ടി ഒരു പക്ക മാസ് സിനിമ ഡെന്നിസ് ജോസഫ് സാറും ഞാനും കൂടി പ്ലാൻ ചെയ്യുന്നുണ്ട്. ഞാൻ എന്നും ഈ തമാശ കളിച്ചു നടന്നാൽ ശരിയാവില്ല. ഇടയ്ക്ക് ഒരു മാസ് ഒക്കെ വേണ്ടേ, ഒമർ അഭിപ്രായപ്പെട്ടു.

ധമാക്കയാണ് ഒമർ ലുലുവിന്റേതായി അവസാനം പുറത്തിറങ്ങിയ ചിത്രം. അരുൺ കുമാറും നിക്കി ഗൽറാണിയുമായിരുന്നു കേന്ദ്ര കഥാപാത്രങ്ങളായത്. എൺപതുകളിലും തൊണ്ണൂറുകളിലും മലയാളത്തിൽ നിരവധി ഹിറ്റുകൾ ഒരുക്കിയ തിരക്കഥാകൃത്താണ് ഡെന്നിസ് ജോസഫ്. ജോഷി, തമ്പി കണ്ണന്താനം, ഭരതൻ, കെ ജി ജോർജ്, ടി എസ് സുരേഷ്ബാബു, ഐ വി ശശി എന്നിവർക്കുവേണ്ടിയൊക്കെ അദ്ദേഹം എഴുതി. നിറക്കൂട്ട് രാജാവിന്റെ മകൻ, ന്യൂഡൽഹി, നമ്പർ 20 മദ്രാസ് മെയിൽ, കോട്ടയം കുഞ്ഞച്ചൻ തുടങ്ങിയവയൊക്കെ അദ്ദേഹത്തിന്റെ രചനയിൽ പിറന്ന സിനിമകളാണ്.

വിജയ്, അജിത്ത് ചിത്രത്തെ കുറിച്ച് പ്രസന്ന

തമിഴിൽ എറ്റവും കൂടുതൽ ആരാധകരുള്ള രണ്ട് സൂപ്പർ താരങ്ങളാണ് തല അജിത്തും ദളപതി വിജയും. വർഷത്തിൽ ഒന്നോ രണ്ടോ സിനിമകളെ ചെയ്യാറുള്ളുവെങ്കിലും ഇവരുടെ ചിത്രൾക്കായി ആകാംക്ഷകളോടെ ആരാധകർ കാത്തിരിക്കാറുണ്ട്. തമിഴ്നാട്ടിലെന്ന പോലെ കേരളത്തിലും മികച്ച പ്രേക്ഷക സ്വകാര്യതയാണ് സൂപ്പർ താര ചിത്രങ്ങൾക്ക് ലഭിക്കാറുള്ളത്. നേർകൊണ്ട പാർവൈ ആയിരുന്നു അജിത്തിന്റേതായി ഒടുവിൽ പുറത്തിറങ്ങിയ ചിത്രം. ബിഗിൽ എന്ന സ്പോർട്സ് ത്രില്ലർ ചിത്രം വിജയുടെതായി ഒടുവിൽ പുറത്തിറങ്ങിയത്.

വിജയ്, അജിത്ത് എന്നിവരെ കുറിച്ച് ആരാധകർ ചോദിച്ച ചോദ്യങ്ങൾക്ക് തമിഴ് നടൻ പ്രസന്ന നൽകിയ മറുപടി വൈറലായിരുന്നു. ലോക്ക് ഡൗൺ സമയത്ത് സമൂഹ മാധ്യമത്തിൽ ആരാധകരോട് സംവദിക്കവേയാണ് പ്രസന്ന ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞത്. ഇരുവരുടെയും കൂടെ അഭിനയിക്കാൻ അവസരം കിട്ടിയാൽ എന്തായിരിക്കും ചിന്തയെന്ന ചോദ്യത്തിനാണ് നടന്റെ മറുപടി വന്നത്. അജിത്തിനൊപ്പം അഭിനയിക്കാൻ അവസരം കിട്ടിയാൽ എന്ത് വേഷമായിരിക്കും എടുക്കയെന്നാണ് ആരാധകരിൽ ഒരാൾ പ്രസന്നയോട് ചോദിച്ചത്. ഇതിന് മറുപടിയായി, അദ്ദേഹത്തെ സ്നേഹിക്കുന്നതു പോലെ തന്നെ സിനിമയിൽ വില്ലൻ ആകാൻ ആഗ്രഹിക്കുന്നുവെന്ന് പ്രസന്ന പറഞ്ഞു. പിന്നാലെ വിജയുടെ കൂടെ അവസരം കിട്ടിയാൽ എന്തായിരിക്കും മനസിൽ എന്നായിരുന്നു മറ്റൊരാളുടെ ചോദ്യം. ആകാശത്തോളമായിരിക്കും എക്സൈറ്റ്മെന്റ് എന്നായിരുന്നു പ്രസന്നയുടെ മറുപടി. തമിഴിൽ നായകനായും സഹനടനായും വില്ലൻ റോളുകളിലും തിളങ്ങിയ താരമാണ് പ്രസന്ന.

കഴിഞ്ഞ വർഷം മലയാള സിനിമയിലും നടൻ അഭിനയിച്ചിരുന്നു. കലാഭവൻ ഷാജോൺ സംവിധാനം ചെയ്ത ബ്രദേഴ്സ് ഡേ എന്ന ചിത്രത്തിലായിരുന്നു നടൻ അഭിനയിച്ചിരുന്നത്. ആദ്യ മലയാള ചിത്രത്തിൽ പൃഥിരാജിന്റെ വില്ലൻ വേഷത്തിലായിരുന്നു പ്രസന്ന അഭിനയിച്ചത്. കാർത്തിക്ക് നരേൻ സംവിധാനം ചെയ്ത മാഫിയ ചാപ്റ്റർ ആണ് പ്രസന്നയുടെതായി ഒടുവിൽ തിയെറ്ററുകളിൽ എത്തിയ ചിത്രം.

തമന്ന പറയുന്നത്

രാജ്യത്ത് ലോക്ക്ഡൗൺ ഭാഗമായി എല്ലാവരും വീട്ടിലിരിക്കണമെന്ന കർശന നിർദേശമാണ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. സിനിമാ സീരിയൽ ടിവി ഷോ ഷൂട്ടിങ്ങുകളടക്കം നിർത്തിവെച്ചിരിക്കുന്ന ഈ വേളയിൽ താരങ്ങളടക്കം സർക്കാരിന്റെ നിർദേശങ്ങളെല്ലാം അനുസരിച്ച് വീട്ടിൽ കഴിയുകയാണ്.

എന്നാൽ ഒരു കൂട്ടം ജനങ്ങൾ ഇപ്പോഴും ഈ നിർദേശങ്ങളൊന്നും തന്നെ വകവെക്കാൻ കൂട്ടാക്കിയിട്ടില്ല. ദിനംപ്രതി കൊറോണ ബാധ മൂലം ലോകത്ത് മരണപ്പെടുന്ന രോഗികളുടെ എണ്ണം വർധിക്കുന്ന ഈ സാഹചര്യത്തിൽ രാജ്യം അതീവ സുരക്ഷയിലാണ്. പ്രധാനമന്ത്രി പ്രഖ്യാപിച്ച ലോക്ക് ഡൗൺ ദിവസങ്ങൾ പിന്നിടുകയാണ്. ഈ വേളയിൽ പൊതുജനങ്ങൾക്ക് ബോധവത്കരണ സന്ദേശവുമായി നിരവധി സിനിമാ താരങ്ങളാണ് സോഷ്യൽ മീഡിയയിലൂടെ രംഗത്തെത്തുന്നത്.

സൂപ്പർ താരങ്ങൾ തങ്ങളുടെ ആരാധകരെ വീട്ടിലിരിക്കുന്നതിന് പ്രചോദനമേകി കൊണ്ട് അവർ വീടുകളിൽ നിന്ന് വീഡിയോ പകർത്തി സോഷ്യൽ മീഡിയയിൽ പങ്കുവെക്കാറുമുണ്ട്. അത്തരത്തിൽ ഏറ്റവുമൊടുവിൽ രംഗത്തെത്തിയിരിക്കുന്നത് തെന്നിന്ത്യൻ സൂപ്പർ താരം തമന്നയാണ്.

കൊറോണയെ നമുക്ക് അനായാസം തുരത്താൻ സാധിക്കുമെന്ന് തമന്ന പങ്കുവെച്ച വീഡിയോയിൽ പറയുന്നു. അതിനായി നാം ചെയ്യേണ്ടത് വളരെ ചെറിയ ചെറിയ കാര്യങ്ങൾ മാത്രമാണെന്നും താരം ഓർമ്മപ്പെടുത്തുന്നുണ്ട്. നമുക്കെല്ലാവർക്കുമറിയാവുന്നതാണ് അക്കാര്യമെന്നും ഇപ്പോൾ ഈ സമയത്ത് നമ്മൾ വീട്ടിൽ തന്നെ കഴിയണമെന്നും താരം പറയുന്നു.

കൊറോണ വൈറസിൽ നിന്നുമുള്ള ഓരോരുത്തരുടെയും സംരക്ഷണം എന്നത് ഇരിക്കുന്നത് അക്ഷരാർത്ഥത്തിൽ നമ്മുടെ കൈയ്യിൽ തന്നെയാണെന്ന് താരം വീഡിയോയിൽ പറയുന്നു. അതുകൊണ്ട് സർക്കാരുകൾ പറയുന്നത് പ്രകാരം നിരന്തരം സോപ്പുപയോഗിച്ച് കൈകൾ കഴുകണമെന്നും കൊറോണ വൈറസിനെ തുരത്താമെന്നും താരം വീഡിയോയിൽ പറയുന്നു.

തമന്നയുടെ വീഡിയോ ടീറ്റ് ചെയ്തിരിക്കുന്നത് ഇന്ത്യ ഫൈറ്റ്സ് കൊറോണ എന്ന ടിറ്റർ ഹാൻഡിലിൽ നിന്നാണ്. കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഫൊർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ് വിഭാഗത്തിന്റെ കൊവിഡ് 19 സംബന്ധമായ കൃത്യമായ അപ്ഡേറ്റുകൾ പങ്കുവെക്കുന്ന ടിറ്റർ ഹാൻഡിലാണ് ഇന്ത്യ ഫൈറ്റ്സ് കൊറോണ.

കല്യാണിയുടെ ആഗ്രഹം

തെലുങ്ക് ചിത്രത്തിലൂടെയായിരുന്നു കല്യാണി പ്രിയദർശന്റെ അരങ്ങേറ്റം. പിന്നീട് തമിഴിൽ എത്തി. അതിന് ശേഷമാണ് കല്യാണി മലയാളത്തിലെത്തുന്നത്. സുരേഷ് ഗോപി, ശോഭന, ദുൽഖർ സൽമാൻ എന്നിവരോടൊപ്പം വരനെ ആവശ്യമുണ്ട് എന്ന സിനിമയിലൂടെയായിരുന്നു മലയാളത്തിൽ കല്യാണിയുടെ അരങ്ങേറ്റം.

ഇതിനിടെ തന്റെ പ്രചോദനം ആരെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് കല്യാണി. മലയാളികളുടെ ഇഷ്ട താരം നസ്രിയ ആണ് തന്റെ പ്രചോദനമെന്ന് കല്യാണി പറയുന്നു. കല്യാണിയുടെ വാക്കുകൾ സോഷ്യൽ മീഡിയയുടെ ആരാധകരുടെയും ശ്രദ്ധ നേടുകയാണ് ഇപ്പോൾ.

' പണ്ടേ അറിയാമായിരുന്നു സിനിമ എന്റെ പ്രൊഫഷനാണന്ന്. ഏത് റോളിലാകും വരുന്നതെന്ന കാര്യത്തിലേ തീരുമാനം ആകാതിരുന്നുള്ളൂ. സിനിമയിലേക്കും അഭിനയത്തിലേക്കും വരാനുള്ള പ്രചോദനം നസ്രിയ ആണ്. നസ്രിയയുടെ അഭിനയം കണ്ടിട്ടാണ് നടിയാകാനുള്ള മോഹം തോന്നിയത്. നസ്രിയയെ കാണാനും സംസാരിക്കാനും വളരെയധികം ആഗ്രഹമുണ്ട്. നസ്രിയയുടെ ഭർത്താവും നടനുമായ ഫഹദ് എന്റെ പ്രിയപ്പെട്ട നടനാണ്' - കല്യാണി പറയുന്നു. താരത്തിൽ നിന്നുമുണ്ടായ അപ്രതീക്ഷിതമായ പ്രതികരണം ആരാധകരുടെ ശ്രദ്ധ നേടിക്കഴിഞ്ഞിരിക്കുകയാണ്.

രണ്ട് ചിത്രങ്ങളാണ് കല്യാണിയുടേതായി ഇനി പുറത്തിറങ്ങാനുള്ളത്. പ്രിയദർശൻ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം മരക്കാറാണ് ആദ്യത്തേത്. വിനീത് ശ്രീനിവാസൻ ചിത്രം ഹൃദയമാണ് മറ്റൊന്ന്. ഹൃദയത്തിൽ നായകൻ പ്രണവ് മോഹൻലാലാണ്.

വരുൺ തേജിന്റെ വർക്ക് ഫ്രം ഹോം

ലോകത്തെ എല്ലാ തൊഴിൽ മേഖലയേയും പോലെ സിനിമ ഇൻസ്ട്രിയേയും കൊറോണ ബാധിച്ചിട്ടുണ്ട്. സിനിമ പ്രദർശനം നിർത്തുകയും ഷൂട്ടിങ്ങുകൾ നിർത്തി വയ്ക്കുകയും ചെയ്തിരിക്കുകയാണ്. സിനിമയിൽ നിന്ന് മാറി നിൽക്കുകയാണെങ്കിലും സോഷ്യൽ മീഡിയയിൽ താരങ്ങൾ സജീവമാണ്. കൊറോണ അവധിക്കാലത്തെ ജീവതത്തെ കുറിച്ചുള്ള ചിത്രങ്ങളും വീഡിയോകളും താരങ്ങൾ പങ്കുവെയ്ക്കാറുണ്ട്. ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുന്നത് തെലുങ്ക് നടൻ വരുൺ തേജിന്റെ പോസ്റ്റാണ്. ഇതാണെന്റെ വർക്ക് ഫ്രം ഹോം എന്ന തലക്കെട്ടോടെയാണ് കോച്ചിനോടൊപ്പം ബോക്സിങ് പ്രാക്റ്റീസിന്റെ ചിത്രം പങ്കുവെച്ചിരിക്കുന്നത്. മാസ്ക്ക് ധരിച്ചാണ് കോച്ച് വരുണിനെ പരിശീലിപ്പിക്കുന്നത്.

ബാലതാരമായിട്ടാണ് വരുൺ സിനിമയിൽ എത്തിയത്, ഫിദ എന്ന തെലുങ്ക് ചിത്രത്തിലൂടെയാണ് പ്രേക്ഷകരുടെ പ്രിയങ്കരനാകുന്നത്. ഒറ്റ ചിത്രം കൊണ്ട് സായ് പല്ലവി-വരുൺ ജോഡിയെ പ്രേക്ഷകർ നെഞ്ചിലേറ്റുകയായിരുന്നു. തെലുങ്ക് നടനും നിർമാതാവുമായ നാഗേന്ദ്ര ബാബുവിന്റെ മകനാണ് വരുൺ തേജ്. തെലുങ്ക് സൂപ്പർ സ്റ്റാർ ചിരഞ്ജീവിയുടെ സഹോദരി പുത്രനാണ് വരുൺ. ഗെഡലകൊണ്ട ഗണേഷാണ് ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ വരുൺ തേജ് ചിത്രം.

ഭക്ഷണം എത്തിച്ച് രാകുൽ പ്രീത് സിംഗ്

കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ട് ദിവസങ്ങൾ പിന്നിട്ടുകഴിഞ്ഞു. പുറത്തിറങ്ങരുതെന്ന കർശന നിർദ്ദേശമാണ് സംസ്ഥാന സർക്കാരുകൾ ജനങ്ങൾക്ക് നൽകിയിരിക്കുന്നത്. ഇതിനിടെ ഹരിയാനയിലെ ഗുരുഗ്രാമിലുള്ള ചേരിയിൽ താമസിക്കുന്ന 250 കുടുംബങ്ങൾക്ക് ഭക്ഷണം എത്തിച്ച് നൽകുകയാണ് നടി രാകുൽ പ്രീത് സിംഗ്. മകൾക്ക് പിന്തുണയുമായി താരത്തിന്റെ കുടുംബവും രംഗത്തുണ്ട്.

വീട്ടിൽ തന്നെയാണ് ആഹാരം ഉണ്ടാക്കുന്നതെന്നും ഒരു ദിവസം രണ്ടു തവണ ഭക്ഷണം കൊടുക്കുന്നുണ്ടെന്നും രാകുൽ പറയുന്നു. നിലവിലെ സാഹചര്യം കണ്ട് ലോക്ക്ഡൗൺ അവസാനിക്കുന്നതു വരെ അല്ലെങ്കിൽ കൂടുതൽ മുന്നോട്ട് പോയാലും ഈ സംരംഭം തുടരാനാണ് താനും അച്ഛനും തീരുമാനിച്ചിരിക്കുന്നതെന്നും രാകുൽ വ്യക്തമാക്കി. ആരാധകർ നടത്തുന്ന ഭക്ഷണ വിതരണത്തിന്റെ ചിത്രങ്ങൾ രാകുൽ ഷെയർ ചെയ്തിട്ടുണ്ട്. 'ഇതിൽ ഞാൻ അഭിമാനിക്കുന്നു... നന്ദി! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സുരക്ഷിതരായി തുടരുക'- എന്നാണ് ചിത്രങ്ങൾക്കൊപ്പം രാകുൽ ടീറ്റ് ചെയ്തിരിക്കുന്നത്.

കൊറോണ വിഷയമായി സിനിമകൾ വരുന്നു..!

സുധീർ നാഥ്

ലോകത്തെ ഭയപ്പെടുത്തി വൻ നാശം വിതയ്ക്കുന്ന കൊവിഡ് വൈറസ് ഡിസീസ് എന്ന കൊവിഡ് 19 വിഷയമാക്കി കനേഡിയൻ സംവിധായകൻ മോസ്തഫ കേഷാരി ഒരു ചിത്രം സംവിധാനം ചെയ്തു എന്നതാണ് പുതിയ വാർത്ത. കൊറോണ ലോകത്താകമാനം പകരുന്നതിന് വളരെ മുൻപാണ് 63 മിനിറ്റുള്ള സിനിമയ്ക്ക് അദ്ദേഹം പദ്ധതി ഇടുന്നത്. വുഹാനിൽ പൊട്ടിപ്പുറപ്പെട്ട ചൈനീസ് വൈറസിനെ കുറിച്ചുള്ള ആദ്യ വാർത്ത വന്ന സമയമായിരുന്നു.

ചൈനയിൽ നിന്നുള്ള വിനോദ സഞ്ചാരികളെ വൈറസ് ആക്രമിച്ചു എന്ന വാർത്ത വായിക്കുന്നത് ഒരു ലിഫ്റ്റിൽ വച്ചാണ്. തന്റെ സിനിമയുടെ വിഷയം ചൈനീസ് വൈറസ് തന്നെ എന്ന് 33 വയസുള്ള സംവിധായകൻ തീരുമാനിക്കുകയും, താമസമില്ലാതെ തിരക്കഥ എഴുതിത്തീർക്കുകയും ചെയ്തു. വൈറസ് മനുഷ്യന്റെ നിറം നോക്കിയല്ല ആക്രമിക്കുന്നത് എന്ന ആശയമാണ് സിനിമയിൽ. ഷൂട്ടിങ് സമയത്താണ് ചൈനീസ് വൈറസ് എന്നത് കൊറോണ വൈറസായി മാറിയത്.

ഒരു ലിഫ്റ്റിൽ കുടുങ്ങുന്ന അഞ്ചു പേരിൽ ഒരാൾക്ക് കൊറോണ ഉണ്ടെന്നതാണ് സിനിമയുടെ കഥ മുന്നോട്ടു നയിക്കുന്നത്. കൊറോണ എന്ന സിനിമ പൂർത്തിയാക്കിയതിന് പിന്നാലെ അത് ലോകത്താകമാനം പടർന്നു പിടിച്ചു. സിനിമയുടെ ട്രെയ്ലറും പുറത്തിറങ്ങി കഴിഞ്ഞു. കൊറോണ വിഷയമാക്കിയുള്ള ആദ്യ സിനിമയായിരിക്കും മോസ്തഫ കേഷാരിയുടേത്.

ജപ്പാനിലെ ഡോക്യുമെന്ററി ഡയറക്റ്റർ റിയോ ടൈയ്ക്കൂച്ചിയുടെ "മൈ എക്സ്പീരിയൻസ് വിത്ത് കൊറോണ വൈറസ്" ഇപ്പോൾ ചൈനയിലും ജപ്പാനിലും ഏറെ ശ്രദ്ധ നേടിക്കഴിഞ്ഞു. ചൈനക്കാരിയായ ഭാര്യയോടൊപ്പം 2013 മുതൽ കഴിയുന്ന ജപ്പാൻ സ്വദേശിയായ ടൈയ്ക്കൂച്ചി ചെറിയ ഒട്ടേറെ ഡോക്യുമെന്ററികൾ എടുത്തിട്ടുണ്ടെങ്കിലും, ആദ്യമായാണ് ഇത്ര സ്വീകാര്യത ലഭിച്ച ഒന്ന് നിർമിച്ചത്. ജപ്പാനിൽ നിന്ന് ചൈനയിൽ ഫെബ്രുവരിയിൽ മടങ്ങി എത്തിയ ടൈയ്ക്കൂച്ചിക്ക് രണ്ടാഴ്ച്ച ക്വാറന്റൈനിൽ പോകേണ്ടി വന്നു. സ്വന്തം അനുഭവമാണ് അദ്ദേഹം ഡോക്യുമെന്ററിയാക്കിയത്. ക്വാറന്റൈൻ സമയം കഴിഞ്ഞ ഉടനെ ക്യാമറയുമായി ഇറങ്ങിയ ടൈയ്ക്കൂച്ചി, ചൈനയിൽ കൊറോണയെ നിയന്ത്രിച്ച രീതി ചിത്രീകരിച്ചു. ഭക്ഷണശാലകളിലേയും ടാക്സികളിലേയും പൊതുസ്ഥലങ്ങളിലേയും സുരക്ഷാരീതികൾ ഉൾപ്പെടുത്തി. കൊറോണയുടെ വ്യാപനം എങ്ങിനെ തടയാം എന്ന് അദ്ദേഹം ഡോക്യുമെന്ററിയിൽ ലളിതമായി വിവരിച്ചു.

ലോകത്താകമാനമുള്ള പല സിനിമാ പ്രവർത്തകരും കൊറോണ വിഷയമാക്കി സിനിമ തയാറാക്കുന്നു എന്നാണ് റിപ്പോർട്ട്. മലയാളത്തിലെ മൂന്നിലേറെ പേർ ഈ വിഷയത്തിൽ കഥയും തിരക്കഥയും തയാറാക്കിക്കഴിഞ്ഞു. ഒരു പ്രമുഖ സംവിധായകൻ ഒഴിഞ്ഞ കേരളത്തിലെ പട്ടണം ഹെലിക്യാം ഉപയോഗിച്ച് ഷൂട്ട് ചെയ്യാൻ അപേക്ഷ വരെ നൽകി കാത്തിരിക്കുന്നു. എന്തായാലും കൊറോണ കാലത്തിനു ശേഷം ലോകത്താകമാനം കൊവിഡ് വൈറസ് ഡിസീസ് അഥവാ നൊവെൽ കൊറോണ കേന്ദ്ര വിഷയമായി ഡസനിലേറെ സിനിമകളുണ്ടാകും.

കൊവിഡിൽ ഭൂമി 'പോസിറ്റീവ്'

ഭൗമപാളികളുടെ കമ്പനം കുറഞ്ഞു

അടച്ചുപൂട്ടൽ ഭൂമിക്കു 'കായകൽപ്പ ചികിത്സ'

ബ്രസൽസ്: കൊവിഡ് 19 വ്യാപനത്തെത്തുടർന്ന് രാജ്യങ്ങൾ അടച്ചുപൂട്ടിയപ്പോൾ ഭൗമപാളികളുടെ കമ്പനത്തോതും കുറഞ്ഞു. ബൽജിയത്തിലെ റോയൽ ഒബ്സർവേറ്ററി നടത്തിയ പഠനത്തിലാണു കൗതുകകരമായ കണ്ടെത്തൽ. ഭൂമിയുടെ ഉള്ളറകളിൽ നിന്നുള്ള മുഴക്കങ്ങളും കുറഞ്ഞതായി പഠനം കണ്ടെത്തി. ആഗോള തലത്തിൽ വായു മലിനീകരണം കുറഞ്ഞതായി നേരത്തേ കണ്ടെത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ഭൂമിയും ചില 'പോസിറ്റീവ്' ഫലങ്ങൾ കാണിച്ചു തുടങ്ങിയത്.

ഭൂവൽക്കത്തിലെ പാളികളുടെ സ്വാഭാവിക ചലനങ്ങൾക്കൊപ്പം റോഡ്, റെയ്ൽ ഗതാഗതം, നിർമാണ പ്രവർത്തനങ്ങൾ, ഖനന പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഭൗമപാളികളിൽ അധിക സമ്മർദം സൃഷ്ടിച്ചിരുന്നു. എന്നാൽ, ഒരു മാസത്തോളമായി ഇവയെല്ലാം നിലച്ചതോടെ ഭൂമി ഏതാണ്ടൊരു 'കായകൽപ്പ' ചികിത്സയിലാണെന്നു പറയുന്നു ഭൗമശാസ്ത്രജ്ഞർ.

നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നതാണു ഭൂവൽക്കപാളികൾ. ഈ ചലനം മൂലമുണ്ടാകുന്ന സൂക്ഷ്മ കമ്പനങ്ങൾ ഭൗമനിരീക്ഷകർ രേഖപ്പെടുത്തുകയും ഇവയുടെ മാറ്റങ്ങൾ നിരീക്ഷിക്കുകയും ചെയ്യാറുണ്ട്. സാധാരണഗതിയിൽ ഭൗമോപരിതലത്തിൽ നിന്നു 100 മീറ്റർ താഴ്ചയിൽ കുഴിച്ചിട്ട ഉപകരണമുപയോഗിച്ചാണു ഭൗമശാസ്ത്രജ്ഞർ ഭൗമചാലനങ്ങൾ നിരീക്ഷിക്കുന്നത്. ഇപ്പോൾ ഉപരിതലത്തിൽ നിന്നുതന്നെ സൂക്ഷ്മ ചലനങ്ങൾ തിരിച്ചറിയാനാകുന്നു.

ഭൂകമ്പം പോലുള്ള പ്രകൃതി പ്രതിഭാസങ്ങളും ഓടുന്ന വാഹനങ്ങളുടെയും പ്രവർത്തിക്കുന്ന കൂറ്റൻ യന്ത്രങ്ങളുടെയും ശബ്ദവും ഇവ ഭൗമോപരിതലത്തിൽ സൃഷ്ടിക്കുന്ന മർദവും മൂലം ഭൗമചലനങ്ങളും ഭൂമിയിലെ മുഴക്കങ്ങളുമൊന്നും കൃത്യമായി രേഖപ്പെടുത്താൻ സാധിക്കാറില്ലെന്നും ഭൗമശാസ്ത്രജ്ഞർ. പലപ്പോഴും ഭൂമിയിലെ മുഴക്കങ്ങൾക്കും മറ്റു ശബ്ദങ്ങൾക്കും ഒരേ തരംഗദൈർഘ്യമായിരിക്കും. അപ്പോൾ ഇവ വേർതിരിച്ചറിയുക ബുദ്ധിമുട്ടാകും.

അഗ്നിപർവത പ്രവർത്തനങ്ങൾ, ചെറിയ ഭൂചലനങ്ങൾ എന്നിവ തിരിച്ചറിയുന്നതിൽ നിർണായകമാണ് ഭൗമപാളികളുടെ ചലനങ്ങളും മുഴക്കങ്ങളും. ആഗോളതലത്തിൽ അടച്ചുപൂട്ടൽ തുടങ്ങിയതോചെ ഭൗമപാളികളുടെ ചലനം മൂലമുള്ള ശബ്ദത്തിന്റെ തോത് മൂന്നിലൊന്നായി കുറഞ്ഞതായാണ് ബൽജിയത്തിലെ ഭൗമശാസ്ത്ര അധികൃതരുടെ നിരീക്ഷണം. ബ്രസൽസിൽ ഭൗമോപരിതലത്തിൽ നേരത്തേ ഇൻഫ്രാസൗണ്ട് ഫ്രീക്വൻസി 1-20 ഹേർട്സ് ആയിരുന്നെങ്കിൽ മാർച്ച് പകുതിയോടെ ഇത് 30-50 ശതമാനം കുറഞ്ഞു. പാരിസ്, ലണ്ടൻ, ലോസ് ഏഞ്ജലസ്, ഓക്ക്‌ലൻഡ് എന്നിവിടങ്ങളിലും സമാനമായ കുറവ് രേഖപ്പെടുത്തി.

അടച്ചുപൂട്ടൽ ഏർപ്പെടുത്തിയതോടെ പലയിടങ്ങളിലും വന്യജീവികൾ വിജനമായ തെരുവുകളിലേക്കിറങ്ങുന്നതായി നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു.

നിരന്തരമുള്ള ജലയാത്രകൾ നിലച്ചത് ജലാശയങ്ങളിലെ വെള്ളത്തിന്റെ മലിനീകരണവും കുറച്ചിരുന്നു. ഇതിനു പിന്നാലെയാണു ഭൂമിക്കും ശാന്തത അനുഭവപ്പെടുന്നതായി റിപ്പോർട്ട്.

ന്യൂയോർക്കിൽ കടുവയ്ക്ക് കൊവിഡ് 19

ന്യൂയോർക്ക്: കൊവിഡ് വൈറസ് മനുഷ്യരിൽ നിന്ന് മൃഗങ്ങളിലേക്കും പകർന്നുവെന്ന് ആശങ്ക. യുഎസിൽ ന്യൂയോർക്കിലെ ബ്രോൺക്സ് മൃഗശാലയിലെ നാലു വയസുകാരി നാദിയ എന്ന കടുവയ്ക്കാണു രോഗം സ്ഥിരീകരിച്ചത്.

കടുവയുടെ തുടർച്ചയായുള്ള ചുമ ശ്രദ്ധയിൽപ്പെട്ടതോടെയാണ് യുഎസ് നാഷണൽ വെറ്ററിനറി സർവീസ് ലബോറട്ടറിയിൽ മലയൻ പെൺകടുവയുടെ സ്രവ സാംപ്ൾ പരിശോധിച്ചത്. മാർച്ച് 27നാണ് നാദിയ രോഗലക്ഷണങ്ങൾ കാണിച്ച് തുടങ്ങിയത്.

യുഎസിൽ ഒരു വന്യമൃഗത്തിന് കൊവിഡ് 19 വൈറസ് സ്ഥിരീകരിക്കുന്നത് ആദ്യ സംഭവമാണെന്ന് ബ്രോങ്ക്സ് മൃഗശാലയിലെ ചീഫ് വെറ്ററിനറി ഡോക്റ്റർ പോൾ കാലെ. മൃഗശാല ജീവനക്കാരിൽ നിന്നാകാം കടുവയിലേക്ക് രോഗം പകർന്നതെന്നാണ് നിഗമനം. മാർച്ച് 16 മുതൽ മൃഗശാലയിൽ സന്ദർശകരെ പ്രവേശിപ്പിച്ചിരുന്നില്ല. ഇവിടെ ആറ് കടുവകളും ഒരു സിംഹവും മൂന്ന് ആഫ്രിക്കൻ പുലികളും ഇതിനോടകം അസുഖ ബാധിതരാണ്. എന്നാൽ ഈ മൃഗങ്ങളെ ബാധിച്ചിരിക്കുന്നത് കൊവിഡ് ആണോയെന്ന് സ്ഥിരീകരിച്ചിട്ടില്ല.

രോഗബാധിതരായ മൃഗങ്ങൾ ആരോഗ്യവാൻമാരാണെന്നും ഇവരെ നിരീക്ഷിച്ചുവരുകയാണെന്നും മൃഗശാല അധികൃതർ വ്യക്തമാക്കി.

അതേസമയം ചൈനയിലെ വളർത്തു പൂച്ചകളിൽ നേരത്തെ കോവിഡ് രോഗം സ്ഥിരീകരിച്ചിരുന്നു. ഒരുമിച്ച് പാർപ്പിക്കുന്ന പൂച്ചകളിൽ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് രോഗം പകരുമെന്നും തെളിഞ്ഞിരിന്നു.

കടുവയിൽ രോഗം സ്ഥിരീകരിച്ചതോടെ മൃഗങ്ങളെ പരിചരിക്കുന്നവർക്ക് അധികൃതർ സുരക്ഷാ മുൻകരുതലുകൾ പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഇന്ത്യയിലും മുന്നറിയിപ്പ്

ന്യൂഡൽഹി: ന്യൂയോർക്കിലെ മൃഗശാലയിൽ കടുവയ്ക്കു കൊവിഡ് 19 രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് രാജ്യത്തെ മുഴുവൻ മൃഗശാലാ അധികൃതർക്കും കേന്ദ്ര മൃഗശാലാ അഥോറിറ്റിയുടെ ജാഗ്രതാ നിർദേശം. മൃഗങ്ങളുമായി ഇടപഴകുന്നതു കൂടുതൽ കരുതലോടെ വേണമെന്നും മുഴുവൻ സമയവും അവയെ നിരീക്ഷിക്കണമെന്നും മുഴുവൻ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും ചീഫ് വൈൽഡ് ലൈഫ് വാർഡന്മാർക്ക് അയച്ച കത്തിൽ കേന്ദ്ര മൃഗശാലാ അഥോറിറ്റി മെംബർ സെക്രട്ടറി ഡോ. എസ്.പി. യാദവ് നിർദേശിച്ചു. കത്തിലെ പ്രധാന നിർദേശങ്ങൾ:

- മൃഗശാലകളിൽ കൂടുതൽ ജാഗ്രത വേണം. സിസിടിവി ഉപയോഗിച്ച് മൃഗങ്ങളെ നിരീക്ഷിക്കുക. മാറ്റങ്ങൾ പരിശോധിക്കുക.
- മൃഗങ്ങളുമായി അടുത്ത് ഇടപഴകുന്നവർ സുരക്ഷാ വസ്ത്രം ഉപയോഗിക്കുക.
- രോഗമുള്ള മൃഗങ്ങളെ പ്രത്യേക കൂട്ടിലേക്കു മാറ്റുക.
- ഭക്ഷണം കൊടുക്കുന്നതുൾപ്പെടെ അത്യാവശ്യ കാര്യങ്ങൾക്കു മാത്രമേ മൃഗങ്ങളുമായി അടുത്തിടപഴകാവൂ.
- എലി, സമാന ജീവികളുടെ ശല്യം തടയണം.
- സംശയം തോന്നുന്നവയുടെ സാംപ്ളുകൾ ആഴ്ചയിൽ രണ്ടാഴ്ചയിലൊരിക്കൽ നിർബന്ധമായും പരിശോധിക്കണം.
- ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ചിന്റെ നിർദേശങ്ങൾ കൃത്യമായി പാലിക്കുക.
- സർക്കാർ നിർദേശിക്കുന്ന അണുവിമുക്ത- സുരക്ഷാ പ്രോട്ടൊകോൾ ജീവനക്കാർ അനുസരിക്കണം. ഇക്കാര്യം അധികൃതർ ഉറപ്പുവരുത്തണം. ആവശ്യമെങ്കിൽ നോഡൽ ഏജൻസികളുടെ സഹായം തേടാം.

പൊലീസ് അഞ്ചുലക്ഷം മാസ്ക്കുകൾ നിർമിക്കും

തിരുവനന്തപുരം: ലോക്ഡൗൺ വിജയിപ്പിക്കാൻ കർശന നിയമനടപടികളുമായി മുന്നോട്ടുപോകുമ്പോഴും കൊവിഡ് പ്രതിരോധത്തിനായി അഞ്ചുലക്ഷം മാസ്കുകൾ നിർമിക്കാനൊരുങ്ങുകയാണ് സംസ്ഥാന പൊലീസ് സേന.

പൊലീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും വേണ്ടിയാണ് മാസ്ക്കുകളെന്നും കൊവിഡ് രോഗത്തിനെതിരേ പൊലീസ് നടത്തുന്ന പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായാണിതെന്നും സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ഡിഐജി പി. പ്രകാശിനെ പദ്ധതിയുടെ നോഡൽ ഓഫിസറായി നിയോഗിച്ചു.

ബോറിസ് ജോൺസന്റെ നില ഗുരുതരം

ലണ്ടൻ: ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസന്റെ നില ഗുരുതരമെന്നു റിപ്പോർട്ട്. ആശുപത്രിയിൽ അതീവ സുരക്ഷിത മുറിയിൽ ചികിത്സയിൽ കഴിയുന്ന അദ്ദേഹത്തിന് അതിവിദഗ്ധ ചികിത്സയാണു നൽകുന്നത്. ആശുപത്രിയിലിരുന്നും അദ്ദേഹം പ്രധാനമന്ത്രിയുടെ ചുമതലകൾ നിർവഹിക്കുകയാണെന്നു കമ്യൂണിറ്റി സെക്രട്ടറി റോബർട്ട് ജെൻക്കറിക്.

അതേസമയം, കൊവിഡ് 19 ഏകോപനം അടക്കമുള്ള ദൈനംദിന കാര്യങ്ങൾ ഏകോപിപ്പിക്കുന്ന സുപ്രധാന ചുമതലകൾ മുതിർന്ന ക്യാബിനറ്റ് മന്ത്രിയും വിദേശകാര്യ സെക്രട്ടറിയുമായ ഡോമിനിക് റാബ് ആണു നിർവഹിക്കുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ മന്ത്രിസഭയോഗത്തിന്റെ അധ്യക്ഷത വഹിക്കുന്നതും റാബ് ആണ്. അമ്പത്തഞ്ചു വയസുള്ള ബോറിസ് ജോൺസന്റെ ഗർഭിണിയായ ഭാര്യ ക്യാരി സൈമണ്ട്സും നിരീക്ഷണത്തിലാണ്. അവർക്കും കൊവിഡ് 19 പോസിറ്റീവാണ്.

തുടക്കത്തിൽ കൊവിഡ് വ്യാപനം തടയുന്നതിൽ ബ്രിട്ടീഷ് സർക്കാർ അലംഭാവം കാണിച്ചെന്ന ആക്ഷേപം ശക്തമാണ്. പ്രധാനമന്ത്രി പോലും വളരെ ലാഘവത്തോടെയാണ് കൊവിഡിനെ കണ്ടത്. ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയുന്നവർക്കും അദ്ദേഹം ഹസ്തദാനം നൽകിയിരുന്നു.

ഇതുതന്നെയാണു മറ്റു ബ്രിട്ടീഷ് പൗരന്മാരും സ്വീകരിച്ചുപോരുന്നത്. സോഷ്യൽ ഡിസ്റ്റൻസിങ്ങിലും ക്വാറന്റൈനിലും വരുത്തിയ വീഴ്ചയാണ് ബ്രിട്ടനിൽ കൊവിഡ് വ്യാപനം അതിരൂക്ഷമാക്കിയതെന്നാണു ആരോഗ്യവകുപ്പ് അധികൃതരുടെ വിലയിരുത്തൽ. ഒടുവിൽ വിവരം കിട്ടുമ്പോൾ 41,903 ആണു യുകെയിലെ രോഗികളുടെ എണ്ണം. മരണസംഖ്യ 4,313. 24 മണിക്കൂറിനുള്ളിൽ മരണമടഞ്ഞത് 708 പേർ. സമീപകാലത്തെ ഏകദിന മരണസംഖ്യയിലെ ഏറ്റവും ഉയർന്ന നിരക്ക്.

ട്രംപിനു പ്രതീക്ഷ

വാഷിങ്ടൺ: രണ്ടു ദിവസമായി അതീവ ആശങ്കാകുലനായി കാണപ്പെട്ട യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിനു പ്രതീക്ഷയേറുന്നു. "ഈ ദുരിത പാതയുടെ അവസാനത്തിൽ ഞാൻ പ്രതീക്ഷയുടെ വെളിച്ചം കാണുന്നു." വൈറ്റ് ഹൗസിൽ പതിവുള്ള വാർത്താ സമ്മേളനത്തിൽ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെ.

മിനിറ്റിൽ ശരാശരി മൂന്നു പേർ വരെ മരണമടയുന്ന യുഎസ് ആശുപത്രികളിൽ ഓരോ നിമിഷവും കാണുന്നത് ഹൃദയഭേദകമായ കാഴ്ചകളാണ്. ന്യൂയോർക്കിലെ യൂണിവേഴ്സൽ ആശുപത്രിയിൽ വെൻഡിലേറ്ററിലേക്കു മാറ്റാൻ ശ്രമിക്കുന്നതിനിടെ ഒരേ സമയം ആറു പേർക്കു ഹൃദയാഘാതമുണ്ടായി, എന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനു മുൻപേ അവരിൽ നാലുപേരും മരിച്ചു. ഇതു തന്നെയാണു മിക്ക ആശുപത്രികളിലെയും അവസ്ഥ.

ഈ ആഴ്ച സ്ഥിതി അതീവ ഗുരുതരമാകുമെന്ന് ട്രംപ് തന്നെ അറിയിച്ചിരുന്നു. എന്നാൽ കൂടുതൽ വെന്റിലേറ്ററുകൾ, മാസ്കുകൾ, ജീവൻരക്ഷാ ഔഷധങ്ങൾ, ഉപകരണങ്ങൾ എന്നിവ എത്തിയതോടെ മരണ നിരക്കു കുറയ്ക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ട്രംപ്.

ഇന്നലെ വരെ 3,37,509 പേർക്കു രോഗം സ്ഥിരീകരിച്ചു. 17,528 പേർ സുഖം പ്രാപിച്ചപ്പോൾ 9,643 പേർ മരണത്തിനു കീഴടങ്ങി. ദിവസേന ആയിരത്തിലധികം പേർ എന്ന കണക്കിലാണു യുഎസിൽ മരണസംഖ്യ ഉയരുന്നത്.

ജപ്പാനിൽ അടിയന്തിരാവസ്ഥ

ടോക്കിയോ: കൊവിഡ് 19 പ്രതിരോധത്തിൽ ലോകത്തെ മികച്ച പ്രകടനം കാഴ്ചവച്ച ജപ്പാനിൽ പ്രധാനമന്ത്രി ഷിൻസോ ആബെ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. ടോക്കിയോ, ഒസാക്ക എന്നീ വൻനഗരങ്ങളടക്കം ഏഴു മേഖലകളിലാണ് അടിയന്തിരാവസ്ഥ. രോഗവ്യാപനം തുടരുകയും സാമ്പത്തിക മാന്ദ്യം രൂക്ഷമാകുകയും ചെയ്ത സാഹചര്യത്തിലാണിത്.

988 ബില്യൺ ഡോളറിന്റെ ഉത്തേജന പാക്കെജ് ആണു പ്രധാനമന്ത്രി പ്രഖ്യാപിചിച്ചിരുക്കുന്നത്.

ഇതു സർവകാല റെക്കോർഡാണ്. ജപ്പാനിൽ കൊവിഡ് ബാധിച്ചവരുടെ എണ്ണം അയ്യായിരത്തോട് അടുക്കുന്നു. മരണ സംഖ്യ മൂന്നക്കം തികയാത്തതും ജപ്പാന് വലിയ ആശ്വാസമാണ്. പക്ഷേ, മുൻകരുതലിലും ജാഗ്രതയിലും ഒരു വിട്ടുവീഴ്ചയും വരുത്തുന്നില്ല.

വുഹാനിൽ നിന്ന് ധാരാവിയിലേക്ക് ദൂരം കുറഞ്ഞു

പ്രത്യേക ലേഖകൻ

മുംബൈ: പണ്ട് എസ്എസ്എൽസിയും ടൈപ്പ്റൈറ്റിങ്ങും പാസായാൽ നേരെ മുംബൈയ്ക്ക് വണ്ടി കയറുമായിരുന്നു മലയാളി. പിന്നെ ദുബായിലേക്ക് തൊഴിൽതേടി പോകാനുള്ള ഇടത്താവളവുമായി മഹാനഗരം. ഗൾഫിലേക്ക് പറന്നവർക്കും ആ സ്വപ്നം പൊലിഞ്ഞവർക്കും ഈ നഗരം അഭയമേകി. ടൈപ്പ്റൈറ്ററിൽ തുടങ്ങിയവർ പലരും സർക്കാർ ഉദ്യോഗങ്ങളിലും വലിയ നിലകളിലുമെത്തി.

ചിലർ ബിസിനസ് സാമ്രാജ്യങ്ങൾ തീർത്തു. സിനിമയിലും പത്രപ്രവർത്തനത്തിലും എഴുത്തിലുമെല്ലാം മലയാളത്തിന്റെ അടയാളങ്ങൾ തീർക്കാൻ നഗരം പശ്ചാത്തലമൊരുക്കി. പക്ഷെ ഇപ്പോൾ ഈ നഗരം മലയാളിക്ക് സമ്മാനിക്കുന്നത് ഭയമാണ്. പടർന്നു പിടിക്കുന്ന കൊവിഡിന്റെ കണക്കുകളാണ് ആധി നിറയ്ക്കുന്നത്. നമ്മൾ സിനിമകളിൽ ധാരാളം കേട്ടിട്ടുള്ള ധാരാവിയാണ് മഹാരാഷ്ട്രയുടെയും പേടി. വൻ അണുബോംബ് ശേഖരം സൂക്ഷിക്കുന്ന സ്ഥലം പോലെയാണ് ഇപ്പോൾ രാജ്യം ഈ ചേരിയെ നോക്കുന്നത്.

ഏഷ്യയിലെ ഏറ്റവും വലിയ ചേരിയാണ് ധാരാവി. ആകെയുള്ള 2.1 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് 10 ലക്ഷത്തോളം പേർ. സൗകര്യങ്ങൾ കുറഞ്ഞ കുടിലുകളിൽ ജനം തിങ്ങിപ്പാർക്കുന്നു. നഗരം വളരുമ്പോൾ സമാന്തരമായി ചേരിയും വളരുകയായിരുന്നു. ചേരി നിർമാർജനത്തിന്റെ ഭാഗമായി ഫ്ലാറ്റുകൾ കെട്ടിപ്പൊക്കിയിട്ടുണ്ടെങ്കിലും ഇപ്പോഴും ഭൂരിപക്ഷവും കുടിലുകളിൽ തന്നെയാണ്. ടോയ്‌ലെറ്റിന്റെ അഭാവം, വെള്ളത്തിന്റെ ദൗർലഭ്യം അങ്ങനെ പല പ്രശ്നങ്ങളും ഇവിടത്തെ ജനതയുടെ കൂടപ്പിറപ്പാണ്. അവിടെയാണ് മഹാമാരി പടർന്നിരിക്കുന്നത്.

ഒരു കുടുസു മുറിക്കുള്ളിൽ പത്തുപന്ത്രണ്ടു പേർ കാണും. പൊതുശൗചാലയം കുറഞ്ഞത് 85 പേർ ഉപയോഗിക്കുന്നു. ഈ ചേരിയിലാണ് ഡൽഹിയിലെ തബ് ലീഗ് സമ്മേളനം കഴിഞ്ഞെത്തിയവർ താമസിച്ചതും, അവരിൽ നിന്ന് രോഗം പടന്നതും. സാമൂഹിക അകലം പാലിക്കണമെന്ന നിർദേശം കേൾക്കുമ്പോൾ അത് എങ്ങനെ നടപ്പാക്കുമെന്ന നിസഹായതയിലാണ് ഈ ചേരിയിലെ പാവങ്ങൾ. ഇടുങ്ങിയ കുടിലുകളിൽ ആളുകൾ തിങ്ങിക്കൂടി കഴിയുന്ന ആയിരക്കണക്കിനു താമസകേന്ദ്രങ്ങൾ. 'ഹോം ക്വാറന്റൈൻ' എന്നത് ധാരാവിയിൽ വെറും സങ്കൽപം മാത്രം. കണക്കിലുള്ള കുടിലുകളുടെ

എണ്ണം ഒന്നേകാൽ ലക്ഷത്തിനടുത്താണ്. ആയിരക്കണക്കിനു കുടിൽ വ്യവസായങ്ങളുമുണ്ട്. സമൂഹവ്യാപനം ഉണ്ടായാൽ ഒരുപക്ഷേ കാര്യങ്ങൾ കൈവിട്ടുപോകും.

ഇതുവരെ ധാരാവിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് 5 കേസുകൾ. ഏപ്രിൽ ഒന്നിനാണ് ധാരാവിയിൽ കൊവിഡ് സ്ഥിരീകരിച്ച ആദ്യത്തെയാൾ മരിക്കുന്നത്. തുണിക്കടയുടമയായ ഇയാൾ ഭാര്യയ്ക്കും ആറു മക്കൾക്കുമൊപ്പമാണ് താമസിച്ചിരുന്നത്. എന്നാൽ കുടുംബാംഗങ്ങൾ എല്ലാവരും നെഗറ്റീവാണെന്നു തെളിഞ്ഞിട്ടുണ്ട്. ഇയാളുടെ മരണത്തിന്റെ പിറ്റേദിവസം 52കാരനായ ശുചീകരണ തൊഴിലാളിക്കും 33കാരനായ ഡോക്റ്റർക്കും കൊവിഡ് സ്ഥിരീകരിച്ചു. ഇവരുടെ യാത്രാവഴികളും സമ്പർക്കപ്പട്ടികയും തയാറാക്കി അധികൃതർ പരിശോധന നടത്തുകയാണ്.

ധാരാവിയെക്കുറിച്ച് ആശങ്ക ഉടലെടുത്തപ്പോൾത്തന്നെ പ്രദേശം മുഴുവൻ ക്വാറന്റൈൻ ചെയ്യുന്ന നടപടികളുമായി ഭരണകൂടം ഇറങ്ങിയിട്ടുണ്ട്. നഗരഹൃദയത്തിൽ 10 ലക്ഷത്തിലേറെപ്പേർ തിങ്ങിപ്പാർക്കുന്ന ചേരിമേഖലയിൽ സമൂഹ വ്യാപനം പ്രതിരോധിക്കാൻ 24 മണിക്കൂറും ആരോഗ്യ വകുപ്പ് ജീവനക്കാരും മുംബൈ കോർപറേഷൻ ഉദ്യോഗസ്ഥരും പൊലീസും പല ഷിഫ്റ്റുകളിലായി കേന്ദ്രീകരിക്കുന്നു.

ചികിത്സയ്ക്ക് കർണാടകയിലേക്ക് പോകാൻ അനുമതി

തിരുവനന്തപുരം: കേരളത്തിൽ നിന്ന് കൊവിഡ് ബാധിതരല്ലാത്ത രോഗികൾക്ക് കർണാടകയിലേക്ക് ചികിത്സയ്ക്ക് പോകാൻ അനുവാദം ലഭിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാസർഗോഡ് തലപ്പാടി ചെക്പോസ്റ്റിൽ കർണാടക മെഡിക്കൽ സംഘം പരിശോധന നടത്തിയതിന് ശേഷം മാത്രമേ കടത്തി വിടൂ. മെഡിക്കൽ സർട്ടിഫിക്കറ്റും ഏത് ആശുപത്രിയിലേക്കാണ് പോകുന്നതെന്നും അവരെ ബോധ്യപ്പെടുത്തണമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽപറഞ്ഞു.

കർണാടക, തമിഴ്നാട് അതിർത്തിയിലുള്ളവർക്കായി വയനാട്ടിൽ ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. കർണാടകയിലെ ബൈരക്കുപ്പ, മച്ചൂർ, തമിഴ്നാട്ടിലെ പന്തല്ലൂർ, ഗുഡല്ലൂർ താലൂക്കുകളിൽ നിന്നാണ് വയനാട്ടിലേക്ക് ചികിത്സയ്ക്കെത്തുന്നത്. കഴിഞ്ഞ ദിവസം ബൈരക്കുപ്പയിലെ 29 പേരും തമിഴ്നാട്ടിൽ നിന്ന് 42 പേരും വയനാട്ടിൽ ചികിത്സയ്ക്കെത്തിയിരുന്നു. ഇതാണ് കേരളത്തിന്റെ നിലപാടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മെഡിക്കൽ കോളെജിൽ പുതിയ റാപ്പിഡ് ടെസ്റ്റ് പിസിആർ

തിരുവനന്തപുരം: കൊവിഡ് 19 പരിശോധനകൾക്കായി മെഡിക്കൽ കോളെജ് ആശുപത്രിയിലെത്തിച്ച പുതിയ പിസിആർ പ്രവർത്തിച്ചു തുടങ്ങി. ശശി തരൂർ എംപിയാണ് ഇത് അനുവദിച്ചത്.

മൈക്രോബയോളജി ലാബിൽ നേരത്തേ ഉണ്ടായിരുന്ന പിസിആർ മെഷീനിൽ നിന്നും വ്യത്യസ്തമായി അതിൽ സമയലാഭം ഉണ്ടെന്നതാണ് സവിശേഷത.

ഒരു സാംപിൾ പ്രാഥമികമായി പരിശോധിച്ച് പരിശോധനാ ഫലം പോസിറ്റീവ് ആണെങ്കിൽ വീണ്ടും ഒരു പിസിആർ കൂടി ചെയ്ത് റിസൽറ്റ് സ്ഥിരീകരിക്കുന്ന രീതിയാണ് നേരത്തേയുള്ളത്. സമയം അഞ്ചര മണിക്കൂർ. എന്നാൽ പുതിയ പിസി ആർ രണ്ടു പരിശോധനകളും ഒരുമിച്ചാണു ചെയ്യുന്നത്. രണ്ടര മണിക്കൂർ കൊണ്ട് ഒരു സാംപിൾ പരിശോധിക്കാനാകും. സാധാരണ നടത്തി വരുന്ന റിയൽ ടൈം പിസിആർ പരിശോധന തന്നെയാണ് ഇതിലും നടത്തിവരുന്നത്.

300 പരിശോധനാ കിറ്റുകളാണ് മെഡിക്കൽ കോളെജിന് അനുവദിച്ചത്. നിലവിൽ മൈക്രോബയോളജിയിലെ ജീവനക്കാർക്കു പുറമേ മെഡിക്കൽ കോളെജ് മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിലെയും ചൈൽഡ് ഡവലപ്മെന്റ് സെന്ററിലെയും രണ്ടു ജീവനക്കാരെ കൂടി നിയമിച്ചിട്ടുണ്ട്.

കൂടുതൽ സാംപിളുകൾ എത്തിയാൽ എത്രയും വേഗം ഈ ജീവനക്കാർ കൂടി മൈക്രോബയോളജി ലാബിലെ ജീവനക്കാർക്കൊപ്പം ചേരുമെന്ന് വകുപ്പു മേധാവി ഡോ. ശാരദാദേവി പറഞ്ഞു.

ലോക്ക് ഡൗൺ പിൻവലിച്ചാലും പാലക്കാട്ട് നിയന്ത്രണം തുടരും

പാലക്കാട്: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗൺ പിൻവലിച്ചാലും പാലക്കാട് ജില്ലയിൽ നിയന്ത്രങ്ങൾ തുടരേണ്ടി വരുമെന്ന് മന്ത്രി എ.കെ. ബാലൻ. അതിർത്തി പ്രദേശങ്ങളിൽ നിന്നും ജില്ലയിലേക്ക് കടക്കാൻ പാലക്കാടുള്ളത്ര ഊടു വഴികൾ കേരളത്തിൽ മറ്റെവിടെയുമില്ല. ഇത്തരത്തിൽ വരുന്നവരെ കർശനമായി നിയന്ത്രിക്കാൻ ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചു വരുന്നുണ്ട്.

എന്നിരുന്നാലും കോയമ്പത്തൂർ, സേലം, ഈറോഡ് മേഖലയിൽ കൊവിഡ് 19 പോസിറ്റീവ് കേസുകൾ വർധിക്കുന്ന സാഹചര്യവും തൃശൂർ, മലപ്പുറം എന്നീ അയൽ ജില്ലകൾ ഹോട്ട് സ്പോട്ട് ഗണത്തിൽപ്പെട്ടതും പാലക്കാട് ജില്ലയിലെ ആശങ്ക വർധിപ്പിക്കുന്നുണ്ട്. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് ലോക്ക് ഡൗൺ പിൻവലിച്ചാലും ജില്ലയിൽ നിയന്ത്രണങ്ങൾ തുടരാൻ തന്നെയാണ് സാധ്യത.

കൊവിഡുമായി ബന്ധപ്പെട്ട് ജില്ലയിൽ ഹോം ക്വാറന്റൈനിൽ ഉള്ളവരുടെ എണ്ണത്തിൽ നേരിയ കുറവ് വന്നിട്ടുണ്ടെങ്കിലും ജാഗ്രത കർശനമായി തുടരണം. ജില്ലാ കലക്റ്റർ, ജില്ലാ പൊലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫിസർ എന്നിവരുമായി ചേർന്ന അവലോകന യോഗത്തിന് ശേഷം മന്ത്രി വ്യക്തമാക്കി.

കാസർഗോഡ് ഇനി എല്ലായിടത്തും പൊലീസ് സഹായം

കാസർഗോഡ്: ഇന്ന് മുതൽ ജില്ലയിൽ എല്ലായിടത്തും സഹായത്തിന് പൊലീസ് ഉണ്ടാകും. ജീവൻ രക്ഷാ മരുന്നുകളും അവശ്യ സാധനങ്ങളുടെ ലിസ്റ്റും 9497935780, 9497980940 വാട്സപ്പ് ചെയ്താതാൽ മതി പൊലീസ് വീട്ടിലെത്തിക്കും. സാധനം കൈപ്പറ്റി ബില്ല് തുക കൃത്യമായി നൽകിയാൽ മാത്രം മതി. ഡബിൾ ലോക് ഡൗൺ നിലനിൽക്കുന്ന ജില്ലയിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കഴിഞ്ഞ ദിവസം മുതൽ പൊലീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. പദ്ധതി വജയമായതിനെ തുടർന്ന് ജില്ലയുടെ മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചിരിക്കുകയാണ്.

കടലിൽ പോകരുത്

തിരുവനന്തപുരം : ഇന്നും നാളെയും കടൽ പ്രക്ഷുബ്ധമാവാൻ സാധ്യതയുള്ളതിനാൽ നാളെ വരെ കേരള, ലക്ഷദ്വീപ് തീരങ്ങളിലും ഇന്ന് തെക്ക് ആൻഡമാൻ കടലിലും തെക്കു-കിഴക്ക് ബംഗാൾ ഉൾക്കടലിലും മത്സ്യബന്ധനം പാടില്ലെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

സാലറി ചലഞ്ചിനുള്ള ഉത്തരവ് ഈയാഴ്ച: ധനമന്ത്രി

തിരുവനന്തപുരം: സാലറി ചലഞ്ച് ഉത്തരവ് ഈയാഴ്ച പുറത്തിറങ്ങുമെന്നു ധനമന്ത്രി തോമസ് ഐസക്. പൊതുമേഖലാ സ്ഥാപനങ്ങളിലും സാലറി ചലഞ്ച് നടപ്പാക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ജീവനക്കാരുമായി ചർച്ച ചെയ്യുന്നതിൽ തീരുമാനമായില്ല. എന്നാൽ, ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം വേണമെന്നുള്ള നിലപാടിൽ ഉറച്ചുനിൽക്കുക തന്നെയാണ്. പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നുള്ളവരും സഹകരിക്കണമെന്നും മന്ത്രി പറഞ്ഞു. അതേസമയം, ക്ഷേമപെൻഷനും ഇനി തപാൽവഴി ലഭ്യമാക്കുമെന്ന് മന്ത്രി അറിയിച്ചു. 55 ലക്ഷം പേർക്ക് 8000 രൂപ വച്ച് നൽകും. സഹകരണ ബാങ്ക്‌വഴി ലഭിക്കുന്നവർക്ക് ആ രീതി തന്നെ തുടരുമെന്നും തോമസ് ഐസക് പറഞ്ഞു.

മലബാർ ദേവസ്വം ബോർഡിൽ ആശ്വാസ ധനസഹായം

തിരുവനന്തപുരം: മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാർക്കും ബോർഡ് മുഖേന ധനസഹായം കൈപ്പറ്റി വരുന്ന ഉത്തര മലബാറിലെ കാവുകളുമായി ബന്ധപ്പെട്ട ആചാരസ്ഥാനികർ, കോലധാരികൾ, അന്തിത്തിരിയൻ എന്നീ വിഭാഗത്തിൽപ്പെട്ട വർക്കും അടിയന്തിര ആശ്വാസ ധനസഹായം നൽകുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. കോവിഡ് ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അഞ്ചുകോടി രൂപ ഈ ഇനത്തിൽ ചെലവഴിക്കാൻ സർക്കാർ അനുമതി നൽകി.

മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പളത്തിന് അർഹതയുള്ള ക്ഷേത്രജീവനക്കാർക്ക് 10,000 രൂപ വീതമാണ് അടിയന്തിര ധനസഹായം. ഇതിനായി മൂന്നു കോടി 20 ലക്ഷം രൂപ വിനിയോഗിക്കും. ബോർഡിനു കീഴിലെ ബി, സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ക്ഷേമനിധിയിൽ അംഗത്വമുള്ള മുഴുവൻ ജീവനക്കാർക്കും, ക്ഷേത്ര ഫണ്ടിന്റെ അപര്യാപ്തത മൂലം അതത് ക്ഷേത്രങ്ങളിൽ നിന്ന് ശമ്പളം ലഭിക്കാത്ത എ ഗ്രേഡ് ക്ഷേത്ര ജീവനക്കാർ ഉണ്ടെങ്കിൽ അവർക്കും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ക്ഷേമനിധി മുഖേന 2500 രൂപ വീതം അനുവദിക്കും. മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്ന ക്ഷേത്രജീവനക്കാർക്കും ഈ തുക ലഭ്യമാക്കും. 4,000 അംഗങ്ങൾക്കായി ഒരു കോടി രൂപയാണ് ഇതിനായി അനുവദിച്ചിരിക്കുന്നത്.

ബോർഡിൽ നിന്നും ധനസഹായം കൈപ്പറ്റി വരുന്ന ആചാരസ്ഥാനികർ, കോലധാരികൾ, അന്തിത്തിരിയൻ വിഭാഗത്തിൽപ്പെട്ടവർക്ക് മൂന്ന് മാസത്തേക്കുള്ള ഒറ്റത്തവണ അടിയന്തിര ധനസഹായമായി 3,600 രൂപ വീതം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകും.

14കാരിയുടെ 24 ആഴ്ച പ്രായമായ ഭ്രൂണം നശിപ്പിക്കാൻ ഹൈക്കോടതി അനുമതി

■ അമ്മയാകാനുള്ള പക്വതയില്ലെന്ന് മെഡിക്കൽ ബോർഡ്

കൊച്ചി: ബലാത്സംഗത്തിനിരയായ പതിനാലുകാരിയുടെ 24 ആഴ്ച പ്രായമായ ഭ്രൂണം നശിപ്പിക്കാൻ ഹൈക്കോടതി യുടെ അനുമതി. പെൺകുട്ടിയുടെ കുടുംബത്തിന്റെ ആവശ്യവും മെഡിക്കൽ ബോർഡിന്റെ ഉപദേശവും കണക്കിലെടുത്താണ് തീരുമാനം.

ഭ്രൂണത്തിന് 20 ആഴ്ചയിൽ താഴെ മാത്രം പ്രായമുള്ളെങ്കിലേ നിയമപരമായി ഗർഭഛിദ്രം നടത്താൻ കഴിയൂ. ഭ്രൂണത്തിന് 24 ആഴ്ച പ്രായമുണ്ടെങ്കിലും പെൺകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ കണക്കിലെടുത്ത് ഗർഭഛിദ്രം അനുവദിക്കാമെന്ന് മെഡിക്കൽ ബോർഡ് ഉപദേശം നൽകി. അമ്മയാകാനുള്ള പക്വത കുട്ടിക്കില്ല. ശാരീരികമായും മാനസികമായും നിരവധി പ്രശ്നങ്ങൾ പെൺകുട്ടിക്ക് ഭാവിയിൽ നേരിടേണ്ടി വന്നേക്കും- ബോർഡ് ചൂണ്ടിക്കാട്ടി. പ്രസവം വേണമോ എന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന വ്യക്തി സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണെന്നു വിധിയിൽ പറയുന്നു.

അഞ്ചുമാസം മുൻപ് പെൺകുട്ടിയെ കാണാതാകുന്ന തോടെയാണ് സംഭവങ്ങൾക്ക് തുടക്കം. മാതാപിതാക്കൾ ഹൈക്കോടതിയിൽ ഹേബിയസ് കോർപ്പസ് ഹർജി നൽകി. പിന്നീട് മംഗലാപുരത്തു നിന്ന് 28കാരനൊപ്പമാണ് കണ്ടെത്തിയത്. പെൺകുട്ടി ഗർഭിണിയായിരുന്നു. ചെറുപ്പക്കാരനെതിരേ പോക്സോ പ്രകാരം കേസെടുത്തു. തുടർന്ന് പെൺകുട്ടിയുടെ പിതാവ് ഭ്രൂണം നശിപ്പിക്കാൻ ഹൈക്കോടതി അനുമതി തേടുകയായിരുന്നു. കേസിന്റെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് അന്നുതന്നെ കോടതി മെഡിക്കൽ ബോർഡ് രൂപീകരിച്ചു.

കുഞ്ഞിനും ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കാമെന്ന് മെഡിക്കൽ ബോർഡ് റിപ്പോർട്ട് ചെയ്തു.

വിധിക്ക് മുൻപ് വിശദ വിലയിരുത്തലിനായി ജസ്റ്റിസ് കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് ഷാജി പി. ചാലി എന്നിവരടങ്ങിയ ബെഞ്ച് മെഡിക്കൽ ബോർഡ് അംഗമായ തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രിയിലെ ഡോക്റ്റർ കെ. അംബുജവുമായി വീഡിയോ കോൺഫറൻസും നടത്തി. തുടർന്നാണ് സുപ്രധാന വിധി പുറപ്പെടുവിച്ചത്.

ബുധനാഴ്ച വരെ മഴ തുടരും

തിരുവനന്തപുരം: ഞായറാഴ്ച മുതൽ സംസ്ഥാനത്ത് പെയ്ത് തുടങ്ങിയ വേനൽമഴ തുടരുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. സംസ്ഥാനത്ത് ഇന്നും നാളെയും എല്ലാ ജില്ലകളിലും മഴക്ക് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. മഴയോടൊപ്പം ശക്തമായ കാറ്റിനും 8നും 9 നും ഇടിമിന്നലിനും സാധ്യതയുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകിയിരുന്നയിടങ്ങളിലൊക്കെയും മഴയെ തുടർന്ന് താപനില കുറഞ്ഞിട്ടുണ്ട്. ഇന്നലെ ആലപ്പുഴ ജില്ലയിലെ മാങ്കൊമ്പിലും കോഴിക്കോട് കൊയിലാണ്ടിയിലുമാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. ഇവിടെ ആറു സെ. മീ വീതം മഴ ലഭിച്ചു. തിരുവനന്തപുരം നഗരത്തിലും കോട്ടയം കോഴയിലും അഞ്ചു സെ. മീ വീതവും കാഞ്ഞിരപ്പള്ളി, മൂന്നാർ, അമ്പലവയൽ എന്നിവിടങ്ങളിൽ നാലു സെ. മീ വീതവും മഴ ലഭിച്ചു. ഇന്നലെ ഉയർന്ന താപനില പാലക്കാട് ജില്ലയിൽ 39.4 ഡിഗ്രി രേഖപ്പെടുത്തി. കഴിഞ്ഞ ദിവസങ്ങളിൽ 39 ഡിഗ്രി വരെ ഉയർന്ന തൃശൂരിലെ വെള്ളാനിക്കരയിൽ താപനില 36.9 ഡിഗ്രി ആയി കുറഞ്ഞു.

ലോക്ക് ഡൗൺ 21 ദിവസം കൂടി തുടരണം: ഐഎംഎ

തിരുവനന്തപുരം: കോവിഡ് 19 രോഗം പടർന്നുപിടിക്കുന്നതു നിയന്ത്രിക്കാൻ രാജ്യവ്യാപകമായി നടപ്പിലാക്കിയ 21 ദിവസം ലോക്ക് ഡൗൺ പദ്ധതി ഇപ്പോഴത്തെ കാലാവധിക്ക് ശേഷം അടുത്ത 21 ദിവസം കൂടി തുടരണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ വിദഗ്ധ സമിതി ആവശ്യപ്പെട്ടു. ഈക്കാര്യം ചൂണ്ടിക്കാട്ടി ഐഎംഎ മുഖ്യമന്ത്രിക്ക് കത്ത് നൽകിയതായി ഐഎംഎ കേരള പ്രസിഡന്റ് ഡോ. എബ്രഹാം വർഗീസും, സെക്രട്ടറി ഡോ. ഗോപികുമാറും അറിയിച്ചു.

കേരളത്തിലേയും രാജ്യത്തിലേയും രാജ്യാന്തര തലത്തിലേയും വിദഗ്ധരുമായി ഏതാനും ദിവസങ്ങളായി നടത്തി വന്ന ചർച്ചകൾക്കൊടുവിലാണ് ഇത്തരത്തിൽ ഒരു നിർദേശം ഐഎംഎ നൽകിയത്. കോവിഡ് പകർച്ചവ്യാധി നിയന്ത്രണത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേയും രാജ്യങ്ങളേയും അപേക്ഷിച്ച് മികച്ച നടപടികളാണ് സ്വീകരിച്ചുവരുന്നത്.

അതിനാൽത്തന്നെ, അതു കാരണമുണ്ടായ നേട്ടം നിലനിർത്താൻ അടുത്ത 21 ദിവസവും കൂടി ലോക്ക് ഡൗൺ തുടരേണ്ടതാണ്.

കേരളത്തിലെ പ്രത്യേക സാഹചര്യമനുസരിച്ച് ഡൗൺ മാറ്റുമ്പോൾ വളരെയേറെ ആളുകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും വന്നേക്കാം.

അത് രോഗത്തിന്റെ സമൂഹവ്യാപനം ഉണ്ടാകുന്ന രീതിയിലേക്ക് കേരളത്തെ തള്ളി വിടാം. എല്ലാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടു തന്നെ സ്വകാര്യ ക്ലിനിക്കുകളും ആശുപത്രികളും പ്രവർത്തനം തുടരണം- ഐഎംഎ ചൂണ്ടിക്കാട്ടി.

ലോക് ഡൗൺ പിൻവലിക്കൽ: വിദഗ്ധസംഘം റിപ്പോർട്ട് സമർപ്പിച്ചു

തിരുവനന്തപുരം: ലോക് ഡൗൺ ഒഴിവാക്കുന്നതിനെക്കുറിച്ചും അതിന്റെ തുടർനടപടികളെപ്പറ്റിയും കേന്ദ്രസർക്കാരിന് സമർപ്പിക്കാനുള്ള വിദഗ്ധ സമിതി റിപ്പോർട്ട് സമിതി അംഗം അടൂർ ഗോപാലകൃഷ്ണൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. സമിതി അംഗങ്ങളായ ഡോ. ബി. ഇക്ബാൽ, ഡോ. എം.വി. പിള്ള, മുൻ ഡിജിപി ജേക്കബ് പുന്നൂസ് എന്നിവരും സന്നിഹിതരായിരുന്നു.

ലോക് ഡൗൺ ഒറ്റയടിക്കല്ലാതെ ഘട്ടം ഘട്ടമായി പിൻവലിക്കണമെന്നാണ് മുൻ ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രഹാം അധ്യക്ഷനായ സമിതി നൽകിയിരിക്കുന്നപ്രധാന നിർദേശമെന്നാണ് സൂചന. നിയന്ത്രണങ്ങൾ കുറേശെ ഇളവുനൽകണമെന്നും നിർദേശമുള്ളതായി അറിയുന്നു.

കാസർഗോഡ് മെഡിക്കൽ കോളെജ് കോവിഡ് ആശുപത്രിയായി പ്രവർത്തനം തുടങ്ങി. നാലുദിവസം കൊണ്ടാണ് ഇതിനെ കോവിഡ് ചികിത്സാ കേന്ദ്രമായി മാറ്റിയത്. ആദ്യഘട്ടത്തിൽ 200 കിടക്കകളും 10 ഐസിയു കിടക്കകളുമാണ് തയാറാക്കിയിരിക്കുന്നത്. സംസ്ഥാന വൈദ്യുതി ബോർഡ് ആശുപത്രി വികസനത്തിന് 10 കോടി നൽകും. കാസർഗോഡ് 450 പേർക്ക് ക്വാറന്റൈൻ സംവിധാനവും 750 ഐസൊലേഷൻ കിടക്കകളും ടാറ്റാ ഗ്രൂപ്പ് ഒരുക്കുന്നത് ഇന്ന് തുടങ്ങുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

അനാഥാലയങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മഠങ്ങൾ എന്നീ വിഭാഗങ്ങളിലെ മുവായിരം ഇടങ്ങളിൽ 42,602 പേർക്ക് സൗജന്യ റേഷൻ നൽകും. അവിടങ്ങളിലെ നാലുപേർക്ക് ഒന്ന് എന്ന നിലയിൽ സൗജന്യ കിറ്റും നൽകുമെന്നു മുഖ്യമന്ത്രി വ്യക്തമാക്കി..

* സംസ്ഥാനം ഏതുസാഹചര്യം നേരിടാനും സജ്ജം.

* സർക്കാർ - സ്വകാര്യ ആശുപത്രികളിലായി 1.25 ലക്ഷം കിടക്കകൾ

* 10,814 ഐസൊലേഷൻ കിടക്കകൾ

* 517 കൊറോണ കെയർ ആശുപത്രികളിൽ 10,813 കിടക്കകൾ.

* ആശുപത്രി, മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ വാഹനങ്ങൾ തടയരുത്.

സമുദ്രശാസ്ത്രജ്ഞൻ പ്രൊഫ. ട്രെവർ പ്ലാറ്റ് അന്തരിച്ചു

കൊച്ചി: പ്രമുഖ സമുദ്ര ശാസ്ത്രജ്ഞനും കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ജവഹർലാൽ നെഹ്റു സയൻസ് ഫെല്ലോയുമായിരുന്ന പ്രൊഫ. ട്രെവർ ചാൾസ് പ്ലാറ്റ് (78) അന്തരിച്ചു.

ലണ്ടനിലെ യുകെ റോയൽ സൊസൈറ്റി ഫെല്ലോ (എഫ്ആർഎസ്) ആയ അദ്ദേഹം, വിദേശ ശാസ്ത്രപ്രതിഭകളെ ഇന്ത്യയിലേക്ക് ആകർഷിക്കുന്നതിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ജവഹർലാൽ നെഹ്റു സയൻസ് ഫെലോഷിപ്പ് ലഭിച്ചതിന് ശേഷമാണ് 2014 മുതൽ സിഎംഎഫ്ആർഐയുടെ ഭാഗമാകുന്നത്. ഇക്കോളജിക്കൽ ഓഷ്യനോഗ്രഫി, റിമോട്ട് സെൻസിങ് മേഖലകളിലെ ഗവേഷണങ്ങളിൽ മികവ് പുലർത്തിയ അദ്ദേഹം കടലിലെ പ്ലവകങ്ങളുടെ ഉത്പാദനക്ഷമത കണ്ടെത്തുന്നതിനുള്ള മോഡൽ വികസിപ്പിച്ചതിലൂടെയാണ് ലോക ശ്രദ്ധ നേടുന്നത്. സമുദ്ര മത്സ്യ മേഖലയിലെ നിരവധി ഗവേഷണങ്ങൾക്ക് ഏറെ പ്രയോജനകരമായ നേട്ടമായിരുന്നു ഇത്.

ഉപഗ്രഹ മാപ്പിങ് ഉപയോഗിച്ച് കടലിന്റെ നിറവ്യത്യാസങ്ങളിലൂടെ പ്ലവകങ്ങളുടെ ഉത്പാദനക്ഷമത കണ്ടെത്താനുള്ള സംവിധാനം അദ്ദേഹം വികസിപ്പിച്ചിട്ടുണ്ട്. ഉപഗ്രഹ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സമുദ്ര മത്സ്യമേഖലയിലെ സിഎംഎഫ്ആർഐയുടെ ഗവേഷണ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവ പങ്കാളിയായിരുന്നു. ഇന്ത്യയിലെ സമുദ്ര ശാസ്ത്രജ്ഞർക്കും ഗവേഷണ വിദ്യാർഥികൾക്കും പരിശീലനവും നൽകിയിരുന്നു. ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സാധ്യതകൾ മത്സ്യ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നിരവധി രാജ്യാന്തര പദ്ധതികളുടെ ഭാഗമായിരുന്നു അദ്ദേഹം.

കാനഡയിലെ ബെഡ് ഫോർഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി, യൂണിവേഴ്സിറ്റി ഓഫ് ടൊറോണ്ടോ, യുകെയിലെ പ്ലിമത് മറൈൻ ലബോറട്ടറി തുടങ്ങിയ സ്ഥാപനങ്ങളിലായി ബയോളജിക്കൽ ഓഷ്യനോഗ്രഫി തലവൻ, എക്സിക്യൂട്ടീവ് ഡയറക്റ്റർ, എമിററ്റസ് സയന്റിസ്റ്റ്, പ്രൊഫസറിയൽ ഫെല്ലോ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. യുകെയിൽ പ്ലിമത് മറൈൻ ലബോറട്ടറിയിൽ പ്രവർത്തിച്ചു വരുമ്പോഴാണ് ജവഹർലാൽ നെഹ്റു സയൻസ് ഫെലോഷിപ്പിന്റെ ഭാഗമായി സിഎംഎഫ്ആർഐയിലെത്തുന്നത്. ഇന്തോ- മാരിടൈം ഗവേഷണ പദ്ധതിയുടെ ഭാഗമായി നാൻസൺ എൻവയൺമെന്റൽ റിസർച്ച് സെന്റർ-ഇന്ത്യയുമായി ബന്ധപ്പെട്ടും പ്രവർത്തിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയുടെ കൊച്ചി കേന്ദ്രത്തിൽ വിസിറ്റിങ് പ്രൊഫസറായും സേവനമനുഷ്ഠിച്ചു. നിരവധി രാജ്യാന്തര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രമുഖ സമുദ്ര ശാസ്ത്രജ്ഞ ഡോ. ശുഭ സത്യേന്ദ്രനാഥ് ആണ് ഭാര്യ.

ക്ഷേത്ര ജീവനക്കാർക്കും ധനസഹായം പ്രഖ്യാപിക്കണം

കൊച്ചി: കൊറോണ ഭീതി മൂലം പ്രതിസന്ധി നേരിടുന്ന, നിത്യനിദാനച്ചെലവുകൾക്കു പോലും പ്രയാസമനുഭവിക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ധനസഹായം പ്രഖ്യാപിക്കണമെന്ന് കേരള ക്ഷേത്ര സംരക്ഷണ സമിതി. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ക്ഷേത്രങ്ങളിൽ വരവ് ഇല്ലാതായതോടെ ജീവനക്കാർക്ക് വരുമാനം ലഭിക്കുന്നില്ലെന്നും സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. സി. കൃഷ്ണവർമരാജ ജനറൽ സെക്രട്ടറി കെ. നാരായണൻകുട്ടിയും മുഖ്യമന്ത്രി പിണറായി വിജയനു നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

ക്ഷേത്രജീവനക്കാർ മുഴുപ്പട്ടിണിയിലാണ്. അസംഘടിത മേഖലയിലെ ജീവനക്കാർക്ക് സാമ്പത്തിക പാക്കേജുകൾ നടപ്പാക്കുന്നത് ആശ്വാസകരമാണ്. ക്ഷേത്രജീവനക്കാരെ സംരക്ഷിക്കാൻ സർക്കാർ മുന്നോട്ടുവരണം.

ഇരുപത്തയ്യായിരത്തോളം മദ്രസ അധ്യാപകർക്കു മാത്രം രണ്ടായിരം രൂപ വീതം ധനസഹായം നൽകാൻ തയാറായ സംസ്ഥാന സർക്കാർ നിലപാട് മതവിവേചമാണെന്ന് സമിതി നേതാക്കൾ അഭിപ്രായപ്പെട്ടു. ആധ്യാത്മിക, മത മേഖലകളിൽ പ്രവർത്തിക്കുന്ന ഹൈന്ദവേതര സമൂഹത്തിന് പലവിധ സാമ്പത്തിക സഹായങ്ങളും നൽകുമ്പോൾ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യം നിഷേധിക്കുന്നത് സാമൂഹിക അസന്തുലിതാവസ്ഥയ്ക്ക് കാരണമാകും.

ഇതര മതസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാമ്പത്തിക സഹായം പ്രഖ്യാപിച്ചതു പോലെ ദേവസ്വം ബോർഡിനും സ്വകാര്യ ഊരാഴ്മയ്ക്കും കീഴിലുള്ള എല്ലാ ജീവനക്കാർക്കും മൂന്നു മാസത്തേക്ക് സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച് നടപ്പാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

പാവങ്ങളെ സഹായിക്കുക, മാസ്ക് ധരിക്കുക

■ ബിജെപി പ്രവർത്തകർക്ക് മോദിയുടെ നിർദേശം

ന്യൂഡൽഹി: കോവിഡ് 19നെ നേരിടാൻ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിരിക്കെ രാജ്യത്തെ പൗരൻമാർ കാണിക്കുന്ന ക്ഷമയും സഹനശക്തിയും അപാരമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സർക്കാർ നിർദേശിച്ച നിയന്ത്രണങ്ങളെ അതിന്റെ ഗൗരവത്തോടെ ജനം ഉൾക്കൊണ്ടു. രാജ്യത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കാൻ ദീപം കൊളുത്താനുള്ള തന്റെ ആഹ്വാനയെ ഒറ്റക്കെട്ടായി ജനത സ്വീകരിച്ചെന്നും ബിജെപിയുടെ നാൽപ്പതാം സ്ഥാപകദിനത്തിൽ പ്രവർത്തകരോടു വി

ഡിയോ കോൺഫറൻസിങ്ങിൽ മോദി പറഞ്ഞു.

ഇതൊരു നീണ്ട യുദ്ധമാണ്. ഉടനെയൊന്നും അവസാനിക്കാത്ത യുദ്ധം. നമ്മൾ തളരരുത്. ഈ രോഗത്തെ നമുക്ക് തോൽപ്പിച്ചേ തീരൂ. രാജ്യത്തെ പാവപ്പെട്ടവർ പട്ടിണി കിടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ ബിജെപി പ്രവർത്തകർ അഞ്ച് കാര്യങ്ങൾ ചെയ്യണമെന്നും മോദി.

ഒന്ന്, ബിജെപി പ്രവർത്തകർ പാവപ്പെട്ടവർക്ക് റേഷൻ എത്തിക്കണം. ആരും പട്ടിണി കിടക്കില്ലെന്ന് ഉറപ്പുവരുത്തണം. രണ്ട്, സാധാരണ തുണി കൊണ്ടുള്ള മുഖാവരണം അണിയുക. മുഖാവരണം മറ്റുള്ളവർക്ക് വിതരണം ചെയ്യണം. മൂന്ന് ആരോഗ്യപ്രവർത്തകർ, പൊലീസ്, ശുചീകരണത്തൊഴിലാളികൾ, അവശ്യസർവീസിലുള്ളവർ എന്നിവർക്ക് നന്ദി എഴുതി നൽകുക. നാല് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ ആരോഗ്യസേതു ആപ്പിന് പ്രചാരം നൽകണം.

അഞ്ച്, പിഎം കെയേഴ്സ് ഫണ്ടിലേക്ക് സംഭാവന ഉറപ്പാക്കണം. തിരുമാനമെടുക്കുന്നതിൽ ഇന്ത്യ, കാണിച്ച വേഗത്തെ ലോകാരോഗ്യ സംഘടനയുൾപ്പെടെ അഭിനന്ദിച്ചെന്നും മോദി.

സൗജന്യ കിറ്റിന്റെ വില: പ്രചരണം തെറ്റിദ്ധാരണാജനകം- സപ്ലൈകോ

തിരുവനന്തപുരം: കോവിഡ് ലോക്ക്ഔട്ടുമായി ബന്ധപ്പെട്ട് റേഷൻ കാർഡുടമകൾക്ക് നൽകുന്ന സൗജന്യ കിറ്റിലെ വസ്തുക്കളുടെ വില സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾ തെറ്റിദ്ധാരണാജനകമാണെന്ന് സപ്ലൈകോ സിഎംഡി പി.എം. അലി അസ്ഗർ പാഷ.

സൗജന്യ ഭക്ഷ്യവസ്തുക്കളുടെ രണ്ടു തരം കിറ്റ് വിതരണം നടത്താനാണ് സപ്ലൈകോയോട് സർക്കാർ നിർദേശിച്ചിട്ടുള്ളത്. ക്വാറന്റൈനിൽ കഴിയുന്നവർക്കുള്ള 1,000 രൂപ വിലവരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റാണ് അതിലൊന്ന്. അതതു ജില്ലാ കലക്റ്റർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്കാണ് കിറ്റ് നൽകിവരുന്നത്. ഈ കിറ്റ് തദ്ദേശ സ്ഥാപനങ്ങളാണ് ക്വാറന്റൈനിൽ കഴിയുന്നവർക്ക് നൽകുന്നത്.

റേഷൻ കാർഡുടമകൾക്ക് നൽകാനുള്ള സൗജന്യ ഭക്ഷ്യവസ്തുക്കളുടെ കിറ്റിൽ നിശ്ചിത അളവിലുള്ള 17 ഇനം നിത്യോപയോഗ സാധനങ്ങൾ നൽകണമെന്നാണ് നിർദേശം. പഞ്ചസാര (ഒരു കിലോ), തേയില (250 ഗ്രാം), ഉപ്പ് (ഒരു കിലോ), ചെറുപയർ (ഒരു കിലോ), കടല (ഒരു കിലോ), വെളിച്ചെണ്ണ (അര ലിറ്റർ), ആട്ട (രണ്ടു കിലോ), റവ (ഒരു കിലോ), മുളകുപൊടി (100 ഗ്രാം), മല്ലിപ്പൊടി (100 ഗ്രാം), പരിപ്പ് (250 ഗ്രാം), മഞ്ഞൾപ്പൊടി (100 ഗ്രാം), ഉലുവ (100 ഗ്രാം), കടുക് (100 ഗ്രാം), സോപ്പ് (രണ്ട്), സൺഫ്ലവർ ഓയിൽ (ഒരു ലിറ്റർ), ഉഴുന്ന് (ഒരു കിലോ) എന്നിവയാണവ. ഇവയുടെ വില സംബന്ധിച്ച തെറ്റായ വിലവിവരങ്ങളാണ് ചില നവമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്.

സൗജന്യ കിറ്റ് തയാറാക്കി വിതരണം ചെയ്യുന്നതിനാവശ്യമായ ചെലവ് വിതരണം പൂർത്തിയാക്കിയ ശേഷമേ കൃത്യമായി കണക്കാക്കാൻ സാധിക്കൂ. അതിനാൽ വില സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾ തെറ്റിദ്ധരിപ്പിക്കുന്നതാണ്. എഎവൈ കാർഡുടമകൾക്കുള്ള കിറ്റ് വിതരണം 14നകം പൂർത്തിയാക്കും. മറ്റ് കാർഡുടമകൾക്കുള്ള കിറ്റ് വിതരണം തുടർന്നുള്ള ദിവസങ്ങളിൽ നടത്തുമെന്നും സിഎംഡി അറിയിച്ചു.

ഭക്ഷ്യധാന്യ കിറ്റ് പാവപ്പെട്ടവർക്ക് വിട്ടുനൽകി മണിയൻപിള്ള രാജു

തിരുവനന്തപുരം: സംസ്ഥാന സർക്കാർ നൽകുന്ന ഭക്ഷ്യധാന്യ കിറ്റ് അർഹരായ പാവങ്ങൾക്കായി വിട്ടുനൽകി നടനും നിർമാതാവുമായ മണിയൻപിള്ള രാജു. ഭക്ഷ്യമന്ത്രി പി. തിലോത്തമന്റെ സാന്നിധ്യത്തിലാണ് തന്റെ കുടുംബത്തിന് ലഭിക്കേണ്ടിയിരുന്ന സ്പെഷ്യൽ കിറ്റ് അർഹർക്ക് നൽകാൻ അദ്ദേഹം ഓൺലൈനായി സമ്മതപത്രം നൽകിയത്. അർഹനായ ഒരാൾക്ക് തന്റെ സംഭാവന സഹായകമാകുമെങ്കിൽ അതിലാണ് സന്തോഷമെന്ന് രാജു പറഞ്ഞു.

സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ "ഡൊണേറ്റ് മൈ കിറ്റ്" ലിങ്കിൽ ക്ലിക്ക് ചെയ്ത് റേഷൻ കാർഡ് നമ്പർ നൽകിയാൽ ലഭിക്കുന്ന ഒടിപി എന്റർ ചെയ്താൽ ലളിതമായി കിറ്റ് സംഭാവന ചെയ്യാം.

കഴിഞ്ഞ ദിവസം റേഷൻ കടയിൽ പോയി ഭക്ഷ്യധാന്യം വാങ്ങിയതിനെക്കുറിച്ചും ധാന്യത്തിന്റെ ഗുണമേന്മയെക്കുറിച്ചും മണിയൻപിള്ള രാജു അഭിപ്രായപ്പെട്ടത് ഏറെ ശ്രദ്ധനേടിയിരുന്നു. ഇത്രയും ഗുണനിലവാരമുള്ള അരിയാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതെന്ന് വാങ്ങിയപ്പോഴാണ് മനസിലായതെന്നും, ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ഇത് കേട്ടറിഞ്ഞ് ഒട്ടേറെപ്പേർ റേഷൻ സൗകര്യം ഉപയോഗപ്പെടുത്തിയതിൽ സന്തോഷമുണ്ട്.

ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്ന കൊറോണക്കാലത്ത് സർക്കാർ നൽകുന്ന സേവനം ജനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും രാജു അഭ്യർഥിച്ചിരുന്നു.

കിറ്റ് ആവശ്യമില്ലാത്ത സാമ്പത്തികശേഷിയുള്ളവർക്ക് ഇത് അർഹരായവർക്ക് ദാനം ചെയ്യാനുള്ള സൗകര്യമാണ് ഓൺലൈനായി ഒരുക്കിയിരിക്കുന്നത്. ഭാര്യ ഇന്ദിര രാജുവിന്റെ പേരിലുള്ള റേഷൻ കാർഡിന്റെ വിഹിതമാണ് കുടുംബം തിരികെ നൽകിയത്.

റേഷൻ ഭക്ഷ്യധാന്യം വാങ്ങിയശേഷം നടത്തിയ അഭിപ്രായപ്രകടനത്തിനു നന്ദി പറയാൻ മണിയൻപിള്ള രാജുവിന്റെ വസതിയിലെത്തിയ മന്ത്രി പി. തിലോത്തമനൊപ്പം പ്രൈവറ്റ് സെക്രട്ടറി ഇ. ആർ. ജോഷി, അഡീ. പ്രൈവറ്റ് സെക്രട്ടറിമാരായ അനിൽ ഗോപിനാഥ്, പി.പി. മധു എന്നിവരുമുണ്ടായിരുന്നു.

ലോക് ഡൗൺ പശ്ചാത്തലത്തിൽ സർക്കാർ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യ കിറ്റ് പാവങ്ങൾക്കു സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈനായി അതു ചെയ്യാനുള്ള "ഡൊണേറ്റ് മൈ കിറ്റ്" മൊബൈൽ ആപ്ലിക്കേഷൻ നടൻ മണിയൻപിള്ള രാജു ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യമന്ത്രി പി. തിലോത്തമൻ സമീപം.

മെഡിക്കൽ സംഘമെത്തി; കോവിഡ് ആശുപത്രി ഒരുങ്ങി

ദീപു മറ്റപ്പള്ളി

കാസർഗോഡ്: നാടിനെ ഭീതിയിലാഴ്ത്തിയ കോവിഡിനെ നേരിടുന്നതിന് തിരുവനന്തപുരത്ത് നിന്നെത്തിയ 27അംഗ മെഡിക്കൽ സംഘത്തിന് ആവേശകരമായ വരവേൽപ്പ്. ഉക്കിനടുക്കയിൽ നിർമാണം പൂർത്തിയായ കാസർഗോഡ് ഗവ. മെഡിക്കൽ കോളെജ് അക്കാദമിക് ബ്ലോക്കിൽ കോവിഡ് സെന്റർ ഇന്നലെ രാവിലെ പ്രവർത്തനമാരംഭിച്ചു. യുദ്ധകാലാടിസ്ഥാനത്തിലാണ് കോവിഡ് സെന്റർ ഒരുക്കിയത്. നാല് ദിവസം കൊണ്ടാണ് ഒരുക്കങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളെജ് അത്യാഹിത വിഭാഗം ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. എസ്.എസ് സന്തോഷ് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക മെഡിക്കൽ സംഘം ഇന്നലെ രാവിലെയാണ് ഉക്കിനടുക്കയിൽ എത്തിയത്. കാസർഗോഡ് മെഡിക്കൽ കോളെജിലെ കോവിഡ് ആശുപത്രിയിലെ നിലവിലെ സജ്ജീകരണങ്ങളിൽ പ്രത്യേക മെഡിക്കൽ സംഘത്തിന് പൂർണ തൃപ്തി. വെന്റിലേറ്റർ ഉൾപ്പെടെയുള്ള കൂടുതൽ സൗകര്യങ്ങൾ ഒരാഴ്ചയ്ക്കകം ഒരുക്കുന്നതോടെ കോവിഡ് ആശുപത്രി പൂർണതോതിൽ സജ്ജമാകുമെന്നാണ് മെഡിക്കൽ സംഘത്തിന്റെ വിലയിരുത്തൽ. തുടർന്ന് ആശുപത്രി സജ്ജീകരണങ്ങൾ ഒരുക്കുകയായിരുന്നു. വാർഡ്, ഐസിയു, ലാബ് തുടങ്ങിയ സജ്ജീകരണങ്ങളും ഉച്ചയോടെ പൂർത്തിയായി. ഞായറാഴ്ച രാവിലെ തിരുവനന്തപുരത്ത് നിന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചർ യാത്രയയച്ച സംഘം ഇന്നലെ പുലർച്ചെ 2.30ഓടെയാണ് കാസർഗോട്ടെത്തിയത്. ഡോക്റ്റർമാർ, രണ്ട് നഴ്സുമാർ, ഒരു നഴ്സിങ് അസിസ്റ്റന്റ് എന്നിങ്ങനെ അഞ്ച് ടീമുകളായി തിരിച്ചാണ് പ്രവർത്തനം നടത്തുക. കോവിഡ് ഒപി, ഐപി, ഐസിയു. എന്നിവയെല്ലാം ഇവരുടെ മേൽനോട്ടത്തിൽ സജ്ജമാക്കും. നിലവിൽ 56 ബെഡുകൾ ഉള്ള സംവിധാനമാകും ആദ്യം പ്രവർത്തിച്ചു തുടങ്ങുക.

ഔദ്യോഗികമായി ഉദ്ഘാടനം നടന്നില്ലെങ്കിലും മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് നാല് ദിവസം കൊണ്ട് മെഡിക്കൽ കോളെജ് സജ്ജമായത്. ഡോ. നരേഷ്കുമാർ, ഡോ. രാജു രാജൻ, ഡോ. മുരളി, ഡോ. ജോസ്പോൾ കുന്നിൽ, ഡോ. സമീഷ്, ഡോ. പ്രവീൺ, ഡോ. കമല, ഡോ. എബി, ഡോ. മുതുൽ ഗണേശ്, അടങ്ങിയ 11 ഡോക്റ്റർമാരുടെയും സ്റ്റാഫ് നഴ്സുമാരായ ജോസഫ് ജെന്നിങ്സ്, എസ്.കെ. അരവിന്ദ്, പ്രവീൺകുമാർ, അനീഷ്രാജ്, വിഷ്ണുപ്രകാശ്, എസ്.റാഷിൻ, എം.എസ്. നവീൻ, റിതുരാജ്, ജെഫിൻ പി. തങ്കച്ചൻ, ഡി. ശരവണൻ, നഴ്സിംഗ് അസിസ്റ്റന്റുമാരായ ആർ.എസ്. ഷാജു, കെ.കെ. ഹരികൃഷ്ണൻ, എസ്. അതുൽ മനാഫ്, സി. ജയകുമാർ, എം.എസ്. സന്തോഷ്കുമാർ എന്നിവരുടെയും മെഡിക്കൽ സംഘമാണ് എത്തിയത്.

സി.ടി സ്കാൻ, എക്സ്റേ, ഇ.സി.ജി മെഷീൻ, ലാബ് തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡ് നൽകിയ 10 കോടിയടക്കം 17കോടിയോളം രൂപയുടെ ഉപകരണങ്ങളിൽ മിക്കതും എത്തിക്കഴിഞ്ഞു. 200ഓളം കിടക്കകളാണ് ആശുപത്രിയിൽ ഒരുക്കിയിട്ടുള്ളത്. ഇന്നലെ ഉച്ച കഴിഞ്ഞ് കൊറോണ പോസിറ്റീവ് സ്ഥിരീകരിച്ചവരെ ഇവിടേക്ക് മാറ്റിതുടങ്ങി.

നിലവിലെ മെഡിക്കൽ ടീം രണ്ടാഴ്ച ജോലിയിൽ തുടരും. തുടർന്ന് ഇവർ ക്വാറന്റൈനിൽ പോവുകയും പകരം പുതിയ ടീമിനെ അയക്കുകയും ചെയ്യും. മെഡിക്കൽ സംഘത്തിൽ നാട്ടുകാരനായ പുത്തിഗെ കട്ടത്തടുക്ക സ്വദേശി ഡോ. മുഹമ്മദ് ഷമീമുമുണ്ട്.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മീനം 25 ശഅ്ബാൻ 12
2020 ഏപ്രിൽ 7 ചൊവ്വ

മാഞ്ഞുപോയ രാഗചന്ദ്രിക

ചിന്തകളിൽ രാഗചന്ദ്രിക ചാലിച്ച മന്ദസ്മിതത്തിന്റെ പാട്ടുകാരൻ മാളിയേക്കൽ കൊച്ചുകുഞ്ഞ് അർജുനൻ എന്ന എം.കെ. അർജുനൻ മാഷ് ഓർമായി. ആറരപ്പതിറ്റാണ്ടു ദീർഘിച്ച സംഗീതയാത്രയിൽ എത്രയെത്ര മനോജ്ഞ ഗാനങ്ങൾ ഈ അനശ്വര രാഗപണ്ഡിതന്റെ നാവിൻതുമ്പിലൂടെ ഒഴുകിയെത്തി. നക്ഷത്ര കിന്നരന്മാർ വിരുന്നുവന്ന വെള്ളിത്തിരകളിൽ സംഗീതത്തിന്റെ മുത്തും മണിയും കിലുക്കിയെത്തിയ രണ്ടായിരത്തിലധികം ഗാനങ്ങളിലൂടെ അമരത്വം നേടിയ അർജുനൻ മാഷ് ജീവിതത്തിന്റെ വെള്ളിത്തിരയിൽ നിന്നു മായുമ്പോൾശൂന്യമാകുന്നത് ലക്ഷോപലക്ഷം സംഗീതപ്രിയരെ തൊട്ടുവിളിച്ച പാട്ടിന്റെ പൗർണമിച്ചന്ദ്രികയാണ്. കലയുടെ ദന്തഗോപുരങ്ങൾ വരേണ്യവർഗത്തിന്റെ അന്തഃപുരങ്ങളായി മാറിയ കാലഘട്ടത്തിലെല്ലാം സംഗീതം തേടിയലഞ്ഞ അർജുനൻ, എത്തിപ്പെട്ടത് പാട്ടിന്റെ പഞ്ചമങ്ങളിലായിരുന്നില്ല, പട്ടിണിയുടെ പത്മവ്യൂഹത്തിലായിരുന്നു. അതു തകർത്തു പുറത്തുകടക്കാൻ പെട്ട പെടാപ്പാടുകളുടെ ഈടുവയ്പുകളായി മലയാള നാടകവേദികളിൽ അദ്ദേഹത്തിന്റേതായി ആയിരത്തലിധികം ഗാനങ്ങളുണ്ട്.

മലയാള ചലച്ചിത്രഗാന മേഖല വയലാർ -ദേവരാജൻ കൂട്ടുകെട്ട് അടക്കിവാണ കാലത്തായിരുന്നു അർജുനൻ മാഷിന്റെയും ചെറുപ്പം എന്നത് വലിയൊരു വഴിമുടക്കമായിരുന്നു. ഗാനരചയിതാക്കളുടെ ഗണത്തിൽ വലയാറിനു പിന്നിൽ ശ്രീകുമാരൻ തമ്പിയും ഒഎൻവികുറുപ്പും പി. ഭാസ്കരനുമൊക്കെ വളർന്നു തുടങ്ങിയ കാലം. പക്ഷേ, അവരുടെയും പ്രിയ സംഗീത സംവിധായകൻ ദേവരാജൻ മാഷ് തന്നെയായിരുന്നു. ദക്ഷിണാമൂർത്തി സ്വാമിയും എം.എസ്. ബാബുരാജുമൊക്കെ നെടുംതൂണുകളായി നിലകൊണ്ടപ്പോഴും അർജുനൻ അരങ്ങിനു പുറത്തു നിന്നു, ക്ഷമയോടെ. ദേവരാജൻ മാഷുടെ സഹായിയി ഒരു വ്യാഴക്കട്ടക്കാലം പ്രവർത്തിച്ചെങ്കിലും സ്വതന്ത്ര സംഗീത സംവിധാനത്തിലേക്കു കടക്കാൻ കഴിഞ്ഞില്ല. അതിനുള്ള അനുവാദം കിട്ടിയില്ല എന്നു പറയുന്നതാവും ശരി. പക്ഷേ, നടന്നുപോകുന്ന വഴിത്താരയിലെ പുൽക്കൊടിക്കു പോലും നോവരുതെന്നു ധ്യാനിക്കുന്ന അർജുനന് അതു തെല്ലും വിഷമമുണ്ടാക്കിയില്ല.

അനുസരിക്കുക എന്നതായിരുന്നു അർജുനൻ വളരെ ചെറുപ്പം മുതൽ പഠിച്ചുവച്ച പാഠം. അനാഥത്വത്തിന്റെ ബാല്യം പേറിയ ഒരാൾക്ക് ആജ്ഞാശക്തി ഉണ്ടാവുക എളുപ്പമല്ലല്ലോ. കൊച്ചി പള്ളുരുത്തി മാളിയേക്കൽ കൊച്ചുകുഞ്ഞിന്റെയും പാർവതിയുടെയും പതിമൂന്നു മക്കളിൽ ഇളയവനായിരുന്നു അർജുനൻ. ആറു മാസം പ്രായമുള്ളപ്പോൾ അച്ഛൻ മരിച്ചു. വീട്ടിലെ പട്ടിണിയും ദാരിദ്ര്യവും മൂലം മൂത്ത പത്തു സഹോദരങ്ങളെയും അർജുനനു നഷ്ടപ്പെട്ടു. അവരെപ്പോലെ പട്ടിണി അർജുനന്റെയും ജീവൻ അപഹരിച്ചേക്കുമെന്ന ആശങ്കയിൽ ഒരു അയൽവാസിയാണ് അവനെ പഴനിയിലെ ജീവകാരുണ്യ ആശ്രമത്തിലേക്കു പറഞ്ഞുവിട്ടത്. സംഗീതമോ, സ്കൂൾ വിദ്യാഭ്യാസമോ ഒന്നും മോഹിച്ചായിരുന്നില്ല അവിടേക്കുള്ള പലായനം. എന്നാൽ, ആശ്രമത്തിൽ വൈകുന്നേരങ്ങളിലെ ഭജനപ്പാട്ടുകളിൽ അർജുനൻ കൂടി എത്തിയതോടെ ആശ്രമാധിപതി നാരായണ സ്വാമിക്ക് അവനിൽ മതിപ്പു തോന്നി. അദ്ദേഹത്തിന്റെ പരിചയക്കാരനായ ഒരു ഭാഗവതരായിരുന്ന അയ്യാ കുമാരപിള്ളയുടെ അടുത്തു വിട്ട് സംഗീതം പഠിപ്പിച്ചു. അതാണ് അർജുനനിലെ സംഗീതവാസനയെ പൊടിതട്ടിയെടുത്തത്. ''നീ സംഗീതം കൊണ്ടു ജീവിക്കും'' എന്നു ഗുരുവിന്റെ അനുഗ്രഹം വാങ്ങിയാണു സവിധം വിട്ടത്.

നാരായണ ഗുരുവിന്റെ വിയോഗത്തോടെ അന്യാധീനമായ ആശ്രമത്തിൽ നിന്ന് അർജുനൻ നാട്ടിലേക്കു മടങ്ങി. മടങ്ങിയെത്തിയപ്പോഴും പട്ടിണിക്കു കുറവുണ്ടായില്ല. അമ്മ പാർവതിക്കു പാൽ വിറ്റുകിട്ടുന്ന സമ്പാദ്യത്തിന്റെ ചില്ലറ പങ്കുപറ്റി അർജുനനും അവിടെത്തന്നെ ചുറ്റിക്കൂടി. ആയിടയ്ക്ക് ഒരു നാടൻ നാടക സമിതി നടത്തിയ 'പള്ളിക്കുറ്റം' എന്ന നാടകത്തിന്റെ സംഗീത സംവിധായകനായി നിശ്ചയിച്ചിരുന്ന ആളെ മാറ്റി പകരക്കാരനായി അർജുനനെ നിയോഗിച്ച പള്ളിക്കമ്മിറ്റിയുടെ തീരുമാനമാണ് മലയാള സംഗീത ലോകത്തിന് അർജുനൻ മാഷ് എന്ന അനശ്വര സംഗീതജ്ഞനെ സമ്മാനിച്ചത്. തുടർന്നിങ്ങോട്ട് അറുപതു വർഷങ്ങളായി മുന്നൂറിലധികം നാടകങ്ങളിൽ പാട്ടീണം നൽകി. പതിനാറു തവണ നാടക സംഗീത സംവിധായകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം ലഭിച്ചു.

ചലച്ചിത്രഗാന രംഗത്ത് ഒരിക്കൽ ശ്രീകുമാരൻ തമ്പി ദേവരാജൻ മാഷുമായി തെറ്റി. ഈ പിണക്കം അവസാനിച്ചത് എം.കെ. അർജുനിലാണ്. തന്റെ ഗാനത്തിനു സംഗീതം നൽകണമെന്ന ശ്രീകുമാരൻ തമ്പിയുടെ കല്പനയ്ക്ക് ആദ്യം എതിരു നിന്നെങ്കിലും പിന്നീടു വഴങ്ങി. വയലാർ-ദേവരാജൻ കൂട്ടുകെട്ടുപോലെയോ അതിലും ഊഷ്മളമായതോ ആയ ശ്രീകുമാരൻ തമ്പി- എം.കെ. അർജുനൻ കൂട്ടുകെട്ട് പിറക്കുന്നത് അങ്ങനെയാണ്. ഇരുനൂറിൽപ്പരം ചലച്ചിത്രങ്ങളിൽ അവർ ഒന്നിച്ചു കൂടി. മുന്നൂറിലേറെ അനശ്വര ഗാനങ്ങൾ ഈ കൂട്ടികെട്ടിൽ പിറന്നു. ഇത്രയധികം മനോഹര ഗാനങ്ങൾക്ക് ഈണം നൽകിയിട്ടും ചലച്ചിത്രലോകം അർജുനൻ മാഷെ അംഗീകരിച്ചില്ലെന്നു മാത്രമല്ല, മനഃപൂർവം അവഗണിക്കുക തന്നെ ചെയ്തു. ആറരപ്പതിറ്റാണ്ടു നീണ്ട അർജുന സംഗീതത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരം ആദ്യമായി ലഭിച്ചത് 2018 ൽ പുറത്തിറങ്ങിയ ജയരാജ്- രൺജി പണിക്കർ ചലച്ചിത്രമായ ഭയാനകത്തിലൂടെയാണ്.

മലയാളത്തിന്റെ ഒരേയൊരു ഗാനഗന്ധർവൻ കെ.ജെ. യേശുദാസന്റെ ഗാനം ആദ്യമായി റെക്കോഡ് ചെയ്യിച്ചതും ഇന്ത്യയുടെ ഒരേയൊരു ഓസ്കർ സംഗീത സംവിധായക ജേതാവ് എ.ആർ. റഹ്മാനു ചലച്ചിത്രരംഗത്തേക്ക് ആദ്യമായി അവസരം നൽകിയതും അർജുനൻ മാഷാണ്. പാട്ടിന്റെ പൂമുറ്റത്ത് കസ്തൂരി മണം പേറി പൂത്തുലഞ്ഞു നിന്ന ഈ കുലപതിക്ക് അർഹിക്കുന്ന അംഗീകാരം നൽകാൻ രാജ്യവും പിശുക്കുകാട്ടിയെന്നു പറയാതെ വയ്യ. വെള്ളിത്തിരയിൽ എത്രയോ പേർ വഴിയിലൂടെയും വഴിവിട്ടുമൊക്കെ പത്മയും പത്മകമലും മറ്റും നേടിയപ്പോഴൊക്കെ, നിശബ്ദം നോക്കിനിന്നു അർജുനൻ. ആരോടും പരാതിയില്ലാതെ, ആരെയും പഴിക്കാതെ. അറുപത്തഞ്ചാണ്ടുകളായി മലയാളിയെ പാട്ടിന്റെ പാലാഴിയിൽ ആറാടിച്ചിരുത്തിയ അർജുനൻ ഉപേക്ഷിച്ചു പോകുന്നതു സമാനതകളില്ലാത്ത സിംഹാസനമാണ്. ഈ സംഗീതമൂർത്തിയുടെ സിവിധത്തിൽ ഞങ്ങൾ ഹൃദയാർദ്രമായ പ്രാർഥനാ മലരുകൾ അർപ്പിക്കുന്നു; സാഭിമാനം, സവിനയം!

യേശുദാസിനും എ.ആർ. റഹ്മാനും വഴി തെളിച്ച മാസ്റ്റർ



കൊച്ചി: നിത്യഹരിത ഗാനങ്ങളുടെ രാജശില്പിയായിരുന്നു എം.കെ. അർജുനൻ ലോക സംഗീതത്തിന് അർജുനൻ മാസ്റ്റർ നൽകിയ സംഭാവനയാണ് എ.ആർ. റഹ്മാൻ. തന്റെ വഴി സംഗീതമാണെന്ന് റഹ്മാന് കാട്ടിക്കൊടുത്ത ഗുരു. റഹ്മാന്റെ അച്ഛൻ ആർ.കെ. ശേഖറുമായുണ്ടായിരുന്ന അടുത്ത സൗഹൃദമാണ് ചെന്നൈയിലെ റിക്കോഡിങ് സ്റ്റുഡിയോയിലേക്ക് റഹ്മാന്റെ കൈപിടിച്ച് അർജുനൻ മാസ്റ്ററെ എത്തിച്ചത്.

പക്ഷേ കൊറോണക്കാലത്ത് മാസ്റ്റർ മരണത്തിന് കീഴടങ്ങുമ്പോൾ അന്ത്യാജ്ഞലി അർപ്പിക്കാൻ പോലും ഈ ശിഷ്യന് എത്താനാകില്ല. മലയാളിക്ക് നൊമ്പരങ്ങൾ നൽകിയ വിഷാദ ഗാനങ്ങളുടെ ശിൽപി ശിഷ്യന്മാർക്കും ആരാധകർക്കും സംഗീത സാന്ദ്രമായ ഓർമയായി. റഹ്മാനെ പോലുള്ള ശിഷ്യന്മാരിലൂടെ ആ സംഗീതം ഇനിയും ഉയർന്നു കേൾക്കും.

സുഹൃത്ത് ആർ.കെ. ശേഖറിന്റെ മകൻ ദിലീപ് എന്ന സംഗീത പ്രതിഭ പിന്നീട് എ.ആർ. റഹ്മാനായതിൽ അർജുനൻ മാസ്റ്ററുടെ പങ്ക് ചെറുതല്ല. ശേഖറിന്റെ മരണത്തോടെ ആ കുടുംബം കഷ്ടതയിലേക്ക് നീങ്ങി. ഇത് തിരിച്ചറിഞ്ഞാണ് മകനെ മാഷ് കൂടെ കൂട്ടിയത്. 1968ൽ സിനിമയിൽ വന്ന കാലത്ത് പലപ്പോഴും പാട്ട് കംപോസ് ചെയ്യുന്നത് ശേഖറിന്റെ വീട്ടിലായിരുന്നു. കംപോസിങ് നടക്കുമ്പോൾ കൊച്ചു റഹ്മാനും അവിടെ വന്നിരിക്കും. പഠിത്തം കഴിഞ്ഞു വന്നാൽ കീബോർഡിന്റെ മുകളിൽ കൈ വെറുതെ വച്ചങ്ങനെ ഓടിക്കും. കംപോസിങ് കഴിഞ്ഞു മാറിയാലും റഹ്മാൻ അവിടെ ഇരുന്ന് വായിച്ചു കൊണ്ടേയിരിക്കും. ശേഖറിന്റെ മരണശേഷം ഒരു ദിവസം റഹ്മാന്റെ അമ്മ വിളിച്ചു പറഞ്ഞു: ഇയാളെ ഒന്ന് എവിടെയെങ്കിലും സ്റ്റുഡിയോയിൽ കൊണ്ടുപോയി പഠിപ്പിക്കണം.

1981ൽ അർജുനൻ മാസ്റ്ററുടെ 'അടിമച്ചങ്ങല' എന്ന ചിത്രത്തിൽ ആദ്യമായി കീബോർഡ് വായിപ്പിച്ചു. തുടർന്നുള്ള സിനിമകൾക്കും. പിന്നീട് പലരും റഹ്മാനെ വിളിച്ചു. അക്കാലത്ത് ജിംഗിൾസ് ചെയ്യും. അങ്ങനെയിരിക്കെ ഒരിക്കൽ റഹ്മാൻ ചെയ്ത ജിംഗിൾസ് മണിരത്നം കേട്ടു. അങ്ങനെയാണ് 'റോജ'യിലേക്ക് ക്ഷണിക്കുന്നത്. അതോടെ റഹ്മാനെന്ന പേര് എങ്ങും പരന്നു.

യേശുദാസിന് വേണ്ടി ആദ്യമായി പാട്ടിന് ഈണം നൽകിയതും അത് റിക്കോർഡ് ചെയ്തതും അർജുനൻ മാസ്റ്ററായിരുന്നു. യുവജനോത്സവത്തിൽ വിജയിയായ കൊച്ചു യേശുദാസിന് നാട്ടുകാർ സ്വീകരണം നൽകി. അന്ന് പൊൻകുന്നം ദാമോദരന്റെ പാട്ട് യേശുദാസിന് വേണ്ടി ഈണം ചെയ്യിക്കാൻ നാട്ടുകാർ തീരുമാനിച്ചു. അത് അവർ ഏൽപ്പിച്ചത് യേശുദാസിന്റെ അയൽവാസി കൂടിയായ അർജുനനെ ആയിരുന്നു. ഈ പാട്ട് റിക്കോർഡ് ചെയ്യുകയും ചെയ്തു. യേശുദാസിന്റെ സംഗീത വഴിയുടെ തുടക്കത്തിലും അദ്ദേഹം വഴി കാട്ടിയുടെ റോളിലുണ്ടായിരുന്നു.

നന്മയുടെ സംഗീതധാര

മുകേഷ്

നന്മകൾകൊണ്ട് ജ്വലിച്ചു നിൽക്കുന്ന ഒരു തലമുറയുടെ അവസാന കണ്ണികളിലൊരാളെയാണ് നമുക്കെല്ലാം നഷ്ടമായിരിക്കുന്നത്. അർജുനൻ മാമനും ജോയ്മോനും തമ്മിലുള്ള ആത്മബന്ധത്തിന് ഏതാണ്ട് എന്റെ ഓർമയോളം പഴക്കമുണ്ട്. നിറഞ്ഞ വാത്സല്യത്തോടെ 'ജോയ്മോനേ' യെന്ന് നീട്ടിവിളിച്ചിരുന്ന അദ്ദേഹം എനിക്ക് അർജുൻമാമനായിരുന്നു.

പാട്ടുകൾക്കു സംഗീതം ചിട്ടപ്പെടുത്തുന്നതും ട്രയൽ നോക്കുന്നതുമെല്ലാം കാളിദാസ കലാകേന്ദ്രം സ്ഥിതി ചെയ്യുന്ന ഞങ്ങളുടെ വീട്ടിൽ തന്നെയായിരുന്നു.

കുട്ടിക്കാലത്ത് ഞാനും പാട്ടുകേൾക്കാൻ അദ്ദേഹത്തിനൊപ്പം പോയിരിക്കാറുണ്ട്. അദ്ദേഹത്തിന്റെ വളർച്ച കണ്ടാണ് ഞാനും വളർന്നത്. മാഷിന്റെ സിനിമയിലേക്കുള്ള കാൽവെയ്പ് കാളിദാസ കലാകേന്ദ്രത്തിൽ നിന്നായിരുന്നുവെന്നു പറയാം. പാട്ടു റെക്കോർഡ് ചെയ്ത് പ്ലേ ചെയ്യുന്നതിനെകുറിച്ചൊന്നും ആർക്കും ഐഡിയ ഇല്ലാതിരുന്ന 1960 കാലത്തെ കഥയാണ്. അന്നൊക്കെ നാടകത്തിന്റെ കൂടെ ഓർക്കസ്ട്രയും പോയാണ് ഗാനരംഗങ്ങൾ അവതരിപ്പിക്കുന്നത്. ഓർക്കസ്ട്രയിൽ ആദ്യം ഹാർമോണിസ്റ്റായി വന്ന അദ്ദേഹം പിന്നീട് പൂർണ ചുമതല ഏറ്റെടുക്കുകയായിരുന്നു.

സംഗീതം, ജന്മസിദ്ധവും മുജ്ജന്മസുകൃതവുമാണെന്നൊക്കെ നമ്മൾ കേട്ടിട്ടുള്ളത് പലപ്പോഴും വിശ്വസിച്ചു പോകുന്നത് അദ്ദേഹത്തിന്റെ ഈണങ്ങൾ കേൾക്കുമ്പോഴാണ്. ആരാധനയോടെ മാത്രമേ അദ്ദേഹത്തെ നോക്കിയിട്ടുള്ളു. കലയിലൂടെ തിരിച്ചുതരുന്നതാകട്ടെ വാത്സല്യവും സ്നേഹവും നിറഞ്ഞ അനുഗ്രഹവും. എ.ആർ. റഹ്മാൻ തന്റെ ജീവിതത്തെ കുറിച്ച് എവിടെ പറഞ്ഞാലും അവിടെയെല്ലാം അർജുനൻ മാഷിനെ പരാമർശിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. അതെല്ലാം അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ മെച്ചമായാണ് ഞാൻ കാണുന്നത്. ശിഷ്യന് നൽകിയ ആ സ്നേഹത്തിന്റെ പ്രതിഫലനമെന്നും പറയാം.

ഇന്നേവരെ അദ്ദേഹം മുഖം കറുത്ത് ആരോടെങ്കിലും സംസാരിക്കുന്നതോ, ശബ്ദത്തിൽ സംസാരിക്കുന്നതോ കേട്ടിട്ടില്ല. ഗായകർക്ക് എല്ലാം വളരെ സാവകാശം പറഞ്ഞു മനസിലാക്കിക്കൊടുക്കുന്ന, വളരെ പതിഞ്ഞ ശബ്ദത്തിൽ മാത്രം സംസാരിക്കുന്ന ഒരു മനുഷ്യനെ അങ്ങനെവിടെയും കാണാനാവില്ല. അദ്ദേഹത്തിന്റെ സംഗീതവും നന്മയോടെയുള്ള പെരുമാറ്റവുമെല്ലാം കൊണ്ടു തന്നെ ഞങ്ങൾക്കെല്ലാവർക്കും പ്രിയപ്പെട്ട കുടുംബ സുഹൃത്തായി മാറിയതും പെട്ടെന്നായിരുന്നു. ഇവിടെ നിന്നു തന്നെ ദേവരാജൻമാഷിന്റെ നിരവധി ഗാനങ്ങൾക്ക് അദ്ദേഹം ഹാർമോണിയം വായിച്ചു.

ഒടുവിൽ ദേവരാജൻ മാഷിന് തിരക്കേറിയപ്പോൾ 'ഇനി നീ വേണം ഇവർക്കു ഗാനങ്ങളൊരുക്കാനെ'ന്നു പറഞ്ഞ് അർജുനൻ മാഷിനെ എന്റെ അച്ഛൻ ഒ. മാധവന്റെ സാന്നിധ്യത്തിൽ ഏൽപ്പിച്ചാണ് ദേവരാജൻ മാഷ് സിനിമയിൽ സജീവമാകുന്നത്. അർജുനൻ മാഷിന്റെ സംഗീതത്തെക്കുറിച്ച് മാഷിന് അത്രയ്ക്ക് ഉറപ്പുണ്ടായിരുന്നു. ദേവരാജൻ മാഷ് അങ്ങനെ ഒരാളെ കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ 100 ശതമാനവും വിശ്വസിക്കാമെന്നതിനാൽ അച്ഛനും ആ വലിയ ചുമതല മാഷിനെ ഏൽപിക്കുകയായിരുന്നു.

ദേവരാജൻ മാഷിന്റെ ആ സർട്ടിഫിക്കറ്റിന്റെ വില പിന്നീടുള്ള ഓരോ ഗാനത്തിലും അദ്ദേഹം തെളിയിച്ചു. ഗാനങ്ങളൊക്കെ ഹിറ്റായി തിളങ്ങി നിന്നിരുന്ന സമയത്ത് മാഷിനെ സിനിമയിലേക്കു നിർബന്ധിച്ച് അയച്ചതും അച്ഛനായിരുന്നു. സിനിമയിലെത്തിയ ശേഷം നാടകം പൂർണമായി വിട്ടുപോകാനുള്ള മടിയായിരുന്ന മാഷിനെ, നിനക്കു ഭാവി ജീവിതത്തിന് സിനിമയാണ് നല്ലതെന്നും ദേവരാജന്റെ വഴിയിലേക്ക് പോകാൻ സമയമായെന്നും ഉപദേശിച്ച് സൗഹൃദമായാണ് അച്ഛൻ യാത്രയാക്കിയത്. പിന്നീടിങ്ങോട്ടും കാളിദാസ കലാകേന്ദ്രത്തിന്റെ ഒരുപാടു നാടകങ്ങൾക്ക് അദ്ദേഹം സംഗീതം ചെയ്തതും ചരിത്രം.

ഞങ്ങളുടെ അടുത്ത നാടകത്തിന്റെ സംഗീതവും അദ്ദേഹത്തിനായി മാറ്റിവച്ചിരുന്നതാണ്. കൊവിഡ് ഭീഷണിയില്ലായിരുന്നെങ്കിൽ അതിപ്പോൾ റിഹേഴ്സൽ തുടങ്ങേണ്ട സമയമാണ്. കൊല്ലത്തിന്റെ ഏതു ഭാഗം വഴി പോയാലും ഞങ്ങളുടെ വീട്ടിൽ കയറാതെ, ഭക്ഷണം കഴിക്കാതെ പോകാറില്ലായിരുന്നു. ആ തലമുറയുടെ, നന്മയുടെ കണ്ണികളിലൊരാൾ പോയി. ഇനി ഒരിക്കലും അതുപോലൊരാളുണ്ടാവില്ല. ആ സ്നേഹ വാത്സല്യങ്ങൾ അനുഭവിച്ച് വളരാൻ കഴിഞ്ഞത് എന്റെ ഏറ്റവും വലിയ ഭാഗ്യമായി കാണുന്നു.

(തയാറാക്കിയത്: പി.ബി. ബിച്ചു)

കാലം ചേർത്തുവച്ച സംഗീതസൗഹൃദം

ശരത് ഉമയനല്ലൂർ

'ഇയ്ക്കാനായ് ജനിച്ചവൻ ഞാൻ...' ചട്ടമ്പിക്കല്യാണിയിലെ ഈ ഗാനം എം.കെ. അർജുനൻ എന്ന സംഗീത സംവിധായകനോടൊപ്പം ചേർന്നു നിൽക്കുന്നു എന്നത് മലയാള ചലച്ചിത്ര ഗാനശാഖയിലെ കൗതുകരമായ വസ്തുതയാകും. അവസരം തേടി ആരുടെയും പുറകെ പോയിട്ടില്ല. ഇടിച്ചു കയറാൻ ശ്രമിച്ചില്ല. പക്ഷേ കൈയിൽ കിട്ടിയ, ഈണമിട്ട പാട്ടുകളെല്ലാം ഹിറ്റുകളുടെ പട്ടികയിൽ. സംഗീത സംവിധായകനെന്ന നിലയിൽ എം.കെ. അർജുനനെന്ന പ്രതിഭയെ അടയാളപ്പെടുത്തലിന് ഇടം തികയാതെവരുന്നു. പറയുന്നത് മലയാളത്തിന്റെ സ്വന്തം ഗാനരചയിതാവും ചലച്ചിത്രസംവിധായകനും കവിയും തിരക്കഥാകൃത്തുമായ ശ്രീകുമാരൻ തമ്പി.

അദ്ദേഹത്തിന്റെ വാക്കുകൾ:

ഹാർമോണിസ്റ്റിൽ നിന്നു സംഗീത സംവിധായകനിലേക്കുള്ള യാത്ര തികച്ചും യാദൃച്ഛികം. ഒരു പക്ഷേ ദൈവം എന്നെ നിയോഗിച്ചതാകാം, അർജുനനിലെ പ്രതിഭയെ വെളിച്ചത്തു കൊണ്ടുവരാൻ. ഞങ്ങളുടെ കൂട്ടുകെട്ട് ഇതു വരെ ഏതാണ്ട് 300 ലേറെ പാട്ടുകൾ ചെയ്തു കാണും. അതിൽ പത്തോ, പതിനഞ്ചോ ഗാനങ്ങളൊഴിച്ചാൽ ഏതാണ്ടെല്ലാ പാട്ടുകളും ഇന്നും മലയാളിയുടെ മനസിലും ചുണ്ടിലും താളംപിടിക്കുന്നുണ്ട്.

മനുഷ്യനെന്ന നിലയിൽ അർജുനന്റെ സൗന്ദര്യം അദ്ദേഹത്തിന്റെ വിനയമായിരുന്നു. അവസരങ്ങൾക്കായി ഇടിച്ചുനിൽക്കാനോ പോയി കാലുപിടിക്കാനോ ലാളിത്യം കൈമുതലാക്കിയ മാഷിന് സാധിക്കില്ലായിരുന്നു. ഒരു പക്ഷേ ദൈവം എന്നെയായിരിക്കും അർജുനന് വേണ്ടി സംസാരിക്കാനും ഇടപെടാനും നിയോഗിച്ചത്.

റേഡിയോയിലൂടെയാണ് 'കറുത്ത പൗർണമി'യിലെ മാനത്തിൻ മുറ്റത്ത് എന്ന പാട്ട് കേൾക്കുന്നത്. ഞാൻ കരുതിയത് അത് ദേവരാജൻ മാഷിന്റേതാണെന്നാണ്. അന്നത്തെ കാലത്ത് ഗാനശില്പികളെക്കുറിച്ച് ആകാശവാണിയിൽ പറയില്ല. ഗായകന്റെ പേര് മാത്രം പറയും. മദ്രാസിൽ തിരിച്ചെത്തിയപ്പോൾ ആർ.കെ. ശേഖറിനോട് ആ ഗാനത്തെക്കുറിച്ച് പറഞ്ഞു. അപ്പോഴാണ് ആ ഗാനം കൊച്ചിക്കാരനായ, ദേവരാജൻ മാസ്റ്ററുടെ ഹാർമോണിസ്റ്റായ എം.കെ. അർജുനന്റേതാണെന്ന് അറിയുന്നത്. എനിക്ക് ആ സംഗീതസംവിധായകനൊപ്പം വർക്ക് ചെയ്യാൻ മോഹം തോന്നി.

ആദ്യ ചിത്രം കറുത്ത പൗർണമി പരാജയമായതു കൊണ്ടാവാം, ആരും പിന്നീട് വിളിച്ചില്ല.

അങ്ങനെ ഇരിക്കുമ്പോഴാണ് കെ.പി. കൊട്ടാരക്കര റെസ്റ്റ് ഹൗസ് എന്ന ചിത്രം പ്ലാൻ ചെയ്ത് പാട്ടെഴുതാൻ എന്നെ വിളിച്ചത്. സംഗീത പ്രധാനമായ ചിത്രമായതിനാൽ നല്ല സംഗീത സംവിധായകനേയും വേണം. ഞാൻ ആദ്യം ദക്ഷിണാമൂർത്തിയുടെ പേര് പറഞ്ഞു. കെ.പി. കൊട്ടാരക്കരയ്ക്ക് പിടിച്ചില്ല. മറ്റൊരു ഒരു മ്യൂസിക് ഡയറക്റ്ററെ കണ്ടെത്താനുള്ള ചുമതല കൊട്ടാരക്കര എന്നെ ഏൽപ്പിച്ചു. അങ്ങനെയാണ് ഞാനും ശേഖറും അർജുനന്റെ കാര്യം പറഞ്ഞത്. ഒരു പടം മാത്രം ചെയ്ത അർജുനനെ എങ്ങനെ സംഗീതം ഏൽപ്പിക്കും എന്നതായി കൊട്ടാരക്കര. ഒടുവിൽ എന്നിലുള്ള വിശ്വാസത്തിൽ അദ്ദേഹം സമ്മതിച്ചു. മാഷിനെ ചെന്നൈയിൽ എത്തിച്ചു. അങ്ങനെയാണ് എം.കെ. അർജുനൻ- ശ്രീകുമാരൻ തമ്പി ടീം പിറക്കുന്നത്.

'പൗർണമി ചന്ദ്രിക തൊട്ടു വിളിച്ചു' എന്ന പാട്ടായിരുന്നു ആദ്യം ചെയ്തത്. അതുകഴിഞ്ഞ് പാടാത്ത വീണയും പാടും, മുത്തിന് മുത്തായ മണിമുത്ത് കിട്ടി, യമുനേ യമുനേ യദുകുല രതിദേവനെവിടെ... എല്ലാ പാട്ടുകളും സൂപ്പർ ഹിറ്റായി. ഞാൻ വരിയെഴുതുമ്പോൾ അർജുനൻ ആ വരികൾ എന്നെക്കൊണ്ട് പാടിക്കും. ആ ഈണം അനുകരിക്കാതെ അതിൽ നിന്നുകൊണ്ടാണ് ട്യൂൺ ചെയ്തിരുന്നത്. പലപ്പോഴും ഈണത്തിൽ എന്റെ അഭിപ്രായങ്ങൾ അദ്ദേഹം മാനിച്ചിരുന്നു.

2017 ൽ ജയരാജിന്റെ 'ഭയാനകം' എന്ന ചിത്രത്തിലൂടെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും മികച്ച സംഗീത സംവിധായകനുള്ള പുരസ്കാരം അർജുനൻ മാസ്റ്ററെ തേടിയെത്തി. വൈകി വന്ന അംഗീകാരം. ഈ സിനിമയ്ക്ക് പാട്ടെഴുതിയത് ശ്രീകുമാരൻ തമ്പിയെന്നതു കാലംകാത്തു വച്ച യാദൃച്ഛികതയാകാം. നാടകങ്ങൾക്ക് സംഗീതമൊരുക്കിയതിന് 14 തവണ സംസ്ഥാന പുരസ്കാരം ലഭിച്ചെങ്കിലും സിനിമാ ഗാനങ്ങൾക്ക് കിട്ടിയിരുന്നില്ല. അതേ വർഷം തന്നെ ചലച്ചിത്ര രംഗത്തെ ഉന്നത പുരസ്കാരമായ ജെ.സി. ഡാനിയേൽ അവാർഡ് ശ്രീകുമാരൻ തമ്പി തേടിയെത്തിയെന്നതും കൗതുകം.

തമ്പിസാറിന്റെ പാട്ടുകളിൽ അർജുനൻ മാഷ് ഈണമിട്ടവയിൽ ഏറ്റവും ഇഷ്ടപ്പെട്ട പാട്ടേതെന്ന ചോദ്യത്തിന് നിറഞ്ഞ ചിരിയായിരുന്നു മറുപടി. ''ഏതാണ് ആദ്യം പറയേണ്ടതെന്നാണ് കൺഫ്യൂഷൻ. എല്ലാം പ്രിയപ്പെട്ടതു തന്നെ. എന്നാലും മുത്ത് കിലുങ്ങി മണി മുത്ത് കിലുങ്ങി, കസ്തൂരി മണക്കുന്നല്ലോ കാറ്റേ, ചന്ദ്രക്കല മാനത്ത്, കുയിലിന്റെ മണിനാദം കേട്ടു... നിര അങ്ങനെ നീളും. പക്ഷേ വരികളുടെ അർഥമറിഞ്ഞ് വാക്കിന്റെ ഉള്ളറിഞ്ഞ് അക്ഷര താളം വിടാതെയുള്ള സംഗീതം. അത് അർജുനൻ മാഷിന് നിർബന്ധമായിരുന്നു...'' - ശ്രീകുമാരൻ തമ്പിയുടെ സാക്ഷ്യം.

അനശ്വരസംഗീതം: മുഖ്യമന്ത്രി

തിരുവനന്തപുരം:നാടക-ചലച്ചിത്ര കലകളിലൂടെ മലയാളിക്ക് ലഭിച്ച അനശ്വര സംഗീത സംവിധായകനായിരുന്നു അർജുനൻ മാസ്റ്ററെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അംഗീകാരങ്ങളെ കുറിച്ച് ആലോചിക്കാതെ കലാസപര്യയിൽ മുഴുകിയ ജീവിതമായിരുന്നു അർജുനൻ മാസ്റ്ററുടേത്. പല തലമുറയിലെ ഗായകർ അദ്ദേഹത്തിന്റെ ഗാനങ്ങൾ ആലപിച്ചു. വളരെ വൈകിയാണ് അദ്ദേഹത്തിന് സംസ്ഥാന അവാർഡ് ലഭിച്ചത്. അപ്പോൾ അത് അദ്ദേഹം സ്വീകരിക്കുമോ എന്ന് ചിലർ സംശയം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഒരു പരാതിയും കൂടാതെ അദ്ദേഹം അത് സ്വീകരിച്ചു. ഏതു പുരസ്കാരം ലഭിക്കുന്നു, ഏതു പുരസ്കാരം ലഭിക്കുന്നില്ല എന്നതൊന്നും അദ്ദേഹത്തിന്റെ ചിന്തയിലേ ഉണ്ടായിരുന്നില്ല.

അർജുനൻ മാസ്റ്ററുടെ വിയോഗം സംഗീതലോകത്തിനു മാത്രമല്ല സമൂഹത്തിനാകെ നികത്താനാകാത്ത നഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

തത്തമ്മ പെണ്ണാളുടെ പ്രണയം കാണാതെ യാത്ര

സൂരജ് സജി

കൊച്ചി: ഒരു ഞായറാഴ്ച സംഗീത കുലപതി അർജുനൻ മാഷിന്റെ വീട്ടിലേക്ക് പോകുമ്പോൾ സംവിധായകൻ കുമാർ നന്ദയുടേയും ഗാന രചയിതാവ് രാജീവ് ആലുങ്കലിന്റേയും മനസിൽ ആശങ്കകൾ തളംകെട്ടി കിടപ്പുണ്ടായിരുന്നു. തന്റെ വരികൾ മാഷിന് കൈമാറി മടങ്ങുമ്പോഴും രാജീവിന്റെ മനസിലെ ആശങ്കയ്ക്ക് വിരാമമായില്ല. പിറ്റേ ഞായറാഴ്ചയ്ക്ക് മുൻപ് തന്നെ മാഷിന്റെ ഫോണെത്തി: 'ഞായറാഴ്ച വീട്ടിലേക്ക് വരു, ട്യൂൺ റെഡിയാക്കി വച്ചിട്ടുണ്ട്'.

ഇരുവരും കൂടി വീട്ടിലെത്തുമ്പോൾ ഒരു ഹാർമോണിയവും മേശപ്പുറത്ത് വച്ച് മാഷ് കാത്തിരിക്കുന്നുണ്ടായിരുന്നു. മനസിൽ കരുതിയ ആശങ്കകളുടെയും മിഥ്യാധാരണയുടേയും മഞ്ഞുപാളികൾ ഉരുകിയൊലിക്കുകയായിരുന്നു. സാധാരണ നിലയിൽ ഒരു പാട്ടിന് ട്യൂൺ റെഡിയാക്കാൻ സംഗീത സംവിധായകനെ ഏൽപ്പിച്ചാൽ ഒരെണ്ണമെങ്കിലും ചെയ്തു കിട്ടുന്നതിന് തന്നെപ്രയാസമാണ്. എന്നാൽ മാഷാകട്ടെ നൽകിയ രണ്ടു പാട്ടുകൾക്കും ഈരണ്ട് ട്യൂണുകൾ വീതം നൽകി. മാത്രമല്ല, അത് കലാഭവൻ സാബുവിനെ കൊണ്ട് പാടിച്ച് റൊക്കോർഡ് ചെയ്തു വെച്ചിരിക്കുന്നു. 'എനിക്ക് ഈ ട്യൂണുകൾ ഇഷ്ടപ്പെട്ടു, പക്ഷേ നിങ്ങൾക്കത് ഇഷ്ടപ്പെടണമെന്നില്ല, ഇഷ്ടപ്പെട്ടില്ലെങ്കിൽ വേറെ ട്യൂൺ റെഡിയാക്കാം.'

അർജുനൻ മാഷും രാജീവ് ആലുങ്കലും

ആ എളിമയ്ക്ക് മുൻപിൻ കുമാർ നന്ദയും രാജീവ് ആലുങ്കലും ശിരസു നമിച്ചു. മാഷിനോട് തന്നെ നല്ല ട്യൂൺ നിർദേശിക്കാൻ ആവശ്യപ്പെട്ടു. അന്ന് ആരും തന്നെ അറിഞ്ഞിരുന്നില്ല, മാഷ് ഈണം നൽകുന്ന അവസാന ഗാനമാകുമെന്ന്.

അർജുനൻ മാസ്റ്റർ അവസാനമായി സംഗീതം നൽകിയത് കുമാർ നന്ദ രചനയും സംവിധാനവും നിർവഹിച്ച വെള്ളാരം കുന്നിലെ വെള്ളിമീനുകൾ എന്ന ചിത്രത്തിലെ ഈ പാട്ടുകൾക്കാണ്. രാജീവ് ആലുങ്കൽ രചിച്ച മുത്താരം കുന്നത്തെ തത്തമ്മ പെണ്ണാളെ, എന്താണെന്നേ കണ്ണിൽ നാണം എന്ന പ്രണയഗാനത്തിനാണ് അവസാനമായി ഹാർമോണിയത്തിൽ ഈണമിട്ടത്.

ചിത്രീകരണം പൂർത്തീകരിച്ച ചിത്രം ഈ മാസം തീയറ്ററുകളിൽ എത്താനിരിക്കെയായിരുന്നു ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ഗാനങ്ങളുടെ ചിത്രീകരണം കാണണമെന്നാവശ്യപ്പെട്ട് കുമാർ നന്ദയെ ഏതാനും ആഴ്ചകൾക്ക് മുൻപ് മാഷ് വിളിച്ചിരുന്നു. ഗാനചിത്രീകരണത്തിന്റെ എഡിറ്റിങ് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നടക്കുന്നുണ്ടായിരുന്നു. ലോക്ക്ഡൗണിലേക്ക് കാര്യങ്ങൾ നീങ്ങിയതോടെ എഡിറ്റിങ് പാതി വഴിയിൽ മുടങ്ങി. അങ്ങനെ മാഷ് ഏറെ ആഗ്രഹിച്ച ആ ഗാനങ്ങളുടെ ദൃശ്യഭംഗി കാണാൻ കഴിയാതെ വിടപറയുകയായിരുന്നു.

ഞാൻ എഴുതിയ ഗാനത്തിന് മാസ്റ്റർ ഈണമിട്ട ആ ധന്യ മുഹൂർത്തം മറക്കുവാനാവില്ല. തലമുറകൾ കടന്നെത്തിയ ആ സംഗീത ഇതിഹാസത്തോടൊപ്പം കാൽ നൂറ്റാണ്ട് മുമ്പെ തന്നെ നാടകത്തിൽ ഗാനങ്ങൾ ഒരുക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും ആദ്യമായും അവസാനമായും ഒരു സിനിമയ്ക്ക് വേണ്ടി ഒത്തു കൂടാൻ സാധിച്ചത് നിയോഗമായും അനുഗ്രഹമായും കരുതുന്നു.
രാജീവ് ആലുങ്കൽ

”

എന്റെ രചനയിലും സംവിധാനത്തിലും പുറത്തിറങ്ങാനിരിക്കുന്ന വെള്ളാരം കുന്നിലെ വെള്ളിമീനുകൾക്ക് സംഗീതം പകരാൻ അർജുനൻ മാസ്റ്റർ എന്ന സംഗീത പ്രഭാമയനായ കലാകാരനെ തന്നെ ലഭിച്ചതിൽ ഏറെ സന്തോഷം തോന്നിയിട്ടുണ്ട്. ചിത്രീകരണ വേളയിലും മറ്റും എനിക്ക് ഏറെ ആത്മവിശ്വാസം നൽകുന്നതായിരുന്നു മാസ്റ്ററുടെ ഫോൺ കോളുകൾ.
കുമാർ നന്ദ, സംവിധായകൻ

കസ്തൂരി മണമുള്ള സംഗീതം: സ്പീക്കർ

കസ്തൂരി മണപ്പിച്ച അഭൗമ സംഗീതത്തിന്റെ സാന്നിധ്യം മാഞ്ഞുവെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. മലയാള സിനിമാഗാനരംഗത്തെ കസ്തൂരിമണമുള്ള ഗാനങ്ങളിലൂടെയും അസാധാരണമായ മെലഡികളിലൂടെയും ഗസൽ സംഗീതത്തിന്റെ സാന്നിധ്യം ഉറപ്പിച്ച അത്യപൂർവ പ്രതിഭയായിരുന്നു അർജുനൻ മാസ്റ്റർ.

1200 ലധികം നാടകങ്ങളുടെ സംഗീത സംവിധാനത്തിലൂടെ നാടകങ്ങളെ ജനകീയമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അദ്ഭുതകരവും അവിശ്വസനീയവുമാണ്. അർജുനൻ മാസ്റ്റർ, ശ്രീകുമാരൻ തമ്പി കൂട്ടുകെട്ട് സൃഷ്ടിച്ചിട്ടുള്ള അനുഭൂതിയുടെ ചക്രവാളങ്ങൾ ഒരിക്കലും കാലത്തിന് മായ്ക്കാൻ കഴിയാത്തതാണ്.

പാടാത്ത വീണകളെ പാടിപ്പിച്ച സംഗീതജ്ഞൻ: മന്ത്രി രവീന്ദ്രനാഥ്

തന്റെ ഗന്ധർവ്വ വിരലുകൾ കൊണ്ട് മലയാളികൾക്കായി സംഗീത സ്വർഗ്ഗങ്ങൾ തീർത്ത രാജശില്പിയുടെ വേർപാട് നികത്താനാവാത്തതാണ്. തിരുവോണ പുലരിതൻ, വാൽക്കണ്ണെഴുതി, പൗർണ്ണമി ചന്ദ്രിക, പാലരുവിക്കരയിൽ തുടങ്ങി 600 ൽ പരം ഹൃദയസ്പർശിയായ ഗാനങ്ങൾക്ക് ഈണം പകർന്ന് മനുഷ്യ മനസ്സുകളെ താളാത്മകമാക്കിയ സംഗീത ചക്രവർത്തിയാണ് അർജുനൻ മാസ്റ്റർ. അദ്ദേഹം സംഗീതം നല്കിയ വരികൾ പ്രഖ്യാപിക്കുന്നതു പോലെ പാടാത്ത വീണകളേയും പാടിപ്പിച്ച അനശ്വരനായ ഈ സംഗീതജ്ഞന്റെ വിയോഗത്തിൽ പങ്കു ചേരുന്നു.

നിത്യസുന്ദര ഗാനങ്ങളിലൂടെ ജീവിക്കും

എ.കെ. ബാലൻ, സാംസ്കാരിക മന്ത്രി

നിത്യസുന്ദരമായ നിരവധി ഗാനങ്ങൾ കേരളത്തിന് സമ്മാനിച്ച സംഗീത പ്രതിഭയാണ് എം.കെ. അർജുനൻ മാഷ്.

സാംസ്കാരിക വകുപ്പിന്റെ മന്ത്രിയായി ചുമതലയേറ്റശേഷം അർജുനൻ മാഷെ എറണാകുളത്തെ വീട്ടിൽ പോയി കണ്ടിരുന്നു. പിന്നീട് 84-ാം പിറന്നാൾ സമയത്ത് നേരിട്ടുവിളിച്ച് ആശംസകൾ അറിയിക്കുകയും ചെയ്തിരുന്നു. എറണാകുളം വഴി പോകുമ്പോൾ കാണണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

അതിന് കഴിഞ്ഞില്ല. മാനത്തിൻ മുറ്റത്ത് മഴവില്ലാലഴകെട്ടും എന്ന ഗാനത്തിൽ തുടങ്ങി പാടാത്ത വീണയും പാടും, പൗർണമിചന്ദ്രിക തൊട്ടുവിളിച്ചു, നീലക്കുട നിവർത്തി, നിന്മണിയറയിലെ, നീലനിശീഥിനി, മുത്തുകിലുങ്ങി, പാലരുവിക്കരയിൽ, കുയിലിന്റെ മണിനാദം കേട്ടു, കസ്തൂരി മണക്കുന്നല്ലോ തുടങ്ങി നിരവധി മനോഹര ഗാനങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ സംഗീതം മെലഡിക്ക് വലിയ പ്രാധാന്യം നൽകിയതാണ്. അദ്ദേഹത്തിന്റെ സംഭാവനകൾ കേരളം എക്കാലവും ഓർക്കും.

എം.കെ. അർജുനൻ മാസ്റ്ററുടെ എൺപത്തിനാലാം ജന്മദിനമായ മാർച്ച് ഒന്നിന് കാളിദാസ കലാകേന്ദ്രത്തിനു വേണ്ടി കാലടി സംസ്കൃത സർവകലാശാല മുൻ വിസിയും പിഎസ്‌സി മുൻ ചെയർമാനുമായ ഡോ. കെ. എസ്. രാധാകൃഷ്ണൻ അദ്ദേഹത്തെ പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ. സിഐസിസി ജയചന്ദ്രൻ, എറണാകുളം കരയോഗം സെക്രട്ടറി രാമചന്ദ്രൻ (വേണു), സി.ജി. രാജഗോപാൽ (മുത്തു) എന്നിവർ സമീപം.

മറക്കാൻ കഴിയാത്ത പ്രതിഭ : ഡോ.കെ. എസ്.രാധാകൃഷ്ണൻ

കൊച്ചി: കസ്തൂരി മണത്തും വെള്ളി മണി കിലുക്കിയും മലയാളിയെ പുളകം കൊള്ളിച്ച അർജ്ജുനൻ മാഷ്, മലയാളിക്ക് മറക്കാൻ കഴിയാത്ത ഒട്ടേറെ പാട്ടുകൾ സമ്മാനിച്ച അതുല്യ സംഗീത പ്രതിഭയാണെന്ന് ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ ഡോ.കെ. എസ്.രാധാകൃഷ്ണൻ. ദക്ഷിണാമൂർത്തി, രാഘവൻ, ബാബുരാജ്, ദേവരാജൻ എന്നീ മഹാമതികൾ നിറഞ്ഞു പാടി നിന്ന കാലത്താണ് മാഷ് അരങ്ങിലെത്തിയത്. അവരെക്കാൾ ഒട്ടും ചെറുതല്ല താനെന്ന് എല്ലാവരെയും ബോധ്യപ്പെടുത്തിക്കൊണ്ടാണ് ഈ ചെറിയ മനുഷ്യൻ അരങ്ങ് ഒഴിഞ്ഞത്. മരിക്കാത്ത പാട്ടുകളും മറക്കാൻ കഴിയാത്ത വാത്സല്യവും മാഷ് എനിക്ക് നൽകിയിട്ടുണ്ട്. ഈ അർജ്ജുന വീര്യത്തിന് മുമ്പിൽ സാദരപ്രണാമം അർപ്പിക്കുന്നു, ഡോ. കെ.എസ്.രാധാകൃഷ്ണൻ അനുസ്മരിച്ചു.

തൊട്ടുവിളിച്ച പൗർണമി ചന്ദ്രിക

ആർ. ഗോപീകൃഷ്ണൻ

സംഗീത വഴികളിലൂടെ യോഗി തുല്യമായ നിസംഗതയോടെ നീങ്ങിയ ഏകാന്ത സഞ്ചാരി കൊവിഡ് കാലത്തെ വിജനതയിൽ അന്ത്യയാത്രയാകുമ്പോൾ ചെമ്പക നിറമാർന്ന ഗാനശീലുകളുടെ ഓർമകൾ നിറയുന്നു. കേരളക്കരയുടെ ലാളിത്യവും ശാലീനതയും തുളുമ്പുന്ന ഈണങ്ങൾ കൊണ്ട് മലയാള സിനിമാ ലോകത്തിന് ഭാവ സാന്ദ്രത നൽകിയ സംഗീതശില്പിയായിരുന്നു എം.കെ. അർജുനൻ.

പന്ത്രണ്ടു വർഷങ്ങൾക്കു മുൻപ് പള്ളുരുത്തിയിലെ പാർവതീ മന്ദിരത്തിലെത്തുമ്പോൾ, അതുവരെ അകലെ നിന്ന് ആദരവോടെ മാത്രം കണ്ടിരുന്ന അദ്ദേഹം, തേടി വരാൻ അധികം പേരില്ലാത്ത വനവാസകാലത്തായിരുന്നു. റസ്റ്റ് ഹൗസിലെ പ്രണയാർദ്ര ഗാനങ്ങൾ കേട്ട കാലം മുതൽ തുടങ്ങിയ ആരാധന. യൗവനകാലത്തെ സുരഭിലമാക്കിയ പല്ലവികൾ എത്രയോ ! എന്നാൽ എൺപതുകളുടെ തുടക്കത്തിൽ തന്നെ എങ്ങനെയോ തുടങ്ങിയ അവരോഹണത്തിൽ ആരോടും പരിഭവിക്കാതെ അദ്ദേഹം സിനിമാലോകത്തു നിന്ന് സ്വയം ഒതുങ്ങി മാറി. തൊണ്ണൂറുകളിൽ തീർത്തും അപ്രത്യക്ഷനായി.

വർഷങ്ങൾക്കു ശേഷം കണ്ടപ്പോൾ അദ്ദേഹത്തിനു മുന്നിൽ വയ്ക്കാൻ ഒരു നിവേദനമേ ഉണ്ടായിരുന്നുള്ളൂ. ' മാഷിനെ ആദരിക്കാൻ ആഗ്രഹിക്കുന്നു. എസ്.പി. ബാലസുബ്രഹ്മണ്യവും സമ്മതം അറിയിച്ചിട്ടുണ്ട്. ഇനി മാഷ് പറയണം.'

ആ കണ്ണുകൾ ക്ഷണനേരം തിളങ്ങി. നിമിഷങ്ങൾ നീണ്ട മൗനം. എന്നിട്ട് സ്വതസിദ്ധമായ ശാന്തതയോടെ വിനയാന്വിതനായി പറഞ്ഞു: ' അത്ര വലിയ ആദരം ലഭിച്ചില്ലെങ്കിൽ പോലും അങ്ങനെ പറഞ്ഞതു തന്നെ വലിയ ആദരമായി ഞാൻ കാണുന്നു. എന്നെ ആദരിക്കാൻ അവരൊക്കെ വരുമോ?'

എസ്.പി.ബി. വന്നു. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ വന്നു. നഗരഹൃദയത്തിലൂടെ സംഗീതമൊഴുകി. പിന്നീട് കാണുമ്പോഴെല്ലാം സ്നേഹത്തോടെ ആ സന്ധ്യയെക്കുറിച്ച് സംസാരിക്കുമായിരുന്നു. ഈണമിട്ട വരികളിലെ മാധുര്യത്തെ കുറിച്ച് സംസാരിക്കുമ്പോഴെല്ലാം അനുഭവങ്ങളിലെ കയ്പുനീരിനെ അതിജീവിച്ചത് എങ്ങനെയെന്ന് പറയാതെ പറയും. അവഗണനയുടെ ആഴങ്ങളറിഞ്ഞ ജീവിതത്തെ പരാതികളില്ലാതെ കൊണ്ടുപോയത് എങ്ങനെയെന്നും.

ദാരിദ്ര്യത്തിന്റെ നിഴൽ പടർന്ന ബാല്യം. ഫോർട്ട് കൊച്ചി ചിരട്ടപ്പാലം മാളിയേക്കൽ വീട്ടിലെ കൊച്ചുകുഞ്ഞ്, പാർവതി ദമ്പതികളുടെ ഇളയ മകൻ. താമരപ്പറമ്പ് യുപി സ്കൂളിൽ രണ്ടാംതരത്തിൽ അവസാനിച്ചതാണ് പഠനം. തുടർന്ന്, വീട്ടിലെ ബുദ്ധിമുട്ടറിഞ്ഞ രാമൻ വൈദ്യരുടെ നിർദേശപ്രകാരം ജ്യേഷ്ഠൻ പ്രഭാകരന്റെ കൈ പിടിച്ച് പഴനിയിൽ ജീവകാരുണ്യാനന്ദ ആശ്രമത്തിൽ അന്തേവാസിയായി. സന്ധ്യയ്ക്ക് ഭജന പാടുമ്പോഴത്തെ ആലാപനഭംഗി തിരിച്ചറിഞ്ഞ ആശ്രമാധിപൻ നാരായണസ്വാമി ഈ സഹോദരന്മാരെ അണ്ണാമലൈ സർവകലാശാലയിലെ സംഗീതാധ്യാപകൻ കുമാരയ്യാപിള്ളയുടെ ശിക്ഷണത്തിലാക്കി.

ഏഴുകൊല്ലത്തെ സംഗീത പഠനം കഴിഞ്ഞ് കൊച്ചിയിലേക്കു മടക്കം. കൊച്ചു കൊച്ചു ജോലികൾ. ചില നാടകശാലകൾക്കു സംഗീതം. വഴിത്തിരിവായത് കൊല്ലം

കാളിദാസകലാകേന്ദ്രവും ദേവരാജൻ മാസ്റ്ററും. അൻപതുകളുടെ അവസാനം. കാളിദാസകലാകേന്ദ്രത്തിന് സ്ഥിരം ഹാർമോണിസ്റ്റിനെ വേണം. ദേവരാജന് ഇഷ്ടമായി. അദ്ദേഹത്തിന് നാടകത്തിലും സിനിമയിലും തിരക്കിന്റെ കാലം. ദേവരാജന്റെ ഹാർമോണിസ്റ്റായതോടെ അകലെ സിനിമയുടെ ചക്രവാളം തെളിഞ്ഞു.

സിനിമയിലെ ഗാനങ്ങൾ പോലെ അവയിലെ കൂട്ടുകെട്ടുകളും പ്രേക്ഷകന് പ്രിയമായിരുന്നു. പി. ഭാസ്കരൻ - ബാബുരാജ്, ഭാസ്കരൻ - കെ. രാഘവൻ, വയലാർ - ദേവരാജൻ എന്നിങ്ങനെ. അവർക്കൊപ്പം ശ്രീകുമാരൻ തമ്പി - എം.കെ.അർജുനൻ എന്ന് എഴുതിച്ചേർക്കാനായതോടെ സിനിമാ സംഗീതത്തിന്റെ പുഷ്കലഘട്ടമാകുന്നു. കറുത്ത പൗർണമിയിൽ തുടങ്ങിയ അർജന സംഗീതത്തിന് മലയാള മനസിൽ ഇടം നൽകിയ ഗാനങ്ങൾ ചേർത്തെടുത്താൽ അവയുടെ ആർദ്രത എത്ര അഗാധവും മധുരവുമായിരുന്നുവെന്ന് തിരിച്ചറിയാം. അവയിൽത്തന്നെ തമ്പിയുടെ വരികളാണ് അർജുന സംഗീതം വിടർത്തിയത്. അത് രണ്ടു വർഷം മുൻപ് ആദ്യത്തെ സംസ്ഥാന അവാർഡിൽ എത്തിയത് കാലത്തിന്റെ കാവ്യനീതി.

യേശുദാസും ജയചന്ദ്രനും ജാനകിയും സുശീലയും മാത്രമല്ല, ചിത്രയും സുജാതയും ഉണ്ണിമേനോനും വേണുഗോപാലുമെല്ലാം അദ്ദേഹത്തിന്റെ ഈണങ്ങൾക്ക് ഭാവം പകർന്നിട്ടുണ്ട്. അവരോടെല്ലാം വാത്സല്യപൂർണമായ സമീപനമാണ് അദ്ദേഹം പുലർത്തിയിരുന്നത്. അതുപോലെ മറ്റൊരു വാത്സല്യഭാജനമാണ് എ.ആർ.റഹ്മാൻ. ആർ.കെ. ശേഖറുമായുള്ള ഊഷ്മള സ്നേഹത്തിന്റെ തുടർച്ച. റഹ്മാനെയും സഹോദരിമാരെയും അജയനെയും അനിലിനെയും പോലെ തന്നെ കരുതുന്നു.

ആയിരക്കണക്കിന് നാടകഗാനങ്ങളും മാറ്റായി മാറിയ ഒട്ടനവധി സിനിമാ ഗാനങ്ങളും ചിട്ടപ്പെടുത്തി നിശബ്ദനായി നടന്നു പോകുന്നതിനിടയിൽ സംഗീത സംവിധായകരെയും ഗായകരെയും കൈ പിടിച്ചുയർത്തുകയും അവരുടെ ഉയർച്ചയിൽ ആനന്ദിക്കുകയും ചെയ്തു അദ്ദേഹം. അതൊന്നും വാചാലമായി പ്രകടിപ്പിക്കുന്നതിൽ അർജുനൻ മാസ്റ്റർ വിശ്വസിച്ചില്ല. അതെല്ലാം പൗർണമിച്ചന്ദ്രികയായി അവരെ എന്നും പുൽകിക്കൊള്ളുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരിക്കാം.

പലഹാരം വിറ്റു നടന്ന രണ്ടാം ക്ളാസുകാരൻ പാട്ടിന്റെ ചക്രവർത്തിയായി

1936 ഓഗസ്റ്റ് 25ന് ഫോർട്ടുകൊച്ചിയിലെ ചിരട്ടപ്പാലത്ത് കൊച്ചുകുഞ്ഞിന്റെയും പാറുവിന്റെയും പതിനാലു മക്കളിൽ ഏറ്റവും ഇളയവനായിട്ടായിരുന്നു എം.കെ അർജ്ജുനൻ എന്ന അർജ്ജുനൻ മാഷിന്റെ ജനനം.

അർജ്ജുനന് ആറുമാസം മാത്രം പ്രായമുള്ളപ്പോഴാണ് അച്ഛൻ മരിക്കുന്നത്. ജീവിക്കാൻ മറ്റുവഴികളില്ലാതെ വന്നതോടെ മക്കളെ വളർത്താൻ അമ്മ പണിക്കുപോയിത്തുടങ്ങി. അമ്മയുടെ കഷ്ടപ്പാടുകൾക്ക് കൂട്ടായി രണ്ടാം ക്ലാസ്സിൽ അർജ്ജുനൻ പഠനം നിർത്തി. പലഹാരമുണ്ടാക്കി കൊണ്ടുനടന്നു വിറ്റും വീടുകളിൽ ജോലിക്കു നിന്നും, ചുമട് എടുത്തും, കൂലിപ്പണി ചെയ്തും അർജ്ജുനൻ കുടുംബത്തിന് താങ്ങായി.

അന്ന് ഫോർട്ട് കൊച്ചിയിലുണ്ടായിരുന്ന രാമൻവൈദ്യൻ എന്നൊരു സാമൂഹികപ്രവർത്തകനാണ് അർജ്ജുനന്റെ ജീവിതത്തിലേക്ക് സഹായ ഹസ്തവുമായെത്തിയത്. പഴനിയിലെ ഒരു ആശ്രമത്തിന്റെ അനാഥാലയത്തിലേക്ക് അർജ്ജുനനെയും ജ്യേഷ്ഠൻ പ്രഭാകരനെയും രാമൻവൈദ്യൻ കൂട്ടി കൊണ്ടുപോയി. അർജ്ജുനൻ മാസ്റ്ററുടെ ജീവിതം മാറുന്നത് ഇവിടെ നിന്നാണ്

നാരായണസ്വാമി എന്നൊരാളുടെതായിരുന്നു ആ ആശ്രമം. ആശ്രമത്തിൽ എല്ലാ ദിവസവും ഭജനയുണ്ട്. അർജ്ജുനനനും പ്രഭാകരനും ഭജനയിലെ പാട്ടുകൾ പാടുന്നത് കണ്ടതോടെ കുട്ടികളുടെ സംഗീതവാസന മനസ്സിലാക്കിയ നാരായണസ്വാമി അവർക്കുവേണ്ടി ഒരു സംഗീതാധ്യാപകനെ ഏർപ്പാടാക്കി. ഇരുവരും അവിടെ ഏഴുവർഷം സംഗീതത്തോടൊപ്പം ജീവിച്ചു.

പിന്നെ തിരികെ കൊച്ചിയിലേക്ക് .സംഗീതം കൈവശമുള്ളതുകൊണ്ട് സംഗീതകച്ചേരികൾ നടത്തിയും കൂലിപ്പണി എടുത്തും ഇടയ്ക്കു ഒരു സായിപ്പിന്റെ ബംഗ്ലാവിൽ കാവൽക്കാരനായും ജീവിതം മുന്നോട്ടുപോയി. അപ്പോഴും സംഗീത പഠനം അദ്ദേഹം കൈവിട്ടിരുന്നില്ല. പല ഗുരുക്കൻമാരിൽ നിന്നും തബലയും വായ്പ്പാട്ടും ഹാർണമോണിയവും അഭ്യസിച്ചു.

ഹാർമോണിയം വായന പിന്നീട് ഉപജീവന മാർഗമാക്കി മാറ്റി. കൊച്ചുനാടക ട്രൂപ്പുകൾക്കു വേണ്ടി വായിച്ചു തുടങ്ങി പിന്നീട് കോഴിക്കോട് നിന്നുള്ള 'കലാകൗമുദി ട്രൂപ്പ് ഒരു നാടകത്തിനു ഈണം നൽകാൻ ക്ഷണിച്ചതോടെയാണ് അർജ്ജുനൻ മാഷിലെ സംഗീത സംവിധായകൻ ജനിച്ചത്. ആ ഗാനം ജനങ്ങൾ ഏറ്റെടുത്തതോടെ കൂടുതൽ അവസരങ്ങൾ തേടിയെത്തി. നിരവധി നാടകങ്ങൾക്ക് ഈണം പകർന്നു.

നാടകകാലത്ത് ദേവരാജൻ മാസ്റ്ററെ പരിചയപ്പെട്ടതാണ് അർജ്ജുനൻ മാസ്റ്ററുടെ ജീവിതത്തിലെ രണ്ടാമത്തെ വഴിത്തിരിവ്.

ദേവരാജൻ മാഷിനു വേണ്ടി നിരവധി ഗാനങ്ങൾക്ക് ഹാർമോണിയം വായിച്ചു. 1968 ൽ 'കറുത്ത പൗർണമി എന്ന ചിത്രത്തിലെ അഞ്ചു ഗാനങ്ങളിലൂടെ മലയാള സിനിമാ സംഗീതലോകത്തേക്ക് അർജ്ജുനൻ മാഷ് എത്തി. പി. ഭാസ്കരന്റെ വരികൾക്ക് എം.കെ. അർജ്ജുനൻ ഈണം നൽകി അങ്ങനെ മലയാളിയുടെ അർജുൻമാഷ് ജനിച്ചു. പിന്നെ ശ്രീകുമാരൻ തമ്പിയുമായി പരിചയം ഇരുവരും ചേർന്ന് നിരവധി അവിസ്മരണീയ ഗാനങ്ങൾ ശ്രീകുമാരൻ തമ്പി രചിച്ചു.

പള്ളുരുത്തിയിലെ പാർവതീ മന്ദിരം എന്ന വീട്ടിലായിരുന്നു താമസം.1964ൽ ആയിരുന്നു അർജ്ജുനൻ മാഷിന്റെ വിവാഹം. ഭാര്യ: ഭാരതി. മക്കൾ: അശോകൻ, രേഖ, നിമ്മി, ശ്രീകല, അനിൽകുമാർ. മരുമക്കൾ: സുഗന്ധി, മോഹനൻ, അംബുജാക്ഷൻ, ഷൈൻ, റാണി. ചെറുമകൻ മിഥിൻ ചെന്നൈയിൽ കീബോർഡിസ്റ്റാണ്.

അശോകൻ

ചേർത്തല: തണ്ണീർമുക്കം പഞ്ചായത്ത് രണ്ടാം വാർഡ് വാരനാട് കുറ്റിക്കാട്ട് അശോകൻ (59) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ഷൈലമ്മ. മക്കൾ: അജിഷാ, അഞ്ജു. മരുമകൻ :പ്രതാപൻ.

ടി.ബേബി

വെള്ളറട: പെരുങ്കടവിള അയിരൂർ കൊള്ളവിളാകം വീട്ടിൽ രാമൻകുട്ടിയുടെ ഭാര്യ ടി.ബേബി (63) അന്തരിച്ചു. ,പ്രതീപ്. മ്മറുമക്കൾ സിന്ധു, ഷീബ.

മറിയക്കുട്ടി

കൂത്താട്ടുകുളം: കരിമ്പന പൂച്ചാലിൽ പരേതനായ പി.ടി. തോമസിന്റെ ഭാര്യ മറിയക്കുട്ടി (94) അന്തരിച്ചു. സംസ്കാരം നടത്തി. കൊല്ലപ്പിള്ളി തെങ്ങുംപള്ളിൽ കുടുംബാംഗമാണ്. മക്കൾ: ബീബി, ബേബി, എൽസി. മരുമക്കൾ: ജോയി, എൽസമ്മ, ജോർജ്.

കുഞ്ഞുമുഹമ്മദ്

ഏലൂർ: കിഴക്കുംഭാഗം കൂട്ടുങ്ങൽ വീട്ടിൽ പരേതനായ അഹമ്മദിന്റെ മകൻ കുഞ്ഞുമുഹമ്മദ് (92) അന്തരിച്ചു. ഭാര്യ: പരേതയായ പാത്തുമ്മ. മക്കൾ: അബ്ദുൽ കരീം, നബീസ, സുഹ്റ, അലി, അബൂബക്കർ (കെഎസ്ഇബി), അഷറഫ് (സൗദി). മരുമക്കൾ: സുഹ്റ, അബ്ദുറഹ്മാൻ, മൂസ, റഹ്മത്ത്, സെൽമത്ത്, റിംസി. ഖബറടക്കം ഏലൂർ മഹല്ല് ഖബർസ്ഥാനിൽ നടത്തി.

പൊടിച്ചി

അടൂർ:പുതുശേരിഭാഗം പുലിമല ചരുവിളയിൽ പരേതനായ പൊടിയന്റെ ഭാര്യ പൊടിച്ചി (74) അന്തരിച്ചു. സംസ്കാരം നടത്തി. മകൾ: തങ്കമണി. മരുമകൻ:പരേതനായ സോമൻ.

അബ്ദുൽ

മാള: അഷ്ടമിച്ചിറ മാരേക്കാട് മഞ്ഞളിവളപ്പിൽ മുഹമ്മദ് മകൻ അബ്ദുൽ (60) അന്തരിച്ചു. ഭാര്യ: താഹിറ. മക്കൾ: ഷഫീഖ്, ഫഹനാസ്, ഷാ, ദിയ. മരുമക്കൾ: സലീം, ഷമീർ, സനീന.

എൻ. എക്സ്. പോൾ

പെരുംമ്പടപ്പ്: പെരുംമ്പടപ്പ് ന്യൂ റ്റിക്കാട്ട് (മൈലന്തറ) എൻ. എക്സ്. പോൾ (86) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ട്രീസ പോൾ ഫോർട്ട് കൊച്ചി ചിറ്റിലപ്പള്ളി കുടുംബാംഗം. മക്കൾ: വീന പോൾ, വിൻസി പോൾ, പരേതയായ വത്സ്യ പോൾ. മരുമക്കൾ: സന്തോഷ് കൊച്ചു പറമ്പിൽ.

വി.പി സന്ധ്യ

നെയ്യാറ്റിൻകര: ഓലത്താന്നി തോട്ടം ചന്ദ്രോദയത്തിൽ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻ വിപിൻകുമാറിന്റെ ഭാര്യ വി.പി സന്ധ്യ (കേരളം സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് ഉദ്യോഗസ്ഥ 47) അന്തരിച്ചു. മക്കൾ: ചന്ദന കൃഷ്ണ, ഗൗരിനന്ദന.

വിജയൻ

വൈപ്പിൻ: ഞാറക്കൽ കണ്ടത്തിപ്പറമ്പിൽ വിജയൻ (71) അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: വിജേഷ്, വിജി, ഷൈനി. മരുമക്കൾ: സബിത, സുനിൽ, ഗിരീഷ്.

ശോശാമ്മ

തോട്ടഭാഗം:കുന്നേൽ ഗ്രേസ് വില്ലയിൽ പരേതനായ എം.എ. വർഗീസിന്റെ ഭാര്യ ശോശാമ്മ (91) അന്തരിച്ചു.

മംഗല തമ്പുരാട്ടി

പന്തളം:ഉപാസനയിൽ (കോയിക്കൽ തെക്കേതിൽ) പരേതനായ പ്രഫ. എൻ.എൻ. പോറ്റിയുടെ ഭാര്യ പന്തളം തോട്ടക്കോണം ഗവ. എച്ച്എസ് റിട്ട. പ്രധാന അധ്യാപിക മംഗല തമ്പുരാട്ടി (84) അന്തരിച്ചു.

സരോജിനി

വടക്കാഞ്ചേരി: പാത്രാമംഗലം തെക്കേതിൽ ഗണപതി ആശാരിയുടെ ഭാര്യ സരോജിനി (83) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: മോഹനൻ, വത്സല, നാരായണൻ, ബാബു, ശ്രീജ, പരേതനായ രാമചന്ദ്രൻ. മരുമക്കൾ: വാസന്തി, സുജാത, സുബ്രമണ്യൻ, റീന, മഹേശ്വരി, സുരേഷ്.

കെ.സി. രാധ

ചേർത്തല: പട്ടണക്കാട് പഞ്ചായത്ത് 15-ാം വാർഡിൽ കടക്കരപ്പള്ളി ശ്രീരേഖയിൽ കണ്ടമംഗലം ഹൈസ്കൂളിലെ റിട്ട. ഹെഡ്മാസ്റ്റർ പരേതനായ ദാമോദരന്റെ ഭാര്യ കെ.സി. രാധ (84-റിട്ട. എച്ച്എം കണ്ടമംഗലം) അന്തരിച്ചു. മക്കൾ: രേഖ (റിട്ട. എൽഐസി), ബിന്ദു (റിട്ട എച്ച്എം ശ്രീകണ്ഠേശ്വരം എച്ച്എസ്, പൂച്ചാക്കൽ), മായ. മരുമക്കൾ: ഓമനക്കുട്ടൻ (റിട്ട. വിൽപ്പന നികുതി ഓഫീസ്), വിക്രമൻ(റിട്ട. അധ്യാപകൻ, എച്ച്എസ്എസ്, ശ്രീകണ്ഠേശ്വരം, പൂച്ചാക്കൽ), എം.പി. സന്തോഷ്കുമാർ (റിട്ട. ഓഫീസർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ഏലൂർ).

ഇ. മാണി

പാറശാല: അമരവിള കീഴ്ക്കൊല്ല മനു കോട്ടേജിൽ ഇ. മാണി (റിട്ട.കെഎസ്ഇബി ഓവർസിയർ-68) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി. മക്കൾ: മനു സാം, ഷമ്മി സാം. മരുമക്കൾ: കാവേരി, അജേഷ്കുമാർ.

മറിയാമ്മ

മാരാമൺ: പാലക്കുന്നത്ത് കൗങ്ങേലിൽ (റിവർ വ്യൂ) പരേതനായ പി.ടി. ജോർജിന്റെ ഭാര്യ മറിയാമ്മ (94) അന്തരിച്ചു. സംസ്കാരം നടത്തി. തിരുവല്ല ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ കുടുംബാംഗമാണ്.



അബ്ദുൽ ഖലാം

പെരുമാതുറ: മാടൻവിള ക്ഷേത്രത്തിന് സമീപം കളിയിൽ വീട്ടിൽ അബ്ദുൽ ഖലാം (91) അന്തരിച്ചു. ഭാര്യ: ഖലീല. മക്കൾ: നിസ, പരേതനായ നൗഷാദ്, നിഷാദ്, നിസാർ, നജീമ, നിസാം. മരുമക്കൾ: നാദിർഷ, നജീമ, ഷീബ, സലീജ, ബാദ്ഷാ, ഷെറീന. കബറടക്കം പെരുമാതുറ വലിയപള്ളി ഖബർസ്ഥാനിൽ നടന്നു.

ശാരദ

ചേർത്തല: കട്ടച്ചിറ മായാ നാരായണ ക്ഷേത്രം സ്ഥാപക തണ്ണീർമുക്കം പഞ്ചായത്ത് നാലാം വാർഡ് തുരുത്തിക്കുളങ്ങര പരേതനായ തങ്കപ്പന്റെ ഭാര്യ ശാരദ (80) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: അശോകൻ, പുരന്ദരദാസ്. മരുമക്കൾ: ഷൈല, മിനി.

അമ്മിണി

വി.ആർ.പുരം: പരേതനായ പൂക്കോടൻ ചാത്തൻ ഭാര്യ അമ്മിണി (75) അന്തരിച്ചു. സംസ്ക്കാരം ഇന്ന് വൈക്കീട്ട് 5 മണിക്ക് ചാലക്കുടി മുനിസിപ്പൽ ക്രിമിറ്റോറിയത്തിൽ. മക്കൾ മണിക്കുട്ടൻ, അനിത, ആനന്ദൻ, അജിത. മരുമകൻ ഉണ്ണികൃഷ്ണൻ.

മാധവിഅമ്മ

കോക്കല്ലൂർ: കാറലാപ്പൊയിലിലെ തേവർ കണ്ടി മാധവിഅമ്മ (95) അന്തരിച്ചു. മക്കൾ: മാധവൻ നായർ, കുട്ടി നാരായണൻ നായർ, ചിരുതേയിക്കുട്ടി അമ്മ, ജാനകി അമ്മ, കാർത്യായനി അമ്മ, പരേതനായ ഭാസ്കരൻ നായർ. മരുമക്കൾ: നളിനി, പത്മിനി, പത്മിനി, ഗോപാലൻ നായർ, പരേതരായ കേളുക്കുട്ടി നായർ, രാഘവൻ നായർ.

എൻ. കെ. സലിം

പറവൂർ: വാണിയക്കാട് നെല്ലിപ്പിള്ളിയിൽ പരേതനായ കുമാരൻ മകൻ എൻ.കെ. സലീം (64) അന്തരിച്ചു. പറവൂർ നഗരസഭ വാർഡ് 13 കോൺഗ്രസ് കൗൺസിലറായിരുന്നു. 2005-10 കാലയളവിൽ നന്തിക്കുളങ്ങരയിൽ നിന്നുമാണ് കൗൺസിലറായി തെരഞ്ഞെടുത്തത്. കോൺഗ്രസ് പറവൂർ ബ്ലോക്ക് സെക്രട്ടറിയാണ്. ഭാര്യ: സുനഭ. മക്കൾ: സനിൽ കുമാർ, സജിത്ത് കുമാർ. മരുമകൾ: അമ്പിളി സനിൽകുമാർ. ചെറുമകൻ. അശ്വിൻ. സംസ്ക്കാരം തോന്നിയക്കാവ് ശ്മശാനത്തിൽ നടത്തി.

ബാബു ജോൺ

കല്ലട: ബിഎസ്എഫ് റിട്ട. ഉദ്യോഗസ്ഥനും ശാസ്താംകോട്ട ബിഎംസി എൻജിനീയറിങ് കോളെജ് റിട്ട. സ്റ്റാഫുമായ കരിംതോട്ടുവ തെങ്ങുവിള സി.ജെ. ഭവനിൽ ബാബു ജോൺ (63) അന്തരിച്ചു. സംസ്കാരം ഇന്ന് 10നു കരിംതോട്ടുവ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ. ഭാര്യ: മാവേലിക്കര കൊച്ചിക്കൽ ചവറ്റുപറമ്പിൽ ഗ്രേസി ബാബു (പിഡബ്ല്യഡി റിട്ട. ഓവർസിയർ). മക്കൾ: സിബിൻ ബി.ജോൺ (സുറാന ആശുപത്രി, മലാഡ്), ജിബിൻ ബി.ജോൺ. മരുമകൾ: അലീഷാ സിബിൻ(വൊക്കാർഡ് ആശുപത്രി, മുംബൈ). ഓർത്തഡോക്സ് സഭ മാനെജിങ് കമ്മിറ്റിയംഗം ഫാ.ജേക്കബ് ജോൺ കല്ലടയുടെ സഹോദരനാണ്.

തോമസ് ജോർജ്

അങ്കമാലി: ജവഹർ നഗർ മുണ്ടാടൻ തോമസ് ജോർജ് (72) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ചുണങ്ങുംവേലി മാഞ്ഞൂരാൻ റോസിലി. മക്കൾ: റിജോ (നേഴ്സ്, ഭോപ്പാൽ), റിജി. മരുമക്കൾ : വിജു, ലിസ്മി.

ഇഷാൻ

പാവങ്ങാട്: കുറ്റുളിപ്പറമ്പത്ത് സുബീഷിന്റെ മകൻ ഇഷാൻ (ഏഴ്) അന്തരിച്ചു. അമ്മ: ശ്യാമ.



ജോസഫ്

കൂത്താട്ടുകുളം : മാറിക കന്നുള്ളംപാറയിൽ (വാഴയിൽ) ജോസഫ് (82) അന്തരിച്ചു. സംസ്കാരം ഇന്നു ഉച്ചക്ക് 2ന് മാറിക സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ. ഭാര്യ: കിഴകൊമ്പ് പൂവക്കാട്ടേൽ ഏലിയാമ്മ.

മക്കൾ: ഷാജി, ഷാന്റി, ഷാനി, പരേതനായ സൈമൺ. മരുമക്കൾ: സാലി, ജോബി, ജോബി.

സോമൻ ആശാരി

പാറശാല: വന്യക്കോട് തച്ചക്കുടിവിളാകത്ത് സോമൻ ആശാരി (61) അന്തരിച്ചു. ഭാര്യ: സുലോചന. മക്കൾ: സതീഷ്, സരിത. മരുമകൻ: പുരുഷോത്തമൻ.

കെ.ബി. സുധാകരൻ

വൈപ്പിൻ: സതേൺ നേവൽ കമാന്റ് ഹെഡ് ക്വാർട്ടേഴ്സ് റിട്ട. ഓഫീസ് സൂപ്രണ്ട് തെക്കൻമാലിപ്പുറം കളത്തിപറമ്പിൽ കെ.ബി. സുധാകരൻ (79) അന്തരിച്ചു. ഭാര്യ: റിട്ട. ഫാർമസിസ്റ്റ് ടി.വി. വാസന്തി. മക്കൾ: മനോജ് (കെഎസ്ഇബി, മാലിപ്പുറം), ജാസ്മിൻ (ബംഗളുരു), ഷനോജ്കുമാർ (ജിഎച്ച്എസ്എസ്, ഐരാണിമുറ്റം). മരുമക്കൾ: വിജയകുമാരി, സധീപ ചന്ദ്ര, ശ്രീജ.

ശിവരാമൻ

മാള: മാള ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഇന്ദിര ശിവരാമന്റെ ഭർത്താവും കോൺഗ്രസ് നേതാവുമായ വടമ മുതുകുറ്റിപറമ്പിൽ ശിവരാമൻ (70) അന്തരിച്ചു. സംസ്ക്കാരം നടത്തി. സ്കൂട്ടർ അപകടത്തെ തുടർന്ന് ചികിത്സയിലായിരുന്നു. മക്കൾ സ്മിത (അധ്യാപിക ഡിവിഎൽപിഎസ് വടമ), സിന്ധു (അധ്യാപിക ശിവഗിരി സ്കൂൾ ആലുവ). മരുമക്കൾ: സുരേന്ദ്രൻ പി.പനങ്ങാട് (റബർ ബോർഡ് കോട്ടയം), രാജ നാരായണൻ (ഡിജിഎം ഫെഡറൽ ബാങ്ക് ബാംഗ്ലൂർ).

കെ. തങ്കമണി

തിരുവനന്തപുരം: പേട്ട പാൽക്കുളങ്ങര മേപ്പളളി ഗാർഡൻസിൽ (എംജിആർഎ 47) രേവതിയിൽ കെ. തങ്കമണി(78) അന്തരിച്ചു. ബാങ്ക് ഓഫ് ഇന്ത്യ റിട്ട. മാനെജർ പരേതനായ പി. സുകുമാരൻ നായരുടെ ഭാര്യയാണ്. സംസ്കാരം ഇന്നലെ രാത്രിയോടെ തൈക്കാട് ശാന്തികവാടത്തിൽ നടന്നു. മക്കൾ: എസ്. സജിത്ത് (സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്), എസ്. അജിത്ത് കുമാർ (പ്രിൻസിപ്പൽ കറസ്പോണ്ടന്റ്, ഏഷ്യാനെറ്റ് ന്യൂസ്), എസ്. രഞ്ജിത്ത് കുമാർ (എഎസ്ഐ മെഡിക്കൽ കോളെജ് പൊലീസ് സ്റ്റേഷൻ). മരുമക്കൾ: വി. രാജലക്ഷ്മി (കെഎസ്എഫ്ഇ സ്റ്റാച്യു ഈവനിങ് ബ്രാഞ്ച്), ദീപ. കെ. (പബ്ലിക് റിലേഷൻസ് ഓഫീസർ കേരള വനിതാ കമ്മീഷൻ), അനുപമ ആർ. കെ.

ആലിമുഹമ്മദ്

തേഞ്ഞിപ്പലം: ചെനക്കലങ്ങാടി പുറക്കാട്ട് ആലി മുഹമ്മദ് (ബാബുഹാജി-72) അന്തരിച്ചു.

ഭാര്യ: കദീജ. മക്കൾ: ഹബീബ, നസീറ, ജാഫർ സാദിഖ്, നൗഫൽ, അബ്ദുൾ ഹന്നാൻ, അബു ത്വാഹിർ, അബ്ദുൾ ഹകീം, ഫാത്തിമ ഹന്ന. മരുമക്കൾ: അബ്ദുൾ സമദ്(പടിക്കൽ), മുഹമ്മദ് ബഷീർ(ചാലിയം), ഷംന(മുണ്ടിയംകാവ്), റിഷാന(കടലുണ്ടിനഗരം).

ലതിക

പെരിങ്ങോട്ടുകര: കുറ്റിക്കാട്ട് പരേതനായ വാസുദേവൻ മകൾ ലതിക (51) അന്തരിച്ചു. സംസ്കാരം നടത്തി. സഹോദരങ്ങൾ: ഭാരതി, പരേതനായ ചന്ദ്രൻ, സുരേഷ്.

ശാന്ത

തുറവൂർ: പഞ്ചായത്ത് പതിമൂന്നാം വാർഡിൽ തുറവൂർ തെക്ക് പുത്തൻചന്ത ഗിരിജാലയത്തിൽ പരേതനായ തങ്കപ്പന്റെ ഭാര്യ ശാന്ത (78) അന്തരിച്ചു. മക്കൾ: ഗിരിജ,ഗീത. മരുമക്കൾ: പരേതനായ മോഹനൻ, ദിനേശൻ.

സുന്ദർരാജ്

ചാഴൂർ: തൃപ്രയാർ സീകെവീസ് എൻജിനീയറിങ് സ്ഥാപന ഉടമ കുഞ്ഞാലുക്കൽ ചാഴൂർവീട്ടിൽ സുന്ദർരാജ് (53) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ എട്ടിന് വീട്ടുവളപ്പിൽ. അമ്മ: നന്ദിനി. ഭാര്യ: മിനി. മക്കൾ: സിജി, അക്ഷയ്രാജ്. മരുമകൻ: വിരീഷ്.

സൗമ്യ

പാറശാല: പരശുവയ്ക്കൽ കാമുകിൻകോഡ് മേലെ പുത്തൻവീട്ടിൽ സുദർശനന്റെ ഭാര്യ സൗമ്യ (30) അന്തരിച്ചു. മക്കൾ: അനന്തു, വിഷ്ണു.

വേലായുധൻ

മൂന്നിയൂർ: ചേളാരി വലിയപറമ്പ് തച്ചേടത്ത് മുറ്റോളി വേലായുധൻ (88) അന്തരിച്ചു. ഭാര്യ: പത്മാവതി. മക്കൾ: സ്വപ്ന, ഷൈലജ, അച്ചുതൻ, നിഷ. മരുമക്കൾ: ശശിധരൻ (ഒലിപ്രംകടവ്), സുന്ദരൻ (പള്ളിക്കൽ ബസാർ) പ്രകാശൻ (പുതുക്കോട്), ലിജി (ചുങ്കം).

ഡി.ചന്ദ്രിക

വെള്ളറട:കാരക്കോണം ചെമ്മൻകാല കടയറ പുത്തൻവീട്ടിൽ പരേതനായ ശിശുപാലന്റെ ഭാര്യ ഡി. ചന്ദ്രിക (62) അന്തരിച്ചു. മകൻ: രാജേഷ്.

കോവിഡ്19: ലണ്ടനിൽ മലയാളി റിട്ട. അധ്യാപിക മരിച്ചു

കൊട്ടാരക്കര: ലണ്ടനിൽ താമസമാക്കിയ മലയാളി റിട്ട. അധ്യാപിക കൊറോണ ബാധിച്ചു മരിച്ചു. കൊല്ലം കൊട്ടാരക്കര ഓടനാവട്ടം കട്ടയിൽ ദേവി വിലാസത്തിൽ ഇന്ദിര (72) മരിച്ചത്. കഴിഞ്ഞ ദിവസം വൈകീട്ട് ഇന്ത്യൻ സമയം 7.15നാണ് മരണം സ്ഥിരീകരിച്ചത്. ലണ്ടനിൽ നഴ്സായ മൂത്തമകൾ ദീപയ്ക്ക് ഒപ്പമായിരുന്നു ഇന്ദിര താമസിച്ചിരുന്നത്. കൊട്ടാരക്കര മുട്ടറ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും വിരമിച്ച ശേഷം ഇന്ദിര മകൾക്കൊപ്പം ലണ്ടനിൽ താമസമാക്കുകയായിരുന്നു.

പക്ഷാഘാതം അസുഖത്തെത്തുടർന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് കോവിഡ് 19 ബാധിക്കുന്നത്. പക്ഷാഘാതം ഭേദമായപ്പോൾ നാട്ടിലേക്ക് മടങ്ങാൻ ശ്രമിച്ചെങ്കിലും വിമാന സർവീസ് നിർത്തിയതിനെ തുടർന്ന് യാത്ര ഉപേക്ഷിക്കുകയായിരുന്നു. മൃതദേഹം ഉടൻ ലണ്ടനിൽ സംസ്കരിക്കാൻ കഴിയില്ലെന്ന് ബന്ധുക്കൾ അറിയിച്ചു. പരേതനായ ചെല്ലപ്പൻ ആണ് ഭർത്താവ്. ഇളയ മകൾ: ഗീത (ജൂനിയർ ഹെൽത്ത് ഇൻസ്പെക്റ്റർ, അടൂർ മുനിസിപ്പാലിറ്റി). മരുമക്കൾ: ദീപക്, സജവ്.

കൊവിഡ് ബാധിച്ച് മലയാളി നഴ്സ് അമെരിക്കയിൽ മരിച്ചു

തിരുവല്ല: കൊവിഡ് 19 ബാധിച്ച് മലയാളി റിട്ട. നഴ്സ് അമെരിക്കയിൽ മരിച്ചു. തിരുവല്ല കാവുംഭാഗം കിഴക്കുംമുറി വഞ്ചിപ്പാലം ഗ്രേസ് വില്ലയിൽ ജോൺ വർക്കിയുടെ ഭാര്യ ഏലിയാമ്മ (65) ആണ് മരിച്ചത്. ഏലിയാമ്മയും കുടുംബവും15 വർഷമായി ന്യൂയോർക്കിൽ സ്ഥിര താമസക്കാരാണ്. ദുബായിയിൽ നഴ്സായിരുന്ന ഏലിയാമ്മ ജോലിയുടെ ഭാഗമായാണ് അമെരിക്കയിൽ എത്തിയത്. ജോലിയിൽ നിന്നും വിരമിച്ച ശേഷം കുടുംബവുമൊത്ത് ന്യൂയോർക്കിൽ തുടരുകയായിരുന്നു. വെളിയാഴ്ച

ഏലിയാമ്മ

രാത്രി ശ്വാസതടസത്തെ തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഇവർ ഞായറാഴ്ച രാത്രി എട്ടു മണിയോടെ മരണമായുകയായിരുന്നു. മക്കൾ: ജിനു, പരേതനായ ജിജു. സംസ്കാരം ന്യൂയോർക്കിൽ നടക്കും. 2019 ഓഗസ്റ്റിലാണ് ഏലിയാമ്മയും കുടുംബവും അവസാനമായി നാട്ടിലെത്തിയത്. ഞായറാഴ്ച ഉച്ചയോടെ ന്യൂയോർക്കിലെ എൽമണ്ടിൽ തിരുവല്ല വളഞ്ഞവട്ടം സ്വദേശിയും മൂന്നാം വർഷ ബിരുദ വിദ്യാർഥിയുമായ ഷോൺ എസ് ഏബ്രഹാം മരണമടഞ്ഞിരുന്നു.

ജനറൽ വാർത്തകൾ

ടി.എൻ. പ്രതാപന് മുഖ്യമന്ത്രിയുടെ അഭിനന്ദനം

തിരുവനന്തപുരം: തൃശൂർ ജില്ലയിൽ 5250 റാപ്പിഡ് ടെസ്റ്റ് കിറ്റ് വാങ്ങുന്നതിന് തൃശൂർ എംപി ടി.എൻ. പ്രതാപന്റെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ അനുവദിച്ചതിനെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ഈ മാതൃക എല്ലാ എംപിമാരും സ്വീകരിക്കണമെന്ന് പൊതുവിൽ അഭ്യർത്ഥിക്കാനിരുന്നതാണ്. ഇത്തരം ഫണ്ടുകളിൽ വെട്ടിക്കുറവ് കേന്ദ്ര സർക്കാർ വരുത്തുന്നതായി വാർത്ത വരുന്നുണ്ട്. അതെങ്ങനെയാണ് ബാധിക്കുക എന്ന് പിന്നീട് വിശദമായി മനസിലാക്കേണ്ടതുണ്ട്. ഏതായാലും ഈ നിലപാട് സ്വാഗതാർഹമാണ്- മുഖ്യമന്ത്രി പറഞ്ഞു.

മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാലളന്ന എല്ലാ ക്ഷീരകർഷകർക്കും അളന്ന ഓരോ ലിറ്റർ പാലിനും 1 രൂപ വീതം ആശ്വാസ ധനമായി ക്ഷേമനിധി ബോർഡ് ക്ഷീരസംഘങ്ങൾക്ക് നൽകും. ഒരു ക്ഷീരകർഷകനു കുറഞ്ഞത് 250 രൂപയും പരമാവധി 1000 രൂപയുമാണ് 15ന് മുൻപ് നൽകുക.കൊവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് ഓരോരുത്തർക്കും 10,000 രൂപയും നിരീക്ഷണത്തിലുള്ള ക്ഷീര കർഷകർക്ക് 2000 രൂപയും ധനസഹായം നൽകും. ക്ഷേമനിധി അംഗങ്ങൾക്കു മാത്രമാണ് ഈ ആനുകൂല്യം.

കലാകാരന്മാരുടെ ഈ മാസത്തെ പെൻഷൻ തുക ഇന്ന് മുതൽ അക്കൗണ്ടുകളിൽ എത്തും. ഈ മാസം പുതുതായി 158 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ഏപ്രിൽ മാസത്തെ പെൻഷൻ, ചികിത്സാ സഹായം എന്നിവ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തു. ക്ഷേമനിധി ബോർഡ് ഒരുകോടി രൂപയാണ് കലാകാർക്ക് വിതരണം ചെയ്യുന്നത്.

നഴ്സുമാരുടെ സുരക്ഷ ഉറപ്പ് വരുത്തണം: രമേശ് ചെന്നിത്തല

തിരുവനന്തപുരം: മുംബൈയിലെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന മലയാളി നഴ്സുമ്മാർക്കിടയിൽ കൊവിഡ് 19 പടരുന്ന സാഹര്യത്തിൽ അവരുടെ പരിചരണവും, സുരക്ഷിതത്വവും ഉറപ്പ് വരുത്തണമെന്ന് മഹാരാഷ്ട്ര ആരോഗ്യമന്ത്രി രാജേഷ് ടോപ്പെയോട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മഹാരാഷ്ട്ര ആരോഗ്യമന്ത്രിയെ ഫോണിൽ വിളിച്ചാണ് പ്രതിപക്ഷ നേതാവ് ഇക്കാര്യം ആവശ്യപ്പെട്ടത്. മുംബൈയിലെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന നാൽപ്പതോളം മലയാളി നഴ്സുമാർക്കാണ് കോവിഡ് 19 ബാധ സ്ഥിരീകരിച്ചതായി റിപ്പോർട്ട് വന്നിത്. നൂറുക്കണക്കിന് മലയാളി നേഴ്സുമ്മാരാണ് മുംബയിലെ വിവിധ ആശുപത്രികളിൽ ജോലി ചെയ്തു വരുന്നത്. പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടുമെന്നും വീഴ്ചകളുണ്ടെങ്കിൽ പരിഹരിക്കുമെന്നും മഹാരാഷ്ട്ര ആരോഗ്യമന്ത്രി പ്രതിപക്ഷ നേതാവിന് ഉറപ്പ് നൽകി. ഇത് സംബന്ധിച്ച് മന്ത്രിക്ക് രമേശ് ചെന്നിത്തല ഇ മെയിൽ സന്ദേശവും അയിച്ചിട്ടുണ്ട്.

ഓപ്പറേഷൻ സാഗർ റാണി

15,641 കിലോഗ്രാം മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചു

തിരുവനന്തപുരം: മത്സ്യങ്ങളിൽ വിവിധതരം രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്ന പ്രവണത തടയുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്ക്കരിച്ച ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി നടന്ന പരിശോധനകളിൽ ഉപയോഗ ശൂന്യമായ 15,641 കിലോഗ്രാം മത്സ്യം പിടികൂടി നശിപ്പിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. സംസ്ഥാനത്താകെ 216 കേന്ദ്രങ്ങളിലാണ് ഇന്നലെ മാത്രം പരിശോധന നടത്തിയത്. 15 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ മത്സ്യങ്ങളിൽ മായം ചേർക്കുന്നുണ്ടെന്ന വിവരത്തെ തുടർന്നാണ് ഓപ്പറേഷൻ സാഗർ റാണി ശക്തിപ്പെടുത്തിയത്. ഓപ്പറേഷൻ സാഗർ റാണിയുടെ ഭാഗമായി കഴിഞ്ഞ ദിവസങ്ങളിൽ നടന്ന പരിശോധനകളിൽ ഉപയോഗ ശൂന്യമായ 2865 കിലോഗ്രാം മത്സ്യം പിടികൂടി നശിപ്പിച്ചിരുന്നു.

തമിഴ്നാട്ടിൽ വളമായി മാറ്റിവെച്ച 8056 കിലോഗ്രാം മത്സ്യവും പിടികൂടി

ഓപ്പറേഷൻ സാഗർ റാണി പരിശോധന മൂന്നാം ദിവസവും

തിരുവനന്തപുരം 40, കൊല്ലം 14, പത്തനംതിട്ട 25, ആലപ്പുഴ 08, കോട്ടയം 10, ഇടുക്കി 02, എറണാകുളം 08, തൃശൂർ 27, പാലക്കാട് 04, മലപ്പുറം 11, കോഴിക്കോട് 33, വയനാട് 05, കണ്ണൂർ 17 കാസർഗോഡ് 04 എന്നിങ്ങനെയാണ് വിവിധ ജില്ലകളിൽ പരിശോധനകൾ നടത്തിയത്.

ഇതിൽ കുളച്ചിലിൽ നിന്നും തമിഴ്നാട് ഫിഷറീസ് വകുപ്പ് വളമായി മാറ്റിവെച്ച 8056 കിലോഗ്രാം ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യ മലപ്പുറം, കോഴിക്കോട്, ജില്ലകളിലേക്ക് വിൽപ്പനക്കായി കൊണ്ടുവന്നതാണ്. ഇതാണ് തിരുവനന്തപുരം ജില്ലയിലെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡ് പിടികൂടിയത്.

കന്യാകുമാരി തേങ്ങാപ്പട്ടണത്ത് നിന്നും കൊല്ലം ജില്ലയിലെ നീണ്ടകര, കല്ലുംതാഴം ഭാഗങ്ങളിൽ വിൽപ്പനക്ക് കൊണ്ടുവന്ന 9005 കിലോഗ്രാം ഭക്ഷ്യയോഗ്യമല്ലാത്ത ചൂര, കേര വിഭാഗത്തിൽപ്പെടുന്ന മത്സ്യം കൊല്ലം ജില്ലയിലെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡ് പിടികൂടിയത്.

കർണാടക അതിർത്തി പ്രശ്നം; ചികിത്സ ലഭിക്കാതെ ഒരാൾകൂടി മരിച്ചു

കാസർഗോഡ്: ചികിത്സ നിഷേധിച്ചതോടെ കർണാടക അതിർത്തി പ്രദേശത്ത് താമസക്കാരനായ ഒരാൾ മരിച്ചു.കള്ളപ്പള്ളി സ്വദേശി കൃഷ്ണപ്പ ഗൗഡ (78)ആണ് മരിച്ചത്. ഇതോടെ കർണാടക ചികിത്സ നിഷേധിച്ചതോടെ മരിച്ചവരുടെ എണ്ണം പത്തായി. സുള്ള്യയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയിരുന്ന ഹൃദ്രോഗിയായ കൃഷ്ണപ്പ ഗൗഡ ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് നൽകിയിരുന്നു. മരുന്നുമായി വീട്ടിലെത്തിയ കൃഷ്ണപ്പയ്ക്ക് വെള്ളിയാഴ്ച അസുഖം രൂക്ഷമായതിനെ തുടർന്ന് സുള്ള്യയിലെ കെവിജി ആശുപത്രിയിലെത്തിച്ചെങ്കിലും മലയാളികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കില്ലെന്ന് പറഞ്ഞ് തിരിച്ചയക്കുകയായിരുന്നെന്ന് ബന്ധുക്കൾ പറയുന്നു. തുടർന്ന് ചികിത്സ ലഭിക്കാതെ ഇന്നലെ 12 മണിയോടെ മരണപ്പെടുകയായിരുന്നു.സുള്ള്യയിൽ നിന്ന് 10 കിലോമീറ്റർ ദൂരത്തിലാണ് കൃഷ്ണപ്പ ഗൗഡയുടെ വീട്.ഭാര്യ: പരേതയായ രത്നാവതി. മക്കൾ: രത്നാകര, പുണ്ഡരീക, ഹരീഷ്. മരുമക്കൾ: പൂർണിമ, വനിത, ചിത്രലേഖ. സഹോദരങ്ങൾ: ദുർഗപ്പ, ദാസപ്പ, പുരുഷോത്തമ.

എംപി ഫണ്ട് വെട്ടിക്കുറച്ചത് നീതീകരിക്കാനാകാത്തത്: ബെന്നി ബെഹനാൻ

കൊച്ചി: രണ്ടു വർഷത്തേക്ക് എംപി ഫണ്ട് അനുവദിക്കില്ലെന്ന കേന്ദ്ര സർക്കാർ തീരുമാനം നീതീകരിക്കാനാകാത്തതെന്ന് യുഡിഎഫ് കൺവീനർ ബെന്നി ബെഹനാൻ എംപി. എംപി ഫണ്ട് കൂടുതലായും ചെലവഴിക്കുന്നത് വികസന പ്രവർത്തനങ്ങൾക്കും ആരോഗ്യരംഗത്തും ജനക്ഷേമ പ്രവർത്തനങ്ങൾക്കുമാണ്. അത് വേണ്ടെന്ന് വെയ്ക്കുന്നത് അംഗീകരിക്കാനാവില്ല. ഇത്തവണ എംപിമാർ ഫണ്ട് കൂടുതലായി ചെലവഴിച്ചത് കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ്. എംപി ഫണ്ടിലേക്ക് ലഭിക്കുന്ന മുഴുവൻ പണവും ആവശ്യമെങ്കിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ എംപിമാർ തയാറാണെന്നും അദ്ദേഹം അറിയിച്ചു. പക്ഷെ കോവിഡിന്റെ പേരിൽ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട് വേണ്ടെന്ന് വെയ്ക്കുന്നത് നീതീകരിക്കാനാകില്ല. തീരുമാനം പുനഃപരിശോധിക്കണമെന്നും അദ്ദേഹം പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു.

അത്യാർത്തിയുടെ ആഗോളീകരണം

അനിൽ സി. വർഗീസ്

അസംസ്കൃത വസ്തുക്കളുടെയും തൊഴിലാളികളുടെയും യന്ത്രസാമിഗ്രികളുടെയും ലഭ്യത, വിതരണ പ്രക്രിയയുടെ വിശാലത, ഉത്പാദന വസ്തുക്കളുടെ സ്വരുക്കൂട്ടൽ സൗകര്യങ്ങൾ എന്നിവയൊക്കെ മുന്നിൽക്കണ്ട് ഏതാണ്ട് അഞ്ചു പതിറ്റാണ്ടു മുൻപ് തുടക്കമിട്ടതാണ് ആഗോളീകരണം. നവീകരണം, നിർമാണം, വിൽപ്പന, ലാഭം എന്നിവയൊക്കെയാണ് ആഗോളീകരണത്തിലേക്കു പോകുമ്പോഴും ഏതാണ്ടെല്ലാ ബിസിനസുകളുടെയും ലക്ഷ്യം. ഡിമാൻഡ് വർധിച്ചു വരുമ്പോൾ അതിനൊത്ത് ലഭ്യതയും വർധിപ്പിക്കണം എന്നതാണ് ബിസിനസിൽ കൂടുതൽ പ്രധാനം.

യന്ത്രസാമിഗ്രികൾക്കും ജീവനക്കാർക്കും നിർമാണത്തിനുമെല്ലാം ഒരു രാജ്യത്തെ തന്നെ വിവിധ സംസ്ഥാനങ്ങളെ കമ്പനികളും കോർപ്പറേഷനുകളും നേരത്തേ തന്നെ ആശ്രയിക്കാൻ തുടങ്ങി. ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന വിപണിയോട് കൂടുതൽ അടുക്കുക എന്ന നേട്ടവും അതിനുണ്ടായി. ഏതാനും ദശകങ്ങൾ കഴിഞ്ഞപ്പോൾ സാങ്കേതികവിദ്യയിലധിഷ്ഠിതമായ ആശയവിനിമയം വളരുകയും ലോകം ചുരുങ്ങുകയും ചെയ്തത് പുതിയ ബിസിനസ് അവസരങ്ങളുണ്ടാക്കി. വിമാനയാത്രയുടെ ചെലവു കുറയുകയും അനായാസമാകുകയും ചെയ്തു. ഒരിടത്തു മുളപൊട്ടുന്ന ബിസിനസ് ആശയം മറ്റൊരു രാജ്യത്ത് ഉത്പന്നമാക്കി മാറ്റാനായി. നിർമാണ വസ്തുക്കൾക്കും നിർമാണ തൊഴിലാളികൾക്കും വേണ്ടിയുള്ള ചെലവിൽ വലിയ കുറവുണ്ടാക്കാനും ഇതുവഴി കഴിയുമെന്നത് ഇതിനൊപ്പം നേട്ടമായി. കുറഞ്ഞ ചെലവിൽ പല സ്ഥലങ്ങളിൽ നിർമാണം, അതും ചുരുങ്ങിയ സമയം കൊണ്ട്.

ഏത് ഉത്പന്നത്തിനും ഒരു പ്രോഡക്റ്റ് ലൈഫ് സൈക്കിളുണ്ട്. ഉത്പന്നത്തിനു പ്രസക്തിയില്ലാതാവുകയോ മത്സരക്ഷമമല്ലാതാവുകയോ വിപണിക്ക് ആവശ്യമില്ലാതാവുകയോ ചെയ്യുന്നതിനു മുൻപ് പരമാവധി നിർമാണത്തിന് പല സ്ഥലങ്ങൾ ഉപയോഗിക്കുന്നതിലൂടെ കഴിയുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലായുള്ള ഡിമാൻഡ് നേരിടാൻ ലോകത്തിന്റെ പല ഭാഗങ്ങളിലായി സപ്ലൈ സംവിധാനവും!

ചൈന കോർപ്പറേഷൻ

ആഗോളീകരണം വ്യാപിച്ചപ്പോൾ അതിനൊത്ത് നല്ല സ്ട്രാറ്റജി ആവിഷ്കരിച്ചതു ചൈനയാണ്. നിർമാണ വസ്തുക്കൾക്കും തൊഴിലിനും അവിടെ ചെലവു കുറവ്. അതുകൊണ്ടു തന്നെ മറ്റിടങ്ങളിലെ നിർമാതാക്കളെ പരിഗണിക്കുക പോലും ചെയ്യാതെ ആഗോള കോർപ്പറേഷനുകൾ അവരുടെ നിർമാണ പ്രവർത്തനങ്ങൾ അവിടെ പദ്ധതിയിട്ടു. ഉത്പാദനം വർധിപ്പിക്കുന്നതിലും ചെലവു കുറയ്ക്കുന്നതിലും ചൈന ഫോക്കസ് ചെയ്തു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള വൈദഗ്ധ്യവും രൂപകൽപ്പനകളും ചൈനയിലെത്തി. ചൈന ഉത്പാദിപ്പിച്ചുകൊണ്ടുമിരുന്നു. വൈദഗ്ധ്യം സ്വായത്തമാക്കാൻ തുടങ്ങിയതോടെ അവർ കൂടുതൽ നന്നായി കെട്ടിപ്പടുത്തു. ലോകത്തിന്റെ മറ്റൊരു ഭാഗത്തുനിന്നും മത്സരം നേരിടേണ്ടിവരുന്നില്ലെന്ന് ഉറപ്പാക്കി. മരുന്നുകൾ മുതൽ മെഡിക്കൽ ഉപകരണങ്ങൾ വരെ, കാറുകൾ മുതൽ മാസ്കുകൾ വരെ, എല്ലാം കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയത്തിന് അവർ നിർമിച്ചു.

പൂർണമായി ഉത്പാദനം നടത്തിയിരുന്ന രാജ്യങ്ങൾ അവിടെ അതു നിർത്തി ചൈനയിലേക്കു നീങ്ങി. ചൈന കുറഞ്ഞ ചെലവിൽ നിർമിച്ചു തരും, വലിയ ആഭ്യന്തര വിപണിയുമുണ്ട്- അവർ വിശ്വസിച്ചു. ആശയ രൂപീകരണം, ഉത്പാദനം, വിപണനം എന്നിവയിലൊക്കെ കിഴക്കാകാം ഫോക്കസ് എന്ന് പാശ്ചാത്യ രാജ്യങ്ങൾ തീരുമാനിച്ചു. ചൈനീസ് ഉത്പാദന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി. ഒരേ ഉത്പന്നം തന്നെ ഓരോ ഉപഭോക്താവും വാങ്ങാൻ തയാറാവുന്ന വിലയ്ക്ക് വിൽക്കാൻ കഴിയുന്ന വ്യത്യസ്ത ഗുണനിലവാരം അവരുണ്ടാക്കി. അവർ കഠിനാധ്വാനികളായി. വേഗമാർജിച്ചു. എൻജിനീയറിങ്, ഉത്പാദന സ്കില്ലുകൾ അതിവേഗം കരസ്ഥമാക്കി.

ഈ വളർച്ചയ്ക്ക് ചൈനീസ് സർക്കാർ അതിവേഗം ഇന്ധനമൊഴിച്ചു. ഉചിതമായ വായ്പാ സംവിധാനങ്ങൾ സർക്കാർ ആവിഷ്കരിച്ചു. ട്രേഡ് ജേർണലുകൾ, ട്രേഡ് ഫെയറുകൾ, അതുപോലുള്ള വലിയ ആഗോള ഇവന്റുകളിലൂടെ ട്രേഡിങ് സ്ഥാപനങ്ങൾ ഡിമാൻഡ് കണ്ടെത്തി. ഉത്സാഹികളായ കോട്ടെജ് അധിഷ്ഠിത നിർമാതാക്കൾ വലിയ കമ്പനികളായി. അവരെല്ലാം ചെയ്യേണ്ടിയിരുന്നത് ഒന്നുമാത്രം, വലിയ സ്വപ്നങ്ങൾ കാണുക. ആഗോള ആവശ്യം നോക്കിയുള്ള ഉത്പാദനത്തിൽ ശ്രദ്ധിക്കുകയായിരുന്നു അവർക്കു വേണ്ടത്. വാങ്ങുന്നവർക്ക് സർക്കാർ ഫണ്ടും നൽകി.

ബിസിനസ് തുടർച്ചാ പദ്ധതി

എല്ലാ വശങ്ങളിലെയും കഴിയുന്നത്ര എല്ലാ റിസ്കുകളും കുറയ്ക്കാനോ ശമിപ്പിക്കാനോ കഴിയുന്ന തരത്തിൽ എല്ലാ ബിസിനസിനും ഒരു സെൽഫ് ഓഡിറ്റ് ഉണ്ടാകും. എല്ലാ ആഗോള കമ്പനികളും നിർബന്ധമായി സ്വീകരിക്കുന്ന ഒന്നാണ് ബിസിനസ് തുടർച്ചാ പദ്ധതി (ബിസിപി). മാനെജ്മെന്റും പ്രധാന സ്റ്റാഫും പങ്കാളികളാവുന്ന ഈ പ്രക്രിയ വഴി എല്ലാ റിസ്കുകളും അനലൈസ് ചെയ്യുന്നു. അത് എങ്ങനെ മാനെജ് ചെയ്യുന്നുവെന്ന് കൃത്രിമമായി പരീക്ഷിക്കുന്നു. എന്തൊക്കെ പ്രതീക്ഷിച്ചപോലെ വന്നു, എന്തൊക്കെ പരാജയപ്പെട്ടുവെന്നു നോക്കുന്നു. അതിൽ നിന്നുള്ള അറിവുകൾ റിസ്കുകൾ മറികടക്കാൻ കരുതിവയ്ക്കുന്നു.

നഗരത്തിലെ വൈദ്യുതി വിതരണം തടസപ്പെടുക, ഫാക്റ്ററികളിൽ പണിമുടക്കുണ്ടാവുക, യുദ്ധം, വെള്ളപ്പൊക്കം, മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ എല്ലാം പ്രധാന റിസ്കുകളായി ഈ പ്രക്രിയയിൽ വരും. അതുകൊണ്ടു തന്നെ നിർമാണത്തെയോ വിതരണ ശൃംഖലയെയോ ബാധിക്കുന്ന ഇത്തരം റിസ്കുകൾക്ക് ബദൽ മെക്കാനിസമുണ്ടാകും. അങ്ങനെ ബിസിനസ് മുന്നോട്ടുപോകും എന്നാണു പ്രതീക്ഷ, കൃത്യമായി അളന്നുള്ള റിസ്കുകളെടുത്തു തന്നെ. എല്ലാ കമ്പനികളും പിന്തുടരേണ്ട സ്ഥാപനസംബന്ധിയായ പ്രക്രിയയാണ് ബിസിപി. അതുകൊണ്ടു തന്നെ ചൈനയിൽ കേന്ദ്രീകരിക്കുന്നതിന്റെ റിസ്കിനും പരിഹാരമുണ്ടാവേണ്ടതാണ്. ലോകം ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ വിതരണ ശൃംഖലയിലെ ഏറ്റവും പ്രധാന ഘടകമായി ചൈന മാറിക്കൊണ്ടിരിക്കുകയായിരുന്നു. ലോക മാനുഫാക്ചറിങ് പ്രക്രിയയിലെ 25 ശതമാനത്തോളവും ചൈനയിലാണ്.

അതുകൊണ്ടു തന്നെ ഈ കൊവിഡ് 19 മഹാമാരി കണ്ണു തുറപ്പിക്കേണ്ടതാണ്. ചില നിർണായക ചോദ്യങ്ങൾ ഇപ്പോൾ ഉയരുന്നു. അഞ്ചു സെന്റ് മാത്രം വിലവരുന്ന മാസ്കുകൾ എന്തുകൊണ്ട് രോഗികൾക്ക് കിട്ടാനില്ലാതായി, 10 ഡോളർ വരുന്ന എൻ 95 മാസ്കുകൾ എന്തുകൊണ്ട് ഡോക്റ്റർമാർക്കു കിട്ടാനില്ലാതായി, മുൻനിരയിൽ നിൽക്കുന്നവർക്ക് എന്തുകൊണ്ട് വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ (പിപിഇകൾ) ഇല്ലാതായി. അത്യാധുനിക സാങ്കേതിക വിദ്യയുള്ള ഗാഡ്ഗറ്റുകളും അതിശക്തമായ പ്രതിരോധ ഉപകരണങ്ങളും നിർമിക്കുന്ന രാജ്യങ്ങളായിട്ടുപോലും ചൈനയിൽ നിന്നു പിപിഇകൾ വാങ്ങിയെടുക്കാൻ ലോകത്തെ ഏറ്റവും വികസിച്ച രാജ്യങ്ങൾ പരസ്പരം പോരടിക്കുന്ന അവസ്ഥ എങ്ങനെയുണ്ടായി.

ഏതാണ്ടെല്ലാ ആഗോള ഭീമൻമാർക്കും- ആപ്പിൾ, ബിഎംഡബ്ല്യു പോലുള്ളവ- അവരുടെ ഉത്പന്നത്തെ അറിയപ്പെടുന്നതാക്കുന്ന ഒരു ചൈനീസ് കംപോണന്റ് ഉണ്ടാകും. ഉദാഹരണത്തിന് ചൈന ലോക്ക് ഡൗണിലായിരിക്കുമ്പോൾ ജർമനിക്ക് ബിഎംഡബ്ല്യു കാറുണ്ടാക്കാം, ഒരു താക്കോലോടെ വിതരണവും ചെയ്യാം. രണ്ടാം സെറ്റ് താക്കോലുകൾ നിർമിക്കുന്നത് ചൈനയിലാണ്. ചൈന ലോക്ക്ഡൗണിലായപ്പോൾ ഇറ്റലി പോലുള്ള രാജ്യങ്ങൾ വസ്ത്രങ്ങൾ മുതൽ കാറുകൾ വരെ എല്ലാത്തിന്റെയും ഉത്പാദനം നിർത്തിവച്ചത് എന്തുകൊണ്ടായിരുന്നു. ബിസിപി മാനെജ്മെന്റ് ബുക്കിൽ മാത്രമേയുള്ളോ. അതു പ്രയോഗത്തിൽ വരുത്താറുണ്ടോ?

ഇപ്പോഴത്തെ സാമ്പത്തിക സാഹചര്യം- മഹാമാരിയെ തുടർന്ന് സർവതും സ്തംഭിച്ച് അലറിക്കരയുന്ന അവസ്ഥ- കാണിക്കുന്നത് ലോകവ്യാപകമായി കമ്പനികൾ കുറഞ്ഞ ചെലവിന്റെയും ലാഭത്തിന്റെയും പിന്നാലെ പോയി എന്നാണ്. റിസ്ക് പരിഹാര പദ്ധതികളൊന്നുമില്ലാതെ ചൈനയിൽ നിന്ന് അവർ വളരെയേറെ ആവശ്യപ്പെട്ടു. തങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്തവരാണെന്ന് ചൈന ഉറപ്പാക്കുകയും ചെയ്തു. അത്യാർത്തി ആഗോളീകരിച്ച് മുട്ടിലിഴയേണ്ട അവസ്ഥയിലായി ലോകം!

ബാങ്ക് അക്കൗണ്ടിലെ പണം തപാൽ വഴി വീട്ടുപടിക്കൽ

തിരുവനന്തപുരം: ബാങ്ക് അക്കൗണ്ടിലെ പണം ഇനി തപാൽ വകുപ്പ് വഴി ആവശ്യക്കാരന്റെ വീട്ടുപടിക്കലെത്തും. ക്ഷേമ പെൻഷനും സ്കോഷർഷിപ്പും ഉൾപ്പെടെയുള്ളവ ലോക്ക്ഡൗൺ കാലത്ത് ബാങ്കുകളിൽ എത്താതെ തന്നെ കൈപ്പറ്റാവുന്ന പദ്ധതിക്കു തുടക്കമായി. ധനമന്ത്രി ഡോ. ടി.എം തോമസ് ഐസക് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ഓഫിസിൽ പദ്ധതിക്ക് ഔദ്യോഗികമായി തുടക്കമിട്ടു.

ആധാറും മൊബൈൽ നമ്പറും ബന്ധിപ്പിച്ചിട്ടുള്ള ഏതു ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പോസ്റ്റ് ഓഫിസിൽ വിളിച്ചാൽ പോസ്റ്റ് മാൻ മുഖേന വീട്ടിലെത്തിക്കും. ക്ഷേമപെൻഷനുകളുടെയും സ്കോളർഷിപ്പുകളുടെയും അടുത്ത ഗഡു എട്ടാംതീയതി മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ എത്തുമെന്നും ഇക്കാലയളവിൽ വീട്ടിൽ തന്നെ പണം ലഭ്യമാക്കാൻ ഈ പദ്ധതി ഏറെ സഹായകമാകുമെന്നും ധനമന്ത്രി പറഞ്ഞു.

ഇതിനായി വേണ്ടത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ ഫോണും ആധാർ നമ്പരും മാത്രമാണ്. വീട്ടിലെത്തുന്ന തപാൽ ജീവനക്കാരനോട് മൊബൈൽ നമ്പർ പറയുന്നു. ശേഷം ലഭിക്കുന്ന ഒടിപി അദ്ദേഹവുമായി പങ്കിടുന്നു. തുടർന്ന് ബയോമെട്രിക് സ്കാനിങ് വഴി ഉപഭോക്താവിനെ തിരിച്ചറിഞ്ഞ് പണം കൈമാറും. ലോക്ക്ഡൗൺ കാലയളവിൽ ശാരീരിക അകലം പാലിക്കേണ്ടതിനാൽ ബാങ്കിലോ എടിഎമ്മിലോ പോകാതെ ആവശ്യാനുസരണം പണം ലളിതമായി പിൻവലിക്കാം. ഈ സേവനം സൗജന്യമാണ്. ബയോമെട്രിക് ഉപകരണം ഉപയോഗിക്കവേ തപാൽ ജീവനക്കാർ ഹാൻഡ് സാനിറ്റൈസർ, മാസ്ക്, മറ്റ് വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ചു മുൻകരുതലുകൾ സ്വീകരിച്ചശേഷമാകും സേവനം ലഭ്യമാക്കുക.

പണം പിൻവലിക്കാനുള്ള ആവശ്യം നിറവേറ്റാനായി ഉപഭോക്താക്കൾക്ക് അടുത്തുള്ള ഹെഡ് പോസ്റ്റ് ഓഫിസുമായോ ഓരോ തപാൽ ഡിവിഷനിലും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനുമായോ ബന്ധപ്പെടണം. തപാൽ വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് സംവിധാനത്തിലൂടെയാണ് പണം നൽകുന്നത്. ചടങ്ങിൽ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശാരദ സമ്പത്ത്, പോസ്റ്റർ സർവീസ് ഡയറക്റ്റർ സയീദ് റാഷിദ് തുടങ്ങിയവരും സംബന്ധിച്ചു.

സംസ്ഥാനത്തെ വിവിധ പോസ്റ്റൽ ഡിവിഷനുകളുടെ ഹെൽപ് ലൈൻ നമ്പരുകൾ:

തിരുവനന്തപുരം നോർത്ത്: 0471-2464814, 2464794, തിരുവനന്തപുരം സൗത്ത്: 0471-2471654, കൊല്ലം: 0474-2760463, തിരുവല്ല: 0469-2602591, പത്തനംതിട്ട: 0468-2222255, ആലപ്പുഴ: 0477-2251540, ആലുവ: 0484-2620570, ചങ്ങനാശേരി: 0481-2424444, എറണാകുളം: 0484-2355336, ഇടുക്കി: 0486-2222281, ഇരിങ്ങാലക്കുട: 0480-2821626, കോട്ടയം: 0481-2582970, മാവേലിക്കര: 0479-2302290, 2303293, തൃശൂർ: 0487-2423531, പാലക്കാട്: 0491-2544740, ഒറ്റപ്പാലം: 0466-2222404, തിരൂർ: 0494-2422490, മഞ്ചേരി: 0483-2766840, കോഴിക്കോട്: 0495-2386166, വടകര: 0496-2523025, തലശേരി: 0490-2322300, 7907272056, കണ്ണൂർ: 0497-2708125, കാസർഗോഡ്: 04994-230885

ഒരു ക്ലിക്കിൽ കാണാം, കൊറോണ കാർട്ടൂണുകൾ

കൊച്ചി: കൈ കഴുകിയില്ലെങ്കിൽ കിടപ്പാകുമെന്ന് പറയുന്നു ഒരു കാർട്ടൂൺ. മനുഷ്യന്റെ കണ്ണില്ലാത്ത ദുരയാണ് കുഴപ്പമെന്ന് ചൂണ്ടിക്കാട്ടുന്നു മറ്റൊന്ന്. അമേരിക്കയുടെയും യൂറോപ്പിന്റെയും നടുക്കമാണ് ചില ചിത്രങ്ങളിൽ. ഭയാനകമായി പടരുന്ന കൊറോണയുടെ നേർചിത്രങ്ങളാണ് എല്ലാം. ലോക്ഡൗൺ കാലത്ത് ബോറടി മാറ്റാൻ മാത്രമല്ല, ബോധം തെളിയാനും ഉപകരിക്കുന്ന വരകൾ. കൊറോണ കാലത്തെ കാർട്ടൂണുകളുടെ ശേഖരം ആസ്വദിക്കാനും മറ്റുള്ളവർക്കു പങ്കിടാനും ഫെയ്സ് ബുക്കിലൂടെ അവസരം ഒരുക്കിയിരിക്കുന്നത് കേരള കാർട്ടൂൺ അക്കാദമിയാണ്.

കേരളത്തിലെ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലെയും വിദേശത്തെയും കാർട്ടൂണിസ്റ്റുകളുടെ രചനകൾ വിപുലമായ ശേഖരത്തിലുണ്ട്. പത്രമാധ്യമങ്ങളിലൂടെ അറിയപ്പെടുന്നവരും ഇതിലുൾപ്പെടും. വെറും ചിരിയല്ല, ചിന്തയുടെ വലിയ തിരിച്ചറിവുകൾ നൽകുന്നുണ്ട് പല കാർട്ടൂണുകളും. ഒപ്പം, ജാഗ്രതയുടെ മുന്നറിയിപ്പുകളും. 600ഓളം കാർട്ടൂണുകളുള്ള ശേഖരത്തിൽ ദിവസവും 50 രചനകൾ വീതം ഉൾപ്പെടുത്തും.

കൊറോണ ഭീതി കേരളത്തിൽ ആദ്യമുയർന്നപ്പോൾ ഫെബ്രുവരിയിൽ കണ്ണൂരിൽ കാർട്ടൂൺ അക്കാദമി കൊറോണ കാർട്ടൂണുകളുടെ പ്രദർശനം നടത്തിയിരുന്നു. തുടർന്ന് ആരോഗ്യ വകുപ്പും ജില്ലാ മെഡിക്കൽ ഓഫീസുമായി സഹകരിച്ച് തൃശൂരും എറണാകുളത്തും ഒരുക്കിയ കാർട്ടൂൺ പ്രചരണം സാമൂഹ്യ മാധ്യമങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്. കൂടുതൽ ജില്ലകളിൽ വ്യാപിപ്പിച്ച് പ്രാദേശികമായി പ്രചരിപ്പിക്കാനും ലക്ഷ്യമിടുന്നു.

ജനങ്ങളെ ബോധവത്കരിക്കാൻ കാർട്ടൂണുകൾക്ക് കൂടുതൽ കഴിയുമെന്നതിനാലാണ് ലോക് ഡൗൺ കാലത്ത് ഓൺലൈൻ പ്രദർശനം ഒരുക്കിയതെന്ന് അക്കാദമി ചെയർമാൻ കെ. ഉണ്ണികൃഷ്ണനും സെക്രട്ടറി അനൂപ് രാധാകൃഷ്ണനും പറഞ്ഞു. നൂറു വർഷം മുൻപ് ഒരു ക്ഷാമകാലത്താണ് ആദ്യ മലയാള കാർട്ടൂൺ പ്രസിദ്ധീകരിച്ചത്. ഇപ്പോൾ മഹാമാരിയെ ചെറുക്കുന്ന സമൂഹത്തിൽ ബോധവത്കരണ ദൗത്യത്തിലാണ് കാർട്ടൂണിസ്റ്റുകൾ. ലോകം അടഞ്ഞുകിടക്കുമ്പോഴും കാർട്ടൂണിസ്റ്റുകൾ വര കൊണ്ട് പ്രതിരോധം തീർക്കുന്നു. കാർട്ടൂണുകൾ ഇവിടെ കാണാം, പങ്കിടാം: https://bit.ly/39DC0e2

ഖാദി തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണം തുടങ്ങി

തിരുവനന്തപുരം: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പ്രതിമാസ പെൻഷൻ കൈപ്പറ്റുന്നവർക്ക് 2019 ഒക്റ്റോബർ, നവംബർ മാസങ്ങളിലെ പ്രതിമാസ പെൻഷൻ വിതരണം തുടങ്ങി. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലെ പെൻഷൻ നാളെ മുതൽ വിതരണം ചെയ്യും.

കോവിഡ് വ്യാപനത്തെ തുടർന്ന് തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മുഴുവൻ ഖാദി തൊഴിലാളികൾക്കും ബോർഡിന്റെ അംശദായ ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കേണ്ടാത്ത പലിശരഹിത വായ്പയായി 1,000 രൂപ വീതം നൽകാൻ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചി സർവകലാശാല വേനലവധി പുനഃക്രമീകരിച്ചു

കളമശേരി: കൊവിഡ്- 19 വ്യാപനം നിയന്ത്രിക്കുന്നതിനു വേണ്ടി സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളുടെയും കോളെജുകളുടെയും വേനലവധിക്കാലം പുനഃക്രമീകരിച്ച് ഉത്തരവായി. ഇതനുസരിച്ച് മാർച്ച് 21 മുതൽ മേയ് 20 വരെയാണ് വേനലവധി. മേയ് 21 മുതൽ പഠന വകുപ്പുകൾ തുറന്നു പ്രവർത്തിയ്ക്കുമെന്നും അതിനുശേഷം നടത്തപ്പെടുന്ന മാറ്റിവച്ചതുൾപ്പെടെയുള്ള എല്ലാ സർവകലാശാല പരീക്ഷകളുടെയും സമയ ക്രമം മേയ് ആദ്യവാരത്തിൽ പ്രസിദ്ധീകരിയ്ക്കുമെന്നും ഇതു സംബന്ധിച്ച അറിയിപ്പിൽ വ്യക്തമാക്കുന്നു.

ആശുപത്രികൾക്കെതിരേ നടപടിയുണ്ടാകും

മുംബൈ: കുറ്റകരമായ അനാസ്ഥ മൂലം ഡോക്റ്റർമാരും നഴ്സുമാരുമുൾപ്പെടെ ആരോഗ്യ പ്രവർത്തകർക്കു കൊവിഡ് രോഗം ബാധിച്ച സ്വകാര്യ ആശുപത്രികളുടെ അധികൃതർക്കെതിരേ കർശന നടപടിയുണ്ടാകും. 26 നഴ്സുമാർക്കും മൂന്നു ഡോക്റ്റർമാർക്കും കൊറോണ സ്ഥിരീകരിച്ച വോക്ഹാർഡിറ്റ് ആശുപത്രി മാനെജ്മെന്റിനെതിരേ ഉടൻ എഫ്ഐആർ സമർപ്പിച്ചേക്കുമെന്നാണു റിപ്പോർട്ട്. പ്രശസ്തമായ ജസ്ലോക്ക് ആശുപത്രിക്കെതിരേയും നടപടിക്കുള്ള തീരുമാനത്തിലാണു സർക്കാർ.

ഹൃദയശസ്ത്രക്രിയയ്ക്കായി പ്രവേശിപ്പിച്ച എഴുപതുകാരനിൽ നിന്നാണ് വോക്ഹാർഡിറ്റ് ആശുപത്രിയിലെ ജീവനക്കാർക്കു രോഗം പകർന്നതെന്നാണു കരുതുന്നത്. ഇക്കാര്യം ഉൾപ്പെടെ വിശദമായി അന്വേഷിക്കാൻ ബൃഹാൻ മുംബൈ കോർപ്പറേഷൻ എക്സിക്യൂട്ടിവ് ഹെൽത്ത് ഓഫിസർക്കു നിർദേശം നൽകിയതായി അഡീഷനൽ മുനിസിപ്പൽ കമ്മിഷണർ സുരേഷ് കകാനി അറിയിച്ചു. ധാരാവിയിൽ രോഗം സ്ഥിരീകരിച്ച ഡോക്റ്ററും ഇവിടെ പ്രവർത്തിച്ചിരുന്ന ശസ്ത്രക്രിയാ വിദഗ്ധനാണ്.

ആശുപത്രി മാനെജ്മെന്റ് ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണു പുലർത്തിയതെന്നും അദ്ദേഹം.

രോഗം ബാധിച്ചവരുമായി അമ്പതോളം നഴ്സുമാർ അടുത്തിടപഴകിയിട്ടുണ്ട്. ഇവരിൽ നാൽപ്പതു പേർ കേരളത്തിൽ നിന്നുള്ളവരാണെന്നു യുനൈറ്റഡ് നഴ്സസ് അസോസിയേഷൻ അറിയിച്ചു.

നഴ്സുമാർക്ക് സ്വന്തം പരിശോധനാ റിപ്പോർട്ടുകൾ പോലും നൽകുന്നില്ലെന്നും അവരെ ഹോസ്റ്റലിൽ സമ്പർക്ക വിലക്കിൽ പാർപ്പിച്ചശേഷം രോഗം സ്ഥിരീകരിക്കപ്പെടുന്ന ഓരോരുത്തരെയായി ആശുപത്രി വാർഡിലേക്കു മാറ്റുകയാണെന്നും നഴ്സുമാരുടെ സംഘടനയായ ജൻ സ്വാസ്ഥ്യ അഭിയാൻ വെളിപ്പെടുത്തി. രോഗിയെ പരിചരിച്ച രണ്ടു നഴ്സുമാർക്കാണ് ആദ്യം വൈറസ് ബാധിച്ചത്. ഇവരിൽ നിന്നു മറ്റുള്ളവരിലേക്കു പടർന്നു.

സ്ഥിതി മോശമായതോടെ ആശുപത്രി അടച്ചു. രോഗികളും ജീവനക്കാരുമടക്കം ഇവിടെയുള്ള 270 പേരെ പുറത്തു വിടുന്നില്ല. ആശുപത്രിയിൽ നിലവിലുള്ള മുഴുവൻ പേരുടെയും സ്രവം പരിശോധനയ്ക്കയയ്ക്കുമെന്നും സുരേഷ് കകാനി.

ജസ്ലോക്ക് ആശുപത്രിയിൽ വിദേശയാത്ര നടത്തുകയോ ലക്ഷണങ്ങൾ കാണിക്കുകയോ ചെയ്യാത്ത രോഗിയിൽ നിന്നാണു നഴ്സിനു കൊറോണ വൈറസ് പടർന്നത്. ഇതിനു പിന്നാലെ വാർഡ് ബോയിക്കും രോഗം സ്ഥിരീകരിച്ചു.

നേരത്തേ, ചെമ്പൂരിലെ സായി ആശുപത്രിയിലും കൊവിഡ് രോഗബാധയെത്തുടർന്ന് അടച്ചിരുന്നു. സയ്ഫീ, ഹിന്ദുജ, ഭാഭാ ആശുപത്രികളും ഭാഗികമായി അടച്ചിരിക്കുകയാണ്. ആശുപത്രിജീവനക്കാർക്ക് വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളില്ലെന്നു നേരത്തേ തന്നെ പരാതിയുണ്ടായിരുന്നു. എന്നാൽ, തങ്ങളുടെ ആശുപത്രിയിൽ പുതുതായി എത്തുന്നവരിൽ സംശയിക്കപ്പെടുന്ന രോഗികളെ കൊവിഡ് പരിശോധനയ്ക്കു വിധേയരാക്കുന്നുണ്ടെന്നും ഒപി ഡ്യൂട്ടി ചെയ്യുന്നവർക്കു സുരക്ഷാ വസ്ത്രം നൽകിയിട്ടുണ്ടെന്നും ബോംബെ ഹോസ്പിറ്റൽ മാനെജ്മെന്റ് അറിയിച്ചു. എന്നാൽ, സുരക്ഷാ വസ്ത്രത്തിനു ക്ഷാമമുണ്ടെന്നും അവർ.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- അശ്വതി: ധർമ പ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സഹകരിക്കും. പിതാവിന്റെ ആഗ്രഹങ്ങൾ സാധിപ്പിക്കും. പൊതുപ്രവർത്തനങ്ങളിൽ വ്യാപൃതനാകും.
- ഭരണി: ആഗ്രഹങ്ങൾ സഫലമാകും. മുൻകോപം നിയന്ത്രിക്കണം. വിദഗ്ധോപദേശം തേടാതെ ഒരു പ്രവൃത്തികൾക്കും തുടക്കം അരുത്. വരവും ചെലവും തുല്യമായിരി ക്കും.
- കാർത്തിക: ശുഭസൂചകങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. പദ്ധതിസമർപ്പണത്തിൽ ലക്ഷ്യപ്രാപ്തിനേടും. മംഗള കർമങ്ങൾക്ക് നേതൃത്വം നൽകും.
- രോഹിണി: പരിശ്രമങ്ങൾക്ക് പൂർണതയുണ്ടാവുകയില്ല. വരവു വർധിക്കും. സമന്വയ സമീപനം സ്വീകരിക്കും. കീഴ്ജീവനക്കാരുടെ അഭിപ്രായങ്ങൾ മാനിക്കും.
- മകയിരം: ദുസൂചനകൾ ലഭിച്ചതിനാൽ പണമിടപാടിൽ നിന്നും പിന്മാറും. ഔദ്യോഗിക മായി മാനസികസമർദം വർധിക്കും. കഴിവുകൾ പ്രകടിപ്പിക്കുവാൻ സാധിക്കു കയില്ല.
- തിരുവാതിര: വിശേഷപ്പെട്ട ദേവാലയദർശനം നടത്തും. സുവ്യക്തമായ കർമപദ്ധതിക്കു പണം മുടക്കും. പുത്ര പൗത്രാദികളോടൊപ്പം താമസിക്കുവാൻ അന്യദേശയാത്ര പുറപ്പെടും.
- പുണർതം: അശ്രാന്ത പരിശ്രമത്താൽ ദൗത്യം നിർവഹിക്കും. ക്രയവിക്രയങ്ങളിൽ പ്രതീക്ഷിച്ച നേട്ടം കുറയും. സുഹൃത്സഹായഗുണത്താൽ കാര്യസാധ്യമുണ്ടാകും.
- പൂയ്യം: പുതിയ പാഠ്യപദ്ധതിക്ക്ചേരും. അതിഥി സൽക്കാരത്തിനു പങ്കെടുക്കും. പൊതുപ്രവർത്തനങ്ങളിൽ വ്യാപൃതനാകും. സമന്വയസമീപനം സർവകാര്യവിജയങ്ങൾക്കും വഴിയൊരുക്കും.
- ആയില്യം: സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കും. ഉത്സാഹവും ഉന്മേഷവും കാര്യനിർവഹണശക്തിയും വർധിക്കും.
- മകം: ആരോഗ്യം തൃപ്തികരമായിരിക്കും. ആഗ്രഹങ്ങൾ സഫലമാകും. പ്രവർത്തനരംഗം പുഷ്ടിപ്പെടും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ആഹ്ലാദവും ദാമ്പത്യ സൗഖ്യവും ഉണ്ടാകും.
- പൂരം: പുതിയ ഉദ്യോഗത്തിന് നിയമനാനുമതി ലഭിക്കും. കരാറു ജോലികൾ ഏറ്റെടുക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും. സംഘനേതൃത്വസ്ഥാനം വഹിക്കും.
- ഉത്രം: ആഗ്രഹങ്ങൾ സഫലമാകും. പുതിയ കർമപദ്ധതികൾ രൂപകൽപന ചെയ്യും. പ്രതിസന്ധികൾ തരണം ചെയ്യും. സാമ്പത്തിക സ്ഥിതി മെച്ചപ്പെടും.
- അത്തം: സ്വയംഭരണാധികാരം ലഭിക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും. മാതൃകാ പരമായ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കും. സൽകർമങ്ങൾക്ക് സാക്ഷ്യംവഹിക്കും.
- ചിത്ര: പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. പുതിയ ചുമതലകൾ ഏറ്റെടുക്കുവാൻ തയ്യാറാകും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കും. പ്രതിസന്ധികൾ തരണം ചെയ്യും.
- ചോതി: ഈശ്വപ്രാർഥനകളാൽ സർവകാര്യവിജയമുണ്ടാകും. പിതൃസ്വത്തിൽ ഗൃഹ നിർമാണപ്രവർത്തനങ്ങൾ തുടങ്ങും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും.
- വിശാഖം: മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കും. സൽകർമങ്ങൾക്ക് സാമ്പത്തികസഹായം ചെയ്യും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും.
- അനിഴം: സംഭവബഹുലമായ കാര്യങ്ങൾ വന്നുചേരും. മാതാപിതാക്കളുടെ അനുഗ്രഹാ ശിസുകളോടുകൂടി ചെയ്യുന്നതെല്ലാം ഫലപ്രദമായിത്തീരും. സത്യസന്ധതയിൽ പ്രശംസ കേൾക്കും.
- തൃക്കേട്ട: വിജ്ഞാനങ്ങൾ കൈമാറുവാൻ അവസരമുണ്ടാകും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും. സമീപനഗുണത്താൽ സർവകാര്യ വിജയമുണ്ടാകും. കാര്യനിർവഹണശക്തിയും പ്രതാപവും വർധിക്കും.
- മൂലം: വിദേശ ഉദ്യോഗത്തിന് തടസമുണ്ടാകും. മറവിയുണ്ടാകും. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. വാക്കും പ്രവൃത്തിയും സൂക്ഷിക്കണം.
- പൂരാടം: മേലധികാരിയുടെ ചുമതല ഏറ്റെടുക്കും. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കണം. പണം കടം കൊടുക്കരുത്. സ്വജനവിരോധം വർധിക്കും.
- ഉത്രാടം: ആരോഗ്യം തൃപ്തികരമായിരിക്കും. പരിശ്രമങ്ങൾക്ക് ഫലമുണ്ടാകും. കാര്യ നിർവഹണശക്തി വർധിക്കും. പ്രതിസന്ധികൾ തരണം ചെയ്യും. സ്വസ്ഥതയും സമാ ധാനവും ഉണ്ടാകും.
- തിരുവോണം: ചെയ്യുന്നതെല്ലാം അബദ്ധമാകും. സ്വസ്ഥതയും സമാധാനവും കുറയും. അനാവശ്യചിന്തകൾ വർധിക്കും. അധിക സംസാരം ഉപേക്ഷിക്കണം.
- അവിട്ടം: വിദഗ്ധ നിർദ്ദേശം സ്വീകരിച്ച് ദീർഘകാലസുരക്ഷാപദ്ധതിയിൽ പണം മുടക്കും. സഹപ്രവർത്തകരുടെ ജോലികൂടിചെയ്തു തീർക്കേണ്ടതായിവരും. വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം.
- ചതയം: സഹപ്രവർത്തകരുടെ ജോലി ചെയ്യേണ്ടതായിവരും. മംഗളകർമങ്ങളിൽ പങ്കെടുക്കും. ചർച്ചകൾക്ക് പൂർണത ഉണ്ടാവുകയില്ല. മധ്യസ്ഥതയ്ക്ക് പോകരുത്.
- പൂരോരുട്ടാതി: ജീവിതപങ്കാളിയുടെ ആശയങ്ങൾ സ്വീകരിക്കും. സൗമ്യസമീപന ത്താൽ സർവകാര്യവിജയമുണ്ടാകും. വ്യവസ്ഥകൾ പാലിക്കും.
- ഉത്രട്ടാതി: ആരോഗ്യം തൃപ്തികരമായിരിക്കും. ആഗ്രഹങ്ങൾ സഫലമാകും. ധർമ പ്രവൃത്തികൾക്ക് സഹകരിക്കും. പ്രതിസന്ധികൾ തരണം ചെയ്യും.
- രേവതി: സ്വജനവിരോധം വർധിക്കും. പ്രവർത്തനങ്ങൾക്ക് ഫലം കുറയും. യാത്രാ ക്ലേശത്താൽ അസ്വാസ്ഥ്യമനുഭവപ്പെടും. സഹപ്രവർത്തകരുടെ ജോലികൂടി ചെയ്തുതീർക്കേണ്ടതായിവരും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:23553765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ടി-20 ലോകകപ്പ് മുൻ നിശ്ചയപ്രകാരം: ഐസിസി

ദുബായ്: ഒക്ടോബറിലും നവംബറിലുമായി ഓസ്ട്രേലിയയിൽ നടക്കേണ്ട ടി20 ലോകകപ്പ് മുൻനിശ്ചയപ്രകാരം തന്നെ നടക്കുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ വ്യക്തമാക്കി. കൊവിഡ് 19 വൈറസ് രോഗബാധയുടെ പശ്ചാത്തലത്തിൽ ഓസ്ട്രേലിയയിലെ സ്ഥിതിഗതികൾ വിലയിരുത്തിയശേഷമെ ലോകകപ്പ് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കൂ എന്നും ഐസിസി പറഞ്ഞു.

പ്രാദേശിക സംഘാടകസമിതി, അധികൃതരുമായി സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും അത് തുടരുമെന്നും ഐസിസി വ്യക്തമാക്കി. ഒക്ടോബർ 18 മുതൽ നവംബർ 15 വരെ നടക്കേണ്ട ടൂർണമെന്റുമായി നിലവിലെ സാഹചര്യത്തിൽ മുന്നോട്ടുപോകുകയാണെന്നും ഐസിസി വാർത്താക്കുറിപ്പിൽ പറഞ്ഞു. ഓസ്ട്രേലിയയിലെ സ്ഥിതിഗതികൾ മെച്ചപ്പെട്ടില്ലെങ്കിൽ ടി20 ലോകകപ്പ് അടുത്തവർഷത്തേക്ക് മാറ്റിവെക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു.

എന്നാൽ 2022ൽ ടി20 ലോകകപ്പിന് ഇന്ത്യ വേദിയാവുന്നതിനാൽ ഒരു വർഷം രണ്ട് ലോകകപ്പ് നടത്തേണ്ട അവസ്ഥ വരുമെന്നതിനാൽ ഈ വർഷം തന്നെ ടൂർണമെന്റ് നടത്താനാണ് ഐസിസി ആലോചിക്കുന്നത്. നടത്താനാവാത്ത സാഹചര്യം വന്നാൽ ഓസ്ട്രേലിയക്ക് അനുവദിച്ച ടി20 ലോകകപ്പ് നഷ്ടമാകും.

ലീഗുകളുടെ സമയം നീട്ടാൻ ഫിഫ

സൂറിച്ച്: കൊവിഡ് 19 വൈറസ് രോഗബാധയുടെ പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങളിലെ ഫുട്ബോൾ സീസണുകൾ സംബന്ധിച്ച് സുപ്രധാന പ്രഖ്യാപനത്തിനൊരുങ്ങി ഫിഫ. നിലവിലെ സീസൺ അനിശ്ചിതകാലത്തേക്ക് നീട്ടാനാണ് ഫിഫയുടെ തീരുമാനമെന്നാണ് സൂചന. ഓരോ രാജ്യത്തെയും ഫുട്ബോൾ സീസണുകൾ എപ്പോൾ അവസാനിപ്പിക്കണെമെന്ന് അതാത് രാജ്യങ്ങളിലെ ദേശീയ ഫുട്ബോൾ സംഘടനകൾക്ക് തീരുമാനിക്കാം.

വേനൽക്കാല ട്രാൻസ്ഫർ ജാലകം നീട്ടുന്നതിനെക്കുറിച്ചും ജൂൺ 30ന് കരാർ കാലാവധി തീർന്ന കളിക്കാരുടെ കരാർ നീട്ടുന്നതിനെക്കുറിച്ചും ഫിഫ ആലോചിക്കുന്നുണ്ട്. അടുത്ത രണ്ട് ദിവസത്തിനുള്ളിൽ ഇതുസംബന്ധിച്ച് ഫിഫ ഔദ്യോഗിക പ്രഖ്യാപനം നടത്തുമെന്നാണ് സൂചന.

സെക്സ് പാർട്ടി: സിറ്റി താരം കുരുക്കിൽ

ലണ്ടൻ· കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോകമാകെ ദുരിതമനുഭവിക്കുമ്പോൾ, ബ്രിട്ടീഷ് സർക്കാർ ഏർപ്പെടുത്തിയ ലോക്ഡൗൺ ചട്ടങ്ങൾ ലംഘിച്ച് ലൈംഗിക തൊഴിലാളികളുമായി പാർട്ടി നടത്തിയ മാഞ്ചസ്റ്റർ സിറ്റിതാരം കൈൽ വാൽക്കർ വിവാദക്കുരുക്കിൽ. വിവാദ നടപടിയിൽ താരം ഖേദം പ്രകടിപ്പിച്ചതിനു പിന്നാലെ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്ന് വ്യക്തമാക്കി മാഞ്ചസ്റ്റർ സിറ്റി അധികൃതർ രംഗത്തെത്തി. ഇതോടെ, വാൽക്കറിനെതിരെ അച്ചടക്ക നടപടിക്കും വഴിതെളിഞ്ഞു. രാജ്യമൊന്നാകെ കൊറോണ വൈറസിനെതിരെ പോരാടുമ്പോൾ വാൽക്കറിന്റെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തി ശരിയായില്ലെന്ന് മാഞ്ചസ്റ്റർ സിറ്റി പ്രസ്താവനയിൽ അറിയിച്ചു.

ലോക്ഡൗൺ ചട്ടങ്ങൾ കാറ്റിൽപ്പറത്തി വാൽക്കർ ചെഷയറിലെ തന്റെ വസതിയിൽ പാർട്ടി നടത്തിയ വിവരം ബ്രിട്ടനിലെ സൺ ദിനപ്പത്രമാണ് പുറത്തുവിട്ടത്. വാൽക്കറും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും പണം നൽകി രണ്ട് ലൈംഗിക തൊഴിലാളികളെ വീട്ടിലെത്തിച്ചെന്നാണ് സൺ റിപ്പോർട്ട്ചെയ്തത്. ക്രിമിനോളജി വിദ്യാർഥി കൂടിയായ 21കാരി എസ്കോർട്ട് ലൂയിസ്, 24 വയസ്സുള്ള ഒരു ബ്രസീലുകാരി എന്നിവരാണ് വാൽക്കറിന്റെ ഫ്ലാറ്റിലെത്തിയത്. രാത്രി 10.30ന് എത്തിയ ഇരുവരും പുലർച്ചെ രണ്ടു മണിയോടെയാണ് ഇവിടെനിന്ന് മടങ്ങിയതെന്നായിരുന്നു റിപ്പോർട്ട്.

കോവിഡ് വ്യാപനത്തിനെതിരായ പോരാട്ടത്തിൽ കായികതാരങ്ങളുടെ ഇടപെടൽ ശ്രദ്ധേയം

ഗംഭീര കൈയടി

മെഡിക്കൽ ഉപകരണങ്ങൾക്കായി 50 ലക്ഷം കൂടി ഗംഭീർ വക

ന്യൂഡൽഹി· കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിന് കായിക താരങ്ങൾ രംഗത്തിറങ്ങിയത് ശ്രദ്ധേയമാകുന്നു. സച്ചിനും ഗാംഗുലിയു കോഹ്‌ലിയും രോഹിതുമൊക്കെ ഇതിനോടകം മികച്ച മാതൃക സൃഷ്ടിച്ചു കഴിഞ്ഞു. പി.വി. സിന്ധു, മിതാലി രാജ് തുടങ്ങിയ പ്രമുഖരും സംഭാവന നൽകിക്കഴിഞ്ഞു. കായിക സംഘടനകളായ ബിസിസിഐ, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ, ഹോക്കി ഇന്ത്യ എന്നീ സംഘടനകളും പ്രധാനമന്ത്രിയുടെ കൊവിഡ് കെയേഴ്സിലേക്കു സംഭാവന നൽകിക്കഴിഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സംഘാടനകളും ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകിയിട്ടുണ്ട്.

ഗൗതം ഗംഭീർ

കായിക താരങ്ങളിൽ ഏറെ പ്രശംസ പിടിച്ചുപറ്റുന്നത് ലോക്സഭ എംപിയും ക്രിക്കറ്റ് താരവുമായ ഗൗതം ഗംഭീർ ആണ്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ഊർജമേകിക്കൊണ്ട് തന്റെ സഹായ ഹസ്തം ഒരിക്കൽക്കൂടി നീട്ടിക്കൊണ്ടാണ് ഗൗതം ഗംഭീർ രംഗത്തെത്തിയിരിക്കുന്നത്. ഡൽഹിയിലെ സർക്കാർ ആശുപത്രികളിലേക്ക് വൈറസ് വ്യാപനത്തെ പ്രതിരോധിക്കുന്നതിന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ എംപി പ്രാദേശിക വികസന ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ കൂടി അനുവദിക്കുന്നതായി ഗംഭീർ പ്രഖ്യാപിച്ചു. ഉപകരണങ്ങൾ വാങ്ങാൻ പണമില്ലെന്ന ഡൽഹി സർക്കാരിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് 50 ലക്ഷം രൂപ അനുവദിക്കുന്നതെന്ന് ഗംഭീർ ടിറ്ററിലൂടെ വ്യക്തമാക്കി. ഇതേ ആവശ്യത്തിനായി രണ്ടാഴ്ച മുൻപും ഗംഭീർ എംപി ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതോടെ ആകെ തുക ഒരു കോടിയായി ഉയർന്നു. ഇതിനു പുറമെ ഒരു കോടി രൂപ കൂടി കോവിഡിനെതിരായ പോരാട്ടത്തിനായി ഗംഭീർ അനുവദിച്ചിരുന്നു. മാത്രമല്ല, രണ്ടു വർഷത്തെ ശമ്പളവും പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്ക് നൽകി. രണ്ടു വർഷത്തെ ശമ്പളം പൂർണമായും സംഭാവന നൽകിയ ഗംഭീറിന്റെ നടപടിയെ കൈയടികളോടെയാണ് ആരാധകർ സ്വീകരിച്ചത്. ഇതിനു പിന്നാലെയാണ് ഡൽഹിയിലെ സർക്കാർ ആശുപത്രികൾക്കായി 50 ലക്ഷം രൂപ കൂടി ഈസ്റ്റ് ഡൽഹിയിൽനിന്നുള്ള എംപിയായ ഗംഭീർ അനുവദിച്ചത്.

'ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാളും ഉപമുഖ്യമന്ത്രിയും കൂടുതൽ പണം ആവശ്യമാണെന്ന് പറയുന്നു. ഇതിനു മുൻപ് പ്രാദേശിക വികസന ഫണ്ടിൽനിന്ന് ഞാൻ അനുവദിച്ച 50 ലക്ഷം രൂപ വാങ്ങാൻ അവരുടെ കനത്ത ഈഗോ സമ്മതിച്ചില്ലെങ്കിലും വീണ്ടുമൊരു 50 ലക്ഷം രൂപ കൂടി അനുവദിക്കുകയാണ്. നിരപരാധികളായ മനുഷ്യർ ബുദ്ധിമുട്ടേണ്ട കാര്യമില്ലല്ലോ. ഈ ഒരു കോടി രൂപകൊണ്ട് മാസ്കുകളും ഏറ്റവും അത്യാവശ്യമുള്ള ഉപകരണങ്ങളും വാങ്ങാം. ഡൽഹിക്ക് അവർ വേണ്ടത്ര പ്രാധാന്യം നൽകുമെന്നാണ് പ്രതീക്ഷ - ഗംഭീർ ടിറ്ററിൽ കുറിച്ചു.

'ഡൽഹിയിലെ വിവിധ ആശുപത്രികളിൽ ഉപകരണങ്ങളുടെ ആവശ്യം ഏറുന്ന സാഹചര്യത്തിൽ കടുത്ത ക്ഷാമം നേരിടുന്നതായും കൂടുതൽ പണം വേണമെന്നും ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ പ്രസ്താവന കണ്ടു. രണ്ടാഴ്ച മുൻപ് പ്രഖ്യാപിച്ച 50 ലക്ഷത്തിനു പുറമെ, പ്രാദേശിക വികസന ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ കൂടി അനുവദിക്കുന്നു. കോവിഡ് 19 രോഗികളുടെ ചികിത്സയ്ക്കും രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പ്രതിരോധ ഉപകരണങ്ങൾ വാങ്ങാനും ഈ തുക ഉപയോഗിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട് അടിയന്തര ആവശ്യങ്ങൾ എന്റെ ഓഫിസിൽ അറിയിക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്താൻ അഭ്യർഥിക്കുന്നു. ഈ ദുരിത സമയത്ത് ഡൽഹിയിലെ ജനങ്ങളുടെ ക്ഷേമത്തിനാണ് അടിയന്തര പ്രാധാന്യം നൽകേണ്ടത് - കത്തിൽ ഗംഭീർ എഴുതി.

കായിക താരങ്ങളുടെയും സംഘടനകളുടെയും സംഭാവനകൾ ഇങ്ങനെ

ബിസിസിഐ -	51 കോടി
ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ -	25 ലക്ഷം
ഹോക്കി ഇന്ത്യ -	1 കോടി
സച്ചിൻ ടെൻഡുൽക്കർ (ക്രിക്കറ്റ്)	50 ലക്ഷം
സൗരവ് ഗാംഗുലി (ക്രിക്കറ്റ്) -	50 ലക്ഷം രൂപയുടെ അരി
വിരാട് കോഹ്‌ലി (ക്രിക്കറ്റ്) -	രണ്ടു കോടി രൂപ
രോഹിത് ശർമ (ക്രിക്കറ്റ്)	80 ലക്ഷം
സുരേഷ് റെയ്ന (ക്രിക്കറ്റ്)	52 ലക്ഷം
ഗൗതം ഗംഭീർ (ക്രിക്കറ്റ്) -	രണ്ടു കോടി രൂപയും രണ്ടു വർഷത്തെ ശമ്പളവും
അനിൽ കുംബ്ലെ (ക്രിക്കറ്റ്)	-തുക വെളിപ്പെടുത്തിയില്ല
അജിങ്ക്യ രഹാനെ (ക്രിക്കറ്റ്)-	10 ലക്ഷം
യുവ്‌രാജ് സിംഗ് (ക്രിക്കറ്റ്)-	50 ലക്ഷം
പി.വി. സിന്ധു (ബ്രാഡ്മിന്റൺ) -	10 ലക്ഷം രൂപ
യൂസഫ് പഠാൻ, ഇർഫാൻ പഠാൻ(ക്രിക്കറ്റ്) -	4000 മാസ്കുകൾ, ഭക്ഷണസാധനങ്ങൾ
മിതാലി രാജ് (ക്രിക്കറ്റ്) -	10 ലക്ഷം
സത്യൻ ഗുണശേഖരൻ (ടേബിൾ ടെന്നീസ്)-	1.25 ലക്ഷം
നീരജ് ചോപ്ര (അത്‌ലറ്റിക്സ്) -	3 ലക്ഷം
മനു ഭകർ (ഷൂട്ടർ) -	1 ലക്ഷം
ഗൗരി ഷെറോൺ (ഷൂട്ടർ) -	11 ലക്ഷം
കേദാർ ജാദവ് (ക്രിക്കറ്റ്)-	തുക വെളിപ്പെടുത്തിയില്ല
അപൂർവി ചന്ദേല (ഷൂട്ടർ) -	5 ലക്ഷം
ബജ്റംഗ് പുനിയ (ഗുസ്തി) -	ആറു മാസത്തെ ശമ്പളം
ഹിമ ദാസ് (അത്‌ലറ്റിക്സ്) -	ഒരു മാസത്തെ ശമ്പളം

ഗോപിചന്ദ് വക 26 ലക്ഷം

ഇന്ത്യൻ ബാഡ്മിന്റൺ താരവും പരിശീലകനുമായ പുല്ലേല ഗോപിചന്ദ് പ്രധാനമന്ത്രിയുടെയും സംസ്ഥാന സർക്കിരിന്റെയും ദുരിതാശ്വാസ നിധിയിലേക്ക് 26 ലക്ഷം രൂപ സംഭാവന നൽകി. കോവിഡ് പ്രതിരോധ പ്രവ്ർത്തനങ്ങൾക്കായുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായാണിത്. ചെറിയൊരു സംഭാവന സംസ്ഥാന ദേശീയ ദുരിതാശ്വാസ ഫണ്ടിലേക്കു നൽകാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് ഗോപിചന്ദ് പറഞ്ഞു.

11 ലക്ഷം പ്രധാനമന്ത്രിയുടെ കൊവിഡ് കെയേഴ്സ് ഫണ്ടിലേക്കും 10 ലക്ഷം തെലുങ്കാന സർക്കാരിന്റെ ഫണ്ടിലേക്കും അഞ്ചു ലക്ഷം ആന്ധ്ര സർക്കാരിന്റെ ഫണ്ടിലേക്കുമാണ് ഗോപിചന്ദ് നൽകിയത്.

സിആർ 7 ബ്രാൻഡ് 100 കോടി ഡോളറിലേക്ക്

ടൂറിൻ: ലോകത്തെ ഏറ്റവും വരുമാനമുള്ള കായിക താരമെന്ന നിലയിലേക്ക് യുവന്റസിന്റെ പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ കുതിക്കുന്നു. റൊണാൾഡോ എന്ന ഫുട്ബോളറുടെ വരുമാനം ഈ വർഷംതന്നെ 100 കോടി ഡോളർ (ഏകദേശം 7641 കോടി രൂപ) എന്ന മാന്ത്രികസംഖ്യയിലെത്തും. ഇതുവരെയുള്ള കരിയറിലെ ആകെ വരുമാനമാകും 'വൺ ബില്യൻ ഡോളർ' മറികടക്കുക. ഇപ്പോൾ യുവെന്റസിന്റെ താരമായ മുപ്പത്തിയഞ്ചുകാരൻ ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ യുണൈറ്റഡും സ്പെയിനിലെ റയൽ മഡ്രിഡും പിന്നിട്ടാണ് ഇറ്റലിയിലെത്തിയത്.

കോവിഡ് മൂലം ഈ സീസണിൽ യുവെന്റസിൽ നിന്നുള്ള പ്രതിഫലത്തിൽ 42.33 ലക്ഷം ഡോളർ (ഏകദേശം 32 കോടി രൂപ) കുറയ്ക്കാൻ ക്രിസ്റ്റ്യാനോ സമ്മതിച്ചിട്ടുണ്ടെങ്കിലും ആ കുറവ് 100 കോടിയിലേക്കുള്ള കുതിപ്പിനു തടസ്സമാകില്ലെന്നു പ്രശസ്ത സാമ്പത്തിക പ്രസിദ്ധീകരണമായ ഫോബ്സ് റിപ്പോർട്ട് ചെയ്തു.

ക്ലബ് പ്രതിഫലത്തിന്റെ കാര്യത്തിൽ അർജന്റീന താരം ലയണൽ മെസ്സിക്കു (8.4 കോടി ഡോളർ) പിന്നിലാണു ക്രിസ്റ്റ്യാനോ. എന്നാൽ, പ്രതിഫലത്തിനു പുറമേയുള്ള പരസ്യവരുമാനത്തിലും ബ്രാൻഡ് വരുമാനത്തിലും മെസ്സി ഉൾപ്പെടെയുള്ള എതിരാളികൾ ക്രിസ്റ്റ്യാനോയ്ക്കു ബഹുദൂരം പിന്നിലാണ്. ക്രിസ്റ്റ്യാനോ എത്തിയ ശേഷം യുവെന്റസിന്റെ വരുമാനത്തിലും 40% വർധനയുണ്ടായി. നൈക്കിയുടെ ബ്രാൻഡ് അംബാസഡറെന്ന നിലയിൽ ഓരോ വർഷവും വൻതുകയാണു റൊണാൾഡോയ്ക്കു ലഭിക്കുന്നത്. ഇതിനു പുറമേയാണു സിആർ7 എന്ന ബ്രാൻഡിൽ പുറത്തിറക്കുന്ന വസ്ത്രങ്ങൾ, ചെരിപ്പ്, പഴ്സനൽ കെയർ ഉൽപന്നങ്ങൾ എന്നിവയിൽനിന്നുള്ള വൻ വരുമാനം. ക്ലബ് പ്രതിഫലം വേണ്ടെന്നുവച്ചാലും ഇതിൽനിന്നെല്ലാം ഓരോ വർഷവും ക്രിസ്റ്റ്യാനോയ്ക്ക് 9.10 കോടി ഡോളർ (ഏകദേശം 695 കോടി രൂപ) വരുമാനമുണ്ടാക്കാം.

യുഎസ് ഗോൾഫ് താരം ടൈഗർ വുഡ്സും (2009) പ്രഫഷനൽ ബോക്സിങ് താരം ഫ്ലോയ്ഡ് മെയ്‌വെതറുമാണു (2013) കരിയർ വരുമാനത്തിൽ 100 കോടി ഡോളർ പിന്നിട്ട മുൻ കായികതാരങ്ങൾ. ആ നേട്ടത്തിലെത്തുമ്പോൾ ഫുട്ബോളിൽനിന്നുള്ള ആദ്യ താരമായി ക്രിസ്റ്റ്യാനോ മാറും.

റൊണാൾഡോ (വാർഷിക വരുമാനം 2019)

യുവെന്റസ് പ്രതിഫലം- 6.50 കോടി ഡോളർ
(ഏകദേശം 497 കോടി രൂപ)
പരസ്യ വരുമാനം- 4.41 കോടി ഡോളർ
(ഏകദേശം 338 കോടി രൂപ)

ഏഷ്യൻ കപ്പ് നടത്താൻ ഇന്ത്യ

ന്യൂഡൽഹി: 2027ലെ ഏഷ്യൻ കപ്പ് ഫുട്ബോളിന് ആതിഥ്യം വഹിക്കാൻ ഇന്ത്യയും ശ്രമിക്കുന്നു. ഇന്ത്യ 2027 ഏഷ്യൻ കപ്പിനായി ബിഡ് ചെയ്യും എന്ന് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ തന്നെയാണ് അറിയിച്ചത്. ഇന്ത്യയെ കൂടാതെ സൗദി അറേബ്യ മാത്രമാണ് 2027 ഏഷ്യൻ കപ്പിനായി ഇതുവരെ എ എഫ് സിക്ക് ബിഡ് സമർപ്പിച്ചിട്ടുള്ളത്.

നേരത്തെ മാർച്ച് 30വരെ ആയിരുന്നു ഏഷ്യൻ കപ്പിനായി ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി. എന്നാൽ കൊറോണയുടെ സാഹചര്യത്തിൽ ആ തീയതി എ എഫ് സി മൂന്ന് മാസത്തേക്ക് നീട്ടിയിരുന്നു. ജൂൺ 30വരെ രാജ്യങ്ങൾക്ക് 2027 ഏഷ്യൻ കപ്പിനായി അപേക്ഷ സമർപ്പിക്കാം.

ഫവേലകൾക്ക് പറയാനുണ്ട്, ജീവിതത്തെക്കുറിച്ച്..!

ലോകത്തിലെ ഏറ്റവും വലിയ ചേരിയെന്ന് മുംബൈയിലെ ധാരാവിയെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ, അത്രത്തോളമോ അതിലും വലുതോ ആയ ചേരികൾ ബ്രസീലിലുണ്ട്. ബ്രസീലിലെ ചേരികൾക്ക് ഫവേലകൾ എന്നാണ് പറയുന്നത്. സിനിമയിൽ പറയുമ്പോലെ പിടിച്ചുപറിക്കാരും കരിഞ്ചന്തക്കാരും മാത്രമല്ല, ഇവിടെയുള്ളത്. വലിയ അധോലോകങ്ങളുടെയും മയക്കുമരുന്ന് മാഫിയകളുടെയും വിളനിലമാണ് ഫവേലകൾ. റിയോയിലെ പ്രശസ്തമായ ഒരു ചേരി സന്ദർശിക്കാനുള്ള ഭാഗ്യം ലഭിച്ചു. ഭീതിദമായ ആ യാത്രയെക്കുറിച്ച്.

സി.കെ. രാജേഷ്കുമാർ

നീ ഈ ധാരാവി ധാരാവി എന്നു കേട്ടിട്ടുണ്ടോ...? പുലിവാൽ കല്യാണം എന്ന സിനിമയിൽ കൊച്ചിൻ ഹനീഫ ചോദിക്കുന്നതാണിത്. ധാരാവി എന്നാൽ, മുംബൈയിലെ ഏറ്റവും വലിയ ചേരി പ്രദേശമാണ്. തോട്ടിപ്പണിക്കാരും മാർവാഡികളും പെൺവാണിഭക്കാരും തീർത്തും പാവപ്പെട്ടവരും ഒക്കെ താമസിക്കുന്ന ചേരികൾ. ചേരികളെക്കുറിച്ച് കേൾക്കുമ്പോൾ നമ്മുടെ മനസിലേക്ക് ഓടിയെത്തുന്നത് മുംബൈയിലെ ചേരികളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികളുടേതാണ്. എന്നാൽ, ഇവിടെ റിയോ ഡി ജനെയ്റോയിലെ ചേരികളുടെ സ്വഭാവം അപകടകരമാണ്. ബ്രസീലിലെ ഫവേലകളെക്കുറിച്ച് വായിച്ചറിഞ്ഞ അനുഭവം വച്ചുകൊണ്ട് ഫവേലകളുടെ ഉള്ളിലേക്കൊരു യാത്ര കാംക്ഷിച്ചിരുന്നു. എന്നാൽ, പല ഫവേലകളിലേക്കും പോകുന്നത് അപകടകരമാണെന്നു മനസിലാക്കി. ഒടുവിൽ അത്ര പ്രശ്നബാധിതമല്ലാത്ത ഫവേലകളിലൂടെയുള്ള യാത്രയ്ക്കുള്ള അവസരം ലഭിച്ചു.

രക്തം മണക്കുന്ന തെരുവുകളിലൂടെയായിരുന്നു യാത്ര. മയക്കുമരുന്നു കഞ്ചാവും യഥേഷ്ടം വിറ്റഴിക്കപ്പെടുന്ന ഫവേലകൾ. ഒരു കെട്ടിടത്തിൽനിന്ന് അടുന്ന കെട്ടിടത്തിലേക്കുള്ള ദൂരം ഒരു മീറ്ററിൽ താഴെ മാത്രം. കഷ്ടിച്ച് ഒരാൾക്ക് കടന്നുപോകാം. പല ഫവേലകൾക്കും നടുവിലൂടെ കനാലുകളുണ്ട്. ദുർഗന്ധപൂരിതമാണ് ഇവ. തികച്ചും വൃത്തിഹീനമായ ഫവേലകളിൽ കൊതുകുകളുടെ വിളയാട്ടമാണ്. കൊതുകിന്റെ കാര്യത്തിൽ നമ്മുടെ കൊച്ചിക്കു സമാനം. റിയോയിയെ ഏറ്റവും വലിയ ഫവേലയായ റോസിനയുടെ ഒരു ഭാഗമായിരന്നു ഇതും. വലിയ കുന്നിൻ ചെരുവുകൾ മുതൽ നഗരപ്രാന്തം വരെ നീണ്ടു കിടക്കുന്ന ഫവേലകൾ ഭരിക്കുന്നത് ലോക്കൽ ഗാംഗ് ലീഡർമാരാണ്.

മയക്കുമരുന്നു മാഫിയയുടെ തലവന്മാരാണിവർ. അനുവാദമില്ലാതെ ഫവേലകളിൽ പ്രവേശിക്കുകയോ അപരിചതരായവരെ കണ്ടുമുട്ടുകയോ ചെയ്താൽ അവിടുള്ളവരുടെ തോക്കിനിരയാകേണ്ടി വരുമെന്ന് കൂടെയുണ്ടായിരുന്ന തമിഴ്നാട് സ്വദേശി പറഞ്ഞു. ഭീതിദമായിരുന്നു യാത്ര. പലമുഖങ്ങളുടെയും തുറിച്ചുള്ള നോട്ടം പോലും നമ്മെ ഭയപ്പെടുത്തും. ഏക ആശ്വാസം ചേരികളിൽ താമസിക്കുന്ന കുരുന്നുകളുടെ മുഖമാണ്. അവർ ദയനീയമായി നോക്കുന്നു. ഇവിടെ വന്നു ജനിച്ചുപോയല്ലോ എന്ന ചിന്തയായിരിക്കില്ല അവർക്ക്. മറിച്ച് വിശപ്പിന്റെ ദാരിദ്ര്യത്തിന്റെയും ദൈന്യതയാണ്. ഇതിനപ്പുറം മറ്റൊരു ലോകത്തേക്കുറിച്ച് അവർക്കറിയില്ല. വിദ്യാഭ്യാസമോ ഒന്നും ലഭിക്കാതെ മയക്കുമരുന്നുമാഫിയയുടെയും മറ്റും വാഹകരായി മാറാൻ മാത്രം വിധിക്കപ്പെട്ടവർ.

കൂട്ടത്തിൽ മാനസികനില തെറ്റി പല കോമാളിത്തരങ്ങളും കാണിക്കുന്നവരുമുണ്ട്. ചിലർ വലിയ ശബ്ദമുണ്ടാക്കി ഓടി നടക്കുന്നു മറ്റുചിലർ ഒരിടത്ത് യാതൊന്നും മിണ്ടാതെയിരിക്കുന്നു. അതിനിടെ ഒരു മതിലിനുപിന്നിൽനിന്ന് പുക ഉയരുന്നതുകണ്ടു. കൂടെയുണ്ടായിരുന്ന ആൾ പറഞ്ഞു. കഞ്ചാവ് വലിക്കുകയാണ് അവർ. നോക്കുമ്പോൾ വലിയൊരു കൂട്ടം. യുവാക്കളാണ്.

ബോധം പുകച്ചുകളയുന്നവരുടെ കൂട്ടത്തിൽ ആണും പെണ്ണുമൊക്കെയുണ്ട്. അവർ എന്തൊക്കെയോ പറയുന്നുണ്ട്. ചില കുട്ടികൾ ഡാൻസ് കളിക്കുന്നു. സാംബ ബീറ്റ്സാണിതത്രേ. കുറച്ചുദൂരം കൂടി പിന്നിട്ടപ്പോൾ ഇടുങ്ങിയ വഴിയിലെ ഒരുഭാഗം വെള്ളമൊഴിച്ചു കഴുകുകയാണ്. എന്താണെന്നന്വേഷിച്ചപ്പോൾ അര മണിക്കൂർ മുൻപ് ഒരാൾ മയക്കുമരുന്ന് മാഫിയയുടെ വെടിയേറ്റു മരിച്ചുവത്രേ. അദ്ദേഹം മരിച്ചുകിടന്ന സ്ഥാനം വൃത്തിയാക്കുന്ന കാഴ്ചയായിരുന്നു അത്.

അധികനേരം അവിടെ നിൽക്കാതെ നടന്നു. ഒരു ഇടവഴി പിന്നിട്ടപ്പോൾ അവിടത്തെ ലോക്കൽ ഗാംഗ് ലീഡറുടെ വീടിന്റെ സമീപത്തെത്തി. മെഷീൻ ഗണ്ണുമായി കാവൽനിൽക്കുകയാണ് യുവാക്കൾ. ഈ തെരുവിൽ ദിനംപ്രതി നടക്കുന്ന മരണങ്ങളുടെ വിവരങ്ങൾ പോലും പുറംലോകം അറിയുന്നില്ല. വെടിയുണ്ട ഉന്നം തെറ്റിവന്ന് മരിക്കുന്നവരും കുറവല്ല. സമീപകാലത്ത് അത്തരം നിരവധി മരണങ്ങളുണ്ടയത്രേ. നാം നടക്കുമ്പോൾ കഴുത്തിനുപിറകിൽ ആരെങ്കിലും തോക്ക് കൊണ്ടുവച്ച് ഭീഷണിപ്പെടുത്താമെന്ന് കൂടെയുള്ളയാൾ പറഞ്ഞപ്പോൾ എങ്ങനെയെങ്കിലും ഇവിടെനിന്നു പോയാൽ മതി എന്നായി. ലോകകപ്പും ഒളിമ്പിക്സും വരുന്ന പശ്ചാത്തലത്തിൽ ഫവേലകൾ പൊളിച്ചുമാറ്റാൻ സർക്കാർ തീരുമാനിച്ചു. ഒരു പ്രദേശം ഏതാണ്ട് ഒരുമാസംകൊണ്ട് അടിച്ചുതകർക്കാൻ സർക്കാർ തീരുമാനിച്ചു ഇതിനെതിരേ വലിയ പ്രതിഷേധങ്ങൾ ഉണ്ടായി. അക്രമാസക്തരായ ചേരി നിവാസികൾ കണ്ണിൽക്കണ്ടവരെയൊക്കെ ആക്രമിച്ചു.

റിയോ ഡി ജനീറോയിലെ പ്രശസ്തമായ റെയ്സീന ഫവേല.

2013 ൽ ലോക യൂത്ത് മീറ്റിന്റെ ഭാഗമായി ബ്രസീലിലെത്തിയ ഫ്രാൻസിസ് മാർപാപ്പ സമാധാന ദൂതുമായി ഫവേലകൾ സന്ദർശിച്ചത് വലിയ വാർത്തയായിരുന്നു. വലിയ സമാധാനത്തിൽ കഴിയുന്ന ഫവേലകളുമുണ്ടിവിടെ. പല മതസംഘടനകളുടെയും മറ്റും ശ്രമഫലമായാണ് അവർ സമാധാനാന്തരീക്ഷത്തിലേക്കു നീങ്ങിയത്.

റിയോയിൽ താമസിക്കുന്ന 12 ലക്ഷം ജനങ്ങളിൽ 19 ശതമാനം ഫവേലകളിൽനിന്നുള്ളവരാണ്. അതായത് അഞ്ചിലൊരാൾ ചേരിയിൽനിന്നുള്ളവരാണെന്നർഥം. 19-ാം നൂറ്റാണ്ടിൽ പട്ടാളക്കാർക്കു വേണ്ടിയുണ്ടാക്കിയതായിരുന്നു ഫവേലകൾ എന്നാൽ, പിന്നീട് അടിമപ്പണിചെയ്യാൻ ആഫ്രിക്കയിൽനിന്നും കൊണ്ടുവന്നവരെ പാർപ്പിക്കുന്ന ഇടമായി ഫവേലകൾ മാറി. അടിമത്വം അടിച്ചമർത്തപ്പെട്ടപ്പോൾ മറ്റു സ്ഥലമില്ലാത്തവർ ഇവിടെത്തന്നെ കൂടി. ഭൂരിഭാഗവും നാടുവിട്ടു. എഴുപതുകൾ എത്തിയപ്പോൾ നഗരപ്രാന്തത്തിൽനിന്നും പുറത്താക്കപ്പെട്ടവരെ പാർപ്പിക്കുന്നതിനുള്ള ഇടമായി ഫവേലകൾ മാറി. അങ്ങനെ തീർത്തും ദരിദ്രരായവർ ഫവേലകളിലെത്തി. നിത്യവൃത്തിക്കായി അവർ മയക്കുമരുന്നും മറ്റും വിറ്റുതുടങ്ങി. ഫവേലകളുടെ ഭരണം ലോക്കൽ നേതാക്കൾ ഏറ്റെടുത്തു. ഫെഡറൽ സർക്കാരിനും കേന്ദ്രസർക്കാരിനും ഒന്നും ഇവിടെ ഇടപെടാനായില്ല. മയക്കുമരുന്നു വലിക്കുന്നവരെ തടയാൻ പോലും ഇവിടെ നിയമമില്ല. അതും മനുഷ്യാവകാശപ്രശ്നമായി വരും.

നാം കാണുന്ന ഈ ലോകത്തിന്റെ ഏറ്റവും വികൃതവും ഇരുണ്ടതുമായ ഒരു മുഖമാണ് ഇവിടെ കാണാനായത്. ഇതുകാണുമ്പോൾ നാം സ്വർഗത്തിലാണ് ജീവിക്കുന്നത് എന്നു മനസിലാകും.

സ്പോട് കിക്ക്

ഫവേലകളിൽ ജനിച്ച് ലോകത്തിന്റെ നെറുകയിലെത്തിയ ഫുട്ബോളർമാരുമുണ്ട്. 1994 ലോകകപ്പ് ബ്രസീലിനു നേടിക്കൊടുത്ത റൊമാരിയോയും 2006 ലോകകപ്പിൽ ബ്രസീൽ ടീമിലുണ്ടായിരുന്നു അഡ്രിയാനോയും ചേരിയുടെ സൃഷ്ടികളാണ്.

ബാങ്കുകൾ ഇനി 10 മുതൽ 2 വരെ

ന്യൂഡൽഹി: കൊവിഡ്-19 വൈറസ് പടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ബാങ്കുകളുടെ പ്രവർത്തനം രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയാക്കി. ലോക്ക്ഡൗണിനെത്തുടർന്ന് നേരത്തെ തന്നെ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഇന്നലെ മുതൽ ബാങ്കുകളുടെ പ്രവർത്തന സമയം പുന: ക്രമീകരിച്ചതായി എസ്എൽബിസി അറിയിച്ചു.

എഫ്പിഐ: നിക്ഷേപ പരിധി ഉയർത്തി

മുംബൈ: വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർക്ക് ഇന്ത്യൻ ഓഹരി വിപണിയിലെ വിവിധ മേഖലകളിൽ വാങ്ങാവുന്ന ഓഹരികളുടെ പരിധി ഉയർത്തി. നാഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്ററി ലിമിറ്റഡ്(എൻഎസ്ഡിഎൽ), സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് ലിമിറ്റഡ് (സിഡിഎസ്എൽ) എന്നിവയാണ് പരിധി ഉയർത്തിയത്. ചില ഓഹരികളിൽ വിദേശനിക്ഷേപരുടെ നിക്ഷേപ പരിധി 100 ശതമാനം കവിഞ്ഞ സാഹചര്യത്തിലാണ് നടപടി.

15 ജി 15 എച്ച്; കാലാവധി നീട്ടി

ന്യൂഡൽഹി: ആദായനികുതി ബാധകമല്ലാത്തവർ നൽകേണ്ട 15 ജി, 15 എച്ച് ഫോമുകൾ സമർപ്പിക്കേണ്ട തിയതി നീട്ടി. ഉപയോക്താക്കൾക്കു ഫോമുകൾ സമർപ്പിക്കാൻ ജൂൺ 30 വരെയാണ് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് സാവകാശം അനുവദിച്ചത്.

മുകേഷ് അംബാനിയുടെ ആസ്തിയിലെ ഇടിവ്: 2282 കോടി രൂപ

മുംബൈ: രാജ്യത്തെ ഏറ്റവും വലിയ സമ്പന്നനായ മുകേഷ് അംബാനിയുടെ ആസ്തിയിൽ രണ്ടുമാസംകൊണ്ട് ഇടിവുണ്ടായത് 28 ശതമാനം. അതായത് മാർച്ച് 31ലെ കണക്കുപ്രകാരം മൊത്തം ആസ്തി 2281 കോടി രൂപ (300 മില്യൺ യുഎസ് ഡോളർ) കുറഞ്ഞ് 48 ബില്യൺ യുഎസ് ഡോളറായി.

റിലയൻസ് ഇൻഡസ്ട്രീസിന്റെ ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ മുകേഷ് അംബാനിയുടെ സ്വത്തിൽ ഇത്രയും ഇടിവുണ്ടാകാനുണ്ടായകാരണം ഓഹരി വില കുത്തനെ ഇടിഞ്ഞതാണ്.

ഹുറൂൺ ഗ്ലോബൽ സമ്പന്ന പട്ടികയിലെ ആഗോള റാങ്കിങ്ങിൽ എട്ടാം സ്ഥാനത്തുനിന്ന് 17ാം സ്ഥാനത്തേയ്ക്ക് അദ്ദേഹം പിന്തള്ളപ്പെട്ടു. ആസ്തിയിൽ വൻകുറവുവന്ന മറ്റൊരു ഇന്ത്യൻ വ്യവസായിയാണ് ഗൗതം അദാനി. ആറ് ബില്യൺ യുഎസ് ഡോളറാണ് അദ്ദേഹത്തിന്റെ സമ്പാദ്യത്തിൽ നിന്ന് നഷ്ടമായത്. ഇത് മൊത്തം ആസ്തിയുടെ 37 ശതമാനത്തോളം വരും. എച്ച്സിഎൽ ടെക്നോളജീസിന്റെ ശിവ് നാടാറിന് അഞ്ച് ബില്യൺ യുഎസ് ഡോളർ (26%) നഷ്ടമുണ്ടായി. ബാങ്കർ ഉദയ് കൊട്ടകിനാകട്ടെ 4 ബില്യൺ യുഎസ് ഡോളറും (28ശതമാനം) കുറവുണ്ടായി

വാറന്റി കാലാവധി ഉയർത്തി മൊബൈൽ കമ്പനികൾ

മുംബൈ: മെബൈൽ നിർമാതാക്കളായ സാംസങ്, ഒപ്പോ, വൺപ്ലസ് തുടങ്ങിയവർ ഫോണുകളുടെ വാറന്റി കാലാവധി ഉയർത്തി. മാർച്ച് 20നും ഏപ്രിൽ 30നുമിടയിൽ വാറന്റി അവസാനിക്കുന്ന ഉത്പന്നങ്ങൾക്ക് 2020 മെയ് 31 വരെയാണ് സാംസങ് വാറന്റി നീട്ടിയിരിക്കുന്നത്. മാർച്ച് ഒന്നിനും മെയ് 30നും ഇടയിൽ വാറന്റി അവസാനിക്കുന്ന ഉത്പന്നങ്ങൾക്ക് മെയ് 31 വരെ വൺപ്ലസ് സമയം അനുവദിച്ചു. ഒപ്പോ ഉപയോക്താക്കൾക്ക് ഓൺലൈൻ റിപ്പയർ സർവീസാണ് ഒരുക്കിയത്. ഇതിൽ ശരിയാകാത്തവർക്ക് കൂടുതൽ സമയവും അനുവദിച്ചു നൽകും.

വീട്ടിലെ സ്വർണത്തിൽ നിന്ന് ലോകം കീഴടക്കിയ മണപ്പുറം

പി.ബി. ബാലു

അച്ഛന്റെ സ്വപ്നത്തിന് നാളെയുടെ വിഷൻ നൽകി മകൻ പണിതുയർത്തിയ ബിസിനസ് സാമ്രാജ്യം. വി.പി. നന്ദകുമാർ എന്ന വിഷനറിയുടെ നേതൃത്വത്തിൽ മണപ്പുറത്തിന്റെ ബിസിനസ് ലോകം സ്വർണ വായ്പകൾക്കപ്പുറമുള്ള വിപണികളിലേക്ക് വിശാലമാകുമ്പോൾ മൂന്നാമത്തെ തലമുറയാണ് ഈ മേഖലയിൽ നേട്ടം കൊയ്യുന്നത്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി രണ്ട് വർഷം കഴിഞ്ഞപ്പോൾ ആരംഭിച്ചതാണ് മണ്ണപ്പുറം, അതായത് 1949ലാണ് തൃശൂർ ജില്ലയിലെ വലപ്പാട് ദീർഘദർശിയായ സംരംഭകൻ വി.സി. പത്മനാഭൻ മണപ്പുറം ഫിനാൻസിന് തുടക്കമിടുന്നത്. നാട്ടുകാർക്ക് വേണ്ടി വിശ്വസ്ഥമായ ഒരു ധനകാര്യ സ്ഥാപനം. നാടിന്റെ വളർച്ച ഇതു രണ്ടുമായിരുന്നു അദ്ദേഹത്തിന്റെ മനസിൽ.

1986 വരെ ഒരു ഓഫീസും മൂന്ന് ജീവനക്കാരും ആയിരത്തിനു താഴെ ഉപഭോക്താക്കളും മാത്രം ഉണ്ടായിരുന്ന മണപ്പുറത്തിന്റെ ഇന്ന് ഇന്ത്യയിലെ ഒന്നാമനാണ് വിശ്വാസ്യതയിൽ വളർച്ചയിൽ ഉപഭോക്താവിന്റെ മനസറിഞ്ഞ് സേവനങ്ങൾ നൽകുന്ന കാര്യത്തിൽ. മണപ്പുറത്തിന് ഇന്ത്യ ഒട്ടാകെ, 28 സംസ്ഥാനങ്ങളിലും മറ്റ് കേന്ദ്രഭരണപ്രദേശങ്ങളിലുമായി 4,200 ശാഖകളുണ്ട്. അവിടെ 25,000ലേറെ തൊളിലാളികൾ ഏകദേശം കോടികളുടെ സമ്പത്താണ് കൈകാര്യം ചെയ്യുന്നത്. 1986ൽ മകൻ വി.പി. നന്ദകുമാർ നെടുങ്ങാടി ബാങ്ക് ഓഫീസറായിരുന്നു അന്ന് അവിടെ നിന്ന് രാജിവച്ച് സംരംഭത്തിന്റെ സാരഥ്യം ഏറ്റെടുക്കുന്നിടത്തുനിന്നാണ് വിജയപ്രയാണം ആരംഭിക്കുന്നത്.

വിജയം കുറിച്ച മാറ്റങ്ങൾ

മാറുന്ന കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് അദ്ദേഹം മണപ്പുറത്തിന്റെ ബിസിനസ് വൈവിധ്യവത്കരിച്ചു. അതുവഴി സ്വർണത്തിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന രീതി മാറ്റിയെടുത്തു. അവിടെ നിന്നാണ് മണപ്പുറം ഇന്ത്യൻ ബ്രാൻഡാവുന്നത്. മൈക്രോഫിനാൻസ്, എസ്എംഇ, വീട് വാഹന വായ്പകൾ എന്നിങ്ങനെ പല രംഗങ്ങളിൽ മുൻ നിരയിലാണ് മണപ്പുറം. ഫാമിലി ബിസിനസ് എന്നതിനപ്പുറം പ്രൊഫഷണൽ മികവുള്ള ഒരു ബിസിനസ് ഗ്രൂപ്പായി മാറിയ മണപ്പുറത്തിന്റെ വിജയ രഹസ്യവും നേതൃത്വത്തിന്റെ വ്യത്യസ്തത തന്നെ.

മൈക്രോഫിനാൻസ്, വാഹന-ഭവനവായ്പ, ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ, ഇൻഷുറൻസ് ബ്രോക്കിങ് തുടങ്ങി ഒട്ടേറെ പുതിയ ബിസിനസുകൾ തുടങ്ങി. അവിടെയെല്ലാം നല്ല രീതിയിൽ തുടക്കം കുറിക്കാനായി. ചെന്നൈയിലെ ഏറെ പ്രതിസന്ധികളുണ്ടായിരുന്ന ആശിർവാദ് മൈക്രോഫിനാൻസ് എന്ന കമ്പനിയെ ഏറ്റെടുത്തുകൊണ്ടാണ് മൈക്രോ ഫിനാൻസ് രംഗത്തേക്ക് പ്രവേശിച്ചത്. ആ കമ്പനി ലാഭത്തിലായെന്ന് മാത്രമല്ല, ഇന്ത്യയിലെ മൈക്രോഫിനാൻസ് കമ്പനികളിൽ ആറാം സ്ഥാനത്തുമാണ്.

കേരളത്തിൽ നിന്ന് ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനത്തേക്ക് സുവർണപാത തീർത്ത ഒരു സാമ്രാജ്യമായി മാറുന്നതിന് പിന്നിൽ മൂന്നരപതിറ്റാണ്ടിന്റെ അക്ഷീണമായ പ്രയത്നമുണ്ട്. സ്വർണപ്പണയം ജനപ്രിയമാക്കിയതിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധികേന്ദ്രമാണ് മണപ്പുറം ഫിനാൻസിന്റെ എംഡിയും സിഇഒയും ആയ നന്ദകുമാർ. ഇപ്പോൾ നിക്ഷേപകർക്ക് അപ്രതീക്ഷിത ലാഭമാണ് മണപ്പുറം നൽകുന്നത്. നിക്ഷേപകരിൽ പലരും സാധാരണ പശ്ചാത്തലത്തിൽ നിന്നും വന്നവരാണെന്ന് മാത്രമല്ല, ഇപ്പോൾ ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറം വരുമാനത്തിന് ഉടമകളുമാണ്. എല്ലാവരുടെയും സ്വന്തം കമ്പനി അതാണ് മണപ്പുറത്തിന്റെ വിശ്വാസ്യത.

1992ൽ ഇൻകോർപ്പറേറ്റ് ചെയ്ത കമ്പനിയുടെ ഐപിഒ ലിസ്റ്റിങ് 1995ൽ നടന്നു. അന്ന് 10 രൂപ മുടക്കിയവരുടെ കൈയിൽ ഇന്നുള്ളത് 40 ഓഹരികളാണ്. അതിന്റെ മൂല്യമാകട്ടെ അനുദിനം കൂടുന്നു. മികച്ച ലാഭം നൽകിയെന്ന് കരുതി, കമ്പനി വർഷം തോറും ഓഹരികൾക്ക് നൽകുന്ന ലാഭവീതം നൽകാതിരിക്കുകയും ചെയ്യുന്നില്ല. ഓഹരി വിപണിയിൽ ഏറ്റവും കൂടുതൽ സമ്പത്ത് സൃഷ്ടിച്ച മികച്ച 20 കമ്പനികളുടെ പട്ടികയിൽ 13ാം സ്ഥാനമാണ് മണപ്പുറത്തിന്.

സ്വർണവായ്പയിൽ ഒരു കോർപ്പറേറ്റ് മാതൃക

ഇന്ത്യയുടെ സ്വർണവായ്പ മേഖല വികസനത്തിന്റെ കൊടുമുടിയിലെത്തിയിരിക്കുകയാണ്. പലരും കാലങ്ങളായി നിലനിന്നിരുന്ന വിലക്കുകൾ വലിച്ചെറിഞ്ഞ് സ്വർണം പണയം വെച്ച് പണം കടം വാങ്ങുന്നു. മാത്രമല്ല, സ്വർണവായ്പ നൽകുന്ന എൻബിഎഫ്സികൾ ഓഹരിവിപണിയിലും തങ്ങളുടേതായ മുദ്ര പതിപ്പിച്ചുകഴിഞ്ഞു. എന്നാലും കാര്യങ്ങൾ ഒരിക്കലും എളുപ്പമായിരുന്നില്ല. 2007ൽ വളരെക്കുറച്ച് പേർക്ക് മാത്രമാണ് മണപ്പുറത്തെക്കുറിച്ച് കേട്ടറിവുണ്ടായിരുന്നത്. മൂലധനവിപണിയിൽ കുറച്ചുപേർ മാത്രമാണ് സ്വർണവായ്പയെക്കുറിച്ച് ശ്രദ്ധിച്ചിരുന്നത്. എങ്ങനെയാണ് ഇതുവരെ അത്രയ്ക്കൊന്നും ബഹുമാനമില്ലാതിരുന്ന ഒരു ബിസിനസ് പ്രക്രിയ പെട്ടെന്ന് മൂലധനവിപണിയുടെ ശ്രദ്ധ പിടിച്ചുപറ്റിയത്? അത് ഇന്ത്യൻ ബിസനസ് ലോകത്തിന് പകർന്നു നൽകിയത് കേരളത്തിലെ ഈ ബ്രാൻഡാണ്.

1998ൽ സിആർബി അഴിമതിയെത്തുടർന്ന് വായ്പാഞെരുക്കം അനുഭവപ്പെട്ടപ്പോൾ പ്രതിസന്ധിയിൽ നിന്നും പുറത്തുകടക്കാനുള്ള ഒരു മാർഗ്ഗം സ്വർണവായ്പാരംഗത്തേക്ക് കടക്കലാണെന്ന് നന്ദകുമാർ തിരിച്ചറിഞ്ഞു. അന്നേവരെ സ്വർണവായ്പ രംഗം പണയ ബ്രോക്കർമാരും വട്ടിപ്പലിശക്കാരും മാത്രം കൈകാര്യം ചെയ്തിരുന്ന മേഖലയായിരുന്നു. ഇവിടേക്കുള്ള മണപ്പുറത്തിന്റെ രംഗപ്രവേശം വലിയൊരു മാറ്റത്തിന് കളമൊരുക്കി. സാങ്കേതികവിദ്യയും, പുതുമകളും ആധുനിക മാനെജ്മെന്റ് ശീലങ്ങളും സ്വർണപ്പണയ രംഗത്തേക്ക് കൊണ്ടുവന്നതോടെ ഈ രംഗത്തിന്റെ മുഖം മാറ്റാൻ തുടങ്ങി.

മണപ്പുറം കോർബാങ്കിങ് ശൈലിയിലുള്ള പ്ലാറ്റ് ഫോറം അതിന്റെ ശാഖ ശൃംഖലകൾക്ക് വേണ്ടി നേരത്തെക്കൂട്ടി സ്വീകരിച്ച കമ്പനിയാണ്. ബാങ്കിങ് മേഖലയിലല്ലാതെ സ്വർണവായ്പാരംഗത്ത് റെഡിമെയ്ഡ് സോഫ്റ്റ്വെയറുകൾ ഇല്ലായിരുന്നു . ഇപ്പോൾ മണപ്പുറത്തിന്റെ സാങ്കേതികക്കുതിപ്പ് അതിന്റെ തനതായ കരുത്താണ്. സാങ്കേതികവിദ്യയ്ക്കായുള്ള മുതൽമുടക്ക് പലതരത്തിലും ഗുണം ചെയ്തു. സ്വർണവായ്പ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിച്ചത് ഇതിന്റെ ഒരു പ്രധാന നേട്ടമാണ്. അതുവഴിയാണ് ബിസിനസ് കൂടുതൽ പ്രദേശങ്ങളിലേക്ക് ഞൊടിയിടയിൽ വളർത്താൻ കഴിഞ്ഞത്.

സ്വർണവായ്പ കുറെക്കാലമായി ഒരുപോലെയാണ് പോയിക്കൊണ്ടിരുന്നത്. ഇതിൽ അൽപ്പം പുതുമകൾ നടപ്പാക്കി. ഉയർന്ന വായ്പാതുക അനുവദിച്ചതും ഇദ്ദേഹമാണ്. ദിവസപ്പലിശ കണക്കാക്കുന്ന രീതി കൊണ്ടുവന്നതും മണപ്പുറം തന്നെയാണ് ഇതുവഴി വായ്പക്കാരന് സ്വർണവായ്പ എളുപ്പത്തിൽ അതിവേഗം ലഭ്യമാകും.

ഹ്രസ്വകാല സ്വർണവായ്പ നടപ്പാക്കിയതും മണപ്പുറമാണ്. നേരത്തെ ഒരു വർഷത്തെ പലിശ കണക്കാക്കിയാണ് വായ്പ നൽകിയിരുന്നത്. പലിശയും മുതലും ഒരുമിച്ച് കണക്കാക്കി ചെറിയ തവണകളാക്കി മടക്കിനൽകാവുന്ന സംവിധാനവും നടപ്പാക്കി. 2013ൽ സ്വർണവിലയിൽ വലിയ മാറ്റം വന്നു. അപ്പോൾ പണയം വെച്ച സ്വർണത്തിന് ആവശ്യക്കാരില്ലാതായതും കമ്പനിയുടെ ലാഭത്തെ ബാധിച്ചു. അപ്പോഴാണ് മൂന്നു മാസം, ആറ് മാസം തുടങ്ങി ഹ്രസ്വകാല സ്വർണവായ്പ മണപ്പുറം ആരംഭിച്ചത്. ഇപ്പോഴും മണപ്പുറത്തിന്റെ സ്വർണവായ്പാ പട്ടിക നോക്കിയാൽ അധികവും ഇത്തരം ഹ്രസ്വകാല വായ്പകളാണ്. ഇതോടെ സ്വർണവിലയിലെ ചാഞ്ചാട്ടം സ്വർണവായ്പാരംഗത്തെ ബാധിക്കില്ലെന്നും വന്നു.

മണപ്പുറം 2015ൽ ഓൺലൈൻ ഗോൾഡ് ലോൺ നടപ്പാക്കി. ചില പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ ഒരു കസ്റ്റമർക്ക് ലോകത്തിന്റെ ഏത് കോണിലിരുന്നു ആഴ്ചയിൽ ഏഴുദിവസവും ഏത് നേരത്തും വായ്പയെടുക്കാം. വായ്പാതുക ഉടനെ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തും.

വിദേശ വായ്പകൾ

ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം തൊണ്ണൂറുകളിൽ ഫണ്ട് സ്വരൂപിക്കുകയെന്നത് വലിയ വെല്ലുവിളിയായിരുന്നു. എൻബിഎഫ്സികൾക്ക് വായ്പ നൽകാൻ ബാങ്കുകളും താത്പര്യം കാട്ടിയില്ല. സ്വർണവായ്പരംഗത്തേക്കുള്ള മണപ്പുറത്തിന്റെ പ്രവേശനം ഒരു ബിസിനസ് മാതൃകയെന്ന നിലയിൽ കുറ്റമറ്റതുമല്ലായിരുന്നു. ആദ്യനാളുകളിൽ വളർച്ച സാവധാനമായിരുന്നു. പൊതുമേഖല ബാങ്കുകളെ ഒഴിച്ചു നിർത്തി, അസാധാരണമായ ചില വഴികളിലൂടെ നിക്ഷേപം സമാഹരിക്കാനായതോടെ കാര്യങ്ങൾ മാറിമറിഞ്ഞു.

ഐസിഐസിഐ ബാങ്ക് വഴി സെക്യൂരിറ്റിയായും അസൈൻമെന്റ് മാർഗത്തിലൂടെയും ഫിനാൻസ് സംഘടിപ്പിച്ച ആദ്യ സ്വർണവായ്പ കമ്പനിയായിരുന്നു മണപ്പുറം. ഈ സംവിധാനത്തിന്റെ ഭാഗമായി ഐസിഐസിഐ ബാങ്കുകളിലെ ലോ ബുക്കുകളിൽ മണപ്പുറത്തിന് സ്വർണവായ്പ തുക നിക്ഷേപിക്കേണ്ടതായി വന്നു. ഇത് ഒന്നോ രണ്ടോ വർഷങ്ങളിൽ നന്നായി ഫലം ചെയ്തു. മണപ്പുറം വളർച്ചയുടെ പാതയിലേക്ക് വന്നു. ഈ വിജയത്തിന്റെ ആത്മവിശ്വാസത്തിൽ കമ്പനി കൂടുതൽ ശാഖകൾ തുറക്കാൻ തീരുമാനിച്ചു. ഇതിനിടയിൽ ചില ബുദ്ധിമുട്ടുകൾ വന്നു, പക്ഷെ അവിടെയും എത്തി പ്രൊഫഷണലിസം കൊണ്ടുള്ള രക്ഷ.

ടെമാസ്ക് എന്ന സിംഗപ്പൂർ ആസ്ഥാനമായുള്ള വിദേശരാജ്യങ്ങളിൽ പണം മുടക്കുന്ന നിക്ഷേപ ഫണ്ട് ഇന്ത്യയിലെ ധനകാര്യമേഖലയിലേക്ക് കൂടി ചുവടുവെക്കാൻ തയാറാകുന്ന കാലമായിരിക്കുന്നു. ആ സമയത്ത് എൻബിഎഫ്സികളുടെ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ നന്ദകുമാർ സിംഗപ്പൂരിൽ എത്തിയിരുന്നു. സ്വർണവായ്പയെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നത് കേട്ട് ആകൃഷ്ടരായ ടെമാസ്ക് മണപ്പുറത്തിൽ നിക്ഷേപമിറക്കാൻ താത്പര്യമാണെന്ന കാര്യം അറിയിച്ചു. അവരുടെ ഇന്ത്യയിലെ കമ്പനിയായ ഫുള്ളർട്ടനിലൂടെ വായ്പ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ടെമാസ്ക് വന്നതോടെ മറ്റ് അന്താരാഷ്ട്ര കമ്പനികളും വായ്പകളുമായി എത്തി.

വിദേശ നിക്ഷേപസ്ഥാപനങ്ങളിൽ നിന്നും (എഫ്ഐഐ) നിക്ഷേപം ആകർഷിക്കുന്ന കേരളത്തിലെ ആദ്യ എൻബിഎഫ്സിയായി മണപ്പുറം മാറി. സെക്വ കാപിറ്റൽ ഹഡ്സ ഇക്വിറ്റി ഹോൾഡിങുമായി ചേർന്ന് 70 കോടി നിക്ഷേപിച്ചതോടെയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. അതിനുശേഷം, കമ്പനിക്ക് തുടർച്ചയായി വിദേശനിക്ഷേപം ലഭിക്കാൻ തുടങ്ങി. ആഷ്മോർ ആൽകെമിയുടെ നേതൃത്വത്തിൽ 2008ൽ രണ്ടാം വട്ട നിക്ഷേപം എത്തി. ഇക്കുറി 108 കോടിയുടെ നിക്ഷേപമാണ് ലഭിച്ചത്. 2010ൽ രണ്ട്ക്യൂ ഐപിയായി ലഭിച്ചത് 1245 കോടി രൂപയാണ്. കേരളം ആസ്ഥാനമായുള്ള ഒരു കമ്പനിക്കും ഇത്രയും വലിയ വിദേശ നിക്ഷേപം ലഭിച്ചിട്ടില്ല.

വി.പി. നന്ദകുമാർ

വായ്പ വിപണി മാറ്റി മറിച്ച പ്രചാരണം

സ്വകാര്യവ്യക്തികളിൽ ഇത്രയ്ക്കധികം സ്വർണമുണ്ടായിട്ടു പോലും ഇന്നും സ്വർണവായ്പ ബിസിനസ് സാധ്യമായത്രയും വളർന്നിട്ടില്ല. സ്വന്തം സ്വർണം പണയം വെക്കുന്നത് മോശമാണെന്ന ധാരണ ജനങ്ങളിലുണ്ട്. ഇതു മാറ്റിമറിച്ചു എന്നതാണ് മണപ്പുറത്തിന്റെ വിജയവും. വീട്ടിൽ സ്വർണം വച്ചിട്ടെന്തിന് എന്ന പരസ്യം ഇന്ത്യ കീഴടക്കി.

താരങ്ങളുൾപ്പെടെ പ്രശസ്തരെ ബ്രാൻഡ് അംബാസഡർമാരായി നിയമിക്കുകയും ചെയ്തു. അവർ സ്വന്തം ഭാഷയിൽ നാട്ടുകാരോട് സ്വർണവായ്പയെക്കുറിച്ച് പറഞ്ഞു. ഏതെങ്കിലും ഒരു താരത്തെ ഉപയോഗിച്ച് ദേശീയ തലത്തിൽ പരസ്യം ചെയ്യുന്നതിന് പകരം മണപ്പുറം 2010ൽ ഒരു പിടി താരങ്ങളെ ഉപയോഗിച്ച് അതാത് പ്രദേശങ്ങളിൽ പരസ്യപ്രചാരണം ആരംഭിച്ചു. അക്ഷയ്കുമാർ, മോഹൻലാൽ, മിഥുൻ ചക്രവർത്തി, വിക്രം, വെങ്കടേഷ്, പുനീത് രാജ്കുമാർ, അങ്ങനെ വിവിധപ്രദേശങ്ങളിൽ വേരുകളുള്ള സൂപ്പർതാരങ്ങളെ ഉപയോഗിച്ചു. കേരളത്തിന് മോഹൻലാലായിരുന്നെങ്കിൽ, ഹിന്ദി സംസാരിക്കുന്നവരുടെ മേഖലയിൽ അക്ഷയ്കുമാറും തമിഴ്നാട്ടിൽ വിക്രമും ആന്ധ്രയിലും തെലുങ്കാനയിലും വെങ്കടേഷും ബംഗാളിൽ മിഥുൻ ചക്രവർത്തിയും മണപ്പുറത്തിന്റെ പരസ്യത്തിന്റെ മുഖമായി മാറി. ഏകദേശം 100 കോടി രൂപയിലധികമാണ് ചെലവഴിച്ചത്. മണപ്പുറത്തെ ഒരു ദേശീയ ബ്രാൻഡായി അംഗീകരിക്കാനും സ്വർണവായ്പ ബിസിനസ് വളരാനും ഇത് സഹായകരമായി.

പ്രധാന കാൽവയ്പ്പുകൾ

1992: തൃശൂർ ആസ്ഥാനമായി മണപ്പുറം ഫിനാൻസ് ലിമിറ്റഡ് (എംഎഫ്എൽ) രൂപീകരിച്ചു.

1995: പബ്ലിക് ഇഷ്യൂ നടത്തുന്നു.

1996: പൊതുജനങ്ങളിൽ നിന്ന് പരിധിയില്ലാതെ നിക്ഷേപം സ്വീകരിക്കാൻ ആർബിഐ അനുമതി നേടുന്ന കേരളം ആസ്ഥാനമായുള്ള ആദ്യ എൻബിഎഫ്സിയാകുന്നു.

1998: സ്വർണപ്പണയ വായ്പയിൽ കൂടുതൽ ശ്രദ്ധയൂന്നി.

2005: ആദ്യമായി ഇൻസ്റ്റിറ്റ്യൂഷണൽ ഫണ്ടിങ് സ്വീകരിക്കുന്നു.

2006: സിംഗപ്പൂർ സർക്കാർ ഉടമസ്ഥതയിലുള്ള ഇൻവെസ്റ്റ്മെന്റ് ഫണ്ട് ഫുള്ളർട്ടൺ ഇന്ത്യ/ ടെമെസെക് എന്നിവ നിക്ഷേപം നടത്തുന്നു.

2007: സെക്വയ കാപ്പിറ്റൽ ഹഡ്സൺ ഇക്വിറ്റി ഹോൾഡിങ്സ് എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് നേടി കേരളത്തിലെ വിദേശ നിക്ഷേപം ആകർഷിക്കുന്ന ആദ്യ എൻബിഎഫ്സിയാകുന്നു.

2014: ഹോം ഫിനാൻസ് രംഗത്തേക്ക് കടക്കുന്നു.

2015: ചെന്നൈ ആസ്ഥാനമായുള്ള ആശിർവാദ് മൈക്രോഫിനാൻസിനെ ഏറ്റെടുത്ത് പ്രവർത്തനം വിപുലമാക്കുന്നു.



ലോക്ക് ഡൗൺ മാറിയാൽ സിയാൽ റെഡി

നെടുമ്പാശേരി: ലോക്ക്ഡൗണിൽ ഒന്നുകൂടി തയാറെടുക്കുകയാണ് സിയാൽ. ലോകത്തിലെ തന്നെ ഏറ്റവും മികച്ച സേവനം നൽകുന്ന വിമാനത്താവളം ആകാൻ വേണ്ടി. അതിനുവേണ്ട ജോലികൾ എല്ലാം പൂർത്തിയാക്കി. ലോക്ക്ഡൗൺ മാറിയാലുടൻ 24 മണിക്കൂർ സർവീസിന് വിമാനത്താവള റൺവേ തയാറായി. പുതുതായി നിർമിക്കുന്ന 2 ടാക്സി വേ ലിങ്കുകളുടെ നിർമാണം മാത്രമാണ് ഇനി പൂർത്തിയാകാനുള്ളത്.

ലോക്ക്ഡൗൺ പ്രഖ്യാപനത്തിനു മുമ്പേ റൺവേയിലെ ജോലികളെല്ലാം സിയാൽ പൂർത്തിയാക്കിയിരുന്നു. റൺവെയിൽ 2 നിര ടാർ വിരിക്കൽ, ലൈറ്റിങ് സംവിധാനങ്ങൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയെല്ലാം നിശ്ചിത സമയത്തിനു മുമ്പേ പൂർത്തിയാക്കി. ലോക്ക്ഡൗൺ പിൻവലിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ ടാക്സിവേ നിർമാണവും പൂർത്തിയാക്കും.

ഇതിനു വേണ്ടി റൺവെയുടെ പ്രവർത്തനം തടസപ്പെടുത്തേണ്ടതില്ല. മാർച്ച് 29 മുതൽ നിലവിൽ വരുന്ന വേനൽക്കാല സമയവിവരപ്പട്ടിക പ്രകാരം 24 മണിക്കൂറും വിമാനത്താവളത്തിന്റെ പ്രവർത്തനം മുൻകൂട്ടിക്കണ്ട് വിമാനക്കമ്പനികൾ തങ്ങളുടെ പുതുക്കിയ സമയങ്ങൾ ക്രമപ്പെടുത്തിയിരുന്നു.

ലോക്ക്ഡൗൺ പിൻവലിച്ചാലുടൻ അതു മാറ്റാതെ സർവീസുകൾ ആരംഭിക്കും. നിലവിൽ 14 വരെയാണ് ലോക്ക്ഡൗൺ.

ഇടുക്കി പച്ചക്കറി തമിഴ്നാട്ടിലേക്ക്

മറയൂർ: സംസ്ഥാനത്തെ പ്രധാന ശീതകാല പച്ചക്കറി കേന്ദ്രമായ കാന്തല്ലൂരിൽ നിന്ന് പച്ചക്കറി തമിഴ്നാട്ടിലേക്ക്. പ്രദേശത്ത് നിന്നും പച്ചക്കറികൾ സംഭരിക്കാൻ നിയമിച്ചിട്ടുള്ള സർക്കാർ ഏജൻസികൾ സംഭരണം കാര്യക്ഷമമായി നടത്താത്തത് മൂലമാണിത്. കീഴാന്തൂർ, കാന്തല്ലൂർ ആടിവയൽ തുടങ്ങിയ ഗ്രാമങ്ങളിലായി ഏക്കർ കണക്കിനാണ് ബീൻസ്, ക്യാബേജ് തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്തിരിക്കുന്നത്. എന്നാൽ ലോക്ഡൗണിനോടനുബന്ധിച്ച് വിളകളെല്ലാം വാങ്ങാൻ ആളില്ലാതെ നശിക്കുന്ന അവസ്ഥയുമുണ്ടായി. ഈ സാഹചര്യം മുതലാക്കിയാണ് ഇടനിലക്കാർ വിലയിടിച്ച് പച്ചക്കറികൾ സംഭരിച്ച് തമിഴ്നാട്ടിലെ മധുര, പൊള്ളാച്ചി തുടങ്ങിയ മാർക്കറ്റുകളിലെത്തിച്ച് വിൽക്കുന്നത്. ഈ പച്ചക്കറികളാണ് തിരികെ തൃശൂർ, എറണാകുളം പോലുള്ള മാർക്കറ്റുകളിലെത്തിച്ച് ലോക്ക്ഡൗൺ കാരണം പറഞ്ഞ് നാലിരട്ടി വിലയ്ക്ക് വിറ്റഴിച്ച് വരുന്നത്.

സംസ്ഥാനത്തെ പച്ചക്കറി ഉത്പാദിപ്പിക്കുന്ന കർഷകനും വാങ്ങുന്ന ഗുണഭോക്താവിനും കനത്ത നഷ്ടമാണെങ്കിലും തമിഴ്നാട്ടിലെത്തിച്ച് വിൽപ്പന നടത്തുന്ന വ്യാപാരികൾക്കും ഇടനിലക്കാർക്കും കൊള്ള ലാഭം. പ്രതിസന്ധി തരണം ചെയ്യാനായി പ്രദേശത്ത് നിന്നു പച്ചക്കറികൾ സംഭരിക്കാൻ നിയമിച്ചിട്ടുള്ള ഹോർട്ടികോർപ്, വിഎഫ്പിസികെ പോലുള്ള സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ വിലക്കയറ്റവും ഇടനിലക്കാരുടെ ചൂഷണവും തടയാൻ സാധിക്കൂവെന്നാണ് കർഷകർ പറയുന്നത്.

കൊറോണക്കാലത്ത് ശമ്പള വർധന നൽകി ബോബി ചെമ്മണ്ണൂർ

കൊച്ചി: കൊറോണ വ്യാപനത്തെ തുടർന്ന് ലോകമെങ്ങും പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ ഡോ. ബോബി ചെമ്മണ്ണൂർ ജീവനക്കാർക്ക് ശമ്പള വർധനവ് പ്രഖ്യാപിച്ചു.

ശമ്പള വർധനയടക്കമുള്ള ആനുകൂല്യങ്ങൾ മരവിപ്പിക്കുന്ന നടപടികളിലേക്ക് മറ്റുള്ള കമ്പനികൾ കടക്കാൻ സാധ്യതയുള്ള സാഹചര്യത്തിലാണ് ബിസിനസ്കാരനും കായികതാരവും ജീവകാരുണ്യ പ്രവർത്തകനുമായ ഡോ. ബോബി ചെമ്മണ്ണൂർ മാതൃകാപരമായ സമീപനവുമായി മുന്നോട്ടു വന്നിരിക്കുന്നത്.

ചെമ്മണ്ണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സ്, ചെമ്മണ്ണൂർ ക്രെഡിറ്റ്സ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്, ബോബി ചെമ്മണ്ണൂർ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബോബി ചെമ്മണ്ണൂർ നിധി ലിമിറ്റഡ്, ബോബി ബസാർ, ഓക്സിജൻ റിസോർട്സ്, ബോബി ടൂർസ് ആൻഡ് ട്രാവൽസ്, ഫിജി കാർട്ട് എന്നീ കമ്പനികളിലായി ബോബി ചെമ്മണ്ണൂർ ജീവനക്കാരിൽ ഒരു വിഭാഗത്തിനാണ് ആദ്യഘട്ടത്തിൽ ശമ്പള വർധനവ് ലഭിക്കുകയെന്ന് ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ബോബി ചെമ്മണ്ണൂർ അറിയിച്ചു.

ജീവനക്കാരുടെ ആത്മാർഥമായ സേവനങ്ങൾക്കുള്ള അംഗീകാരം കൂടിയാണിതെന്നും ആപത്ഘട്ടങ്ങളിൽ കമ്പനിയെ താങ്ങി നിർത്തുന്ന ജീവനക്കാരുടെ കൂടെയാണ് നിൽക്കേണ്ടതെന്നും കമ്പനിയുടെ എച്ച് ആർ മേധാവി രാജൻ മേനോൻ പറഞ്ഞു.

പൊള്ളുന്ന വിലയിൽ മീൻ

കായൽ മത്സ്യലഭ്യത കുറഞ്ഞു

കോട്ടയം: മീൻ കിട്ടാനില്ല; ഉള്ളതിനു പൊള്ളുന്ന കടപ്പുറത്തുനിന്നു കട്ടമരങ്ങളിൽ മീൻ പിടിക്കാൻ പോകുന്നവർക്കു കിട്ടുന്ന മീനാണ് വിപണിയിൽ ഉള്ളത്. തോടി (വെള്ളക്കാ കണ്ണൻ), അയല, നത്തോലി പൊടി, കാരൽ, വേളാപാര കുഞ്ഞ്, കണ്ണൻ തിരുവ എന്നിവയാണ് കഴിഞ്ഞ ദിവസം ലഭിച്ചത്. നേരത്തെ 100 രൂപയ്ക്കു വിറ്റിരുന്ന തോടിക്ക് ഇരട്ടിയാണ് വില.

അതിനാൽ മീൻ കച്ചവടക്കാർ റോഡരികിൽ തണൽ പറ്റിയാണ് വിൽപ്പന. കൂട്ടം കൂടിയുള്ള വിൽപ്പനയ്ക്കും നിയന്ത്രണമുണ്ട്. കായൽ മത്സ്യലഭ്യതയും കുറഞ്ഞിട്ടുണ്ട്. ഞണ്ടിനു കിലോ 600 രൂപ വരെ വിലയുണ്ട്. വലിയ ബോട്ടുകളിൽ കൊണ്ടു വരുന്ന മീനുകളിൽ കേരച്ചൂരയാണ് താരം. കിലോയ്ക്ക് 300 രൂപയാണ് വില. നെയ്മീൻ കിലോയ്ക്ക് 900 രൂപ വില വരും. ശാസ്താംകോട്ട ഉൾപ്പെടെയുള്ള മേഖലകളിൽ മത്തിയുടെ വില 300 വരെയെത്തി. നല്ല മത്സ്യങ്ങൾ കിട്ടാതായതോടെ കോഴിയിറച്ചിക്കും പോത്തിറച്ചിക്കും ആവശ്യക്കാരേറെയാണ്.

നാട്ടുപ്രദേശങ്ങളിൽ പലയിടത്തും 200 രൂപയ്ക്ക് 600 ഗ്രാം ബീഫ് പൊതികളുടെ വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം കേര, ചൂര മീനുകൾ വിറ്റത് കിലോയ്ക്ക് 650 രൂപയ്ക്കാണ്. അതേസമയം, ഇന്നലെ നെയ്മീന് 650 രൂപയും. കഴിഞ്ഞ ദിവസങ്ങളിൽ കേര, ചൂര മീനുകളും നെയ്മീനും മാത്രമാണ് എത്തിയിരുന്നത്.

റാപ്പിഡ് കിറ്റ് എത്തിച്ച സൂപ്പർസ്റ്റാർ ആനന്ദ്

കൊവിഡ് കാലത്ത് പത്തനംതിട്ടക്കാർക്ക് പുതിയൊരു സൂപ്പർ താരമുണ്ട്. മഹാമാരി വേഗത്തിൽ തിരിച്ചറിയാനുള്ള റാപ്പിഡ് ടെസ്റ്റിനുള്ള കിറ്റുകൾ ലോക്ഡൗൺ കാലത്തും ഒട്ടും വൈകാതെ സംസ്ഥാനത്ത് എത്തിക്കാൻ പ്രയത്നിച്ച പൈലറ്റ് ആനന്ദ് മോഹൻരാജ്.

പത്തനംതിട്ട ഡിസിസി മുൻ പ്രസിഡന്റ് പി. മോഹൻ രാജിന്റെ മകനാണ് ആനന്ദ്. റാപ്പിഡ് ടെസ്റ്റ് നടത്താൻ കേരളത്തിന് ഐസിഎംആർ കഴിഞ്ഞാഴ്ച അനുമതി നൽകിയിരുന്നു. പൂണെ മൈലാബിൽ ഉത്പാദിപ്പിച്ച 3000 കിറ്റുകൾ ലഭ്യമാക്കാൻ ശശി തരൂർ എംപിയുടെ ഫണ്ടിൽ നിന്ന് 57 ലക്ഷം രൂപ നൽകി.

ലാബിൽ 1000 കിറ്റുകൾ തയാറായത് അറിഞ്ഞപ്പോൾ ലോക്ഡൗൺ കാരണം എങ്ങനെ എത്തിക്കുമെന്ന് അറിയാതെ തരൂർ വിഷമിച്ചു. അവിടെയാണ് ആനന്ദ് കേരളത്തിന്റെ ഹീറോ ആയത്. പ്രത്യേക വിമാനത്തിൽ എത്തിക്കാൻ ആലോചിച്ചപ്പോൾ 15 ലക്ഷം രൂപ ചെലവ് വരുമെന്ന് മനസിലായ ശശി തരൂർ തന്റെ പ്രയാസം പൈലറ്റ് ആനന്ദ് മോഹൻരാജുമായി പങ്കുവച്ചു.

പ്രഫഷനൽ കോൺഗ്രസിന്റെ ജില്ലാ പ്രസിഡന്റാണ് ആനന്ദ് തരൂർ ദേശീയ പ്രസിഡന്റും. ആ പരിചയമാണ് നിയോഗം ആനന്ദിൽ എത്തിച്ചത്. അങ്ങനെ പൂണെയിൽ നിന്ന് കിറ്റുകൾ എത്തിക്കാനുള്ള ഉത്തരവാദിത്തം ആനന്ദ് ഏറ്റെടുത്തു. മുംബൈ, സിംഗപ്പൂർ, ഹോങ്കോങ്ങ് തുടങ്ങിയ സ്ഥലങ്ങളിലുള്ള സഹപ്രവർത്തകരായ പൈലറ്റുമാരുമായും വിമാന കമ്പനികളുമായും ആനന്ദ് ബന്ധപ്പെട്ടു. ഒരു ചരക്കുവിമാനം ദക്ഷിണേന്ത്യയിലേക്കുള്ളതായി അറിഞ്ഞു.

അതിൽ കോഴിക്കോടിനു ബുക്ക്ചെയ്തു.

പൂണയിലെ മൈലാബിൽ നിന്ന് റോഡ് മാർഗമാണ് മുംബൈ വിമാനത്താവളത്തിൽ എത്തിച്ചത്. മുംബൈ പൊലീസിന്റെ പ്രത്യേക അനുമതി ഇതിനായി വാങ്ങിയിരുന്നു. കോവിഡ് മരണം സംഭവിച്ച മുംബൈ ധാരാവിയിൽ എത്തിയപ്പോൾ പലയിടത്തും പൊലീസ് വാഹനം തടഞ്ഞു. ലോക്ഡൗൺ കർശനമായതിനാൽ ഒരു വണ്ടി വിടാതെ കർശന നിയന്ത്രണത്തിലായിരുന്നു പൊലീസ് എന്ന് ആനന്ദ് ഓർക്കുന്നു. അനുമതി കാണിച്ച് എല്ലായിടത്തുനിന്നും കടന്നു പോയി.

മുംബൈയിൽ നിന്ന് സ്പൈസ് എക്സ്പ്രസ് കാർഗോ വിമാനത്തിലാണ് കോഴിക്കോട് എത്തിച്ചത്. ഈ വിമാനം അല്ലാതെ വേറെ ഒന്നും കേരളത്തിലേക്ക് അടുത്ത ദിവസങ്ങളിൽ ഒന്നും ഇല്ലായിരുന്നു. അടുത്ത 2000 കിറ്റുകൾ കൂടി ഇതേ രീതിയിൽ സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ആനന്ദും തരൂരും.

കോട്ടയത്തിന് വേണംഏത്തയ്ക്ക

ലോക്ഡൗൺ കാലത്ത് ഏത്തക്കായയ്ക്കു പ്രിയം. പാകം ചെയ്ത ഭക്ഷ്യസാധനങ്ങൾ നൽകാൻ പാടില്ലെന്ന നിർദേശമുള്ളതിനാൽ ഹോട്ടലുകൾ തുറക്കുന്നില്ല. വിശക്കുന്നവർക്കു പിന്നെ ആശ്രയം പഴുത്ത ഏത്തക്കായയാണ്. കടകളിൽ എത്തക്കായ വിൽപ്പന കൂടി. തോട്ടങ്ങളിൽ നിന്നു വിളവുപ്രായമാകുന്നതിനും മുൻപേ കുല വെട്ടി മാർക്കറ്റുകളിൽ എത്തിക്കുകയാണു കർഷകർ. പക്ഷെ വയനാട്, തശൂർ, അങ്കമാലി തുടങ്ങി കൃഷി ഏറെയുള്ള ഭാഗങ്ങളിൽ നിന്ന് കൂടുതൽ കുല എത്തിക്കാൻ സാധിക്കാത്തതിനാൽ മധ്യതിരുവിതാംകൂറിൽ വില കൂടുന്നുമുണ്ട്.

ഏത്തവാഴക്കൃഷിയുള്ള കോട്ടയം ജില്ലയിലെ പ്രധാന സ്ഥലങ്ങളിലൊന്നാണ് പുത്തൻകായൽ. 900 ഏക്കർ സ്ഥലത്താണു കൃഷി. 10 ഏക്കറിനു മേലെയാണ് ഓരോ കർഷകനും കൃഷിയിറക്കിയത്. പല ഘട്ടങ്ങളായി കുല വെട്ടി വിൽപ്പന നടത്തക്കവിധമാണു വാഴ നട്ടത്. കർഷകർ കുല നേരിട്ടു കടകളിൽ നൽകുന്നുണ്ട്. കുറുപ്പുന്തറ, കോട്ടയം മാർക്കറ്റുകളിലും വിൽപ്പന തകൃതിയാണ്.

മീൻ പിടിക്കാൻ കൂടുമതി, ലോക്ക് ഡൗണിൽ വീഴില്ല

നാട്ടിൽ പ്രദേശങ്ങളിലെ പാടത്തും, ജലനിരപ്പ് കുറഞ്ഞ ചെറിയ തോടുകളിലും ഇപ്പോൾ ചൂണ്ടയും ഒറ്റാൽ കൂടുമാണ് താരം. മീൻ പിടിത്ത തൊഴിലാളികളും സ്വയം നിയന്ത്രണത്തിൽ ആയതോടെ കുറ്റിയറ്റു പോയ മീൻ പിടിത്ത ഉപകരണങ്ങളാണ് വീണ്ടും കളം പിടിച്ചിരിക്കുന്നത്. വീശുവലയ്ക്ക് പുറമെ പലതുമായി കറിക്കുള്ള വക തേടി ആളുകൾ രംഗത്ത്.

പരസഹായമില്ലാതെ മീൻ പിടിക്കാവുന്ന 'കുത്തൂട്' അല്ലങ്കിൽ ഒറ്റാൽ ഇതിൽ പ്രധാനമാണ്. മുളയും കവുങ്ങിൻ തടിയും ഉപയോഗിച്ചു നിർമിച്ചെടുക്കുന്ന ഒറ്റാൽ പോയ കാലത്ത് വലിയ തോതിൽ ഉപയോഗിച്ചു വന്നതാണ്. എളുപ്പത്തിൽ മീനിനെ കുടുക്കാവുന്ന ഉപകരണങ്ങൾ പലതും വന്നതോടെ കുത്തൂട് 'ഒതുക്കപ്പെട്ടു'. ലോക്ഡൗണിൽ മീൻ കിട്ടാതായതോടെ പലരും കുത്തൂട് തപ്പിപ്പിടിച്ചെടുത്തു പുഴയിലും തോടുകളിലും ഇറങ്ങിത്തുടങ്ങി. സ്വന്തം ആവശ്യം നിർവഹിക്കാൻ വേണ്ടി മാത്രമാണിത്.

വേനൽ കടുത്തതോടെ പുഴയിൽ ജല നിരപ്പ് കുറഞ്ഞിട്ടുണ്ട്. തോടുകളിലാണെങ്കിൽ വലിയ തോതിൽ വെള്ളം ഇറങ്ങിയിട്ടുണ്ട്. കുത്തൂട് ഉപയോഗിച്ചുള്ള മീൻ പിടിത്തം പ്രധാനമായും തോടുകളിലാണ്. വീട്ടാവശ്യത്തിനുള്ള വക കുത്തൂടുകാർക്കു കിട്ടുന്നുണ്ട്. ചൂണ്ട ഇടാൻ വരുന്നവരും ധാരാളമുണ്ട്. പുഴകളിൽ പാലങ്ങളുടെ തൂണുകളുടെ പരിസരത്താണ് ചൂണ്ടക്കാർ, കൂടുകാർ പാടത്തും ചേറിലും

മത്തി പച്ചമുന്തിരിയിട്ട് വറ്റിച്ചത്

ഹോം കുക്കിങ്

ബിനിത ദേവസി

പച്ചമുന്തിരിയുടെ പുളിയും ഇളംമധുരവും മത്തിയുടെ സ്വാദും തേങ്ങാപാലിന്റെ രുചിയും ചേർന്ന് നല്ലൊരു വ്യത്യസ്തമായ വിഭവമാണ് ഇത്. മോളിയുടെ സ്വാദിനോട് ചേർന്ന് നിൽക്കുമെങ്കിലും അതിനേക്കാൾ അടിപൊളി.

ചേരുവകൾ-

മത്തി - അര കിലോ (കഴുകി വൃത്തിയാക്കി തലകളഞ്ഞത്, കല്ലുപ്പും ചെറുനാരങ്ങാ നീരും മഞ്ഞൾ പൊടിയും ഇട്ടു നന്നായി തിരുമ്മി 10 മിനിറ്റ് മാറ്റി വച്ച ശേഷം കഴുകിയാൽ മത്തിയുടെ ഉളുപ്പ് മണം മാറുകയും നന്നായി വൃത്തിയാവുകയും ചെയ്യും)

അധികം മധുരമില്ലാത്ത പുളിയുള്ള പച്ചനിറമുള്ള മുന്തിരി - കാൽ കിലോ രണ്ടായി മുറിച്ചത് (കുരുവില്ലാത്ത മുന്തിരിയാണ് കൂടുതൽ നല്ലത്, കുരു ഉള്ളതാണെങ്കിലും കുരു മാറ്റണം)

പച്ചമുളക് ചതച്ചത് - ഒന്നര ടേബിൾസ്പൂൺ (എരിവ് അനുസരിച്ചു എടുക്കുക, കാന്താരി മുളകാണ് ഏറ്റവും നല്ലതും സ്വാദും)

ഇഞ്ചി ചതച്ചത് - ഒരു ടേബിൾസ്പൂൺ

കറിവേപ്പില - ആവശ്യത്തിന്

പച്ചമുളക് രണ്ടായി കീറിയത് - 5 എണ്ണം

സവാള - ഒരെണ്ണത്തിന്റെ പകുതി (അൽപ്പം കനത്തിൽ നീളത്തിൽ അരിഞ്ഞത്)

ചെറിയുള്ളി ചതച്ചത് - ഒന്നര ടേബിൾസ്പൂൺ

ചെറിയുള്ളി വട്ടത്തിൽ കനം കുറച്ചു അരിഞ്ഞത് - ഒരു ടേബിൾ സ്പൂൺ

തേങ്ങയുടെ രണ്ടാം പാൽ - (ഏകദേശം രണ്ടു കപ്പ് പാൽ, ഇതിൽ അര ടേബിൾസ്പൂൺ കോൺഫ്ളവർ ചേർത്ത് കലക്കി വയ്ക്കുക)

തേങ്ങയുടെ ഒന്നാം പാൽ - അര കപ്പ്

കുരുമുളക് പൊടിച്ചത് - കുറച്ച്

വെളിച്ചെണ്ണ - ആവശ്യത്തിന്

തക്കാളി - 1 എണ്ണം (കഷണങ്ങളാക്കിയത്)

ഉലുവ - ഒരു ടീസ്പൂൺ

മഞ്ഞൾ പൊടി - അര ടീസ്പൂൺ

തയാറാക്കുന്ന വിധം

ഒരു മൺചട്ടിയെടുത്ത് അതിലേക്കു ഇഞ്ചി ചതച്ചത്, ഒരു പിടി കറിവേപ്പില കൈകൊണ്ടു കീറിയത്, ചെറിയുള്ളി ചതച്ചത്, സവാള നീളത്തിൽ അരിഞ്ഞത്, പച്ചമുളക് ചതച്ചത്, ആവശ്യത്തിന് ഉപ്പ്, മഞ്ഞൾ പൊടി, ഒരു ടേബിൾസ്പൂൺ വെളിച്ചെണ്ണ എന്നിവ ചേർത്ത് നന്നായി കൈകൊണ്ട് തിരുമ്മി യോജിപ്പിക്കുക. ഇതിലേക്ക് രണ്ടായി മുറിച്ചുവച്ചിരിക്കുന്ന പച്ചമുന്തിരിയും കഴുകി വൃത്തിയാക്കിയ മത്തിയും ചേർത്ത് കൈകൊണ്ട് വീണ്ടും ഒന്ന് യോജിപ്പിച്ചു 15 മിനിറ്റ് മാറ്റി വയ്ക്കുക. ഇതിലേക്ക് തേങ്ങയുടെ രണ്ടാംപാൽ ഒഴിച്ച് (മീനും മറ്റു ചേരുവകകളും ഒന്ന് മുങ്ങികിടക്കാൻ അളവിൽ ഒഴിക്കുക) ഒന്ന് ഇളക്കി ചട്ടി ഒന്ന് ചുറ്റിച്ചു അടുപ്പത്ത് വയ്ക്കുക. നന്നായി തിള വരുമ്പോൾ തീ കുറച്ചുവച്ച് 20 മിനിറ്റ് നേരം വേവിക്കുക. ചട്ടി മൂടിവയ്ക്കേണ്ടതില്ല. എരിവ് കുറവായി തോന്നിയാൽ കുരുമുളക് പൊടിച്ചത് ചേർക്കാം പുളി കുറവായി തോന്നിയാൽ അൽപ്പം വിനാഗിരി ചേർക്കാം ഒപ്പം തക്കാളി കൂടി ഇട്ട് ഇളക്കുക. എല്ലാം ചേർത്ത ശേഷം ഒന്ന് കൂടി ചുറ്റിച്ചു ചെറിയ തീയിൽ അഞ്ചു മിനിറ്റ് കൂടി വേവിക്കുക. ചാറ് നന്നായി വറ്റി മീൻ മുകളിൽ കാണുന്ന പരുവം ആകുമ്പോൾ തേങ്ങയുടെ ഒന്നാം പാൽ ഒഴിച്ച് നന്നായി ചുറ്റിച്ചു യോജിപ്പിക്കുക, ശേഷം മീഡിയം തീയിൽ ഒന്ന് ചൂടായി ആവി വരുമ്പോൾ തീ ഓഫ് ചെയ്തു അടുപ്പിൽ നിന്നും മാറ്റി വയ്ക്കുക.

ഒരു ചെറിയ ചീനച്ചട്ടി ചൂടാക്കി ഒരു ടേബിൾസ്പൂൺ വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ ഉലുവ ഇട്ടു പൊട്ടിച്ചു ചെറിയുള്ളി വട്ടത്തിൽ അരിഞ്ഞത് ചേർത്ത് ബ്രൗൺ ആകുന്നതു വരെ വറുക്കുക, അതിലേക്കു കറിവേപ്പില രണ്ടു തണ്ടും പച്ചമുളക് നെടുകെ കീറിയതും കൂടി ഇട്ടു നന്നായി വറുത്തു വരുമ്പോൾ കറിയിലേക്ക് ഒഴിച്ച് സ്പൂൺ കൊണ്ട് ഒന്ന് എല്ലായിടത്തും ആക്കി അഞ്ചു മിനിറ്റ് മൂടി വയ്ക്കുക. അടിപൊളി സ്വാദുള്ള മത്തി പച്ചമുന്തിരിയിട്ടു വറ്റിച്ചത് റെഡി.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

മാളിക വീട്ടിൽ പ്രേതം! നാട്ടുകാർ ഭീതിയിൽ

തോപ്രാംകുടിയിലെ വീട്ടിലെ ഏകാന്തവാസ കാലത്തെക്കുറിച്ച് ടോമയ്യ പറഞ്ഞു വരവേയാണ് നാടിനെ നടുക്കിയ സംഭവത്തിലേക്കെത്തിയത്.

സംഗതി ചൂടുപിടിക്കുന്നു എന്നത് കുഞ്ഞാപ്പുവിനെ ഒരേ സമയം ഭീതിയും കൗതുകവും കീഴടക്കി. പല്ലികൾ സ്ഥലം വിട്ടു എന്നറിഞ്ഞതോടെ നമ്മുടെ പല്ലിയും എന്തോ കണ്ടിട്ട് കട്ടിലിനടിയിലേക്ക് ചാടിപ്പോയി.

നാടിനെ നടുക്കി എന്നത് മനുഷ്യരുടെ കാര്യമല്ലേ?

ടോമയ്യ അടുത്ത ഘട്ടത്തിലേക്ക് കടന്നു -

'വീടിനുള്ളിൽ ഒറ്റയ്ക്കായപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വല്ലാത്ത വീർപ്പുമുട്ടലായി. ഒരു ദിവസം വല്യമ്മമ്മാച്ചിയുടെ മുറിയിലേക്ക് ചെന്നു. മുറി പഴയ പോലെയല്ല. എല്ലാം സ്ഥാനം തെറ്റിക്കിടക്കുന്നു. പുസ്തകങ്ങളും മരുന്നു കുപ്പികളുമില്ല. പൊടിപിടിച്ചു കിടക്കുകയാണ് മുറിയാകെ. അലമാര പാതി തുറന്നു കിടക്കുന്നു. ഞാൻ അതിനടുത്തേക്കു ചെന്നു. നിറയെ വല്യമമ്മാച്ചിയുടെ തുണികളാണ്. നിറമുള്ള ഹൗസ് കോട്ടുകളാണ് വല്യമമ്മാച്ചിയുടെ സ്ഥിരം വേഷം. ഞാൻ അതിലൊന്നെടുത്തു. വെറുതെ ഒന്നിട്ടു നോക്കി. ഹായ്! നല്ല രസം. എന്നെക്കാണാൻ തന്നെ നല്ല ലുക്ക്.

അതും ഇട്ടുകൊണ്ടു മുറിക്കുള്ളിലാകെ നടന്നു. അപ്പോഴാണ് മേശപ്പുറത്ത് വല്യമമ്മാച്ചിയുടെ കണ്ണട കാണുന്നത്. അതും ഒന്നു വച്ചു നോക്കി. കാഴ്ചക്ക് എന്തോ സംഭവിച്ച പോലെ. എന്നാലും കൊള്ളാം. ചെറിയ സാധനങ്ങളൊക്കെ വലുതായിക്കാണാം. അതെന്തായാലും നന്നായി.

പിന്നീട് ഇതൊരു സ്ഥിരം പരിപാടിയായി. പല പല ഹൗസ് കോട്ടുകൾ മാറി മാറിയിട്ടു. മുറിക്കുള്ളിൽ നടക്കുന്നതിനു പകരം പുറത്തേക്കും ഒരു സർക്കീട്ട് നടത്തി. ദൂരെയൊന്നുമല്ല, വരാന്തയിലും മറ്റും.

ആ വീടിന്റെ ഉടമ ഇപ്പോൾ ഞാൻ മാത്രമാണല്ലോ.

അങ്ങനെ ഒരു വൈകുന്നേരം വരാന്തയിൽ നിൽക്കുമ്പോഴാണ് റബറുവെട്ടുകാരൻ മാത്തുണ്ണി പറമ്പിലൂടെ നടന്നു വന്നത്. വരാന്തയിൽ നിൽക്കുന്ന എന്നെ അവൻ കണ്ടു. പെട്ടുപോയല്ലോ എന്ന് ഞാൻ വിചാരിച്ചതേയുള്ളൂ. ഞാനാണെങ്കിൽ ഹൗസ് കോട്ടും കണ്ണടയും വച്ചിട്ടുണ്ട്.

അതാ...... മാത്തുണ്ണി നിലവിളിച്ചോണ്ട് ഒറ്റയോട്ടം. ങേ! അവനെന്തിനാണ് എന്നെക്കണ്ട് ഓടിയത്? സത്യത്തിൽ എനിക്കൊന്നും മനസിലായില്ല.

കുഞ്ഞാപ്പു ഇതോടെ വല്ലാത്ത വിഷമത്തിലായി. പാവം ടോമയ്യയെ കണ്ട സ്ഥിതിക്ക് ഇനി നാട്ടുകാർ വെറുതെ വിടില്ല. പോലീസിന് പിടിച്ചു കൊടുക്കും. പ്രത്യേകിച്ച് ഫോറസ്റ്റുകാർ അറിഞ്ഞു വന്നാൽ പിന്നെ രക്ഷയില്ല. വല്ല കാട്ടിലും കൊണ്ടുവിടും. കാട്ടിൽ വിടാൻ തരമില്ല. പണ്ട് ഇനാംപേച്ചിയെ കണ്ടെത്തിയപ്പോൾ തിരുവനന്തപുരത്ത് കാഴ്ച ബംഗ്ലാവിൽ കൊണ്ടുപോയത് പത്രത്തിലൊക്കെ വാർത്ത വന്നതാണെന്ന് അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. പിന്നെങ്ങനെ ടോമയ്യ രക്ഷപ്പെട്ടു?

കുഞ്ഞാപ്പുവിന്റെ കണ്ണുകൾ വിടർന്നു. ടോമയ്യ കഥയുടെ ക്ലൈമാക്സിലേക്ക് കടക്കുകയാണ് -

'രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് നാട്ടിലാകെ ഒരു വാർത്ത പരന്നത്. വല്യമ്മമ്മാച്ചിയുടെ പ്രേതം ആ വലിയ മാളിക വീട്ടിൽ ഉണ്ടെന്ന വാർത്ത!

(നാട് ഭീതിയുടെ നിഴലിൽ - അത് നാളെ)

ഇവിടെ മന്ത്രി തിരക്കിലാണ്...

പി.ബി. ബിച്ചു

ആലപ്പുഴ: കോവിഡ് മുൻകരുതലുകൾക്കിടയിലും ആലപ്പുഴയിൽ കൊയ്ത്തും നെല്ല് സംഭരണവും അതിവേഗം പുരോഗമിക്കുകയാണ്. ഇതിനിടെ സംസ്ഥാനത്തൊട്ടാകെ ഐസലേഷൻ വാർഡുകളും സൗകര്യങ്ങളുമൊരുക്കുന്നതിനായി 300 ഓളം എൻജിനിയർമാർ ആയിരത്തോളം ഓവർസീയർമാർ തുടങ്ങിയവർ രാപകലില്ലാതെ കഷ്ടപ്പെടുന്നു. ഒപ്പം പുതിയൊരു കൊവിഡ് കേസും ജില്ലയിൽ റിപ്പോർട്ട്ചെയ്തതോടെ ലോക്ക്ഡൗണിലും മീറ്റിങ്ങുകളും ഉന്നതതല യോഗങ്ങളുമൊക്കെയായി വിശ്രമമില്ലാത്ത ഓട്ടത്തിലാണ് ആലപ്പുഴയുടെ ചുമതലക്കാരനായ മന്ത്രി ജി. സുധാകരൻ.

കലക്റ്ററേറ്റിൽ മന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് തലവന്മാരുമായി അവലോകന യോഗം ചേർന്നപ്പോൾ.

എന്നാൽ, സാമൂഹിക അകലം പാലിച്ച് എത്താൻ പറ്റുന്ന സ്ഥലങ്ങളിൽ നേരിട്ടെത്തി പോരായ്മകൾ പരിഹരിക്കണമെന്നും ഇത്തരം ഒരു സാഹചര്യത്തിൽ ജനങ്ങൾക്ക് ചെയ്യാൻ കഴിയുന്ന സേവനങ്ങൾ നടത്തിക്കൊടുക്കുകയെന്നതാണ് ജനപ്രതിനിധിയെന്ന നിലയിൽ തന്റെ കടമയെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. ജില്ലയിൽ കനത്ത ജാഗ്രതയോടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. കുട്ടനാട് കൊയത്തിന് പാകമായിക്കഴിഞ്ഞു. നെല്ല് എടുത്തില്ലെങ്കിൽ കൃഷിക്കാരുടെ ജീവിതം കഷ്ടത്തിലാകും. കൂടാതെ കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെയും അത് പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് തന്നെ ആവശ്യമായ യന്ത്രങ്ങളും തൊഴിലാളികളെയുമൊക്കെ വിവിധ സ്ഥലങ്ങളിൽ നിന്നും സംഘടിപ്പിച്ചാണ് നെല്ല് സംഭരണം നടക്കുന്നതെന്ന് മന്ത്രി മെട്രോവാർത്തയോട് പറഞ്ഞു.

ലോക് ഡൗണായതോടെ കൊയ്ത്തിനുള്ള യന്ത്രങ്ങൾ കിട്ടാനില്ലാത്ത സ്ഥിതിയായിരുന്നു. എന്നാൽ നെൽകൃഷി മേഖലകളിലെ വിളവെടുപ്പ് അത്യാവശ്യ സർവീസ് ആയി പരിഗണിച്ചതോടെ ഇപ്പോൾ 300 യന്ത്രങ്ങൾ എത്തിച്ചു നൽകിയിട്ടുണ്ട്. മെയ് 15 ആകുന്നതോടെ രണ്ട് ലക്ഷം മെട്രിക് ടൺ അരിയാണ് സംഭരിക്കുന്നത്. ഇത് ചെറിയ കാര്യമായി കാണാനാവില്ല. കൃഷി-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിമാരുമായി ആലപ്പുഴയിൽ ഉന്നത തലയോഗം ചേർന്നു. ഇതോടൊപ്പം റവന്യു-പൊലീസ് തുടങ്ങി വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലാണ് നെല്ല് സംഭരണം പുരോഗമിക്കുന്നത്. ജില്ലയുടെ ചുമതല തന്നെ ഏൽപ്പിച്ചത് മുതൽ ഇന്നു വരെ ആലപ്പുഴയിൽ നിന്നാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുമായും ജില്ലാ കലക്റ്ററുമായും ബന്ധപ്പെട്ട് ആവശ്യങ്ങളും പരാതികളുമെല്ലാം അന്വേഷിച്ച് അവയ്ക്ക് പരിഹാരവും കണ്ടാണ് ഓരോദിവസവും മുന്നോട്ടുപോകുന്നത്. പൊതുമരാമത്ത് വകുപ്പിൽ ദിവസവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും ചീഫ് എൻജിനീയറുടെയും അവലോകനം നടത്തി ഐസൊലേഷൻ വാർഡ് തയാറാക്കൽ പുരോഗതി വിലയിരുത്തി വരുന്നു.

ഏപ്രിൽ 1 വരെ 14 ജില്ലകളിലായി 1,07,928 ബെഡിനുള്ള സൗകര്യങ്ങൾ കണ്ടെത്തി. അതിൽ ബാത്ത്റൂം സൗകര്യത്തോടുകൂടിയ 77098 ബെഡുകളാണ് ഇപ്പോൾ സജ്ജമാക്കിയിട്ടുള്ളത്. ആരോഗ്യവകുപ്പിന്റെ നിർദേശം അനുസരിച്ച് എന്തിനും തയാറായി മന്ത്രിയും ജീവനക്കാരും ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ നിർത്തി വെച്ചത് മൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ട ആധാരമെഴുത്ത്, സ്ക്രൈബ്, വെണ്ടർ ക്ഷേമനിധി അംഗങ്ങൾക്കും ക്ഷേമനിധി പെൻഷൻകാർക്കും 3000-രൂപ ഇടക്കാലാശ്വാസം അനുവദിക്കുന്നതോടൊപ്പം വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങളിൽ കഴിയാവുന്നത്ര ഇളവുകളും കാലാവധി നീട്ടികൊടുക്കേണ്ടവ അത്തരത്തിലും പരിഗണിച്ചിട്ടുണ്ട്. ബുധനാഴ്ച മന്ത്രിസഭായോഗം കഴിഞ്ഞാൽ വീണ്ടും ആലപ്പുഴയിലേക്കെത്തും. ആലപ്പുഴയിൽ നിലവിൽ സമൂഹവ്യാപനത്തിന്റെ സൂചനകളില്ല. 2 പേർ മാത്രമാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. നിസാമുദീനിൽ നിന്നെത്തിയ ആൾക്കാണ് അവസാനമായി രോഗം സ്ഥിരീകരിച്ചത്. ഞങ്ങളെല്ലാം വളരെ കരുതലോടെയാണ് ഓരോ കേസുകളും സമീപിക്കുന്നത്. ജാഗ്രതയോടെ ജനങ്ങൾ വീട്ടിലിരുന്നാൽ ഒരു പരിധിവരെ രോഗവ്യാപനം നിയന്ത്രിച്ച് നിർത്താനാവും. അതുകൊണ്ട് മന്ത്രി ഓർമിപ്പിക്കുന്നു, ഭയമല്ല ജാഗ്രതയാണ് വേണ്ടത്.

ഇന്നലെത്തെ ചോദ്യത്തിന് ഉത്തരം അയച്ചവരിൽ തെരെഞ്ഞെടുത്തത്:

Adhinath S.H
GEMS New millennium school, Dubai

ചോദ്യം ഇതായിരുന്നു:
ദിനോസറുകൾ എത്ര കാലം ജീവിച്ചിരിക്കും?

ഉത്തരം: ഏകദേശം മനുഷ്യായുസിന് തുല്യം തന്നെയാണ്. 70 വർഷം ജീവിച്ചിരുന്നു എന്ന് ഗവേഷണങ്ങൾ.

ഇന്നത്തെ ചോദ്യം:
ദിനോസറുകളുടെ സിനിമയെടുത്ത പ്രശസ്ത ഹോളിവുഡ് സംവിധായകൻ ആര്?

ഉത്തരം അയക്കേണ്ട വാട്ട്സ്ആപ് നമ്പർ:
7034041234